4. സബോർഡിനേറ്റ് ലെജിസ്ലേഷൻ കമ്മിറ്റിയുടെ 15-ാമത് റിപ്പോർട്ട്

ശ്രീ. എം. വി. മാണി :—സർ, സബോർഡിനേറ്റ് ലെജിസ്ലേഷൻ കമ്മിറ്റിയുടെ 15-ാമത് റിപ്പോർട്ട് ഞാൻ സമർപ്പിക്കുന്നു.

VII ധനകാര്യം

വോട്ട് ഓൺ അക്കൗണ്ട്

Minister for Finance and Law (**Shi. K.M. Mani**) : Sir, I move that the respective sums not exceeding the amount shown in the 3rd column of the schedule annexed to this motion be granted to the Governor on account for or towards defrying the charge during the first four months of the Financial Year 1986-87, in respect of the corresponding Heads of demands entered in the 2nd column of the said schedule. ‡

ശ്രീ. വർക്കല രാധാകൃഷ്ണൻ : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു :

1. സംസ്ഥാന ഭരണത്തലവൻമാർ, മന്ത്രിമാർ, ആസ്ഥാന ഉദ്യോഗസ്ഥൻമാർ എന്ന II-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ മൊത്തം വക കൊള്ളിച്ചിട്ടുള്ള 3,98,73,700 രൂ. യിൽനിന്ന് ഒരു നൂറ് ഉറുപ്പിക കുറവ് ചെയ്യേണ്ടതാണ്.

   (ഭരണച്ചെലവുകൾ വർദ്ധിപ്പിക്കുകയും ധൂർത്തും മറ്റു നടപടികളും നിർബാധം തുടരുകയും ചെയ്യുന്ന സ്ഥിതിയെപ്പറ്റി ചർച്ച ചെയ്യുന്നതിന്)

2. പോലീസ് എന്ന XII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ മൊത്തം വകകൊള്ളിച്ചിട്ടുള്ള 23,40,40,200 രൂ. യിൽനിന്ന് ഒരുനൂറു ഉറുപ്പിക കുറവ് ചെയ്യേണ്ടതാണ്.

   (ക്രമസമാധാനം നിഷ്പക്ഷമായും നിർഭയമായും നടത്തുന്നതിൽ പരാജയപ്പെട്ടിരിക്കുന്നു എന്നും പോലീസ് രാഷ്ട്രീയ സ്വാധീനത്തിന് കീഴ്പ്പെടുന്നു എന്നും കുറ്റാന്വേഷണം ഒരു പ്രഹസനമായിത്തീർന്നിരിക്കുന്നുവെന്നുമുള്ള ആരോപണങ്ങളെ സംബന്ധിച്ച് ചർച്ച ചെയ്യുന്നതിന്).

3. വിദ്യാഭ്യാസം, കല, സംസ്ക്കാരം എന്ന XVII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ മൊത്തം വകകൊള്ളിച്ചിട്ടുള്ള 1,57,91,33,200 രൂ. യിൽ നിന്ന് ഒരു നൂറു ഉറുപ്പിക കുറവുചെയ്യേണ്ടതാണ്.

   (വിദ്യാഭ്യാസരംഗത്ത് സ്വകാര്യമേഖലയ്ക്ക് മുൻതൂക്കം നൽകിയതിന്റെ ഫലമായി ഗവൺമെന്റ് ഖജനാവ് ചോരുന്നു എന്നതിനു പുറമേ അനേകം സർക്കാർ അദ്ധ്യാപകർ തൊഴിൽരഹിതരായിത്തീരുന്നു എന്ന കാര്യം ചർച്ച ചെയ്യുന്നതിന്).

4. വ്യവസായങ്ങൾ എന്ന XXXVIII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ മൊത്തം വക കൊള്ളിച്ചിട്ടുള്ള 12,91,42,900 രൂ. യിൽ നിന്ന് ഒരു നൂറു ഉറുപ്പിക കുറവ് ചെയ്യേണ്ടതാണ്.

‡ അനുബന്ധം

LIBRARY ARCHIVES Kerala Legislative Assembly

(പരമ്പരാഗത വ്യവസായങ്ങൾ പ്രത്യേകിച്ച് കയർ, കശുവണ്ടി, കൈത്തറി എന്നിവ പൂർണ്ണമായും സ്തംഭനത്തിലായതിനാൽ ഈ രംഗങ്ങളിൽ ഗവൺമെന്റ് പരാജയപ്പെട്ടിരിക്കുന്നു എന്ന കാര്യം ചർച്ച ചെയ്യുന്നതിന്).

Shri. V. S. Chandrasekharan Pillai :—Sri, I move the following amendments:—

1. That the amonut of Rs. 3,98,78,700 under Demand II-Heads of States, Ministers and Headquarters Staff be reduced by Rs. 100.

(To discuss generally)

2. That the amount of Rs.23,40,40,200 under Demand XII-Police be reduced by Rs. 100.

(To discuss generally)

3. That the amount of Rs. 24,04,84,000 under Demand XXX-Agriculture be reduced by Rs.100.

(To discuss generally).

Shri C.T.Krishnan : Sri, Imhve that the amount of Rs.24,04,84,000 under Demand XXX Agriculture be reduced by Rs. 100. (To discuss general by.

ശ്രീ. എ. കെ. പത്മനാഭൻ: സർ, 1986-87-ലെ ആദ്യത്തെ നാല് മാസത്തേക്കുള്ള വോട്ട് ഓൺ അക്കൗണ്ടിനുവേണ്ടി ബഹുമാനപ്പെട്ട ധനകാര്യ മന്ത്രി അവതരിപ്പിച്ച ഈ പ്രമേയത്തെ ഞാൻ എതിർക്കുകയാണ്. അടുത്ത നാല് മാസക്കാലത്തേക്ക് ഈ ഗവൺമെന്റിന്റെ ചെലവിനുവേണ്ടി അവതരിപ്പിച്ച ഈ വോട്ട് ഓൺ അക്കൗണ്ട് ഈ സഭ പാസാക്കി തന്നാൽ അത് ഈ സംസ്ഥാനത്തിലെ ജനങ്ങൾക്ക് പ്രയോജനപ്രദമായ രീതിയിൽ ചെലവഴിക്കുമെന്ന വിശ്വാസമില്ലാത്തതുകൊണ്ടുതന്നെയാണ്. ഞാൻ ഈ വോട്ട് ഓൺ അക്കൗണ്ടിനെ എതിർക്കുന്നത്. കഴിഞ്ഞ മൂന്നേമുക്കാൽ വർഷക്കാലത്തെ ഈ ഐക്യജനാധിപത്യ മുന്നണിയുടെ പ്രവർത്തനങ്ങൾ തന്നെ നമ്മുടെ സംസ്ഥാനത്ത് വികസനരംഗത്ത് യാതൊന്നും ചെയ്യാൻ കഴിയാത്ത ഒരു ഗവൺമെന്റിന്റെ പ്രവർത്തനമായി മാത്രമേ നമുക്ക് കാണാൻ സാധിക്കുകയുള്ളൂ. ഇവിടെ പറയുന്ന വികസന പ്രവർത്തനങ്ങൾ ഒട്ടേറെ നടന്നുവെന്ന്. മിച്ച ബഡ്ജറ് അവതരിപ്പിച്ചു എന്ന് അവകാശപ്പെടുന്ന ധനകാര്യമന്ത്രിയാണ് ഇവിടെയുള്ളത്. കഴിഞ്ഞവർഷം അറുപതുലക്ഷം രൂപ പ്രതിദിനം കമ്മിയുള്ള സംസ്ഥാനത്താണ് ഇരുപത്തിരണ്ടു ലക്ഷം രൂപ മിച്ചമുണ്ടായി എന്ന് പറയുന്നത്. എൺപത്തിരണ്ടു ലക്ഷത്തിന്റെ ധനകാര്യ അഭിവൃദ്ധി നേടിയെന്ന് അവകാശപ്പെടുന്ന ബഹുമാനപ്പെട്ട ധനകാര്യമന്ത്രിയോട് ഞാൻ ചോദിക്കുകയാണ്, എന്ത്. [അദ്ധ്യക്ഷവേദിയിൽ മി. ഡെപ്യൂട്ടി സ്പീക്കർ] അഭിവൃദ്ധിയാണ് നിങ്ങൾ നേടിയിട്ടുള്ളത്? വികസനരംഗത്ത് എന്ത് നേട്ടങ്ങൾ ആണ് നിങ്ങൾ ഉണ്ടാക്കിയിട്ടുള്ളത്? ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം ആദ്യമായി ഓരോ നിയോജകമണ്ഡലത്തിലും ഒരു എം. എൽ. എ. ക്ക് രണ്ട് റോഡുകൾ എന്ന തോതിലുള്ള എം. എൽ. എ. റോഡുകളിൽ ഈ മൂന്നേമുക്കാൽ വർഷം കൊണ്ട് എത്രയെണ്ണം പൂർത്തിയാക്കാൻ കഴിഞ്ഞു. മൂന്നെണ്ണത്തിന്റെ പ്രവർത്തനം മാത്രമേ ഇതുവരെ പൂർത്തിയായി കഴിഞ്ഞിട്ടുള്ളൂ. ഈ ഗവൺമെന്റ് കഴിഞ്ഞ കാലഘട്ടത്തിൽ നേടിയ നേട്ടമെന്താണ്? നമ്മുടെ സംസ്ഥാനത്തെ മുഖ്യമന്ത്രി അറുപത്തിനാലു പ്രാവശ്യം ഡൽഹിയിൽ പോയെന്നാണ് കണക്ക് പറയുന്നത് അതിൽ നാലു പ്രാവശ്യം ബോംബെയിൽ പോയി എന്നാണ് കണക്ക്. ഇതിൽ അറുപത്തിയേഴ് യാത്രയും ഔദ്യോഗിക ആവശ്യത്തിനാണുപോലും. കുപ്രസിദ്ധമായ ബോംബെ യാത്ര കൈയോടെ പിടിക്കപ്പെട്ടപ്പോഴല്ലേ ഔദ്യോഗിക

LIBRARY ARCHIVES Kerala Legislative Assembly

ആവശ്യത്തിൽ നിന്ന് അത് ഒഴിവാക്കപ്പെട്ടത്. ഈ ഡൽഹി യാത്രകൊണ്ട് എന്ത് നേട്ടമാണ് സംസ്ഥാനത്ത് ഉണ്ടാക്കിയെടുക്കാൻ കഴിഞ്ഞത്. നമ്മുടെ സംസ്ഥാനത്തിലെ പ്രശ്നങ്ങളിൽ ഏതെങ്കിലും ഒന്ന് ചർച്ച ചെയ്യാൻ അങ്ങ് ഡൽഹിയിൽ അവസരം കണ്ടോ? ഡിസംബർ 10-ാം തീയതി നടന്ന നാളികേര കർഷകരുടെ കോൺഫറൻസിൽ പങ്കെടുക്കാൻ ബഹുമാനപ്പെട്ട മുഖ്യമന്ത്രി പോയില്ല. ഗുരുവായൂർ യാത്രപോലും ഔദ്യോഗികാവശ്യത്തിനാണെന്നാണ് ബഹുമാനപ്പെട്ട മുഖ്യമന്ത്രി പറയുന്നത്. ഗുരുവായൂരപ്പനുമായി എന്ത് ഔദ്യോഗികകാര്യമാണ് ബഹുമാനപ്പെട്ട മുഖ്യമന്ത്രിക്ക് ചർച്ച ചെയ്യാനുള്ളതെന്ന് എനിക്കറിയില്ല. നമ്മുടെ സംസ്ഥാനം സാമ്പത്തികമായി പ്രയാസം നേരിട്ടു കൊണ്ടിരിക്കേ മിച്ചത്തിലേക്ക് വരുന്നു. ഈ മിച്ചത്തിന്റെ കള്ള കണക്കുകളൊക്കെ പുറത്ത് വന്നതാണ്. നമ്മുടെ സംസ്ഥാനത്ത് സാധാരണക്കാരന് അവശ്യം ലഭിക്കേണ്ട കാര്യങ്ങൾപോലും നിഷേധിച്ചിട്ടാണ് മിച്ചത്തിലേക്ക് വന്നിട്ടുള്ളത്. 1984 ഒക്ടോബർ മാസത്തിൽ കോഴിക്കോട് ജില്ലയിലുണ്ടായ ഉരുൾപൊട്ടലിന്റെ ഫലമായിട്ട് രണ്ട് ലക്ഷത്തി അൻപത്തിയൊരായിരം രൂപ അവിടെയുള്ള പാവപ്പെട്ട കൃഷിക്കാർക്ക് കൊടുക്കാനുള്ളത്, ഇന്നുവരെ കൊടുത്തിട്ടില്ല. പതിനാറുമാസമായി ഈ ഗവൺമെന്റ് ആ സംഖ്യ വച്ചു താമസിപ്പിക്കുകയാണ്. സാധാരണ കൃഷിനാശം സംഭവിക്കുന്നവർക്ക് കൊടുക്കേണ്ടത്, തൊഴിലില്ലായ്മ വേതനം കൊടുക്കേണ്ടത്, കർഷകതൊഴിലാളി പെൻഷൻ കൊടുക്കേണ്ടത്, അങ്ങനെ ഒട്ടേറെ കാര്യങ്ങൾക്ക് കൊടുക്കേണ്ടത് കൊടുക്കാതെ ഈ സംസ്ഥാനത്ത് മിച്ചമുണ്ടായിയെന്നവകാശപ്പെടുന്ന ഒരു ഗവൺമെന്റും ആ ഗവൺമെന്റിന്റെ ധനകാര്യമന്ത്രിയുമാണ് ഈ സംസ്ഥാനം ഭരിച്ചുകൊണ്ടിരിക്കുന്നത്. ഈ ബഡ്ജറ്റ് പ്രസംഗത്തിൽ ബഹുമാനപ്പെട്ട ധനകാര്യമന്ത്രി പറഞ്ഞു അടുത്ത വർഷം നമ്മുടെ സംസ്ഥാനത്തെ വിദ്യാഭ്യാസ രംഗത്ത് ചില മാറ്റങ്ങൾ വരുത്താൻ ഉദ്ദേശിക്കുന്നുവെന്ന്. പ്രീ-ഡിഗ്രി ബോർഡ് അടുത്തവർഷം തന്നെ നടപ്പാക്കുമെന്ന് ധനകാര്യമന്ത്രിയുടെ പ്രസംഗത്തിൽ പറയുന്നു. ഓപ്പൺ യൂണിവേഴ്സിറ്റിയുടെ കാര്യം പരിഗണിക്കാമെന്ന് പറയുന്നു. നമ്മുടെ സംസ്ഥാനത്തെ വിദ്യാഭ്യാസരംഗത്ത് ഒട്ടേറെ പരിഷ്ക്കാരങ്ങൾ വരുത്തിയതിന്റെ ദുരന്തഫലം അനുഭവിച്ചവരാണ് നമ്മൾ. വളരെ വ്യക്തമായി കാര്യങ്ങളെപ്പറ്റി ആലോചിക്കാതെ ബന്ധപ്പെട്ടവരുമായി ആലോചിക്കാതെ ധൃതിപിടിച്ചെടുക്കുന്ന തീരുമാനങ്ങൾ നടപ്പിലാക്കിയതിന്റെ ഫലമായി ധാരാളം പ്രയാസങ്ങൾ അനുഭവപ്പെട്ട ഒരു മേഖലയാണ് നമ്മുടെ വിദ്യാഭ്യാസ മേഖല. ആ വിദ്യാഭ്യാസമേഖലയെ വീണ്ടും കലുഷിതമാക്കാനുള്ള നടപടികളാണ് ഗവൺമെന്റിന്റെ ഭാഗത്തുനിന്ന് ആരംഭിച്ചിട്ടുള്ളത്. പ്രീ-ഡിഗ്രി ബോർഡിനെക്കുറിച്ച് ബന്ധപ്പെട്ട ആളുകളുമായി ആലോചിച്ചിട്ടുണ്ടോ ഈ ഗവൺമെന്റും ബഹുമാനപ്പെട്ട വിദ്യാഭ്യാസ മന്ത്രിയും? കാലിക്കട്ട് യൂണിവേഴ്സിറ്റി പ്രീ-ഡിഗ്രി ബോർഡിനെക്കുറിച്ച് ഗവൺമെന്റ് എടുക്കുന്ന തീരുമാനം മാറ്റിവയ്ക്കണമെന്നും ആ യൂണിവേഴ്സിറ്റിയുടെ വികാരം ഗവൺമെന്റിനെ അറിയിക്കണമെന്നും തീരുമാനിച്ചിരിക്കുകയാണ്. ആ വികാരം അറിയിക്കണമെന്നാവശ്യപ്പെട്ടവരിൽ ഉള്ള ഈആളുകൾ ഭരണപക്ഷത്തുമുണ്ട്. കെ. പി. സി. സി ജനറൽ സെക്രട്ടറി ശ്രീ. ജോർജ് അടക്കമുള്ള ആളുകൾ, അതുപോലെ മുസ്ലീം ലീഗിലെ ആളുകൾ, അവരെല്ലാം അതിനെ അനുകൂലിക്കുകയാണുണ്ടായത്. കേരള യൂണിവേഴ്സിറ്റിയിലാണെങ്കിൽ ആ കാര്യത്തെക്കുറിച്ച് ഒരു അടിയന്തിര പ്രമേയം വന്നു. ശ്രീ. രമേശ് ചെന്നിത്തല പറഞ്ഞു കേരള യൂണിവേഴ്സിറ്റിയുടെ ബഡ്ജറ്റ് പാസാക്കാൻ കഴിഞ്ഞിരുന്നില്ലെന്ന്. അവിടെ ആ അടിയന്തിരപ്രമേയം ചർച്ച ചെയ്യുന്നതിൽ നിന്ന് യൂണിവേഴ്സിറ്റിയെ തടഞ്ഞു വയ്ക്കാൻ വേണ്ടിയാണ് അവിടെ ബഹളം ഉണ്ടാക്കിക്കൊണ്ട് പ്രശ്നം ഗുരിതരാവസ്ഥയിലേക്ക് മാറ്റിയെടുക്കാൻ ശ്രീ. രമേശ് ചെന്നിത്തലയുടെ അനുയായികൾ പരിശ്രമിച്ചത്. വിദ്യാഭ്യാസ രംഗത്ത് നടപ്പാക്കാൻ

LIBRARY ARCHIVES Kerala Legislative Assembly

പോകുന്ന പരിഷ്ക്കരങ്ങളെ കുറിച്ച് കുറെകൂടി ഗൗരവപൂർവ്വം ആലോചിച്ചില്ലെങ്കിൽ വളരെ വ്യക്തമായി ഒരു കാര്യം പറയാനുണ്ട്.....

ശ്രീ. രമേശ് ചെന്നിത്തല : സർ, കേരള സർവ്വകലാശാലയുടെ സെനറ്റിൽ സ്റ്റാറ്റ്യൂട്ട് അനുസരിച്ച് ഒരു വിഷയം ചർച്ച ചെയ്താൽ പിന്നീട് അത് പതിനഞ്ചു മാസങ്ങൾ കഴിഞ്ഞാൽ മാത്രമേ ചർച്ച ചെയ്യാൻ പാടുള്ളൂ എന്ന വിവരം ബഹുമാനപ്പെട്ട മെമ്പർക്ക് അറിയാമോ ? വളരെ പ്രധാനപ്പെട്ട മറ്റു വിഷയങ്ങൾ ഉള്ളതുകൊണ്ട് അത് ചർച്ച ചെയ്യണ്ടാ എന്നാണ് ആവശ്യപ്പെട്ടത്.

ശ്രീ. എ. കെ. പത്മനാഭൻ : സർ, പ്രീ-ഡിഗ്രി ബോർഡിനെക്കുറിച്ചും ഓപ്പൺ യൂണിവേഴ്സിറ്റിയെക്കുറിച്ചും ബഹുമാനപ്പെട്ട മെമ്പറുടെ അഭിപ്രായമെന്താണെന്ന് എനിക്ക് അറിയണം. ആ കാര്യത്തെക്കുറിച്ചാണ് എനിക്ക് പറയാനുള്ളത്. കേരളാ യൂണിവേഴ്സിറ്റിയിൽ ചർച്ച ചെയ്യപ്പെട്ട കാര്യങ്ങളെക്കുറിച്ചൊന്നും ഞാൻ പരാമർശിക്കുന്നില്ല. പക്ഷേ, ഗൗരവതരമായി ഈ പ്രശ്നത്തെക്കുറിച്ച് ചർച്ചചെയ്യേണ്ടതായിരുന്നു. അത് ചർച്ച ചെയ്യാനുള്ള അവസരം അവിടെ ലഭിച്ചില്ല. കാലിക്കട്ട് യൂണിവേഴ്സിറ്റിയാണെങ്കിൽ അടിയന്തിര പ്രമേയം അനുവദിച്ചതുവഴി അത്തരം കാര്യങ്ങളെക്കുറിച്ച് ചർച്ച ചെയ്യപ്പെട്ടിട്ടുണ്ട്. വിദ്യാഭ്യാസരംഗത്താണെങ്കിൽ ഈ വർഷം 150 അൺ-എയിഡഡ് സ്ക്കൂളുകൾ അനുവദിച്ചിരിക്കുകയാണ്. എയിഡഡ് സ്ക്കൂളുകളും അതുപോലെ തന്നെ ഗവൺമെന്റ് സ്ക്കൂളുകളും അതിന്റെ പ്രവർത്തനങ്ങളുമല്ലാം വികലമായി നിൽക്കുന്ന ഒരു സന്ദർഭത്തിലാണ് അൺ-എയിഡഡ് സ്ക്കൂളുകൾ പുതുതായി അനുവദിച്ചിരിക്കുന്നത്. കഴിഞ്ഞ അദ്ധ്യയന വർഷം നമ്മുടെ സംസ്ഥാനത്തെ വിദ്യാർത്ഥികളും അതുപോലെ ആ വിഭാഗവുമായി താൽപര്യമുള്ള മുഴുവൻ ആളുകളും വളരെ ഗൗരവത്തോടുകൂടി തന്നെ എടുത്ത പ്രശ്നമായിരുന്നു സ്വകാര്യമേഖലയിൽ പോളിടെക്നിക്കുകൾ അനുവദിക്കുന്ന കാര്യം. കഴിഞ്ഞ വർഷം നമ്മുടെ സംസ്ഥാനത്ത് വിദ്യാഭ്യാസ രംഗത്തുണ്ടായ ശക്തിയായ സമരത്തിന്റെ ഫലമായി നമ്മുടെ സംസ്ഥാനത്തെ വിദ്യാർത്ഥികൾ പോലീസിന്റെ മർദ്ദനത്തെ നേരിട്ടുകൊണ്ട്, ഐതിഹാസികവും ഉജ്ജ്വലവുമായ സമരം നടത്തിയതിന്റെ ഫലമായി പോളിടെക്നിക്കുകൾ അനുവദിക്കുന്നതിൽ നിന്ന് ഗവൺമെന്റ് പിന്നോട്ടുപോയി, എന്നാൽ ഈ നിയമ സഭയിൽ നമ്മുടെ ബഹുമാനപ്പെട്ട വിദ്യാഭ്യാസമന്ത്രി ഒരു ചോദ്യത്തിന് ഉത്തരമായി പറഞ്ഞത് അടുത്ത വർഷം പോളിടെക്നിക്കുകൾ ആരംഭിക്കുന്നതിനെക്കുറിച്ച് ആലോചിക്കുമെന്നാണ്. എന്തിനാണ് സ്വകാര്യമേഖലയിൽ പോളിടെക്നിക്കുകൾ ആരംഭിക്കുന്നത്. പതിനൊന്നായിരത്തിഅഞ്ഞൂറോളം അറുപത്തിഏഴ് എൻജിനിയറിംഗ് ഡിപ്ലോമോ ഹോൾഡേഴ്സ് നമ്മുടെ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ പേര് രജിസ്റ്റർ ചെയ്യപ്പെട്ടിട്ടുണ്ട്. അത്തരം തൊഴിലില്ലാത്തവരുടെ എണ്ണം വർദ്ധിച്ചുകൊണ്ടിരിക്കുന്ന അവസരത്തിൽ ആ മേഖലയിലേയ്ക്ക് വീണ്ടും തൊഴിൽരഹിതരെ സൃഷ്ടിക്കാൻ, ആ മേഖലയിലേയ്ക്ക് പുതിയ ആളുകളെക്കൂടി തള്ളിവിടാനുള്ള നടപടിയല്ലാതെ മറെറാന്നും ഈ സ്വകാര്യപോളിടെക്നിക്കുകൾ ആരംഭിച്ചാൽ സംസ്ഥാനത്ത് ഉണ്ടാവുകയില്ല. അതേസമയം ആവശ്യമുള്ള മേഖലയിൽ നിങ്ങൾ ഈ കാര്യത്തെക്കുറിച്ച് ആലോചിക്കുന്നുണ്ടോ ? ഇവിടെ മറെറാരു ചോദ്യത്തിന്, ഹോമിയോ ഗ്രാഡുവേറ്റ്സിന്റെ സീറ്റ് 25 എണ്ണമെന്ന് മന്ത്രി മറുപടി പറഞ്ഞു. അതുപോലെ വെറ്റിനറി ഗ്രാഡുവേറ്റ്സിന്റെ സീറ്റ് 25 എണ്ണമാണ്. നമ്മുടെ സംസ്ഥാനത്തിലെ പല വെറ്റിനറി ക്ലിനിക്കുകളിലും ആവശ്യത്തിനുള്ള ഡോക്ടർമാരില്ല. ആ രംഗത്ത് യോഗ്യതയുള്ള ആളുകളെ ലഭിക്കാൻ പ്രയാസമുള്ളതുകൊണ്ട് ആണ് ആ രംഗത്തേക്കു

LIBRARY ARCHIVES Kerala Legislative Assembly

ആളുകളെ നിയമിക്കാൻ കഴിയാത്തത്. ഹോമിയോ ഡോക്ടർമാരെ കിട്ടാനില്ല. അങ്ങനെ ഹോമിയോ ഡോക്ടർമാരെ കിട്ടാതെ, വെറ്ററിനറി ഡോക്ടർമാരെ കിട്ടാതെബുദ്ധിമുട്ട് അനുഭവിക്കുന്ന ഒരു സംസ്ഥാനത്ത് ആ മേഖലയിലൊന്നും പുതിയ സ്ഥാപനങ്ങൾ ആരംഭിക്കുന്നതിനെക്കുറിച്ച് ആലോചിക്കാതെയും അങ്ങനെ ആവശ്യമുള്ള മേഖലയിൽ ആളുകളെ നിയമിക്കാതെയും ആവശ്യമില്ലാത്ത മേഖലയിൽ പുതിയ സ്ഥാപനങ്ങൾക്ക് അനുവാദം കൊടുത്തുകൊണ്ടും നമ്മുടെ സംസ്ഥാനത്ത് സ്വകാര്യമേഖലയെ തഴപ്പിക്കാനും പോഷിപ്പിക്കാനും, അതുവഴിസ്വകാര്യ മേഖലയ്ക്ക് അനുകൂലമായ നടപടികൾ എടുക്കാനുമാണ് ഈ ഗവൺമെൻറ് മുന്നോട്ടു പോകുന്നത്. ബഹുമാനപ്പെട്ട മന്ത്രിയോടും അതുപോലെതന്നെ ഗവൺമെൻറിനോടും മുമ്പിലും ഒരു കാര്യം പറയാൻ ഞാൻ ആഗ്രഹിക്കുകയാണ്. അടുത്ത വർഷം നമ്മുടെ സംസ്ഥാനത്ത് സ്വകാര്യമേഖലയിൽ പോളിടെക്നിക്കുകൾ ആരംഭിക്കാൻ ഗവൺമെൻറ് തീരുമാനിക്കുകയാണെങ്കിൽ കഴിഞ്ഞവർഷം ഉണ്ടായതിനേക്കാൾ ശക്തമായ പ്രക്ഷോഭണം ഈ മേഖലയിൽ ഉണ്ടാകുമെന്നുള്ളതിന് യാതൊരു സംശയവുമില്ല. സ്വകാര്യമേഖലയിൽ സാങ്കേതിക സ്ഥാപനങ്ങൾ അനുവദിച്ചുകൊണ്ട്, നമ്മുടെ സംസ്ഥാനം നിരവധി വർഷം കൊണ്ട് നേടിയെടുത്ത നടപടികളെ ഓരോന്നോരോന്നായി ഇല്ലാതാക്കാനുള്ള നീക്കങ്ങളാണ് ഗവൺമെൻറ് ഭാഗത്തു നിന്ന് ഉണ്ടാകുന്നതെങ്കിൽ അതിനെ പല്ലും നഖവും ഉപയോഗിച്ച് എതിർക്കാൻ കേരളത്തിലെ വിദ്യാഭ്യാസ രംഗവുമായി ബന്ധമുള്ള മുഴുവൻ ആളുകളും തയ്യാറാകേണ്ടി വരുമെന്ന് മാത്രം പറഞ്ഞു കൊണ്ട് ഈ വോട്ട് ഓൺ അക്കൗണ്ടിനെ എതിർത്തുകൊണ്ട് ഞാൻ എന്റെ വാക്കുകൾ അവസാനിപ്പിക്കുകയാണ്.

Shri Stephen Padua : Sir, I support the motion regarding the demands for grants on account moved by the Honourable Minister for Finance to defray the expenses for the first four months of the year 1986-87. Contrary to the expectations, the predictions of certain prophets have been proved false and the United Democratic Front Government led by Shri K. Karunakaran has emerged stronger with greater splendour. Our Finance Minister deserves congratulation for presenting a spectacular surplus budget. It is not only a surplus budget, but it is also a humanitarian budget. There are several relief measures—A sum of Rs. 10 lakhs is provided for extending financial assistance to leprosy and cancer patients. They are to get Rs. 100 per month instead of Rs. 50 which they are getting at present. Relief centres will be opened for the cured leprosy and mental patients. Relief is also provided for former jenmis in distress. There are several proposals also to open industrial centres for the unemployed youth. At the same time, the Finance Minister has assured us that these schemes will be implemented effectively and efficiently. I am glad that the rate of pension amount to the service pensioners has been enhanced. Each one of them will be getting 3% to 35% more. The service pensioners are a suffering section of people. They spent their best part of life in the service of the State and now they are in the evening of their life and the Government has only done justice in enhancing their pension. Sometime back there was a proposal to restore the commuted amount of pension after 15 years. I do not know what has happened to that proposal. I request the Government to expedite it and to issue orders for the restoration of this commuted amount of pension as early as possible.

LIBRARY ARCHIVES Kerala Legislative Assembly

It is good that protection is given to coconut growers by ordering the sale of coconut oil through all maveli stores and departmental stores. However, the Government have stopped the sale of palm oil. It is rather very hard for patients like BP patients, without getting palm oil from maveli stores and other departmental stores. I would request the Government to restore the sale of palm oil in a restricted way at least to genuine patients.

I may also avail of this opportunity to bring forward certain difficulties and grievances of the people whom I am representing in this House. The Government was pleased to grant scholarships to the poor Anglo-Indian students in early July 1985 and in an answer to my interpellation the Government was pleased to inform me that only 17 students have been granted the same so far. Thus a good intention of the Government has been defeated because of the negligence and indifference of the departmental officers. I made a submission in the last Session drawing the attention of the Education Minister to this point of denying scholarships to poor Anglo-Indian students in those schools—in upper primary and high school classes. But the departmental officers have not even issued the necessary application forms. The Heads of schools have not informed the students about the availability of scholarships. I may also request the Minister for Education to kindly consider whether this scholarship now granted only to girls can be extended to the boys also and whether the present rate of scholarship. i.e. Rs. 30 in ths upper primary classes and Rs. 50 in the high school classes can be raised to Rs. 45 and Rs. 75 respectively.

There is an Anglo-Indian training school in Cannanore. They are admitting only 40 students once in two years. But even these 40 trainees who come out of this training school do not get chances of employment in the state because they can be appointed only in Anglo-Indian schools. I would, therefore, request the Government to examine whether these trainees who are coming out of this Cannanore Anglo-Indian Training school can be appointed in other schools also. Otherwise they will be put into several difficulties. There are 7 Anglo-Indian high schools in the State at present which were started in the British period and 4 of these schools are aided. They have adopted KER. In aided KER opted schools tuition fee is not being collected. But in the aided Anglo-Indian schools following the KER, the tuition fee is beeing collected. It is unjust and improper. The Government will be doing only justice if they order exempting these students of the aided Anglo-Indian schools from paying tuition fees.

My representation for granting reservation of seats in professional colleges and technical schools for Anglo-Indian students is still a cry in the wilderness. The Government will be doing only justice if they are pleased to grant reservation of seats for Anglo-Indian students in all the technical and professional colleges in the state.

I would also point out that when minority problems are considered, the Government should consider it not only with justice but also with generocity. In this connection it is a relieving factor that the Supreme

LIBRARY ARCHIVES Kerala Legislative Assembly

Court has dropped their idea to review the fundamental rights viz., the educational rights of the minorities enshrined in the sacred Constitution of our country viz., Articles 29 and 30.

The historical monuments in the state, I am afraid, are not properly maintained. The Dutch Cometery in Fort Cochin and the first European Fortress built in Palliport are surrounded by jungles. The Krishnan Kottai and the famous Tippu's Fort have all been demolished. It would be well for posterity if these historical monuments and others are properly maintained. I support the motion once again.

ശ്രീ ടി. പി. പീതാംബരൻ മാസ്റ്റർ : സർ, ഈ അടുത്ത നാലുമാസത്തേക്കുള്ള ചെലവിനങ്ങൾക്കുള്ള പണം അനുവദിക്കണമെന്ന് ഇവിടെ ആവശ്യപ്പെട്ടിരിക്കുന്ന ഉപക്ഷേപത്തെ ഞാൻ എതിർക്കുകയാണ്. വിവിധ വകുപ്പുകളിലേക്കായി 5,54,06,13,330 ഉറുപ്പിക ചെലവാക്കാനാണ് അനുവാദം ആവശ്യപ്പെടുന്നത്. ഇത് അനുവദിച്ചാൽപോലും രാജ്യത്ത് എന്തെങ്കിലും വികസന പ്രവർത്തനങ്ങൾ നടക്കുമോ എന്ന കാര്യം ഇനിയും വ്യക്തമാക്കപ്പെട്ടിട്ടില്ല. സർ, ഈ ബഡ്ജറ്റുതന്നെ ഒരു കറക്കുകമ്പനിയുടെ ബഡ്ജറാണ്. കഴിഞ്ഞ രണ്ടു വർഷങ്ങളിലെ ബഡ്ജറുകൾ ഒരുമിച്ചുവച്ച് വായിച്ചാൽ ഈ കറക്കുകമ്പനിയുടെ കള്ളി പുറത്താകുകയും ചെയ്യും. ഗവൺമെൻറിന്റെ വിശ്വാസ്യതയുടെമേൽ, അതിന്റെ ശവപ്പെട്ടിയുടെമേൽ അടിച്ചിട്ടുള്ള ഏറ്റവും അവസാനത്തെ ആണിയാണ് ഈ ബഡ്ജറ്. ഇതുവരെ ബഡ്ജറിന് ഒരു പരിപാവനത നിലവിലുണ്ടായിരുന്നു. ബഡ്ജറിലൂടെ സർക്കാരിന്റെ സാമ്പത്തികാവസ്ഥയെപ്പറ്റിയും രാജ്യത്തിന്റെ വികസന സംരംഭങ്ങളെ സംബന്ധിച്ചും വ്യക്തമായ രൂപം ലഭിക്കുമായിരുന്നു. ബഡ്ജറിൽ പ്രതിപാദിക്കുന്ന കണക്കുകൾ ആധികാരികമായ രേഖയായിരിക്കേണ്ടതുമാണ്. ഇന്ന് രാഷ്ട്രീയ സമ്മർദ്ദങ്ങൾക്കോ, രാഷ്ട്രീയ സംരക്ഷണത്തിനോ വേണ്ടി മാറിമാറി പ്രയോഗിക്കാനുള്ള ഒരു ആയുധമായിരിക്കുന്നു നമ്മുടെ സംസ്ഥാനത്തെ ബഡ്ജറ്. ജനങ്ങളിൽ മുഴുവൻ ആശയക്കുഴപ്പം ഉണ്ടാക്കാനാണ് ഉദ്ദേശം.

സർ, ബഡ്ജറിന്റെ വിശ്വാസ്യതതന്നെ നഷ്ടപ്പെട്ടിരിക്കുന്നു. കഴിഞ്ഞവർഷം പ്രതിദിനം 60 ലക്ഷം ഉറുപ്പിക കമ്മിയുണ്ടായിരുന്നിടത്ത് ഈ വർഷം പ്രതിദിനം 22 ലക്ഷം ഉറുപ്പിക മിച്ചമുണ്ടാക്കുന്നുവെന്നാണ് അവകാശം. ഒരൊറ്റദിവസം കൊണ്ട്, രായ്ക്കുരാമാനം പ്രതിദിനം 82 ലക്ഷം ഉറുപ്പിക സംസ്ഥാനത്തിന്റെ വരുമാനം വർദ്ധിക്കുന്നുവെന്ന് പറയുന്നത്, എത്ര അപഹാസ്യമാണ്. സർ, ശ്രീ. മാണിയും കൂട്ടരും ചെന്നുപെട്ടിരിക്കുന്ന രാഷ്ട്രീയ പത്മവ്യൂഹത്തിൽ നിന്ന് രക്ഷപ്പെടുവാൻ നടത്തുന്ന വ്യഗ്രത ഇതിനകത്ത് ഉടനീളം കാണാം. സർ, അതിനുള്ള രാഷ്ട്രീയമായ ഒത്തുതീർപ്പിന്റെ ഫലമാണ് ഈ ബഡ്ജറ്. പക്ഷേ ഈ പത്മവ്യൂഹത്തിൽനിന്ന് പുറത്തുവരുമെന്ന് കരുതുന്നതിൽ യാതൊരർത്ഥവുമില്ല. ശ്രീമാൻ മാണിയെ മാറണമെന്ന ശ്രീ. കരുണാകരന്റെ ആവശ്യം, അത് പിടിച്ചുനിൽക്കാൻ വേണ്ടിയുള്ള ശ്രീ. മാണിയുടെ വ്യഗ്രത — ഇത് രണ്ടും ചേർന്നതിന്റെ കോംപ്രമൈസ് ആണ് ഈ ബഡ്ജറ്. കഴിഞ്ഞ രണ്ടുവർഷത്തെ ബില്ലുകൾ ഒന്നും കൊടുത്തിട്ടില്ല. 35 കോടി രൂപ ഈ ഇനത്തിൽ സർക്കാർ വകകൊള്ളളിച്ചിട്ടുണ്ടത്രേ. ഇനി എത്ര കോടിയുടെ ബില്ല് സമർപ്പിക്കാനുണ്ടെന്നോ പറഞ്ഞിട്ടില്ല. കോൺട്രാക്ടേഴ്സ് അസോസിയേഷന്റെ കണക്കനുസരിച്ചാണെങ്കിൽ 150 കോടി രൂപ കൊടുക്കാനുണ്ട്. ബഡ്ജറ് പ്രകാരമുള്ള ജോലികളൊന്നും നടക്കുന്നില്ല. എത്രയോ വർഷമായി പുതിയ യാതൊരു

LIBRARY ARCHIVES Kerala Legislative Assembly

വർക്കും ഏറെറടുക്കരുതെന്ന നിരോധനം സർക്കാർ അടിച്ചേൽപ്പിച്ചിരിക്കുന്നു. കഴിഞ്ഞ മൂന്നുവർഷമായി മുൻവർഷങ്ങളിൽ ഉൾപ്പെടുത്തിയ എത്രയോ കോടി രൂപയുടെ പണികൾ ഈ ബഡ്ജറിൽ വകകൊള്ളിക്കാതെ ഇരുന്നിട്ടുണ്ട്. ഇതെല്ലാം ബഡ്ജറ് മിച്ചമാക്കാൻ വേണ്ടിയാണ് നടത്തിയിട്ടുള്ളത്. ജോലികളുടെ സൂക്ഷ്മപരിശോധനയുടെ പേരിൽ ഗവൺമെൻറ് ജോലിയുടെ ഫയലുകൾ കിട്ടിയാൽ അതു തടഞ്ഞുവയ്ക്കുകയും നീട്ടിക്കൊണ്ടു പോവുകയുമാണ് ചെയ്തിട്ടുള്ളത്. ഇത് ആരെ വഞ്ചിക്കാൻ വേണ്ടിയാണ് സർ? നാട്ടുകാരെ വഞ്ചിക്കാൻ വേണ്ടിയാണോ അതോ ഈ സർക്കാരിനെത്തന്നെ വഞ്ചിക്കാൻ വേണ്ടിയാണോയെന്ന് ഞാൻ ചോദിക്കുകയാണ്. ഈ സർക്കാരിന്റെ ധാർമ്മിക അധ:പതനവും സത്യസന്ധതാരാഹിത്യവും സമ്പൂർണ്ണനിലയിലാണ് സർ, ഇപ്പോൾ. സംസ്ഥാനത്തെ വരുമാനത്തിൽ രണ്ടാം സ്ഥാനം എക്സൈസ് വരുമാനത്തിനാണ്. മദ്യത്തിന്റെയും മദ്യരാജാക്കൻമാരുടെയും സ്വാധീനം ഈ ബഡ്ജറിൽ ഉടനീളം കാണാൻ കഴിയുന്നുണ്ട്. ആയിരക്കണക്കിന് ഷാപ്പുകളും ഉപഷാപ്പുകളും അനുവദിച്ച് മനുഷ്യരെ മുഴുവൻ മദ്യത്തിനടിമയാക്കി നാട്ടുകാരുടെ പണം കൊള്ളയടിക്കുന്നതാണ് ഈ സർക്കാരിന്റെ നയം. തികഞ്ഞ കോൺഗ്രസുകാരനെന്ന് അവകാശപ്പെടുന്ന നമ്മുടെ മുഖ്യമന്ത്രി കരുണാകരൻ, ഭരിക്കുന്ന സർക്കാരിന് പണം ഉണ്ടാക്കാൻ വേണ്ടി ഈ രാജ്യം മദ്യരാജാക്കൻമാർക്ക് വിൽക്കണോ? മദ്യവ്യവസായവുമായി തനിക്കും തന്റെ കുടുംബത്തിനും യാതൊരു ബന്ധവും ഉണ്ടായിരിക്കുകയില്ലെന്നും അത്തരം ബന്ധം ഉണ്ടാകുന്നതിൽഭേദം താൻ മരിക്കുന്നതായിരിക്കും ഉത്തമമെന്നും മുഖ്യമന്ത്രി വികാരാധീനനായി ഇവിടെ പറഞ്ഞു. എന്നാൽ വസ്തുതകൾ എന്താണ്? മദ്യവ്യവസായവുമായി ബന്ധപ്പെട്ട് കൊള്ളയടിച്ചെടുക്കുന്ന പണത്തിൽ താങ്കൾക്ക് പങ്കില്ലയെന്ന് മുഖ്യമന്ത്രി കരുണാകരനോട് ചോദിക്കുകയാണ്. പങ്കുവയ്ക്കുന്ന കാര്യത്തിലല്ലേ നിങ്ങൾ തമ്മിൽ തർക്കമുണ്ടായത്? മദ്യവ്യവസായവുമായി ബന്ധപ്പെട്ടവരെ പടിക്കകത്ത് കയറ്റുകയില്ലെന്ന് നിങ്ങൾ പറഞ്ഞതല്ലേ? മാളക്കാരൻ പയ്യൻ പാവം ആൻറോ അങ്ങയുടെ സന്തതസഹചാരിയല്ലേ? കുടുംബ സുഹൃത്തല്ലേ? ഹെലികോപ്ടറിൽ കുടുംബപരമായ ചടങ്ങിനു കൂടെ കൊണ്ടു പോയില്ലേ? ആ ആൻറോവിന് ഡിസ്റ്റിലറി അനുവദിക്കുന്ന ഫയൽ താങ്കളുടെ ഓഫീസിൽ നേരിട്ടല്ലേ കൊടുത്തയച്ചത്? ഈ ഡിസ്റ്റിലറി താങ്കളുടെ കുടുംബത്തിനു വേണ്ടിയായിരുന്നില്ലേ? ഈ കാര്യങ്ങളെല്ലാം പൂച്ച കണ്ണടച്ച് പാല് കുടിക്കുന്നതുപോലെ, ഞാനൊന്നും അറിഞ്ഞില്ലേ രാമനാരായണ എന്നുപറഞ്ഞിരുന്ന് നടത്തിയിട്ട് ജനങ്ങളെ വിഡ്ഢികളാക്കാൻ സാധിക്കുമോ എന്നാണ് ഞാൻ ചോദിക്കുന്നത്. ഇതുപോലെ ഒരു അധഃപതനം ഒരു മുഖ്യമന്ത്രിക്കുണ്ടാകാനുണ്ടോ? താങ്കളുടെ വാക്കും പ്രവൃത്തിയും തമ്മിൽ എന്ത് ബന്ധമാണുള്ളത്? ഇതുപോലെ ധാർമ്മിക അധഃപതനമുള്ള ഒരു കാലം ഈ രാജ്യത്ത് ഇതുവരെ ഉണ്ടായിട്ടില്ല. അഴിമതി, സ്വജനപക്ഷപാതം, വ്യാജരേഖയുണ്ടാക്കൽ, കൃത്രിമങ്ങൾ—ഇതുപോലെ വേറെ എവിടെയെങ്കിലും നടക്കുന്നുണ്ടോ? വില്ലേജ് ആഫീസു മുതൽ സെക്രട്ടറിയേറ്റുവരെ അഴിമതി നടമാടുകയാണ്. ഈ അടുത്തകാലംവരെ സെക്രട്ടറിയേറ്റിൽ അഴിമതി ആരോപണങ്ങൾ ഉണ്ടായിരുന്നില്ല. എന്നാൽ ഇപ്പോൾ സെക്രട്ടറിയേറ്റിൽപോലും അഴിമതി വ്യാപകമായിരിക്കുന്നുവെന്ന് പൊതുജനങ്ങൾക്കൊക്കെ ബോധ്യപ്പെട്ടിരിക്കുകയാണ്. കൈക്കൂലി സാധാരണ സംഭവമായിരിക്കുന്നു. പല ആഫീസുകളിലും ഇത് ഒരവകാശമായിത്തീർന്നിട്ടുണ്ട്. പലയിടത്തും ഓരോ കാര്യത്തിന്റെ നടത്തിപ്പിനായി കൃത്യമായി രൂപ നിശ്ചയിച്ചിട്ടുണ്ട്. കാശുകൊടുത്താൽ നടക്കാത്ത ഒരു കാര്യവും ഈ രാജ്യത്തില്ല. ഈ രാജ്യത്തെ ഒററിക്കൊടുക്കാൻപോലും കാശ് കൊടുത്താൽ നടക്കുന്നുണ്ട്. കൈക്കൂലിയുടെ വിഹിതം മന്ത്രിമാരെയും മുറപ്രകാരം ഏൽപ്പിക്കുന്നു. 25,000-50,000 രൂപ

LIBRARY ARCHIVES Kerala Legislative Assembly

കെക്കൂലികൊടുത്ത്. ചില ജില്ലാതല ഉദ്യോഗസ്ഥൻമാരും മേധാവികളും പോസ്റ്റിംഗ് വാങ്ങുന്നുണ്ട്. ആ ഉദ്യോഗസ്ഥൻമാർ കൊടുത്തതിന്റെ ഇരട്ടി അദ്ദേഹം മുതലാക്കുകയും ചെയ്യുന്നു. താൻകൊടുത്തതുക മുഴുവൻ വസൂലാക്കാൻ സമയം കിട്ടുന്നതിനുമുമ്പ് തന്നെ മാറ്റുകയും പുതിയ ആളെ നിയമിക്കുകയും ചെയ്തു എന്ന പരാതിയുമായി നടക്കുന്ന ഉദ്യോഗസ്ഥൻമാരെ നമുക്ക് കാണാൻ കഴിയുന്നുണ്ട്. മന്ത്രിമാരുടെ ഏജന്റും മന്ത്രിമാർ നേരിട്ടും സംഖ്യ വാങ്ങുന്നുവെന്നാണ് പറയുന്നത്. ഈ സ്ഥിതിയിൽ മന്ത്രിപുത്രൻമാർ ചില ഏജൻസി സ്ഥാപനങ്ങൾ സ്ഥാപിച്ച് നടത്തുന്നുണ്ട്. മുഖ്യമന്ത്രിയുൾപ്പെടെ മിക്ക മന്ത്രിമാരുടെയും പുത്രൻമാർ അത്തരം സ്ഥാപനങ്ങൾ നടത്തി സർക്കാർപണം സ്വന്തമാക്കുന്നുണ്ട്. അധികാര ദുർവിനിയോഗം ഇതുപോലെ നടക്കുന്നകാലം മുൻപ് ഉണ്ടായിട്ടുണ്ടോ എന്നു ഞാൻ മുഖ്യമന്ത്രിയോട് ചോദിക്കുകയാണ്. അദ്ദേഹം വളരെ വികാരാധീനനായി ഒട്ടനവധി കാര്യങ്ങളെപ്പറ്റി പ്രസംഗിക്കാറുണ്ട്. ആരോട് പരാതിപറയാൻ? മന്ത്രിമാരായ എത്രപേരുണ്ട് ഈ അഴിമതിയെപ്പറ്റി ചോദ്യംചെയ്യാൻ അവകാശമുള്ളവർ? ഈ അഴിമതിയിൽ പങ്കില്ലാത്തവർ? ഉദ്യോഗസ്ഥൻമാരെ ശാസിക്കാൻ, നടപടിയെടുക്കാൻ അവർക്ക് കഴിയുമോ? അഴിമതിക്കാരായ മന്ത്രിമാർക്ക് അവരെ എങ്ങനെ ശാസിക്കാൻ കഴിയും? അങ്ങനെ അഴിമതി വ്യാപകമായി അകത്തും അടിസ്ഥാനതലം വരെയും എത്തിയിരിക്കുകയാണ്. നമ്മുടെ മുഖ്യമന്ത്രിക്ക് മാറ്റു മന്ത്രിമാരെ ഇത്തരം കാര്യങ്ങളിൽ ചോദ്യം ചെയ്യാനൊക്കുമോ? നമ്മുടെ മന്ത്രിമാരെപ്പറ്റി ഉയർന്നുവന്നിട്ടുള്ള ആരോപണങ്ങളുടെ പട്ടിക ഈ സഭയിൽ എത്രയോ തവണ ഹാജരാക്കിയിട്ടുണ്ട്. അവരെയൊക്കെ ശാസിക്കാനോ നിയന്ത്രിക്കാനോ മുഖ്യമന്ത്രിക്കു കഴിയുന്നില്ല. ഏറ്റവും വലിയ അഴിമതിക്ക് വിധേയനായി നിൽക്കുന്നത് മുഖ്യമന്ത്രിയാണ്. "തലച്ചിറയിലെ തണ്ണീർ താണോടും വയൽതോറുമെ" എന്ന് ആശാൻ പാടിയിട്ടുണ്ട്. അതുപോലെ മുഖ്യമന്ത്രി മുതൽ ഇവിടെ അഴിമതി ഈ രാജ്യത്തുടനീളം താഴെ, അങ്ങേയറ്റത്തെ തലം വരെ എത്തിനിൽക്കുന്ന ഒരു പശ്ചാത്തലത്തിൽ ഈ രാജ്യത്തിന്റെ അധഃപതനത്തിന് മുഖ്യമന്ത്രിതന്നെയാണ് ഉത്തരവാദിയെന്ന് ഞാൻ പറയുകയാണ്. ഇതുപോലെ ഒരു അധഃപതനം ഈ രാജ്യത്ത് ഉണ്ടായിട്ടില്ല. അഴിമതി നിരോധനനിയമം ഉണ്ടാക്കിയതുപോലും അവർക്ക് രക്ഷപ്പെടാനാണെന്ന് തെളിഞ്ഞിട്ടുണ്ട്. പൊതു പ്രവർത്തകരുടെ അനേഷണകമ്മിഷൻ നിർദ്ദേശിച്ച ഭേദഗതികൾപോലും ഇതുവരെ അംഗീകരിച്ച് നടപ്പിലാക്കാൻ സർക്കാർ തയ്യാറാകുന്നില്ല. എന്തുകൊണ്ടാണ് തയ്യാറാകാത്തത്? അനേഷണകമ്മിഷൻ നിർദ്ദേശിച്ച ഭേദഗതികളെങ്കിലും വരുത്തിയാൽ ഇവരത്രയും പ്രതിക്കൂട്ടിലാകും. അവരത്രയും ശിക്ഷാർഹരായിത്തീരുമെന്നുള്ള പേടികൊണ്ടല്ലേ ആ കമ്മിഷൻ നിർദ്ദേശിച്ച ഭേദഗതികൾ സ്വീകരിക്കാൻ അവർ തയ്യാറാകാത്തത്? നമ്മുടെ രാജ്യത്ത് ആർക്കും ആരെയും നിയന്ത്രിക്കാൻ സാധിക്കുന്നില്ല. ബോംബെയിൽവച്ച് കോൺഗ്രസ് സെൻറിനറി സമ്മേളനത്തിൽ ശ്രീമാൻ രാജീവ് ഗാന്ധി ഒരു പ്രസംഗം നടത്തി. ശ്രീമാൻ രാജീവ് ഗാന്ധി പറഞ്ഞത് കോൺഗ്രസിന് സാമുദായിക വർഗ്ഗീയശക്തികളുമായി യാതൊരു ബന്ധവും ഉണ്ടാകുകയില്ലെന്നാണ്. എന്നാൽ കേരളത്തിലെന്താണ് സ്ഥിതി? കേരളത്തിൽ സാമുദായിക വർഗ്ഗീയ കക്ഷികളുടെ ഒരു ഫെഡറേഷനാണ് ഭരിക്കുന്നത്. ഇവിടെ സാമുദായിക കക്ഷികളല്ലാതെ ദേശീയ കക്ഷികൾ എത്രയുണ്ട്? ഇവരുടെ മുന്നണിയ്ക്കകത്തെ നേതൃത്വം ശ്രീ. കെ. കരുണാകരൻ നടത്തുന്നുണ്ട്. ഭരണം നിലനിർത്താൻവേണ്ടി കഴുതക്കാല് പിടിക്കുന്നു. സാമുദായിക വർഗ്ഗീയ ശക്തികളുടെ സമ്മർദ്ദത്തിന് കീഴടങ്ങുന്നു. ഓരോ വകുപ്പും ഓരോ പാർട്ടിക്ക്, അല്ലെങ്കിൽ ഓരോ സാമുദായിക സംഘട

LIBRARY ARCHIVES Kerala Legislative Assembly

നകൂടുക്ക്, ഇതുപോലെ വിട്ടുകൊടുത്ത ഒരു കാലഘട്ടമുണ്ടായിട്ടില്ല. ആ നയമാണ് ഇന്നത്തെ ധാർമ്മിക അധഃപതനത്തിനും നാശത്തിനും കാരണം.

ഇവിടെ രണ്ടു കുവൈറ്റികൾ വന്ന കാര്യം നമുക്കറിയാം—അനഭിമതരായി പ്രഖ്യാപിച്ചവർ ഇവിടെ ഒരാഴ്ചയോളം സ്റ്റേറ്റ് ഗസ്റ്റായി താമസിച്ചു. വർഗ്ഗീയ കൂട്ടുകെട്ടിന്റെ ബാദ്ധ്യതകൊണ്ടാണ് മുഖ്യമന്ത്രിയെപ്പോലുള്ള ആളുകൾക്ക് ഇത് അംഗീകരിച്ചുകൊടുക്കേണ്ടിവന്നത്. അദ്ദേഹം അതിൽ നിന്ന് ഒഴിഞ്ഞുമാറാൻ ശ്രമിച്ചെങ്കിലും ഓരോ തവണയും മറുപടി പറയുമ്പോൾ കൂടുതൽ കൂടുതൽ അതിനകത്ത് ഇഴുകിച്ചേരുന്ന അവസ്ഥയിലേക്ക് എത്തിച്ചേരുകയാണ്. ഇത്തരം കാര്യങ്ങളെ നിയന്ത്രിക്കാൻ ശ്രമിക്കുക എന്നത് അദ്ദേഹത്തിന് താൽപ്പര്യമുള്ള കാര്യമല്ല. രാജ്യത്ത് എന്തു സംഭവിച്ചാലും തന്റെ കൈയിലിരിക്കുന്ന ഭരണം, അദ്ദേഹത്തിന് പ്രിയപ്പെട്ടതാണ്. ഇതിനേക്കാൾ താൽപര്യമുള്ള വേറെ ഒരു കാര്യവുമില്ല. അങ്ങനെ രാജ്യത്തിന്റെ താൽപര്യം പോലും അടിയറവച്ചുകൊണ്ട് ഇത്തരം മുന്നണിയുണ്ടാക്കി ഒരു കാലിത്തൊഴുത്തുപോലെ എന്തും നടക്കുന്ന സംസ്ഥാനമാക്കി ഈ രാജ്യത്തെ അധഃപതിപ്പിക്കുവാൻ ശ്രമിക്കുന്ന ആ മഹാപാതകത്തിന്റെ ഉത്തരവാദിത്വം നമ്മുടെ മുഖ്യമന്ത്രി ഏറ്റെടുക്കണമെന്നാണ് എനിക്ക് പറയാനുള്ളത്. ഗവൺമെന്റ് എന്ത് വികസന പ്രവർത്തനമാണ് നടത്തിയത്? ഇവിടെ എം. എൽ. എം റോഡുകളുടെ കാര്യം പറഞ്ഞു. 51 എണ്ണത്തിന്റെ പണി നടക്കുന്നുണ്ടെന്നാണ് പറഞ്ഞത്. 280 എം. എൽ. എ. റോഡുകളുടെ പണി തുടങ്ങുമെന്ന് പറഞ്ഞിട്ട് 4 കൊല്ലമായി. 4 കൊല്ലമായിട്ട് ഇത്രപോലും പണി നടന്നിട്ടില്ലെന്നു പറഞ്ഞാൽ ഇവിടെ വികസനപ്രവർത്തനങ്ങളെ മനഃപൂർവ്വമായി ഈ സർക്കാർ സ്തംഭിപ്പിച്ചിരിക്കുകയാണെന്നല്ലേ അർത്ഥം? ഇവിടെ ഐ. ആർ. ഡി. പി. യുടെ കാര്യത്തെപ്പറ്റിയും എൻ. ആർ. ഇ. പി. യുടെ കാര്യത്തെപറ്റിയും വീമ്പിളക്കുകയാണ്. ഐ. ആർ. ഡി. പി. യിൽ നമ്മുടെ സർക്കാർ നല്ലൊരുഭാഗം സംഖ്യ ലാപ്സാക്കിയെന്ന് കേന്ദ്രഗവൺമെന്റ് പാർലമെന്റിൽ പറഞ്ഞിരിക്കുകയാണ്. ബഡ്ജറ്റ് തയ്യാറാക്കിയതിന്റെ ചരിത്രം വളരെ വിചിത്രമാണ്. കഴിഞ്ഞവർഷവും അതിന്റെ മുൻപത്തെ വർഷവും ബഡ്ജറ്റിൽ വകകൊള്ളിച്ചിരുന്ന തുക—ആ തുക അത്രയും ബഡ്ജറ്റിൽനിന്ന് എടുത്തുകളഞ്ഞ്, ആ ഇനങ്ങൾതന്നെ ബഡ്ജറ്റിൽനിന്ന് എടുത്തുകളഞ്ഞിരിക്കുകയാണ്. അതുപോലെതന്നെ വലിയ തുകകൾ ഉൾക്കൊള്ളിച്ചിരുന്ന ഇനങ്ങൾ അതിന് ടോക്കൺ പ്രൊവിഷൻ മാത്രം കൊടുത്ത് സംഖ്യ വെട്ടിക്കുറച്ചിരിക്കുന്നു. കൃത്രിമമായി ചെലവുകൾ കുറച്ചുകാണിച്ച് മിച്ച ബഡ്ജറ്റ് ഉണ്ടാക്കിയെന്നുള്ളതുകൊണ്ട് യാതൊരു ഖ്യാതിയുമില്ല. നമ്മുടെ രാജ്യത്തിലെ പ്രധാനപ്പെട്ട പല കാര്യങ്ങൾക്കും ഈ ബഡ്ജറ്റിൽ വകകൊള്ളിച്ചിട്ടില്ല. ഒരു ഉദാഹരണം ഞാൻ പറയുന്നു. ഈ രാജ്യത്തിന്റെ പ്രധാനപ്പെട്ട കൊച്ചി തുറമുഖത്തിന്റെ പ്രവർത്തനവുമായി ബന്ധപ്പെട്ടതാണ് മട്ടാഞ്ചേരി പാലം. ആ പാലം കേടായിരിക്കുന്നു, അതിന്റെ കാലാവധി കഴിഞ്ഞിരിക്കുന്നു. അത് പുതുക്കിപ്പണിയണമെന്ന ആവശ്യം നിരന്തരമായി വന്നുകഴിഞ്ഞിട്ടുണ്ട്. ആ പാലത്തിന് ഒരു നയാപൈസപോലും ഈ ബഡ്ജറ്റിൽ കൊള്ളിച്ചിട്ടില്ല.

ബ്രിട്ടീഷ് സായിപ്പ് ഉണ്ടാക്കിയ ആ പാലം തകർന്ന് വീണുകഴിഞ്ഞാൽ എറണാകുളവും കൊച്ചിയും, തിരുവനന്തപുരവും കൊച്ചിയും തമ്മിലുള്ള ഗതാഗതം സ്തംഭിക്കും. മാത്രവുമല്ല കൊച്ചി തുറമുഖത്തിന്റെ പ്രവർത്തനവും സ്തംഭിക്കുന്ന സ്ഥിതിയാണുള്ളത് ഇത്തരം കാര്യങ്ങളിൽ ഈ ഗവൺമെന്റിനു് എന്തെങ്കിലും കാഴ്ചപ്പാടുണ്ടോ ?

മൽസ്യത്തൊഴിലാളികൾക്ക് ഒട്ടനവധി സംഖ്യ വക കൊള്ളിച്ചിട്ടുണ്ടെന്ന് പറഞ്ഞു. ഇന്നലെ ഞാൻ മുഖ്യമന്ത്രിയോട് ചോദ്യോത്തരവേളയിൽ ചോദിച്ചു. പടിഞ്ഞാറൻ മേഖലയിൽ കഴിഞ്ഞ നാലുമാസമായി മൽസ്യത്തൊഴിലാളികൾ

LIBRARY ARCHIVES Kerala Legislative Assembly

പട്ടിണി കിടക്കുന്നു. കഴിഞ്ഞ നാലുമാസമായിട്ട് ഒരു കൈനിറയെ മൽസ്യം പോലും പിടിക്കാൻ അവർക്ക് സാധിക്കുന്നില്ല. പതിനായിരക്കണക്കിന് മൽസ്യത്തൊഴിലാളികളും പട്ടിണി കിടക്കുന്ന ആ സ്ഥലത്ത് അവരെ രക്ഷിക്കാൻ ഈ സർക്കാർ 82 കോടി രൂപ ചെലവാക്കിയെന്നു പറയുന്നു. എന്നാൽ ഈ സർക്കാർ ഒരു നയാപൈസ ചെലവാക്കിയിട്ടില്ല. ദുരിതാശ്വാസ പ്രവർത്തനങ്ങൾക്ക് ഈ സർക്കാർ ഒരു നയാപൈസ ഈ ബഡ്ജറ്റിൽ വകകൊള്ളിച്ചിട്ടില്ല. അവർക്ക് സൗജന്യ റേഷനെങ്കിലും നൽകണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് തൊഴിലാളികൾ സംഘടിതമായി സമരം ആരംഭിച്ചിരിക്കുകയാണ്. അവർക്ക് ആവശ്യമായ സഹായവും സൗജന്യ റേഷനും നൽകണമെന്ന് ഈ സന്ദർഭത്തിൽ ഞാൻ പ്രത്യേകം അഭ്യർത്ഥിക്കുകയാണ്. നമ്മുടെ വികസന പ്രവർത്തന രംഗത്ത്, നൽകേണ്ട ഒരു കാര്യവും ഇപ്പോൾ നടക്കുന്നില്ല. ഇവിടത്തെ ശുദ്ധജല വിതരണത്തിന്റെ കാര്യമെടുക്കാം. കൊച്ചി നഗരത്തിലെ ശുദ്ധജല വിതരണം ആകെ സ്തംഭിച്ചിരിക്കുകയാണ്. ആ കാര്യം ഇവിടെ പറഞ്ഞപ്പോൾ, ലോകബാങ്കിന്റെ സഹായത്തോടുകൂടി 351 കോടി രൂപയുടെ ഒരു പദ്ധതി വരുന്നുണ്ടെന്നാണ് പറയുന്നത്. 1980-ൽ ഇടതുപക്ഷ മുന്നണി സർക്കാരിന്റെ കാലത്ത് ശുദ്ധജല വിതരണത്തിന്റെ പോരായ്മ പരിഹരിച്ച് വെള്ളത്തിന്റെ സപ്ലൈ വർദ്ധിപ്പിക്കുന്നതിനുവേണ്ടി ആലുവാ പുഴയിൽ തുടങ്ങിയ പുതിയ ട്രീറ്റ്മെന്റ് പ്ലാന്റിന്റെ പ്രവർത്തനം മുന്നോട്ടു കൊണ്ടുപോകാൻ ഈ സർക്കാർ ഒരു നയാപൈസ കഴിഞ്ഞ നാലു കൊല്ലമായി ബഡ്ജറ്റിൽ വക കൊള്ളിച്ചിട്ടില്ല. കുമ്പളങ്ങി, പള്ളുരുത്തി, കൊച്ചിൻ കോർപ്പറേഷന്റെ പടിഞ്ഞാറുഭാഗമായ ചെല്ലാനം എന്നീ സ്ഥലങ്ങളിൽ ഒരു തുള്ളി വെള്ളം പോലും കിട്ടുന്നില്ല. അവിടെ ഒരു ബൂസ്റ്റർ പമ്പ് വച്ചിട്ടുണ്ട്. ആ ബൂസ്റ്റർ പമ്പ് ഓപ്പറേറ്റ് ചെയ്താൽ ചെല്ലാനത്ത് വെള്ളം കിട്ടുമെന്ന് ഉദ്യോഗസ്ഥൻമാർ പറഞ്ഞതാണ്. അതിനുവേണ്ടി 25,000 രൂപ മുടക്കി ഒരു ബൂസ്റ്റർ പമ്പിംഗ് സ്റ്റേഷനും അവിടെ സ്ഥാപിച്ചിട്ടുണ്ട്. അത് ഓപ്പറേറ്റ് ചെയ്തു വെള്ളം കൊടുക്കുന്നതിന് ആവശ്യമായ ചെറിയ കാര്യങ്ങൾപോലും ചെയ്യാൻ കൂട്ടാക്കാത്ത ഈ സർക്കാരാണ് ഈ രാജ്യത്തെ പ്രശ്നങ്ങൾക്ക് പരിഹാരം ഉണ്ടാക്കുന്നുവെന്നും രാജ്യം മുഴുവൻ വെള്ളം കൊടുക്കുമെന്നും പറയുന്നത്. ഇതിന് എന്ത് അർത്ഥമാണുള്ളത് ? കുമ്പളങ്ങിയിൽ 25 ലക്ഷം രൂപ മുടക്കി പൈപ്പുകൾ ഇട്ടിട്ട് 2 കൊല്ലമായി. ഈ ബൂസ്റ്റർ പമ്പിലൂടെ ചില മണിക്കൂറുകളിലെങ്കിലും വെള്ളം ഡൈവർട്ട് ചെയ്തുവിട്ടാൽ കുമ്പളങ്ങിയിലുള്ളവർക്ക് വെള്ളം കിട്ടും. ഇതുവരെ ഈ സർക്കാർ അത്തരം കാര്യങ്ങൾ ചെയ്യുന്നില്ല. കഴിഞ്ഞ ബഡ്ജറ്റിനകത്ത് വികസന പ്രവർത്തനങ്ങൾക്കുവേണ്ടി കൊള്ളിച്ചിരുന്ന പല കാര്യങ്ങളും ഇപ്പോൾ ഇല്ലായ്മ ചെയ്തിരിക്കുന്നു.

അതുപോലെതന്നെ കുമ്പളങ്ങിയിലെ ചികിൽസാ സൗകര്യങ്ങളുടെ കാര്യം വളരെ മോശമാണ്. എറണാകുളത്തുള്ള ജനറൽ ആശുപത്രിയെ മെച്ചപ്പെടുത്താൻ എന്തെങ്കിലും ഈ ബഡ്ജറ്റിൽ വക കൊള്ളിച്ചിട്ടുണ്ടോ ? വളരെ നിസ്സാരമായ ഒരു സംഖ്യയാണ് കൊടുത്തിരിക്കുന്നത്. മട്ടാഞ്ചേരി ഭാഗങ്ങളിലുള്ള ചില കാര്യങ്ങൾ കൊള്ളിച്ചിട്ടുണ്ട്. പള്ളുരുത്തി നിയോജക മണ്ഡലത്തിൽ ഒരാശുപത്രിയില്ല. 140 നിയോജക മണ്ഡലങ്ങളുള്ളതിൽ ഒരു ആശുപത്രി പോലുമില്ലാത്ത നിയോജക മണ്ഡലം പള്ളുരുത്തിയല്ലാതെ വേറെയില്ല. ഈ കാര്യം പല പ്രാവശ്യം ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. അവിടെ ഒരു ആശുപത്രിക്ക് സാങ്കേതികമായ അനുവാദം ആയിട്ടുണ്ടെങ്കിലും ഈ ബഡ്ജറ്റിൽ അതിന് ഒരു പൈസാപോലും കൊള്ളിച്ചിട്ടില്ല. അങ്ങനെ ഈ സർക്കാർ വികസന പ്രവർത്തനങ്ങളുടെ കാര്യത്തിൽ കഴിയുന്നിടത്തോളം പണം ചെലവാക്കാതിരിക്കുന്ന ഒരു സമീപനമാണ് സ്വീകരിച്ചിട്ടുള്ളത്. ഇതിന്റെയെല്ലാം ഫലമായിട്ട് ഈ രാജ്യത്ത് ഒരു കാര്യവും നടക്കാൻ പോകുന്നില്ല. ഈ ബഡ്ജറ്റിൽ ഉൾക്കൊള്ളിച്ച പണംതന്നെ ചെലവഴിക്കുമെന്ന്

LIBRARY ARCHIVES Kerala Legislative Assembly

പ്രതീക്ഷിക്കാൻ വയ്യ. കാരണം, ഒരു കൃത്രിമ ബഡ്ജറ്റുണ്ടാക്കി അതിന്റെ മിച്ചം അടുത്ത കൊല്ലം കാണിക്കണമെങ്കിൽ ഇപ്പോഴും ഉള്ളതുകൊള്ളിച്ച പണികളും നടത്താതിരിക്കണം. അങ്ങനെ അയഥാർത്ഥമായ ഒരു ബഡ്ജറുണ്ടാക്കി രാജ്യത്തെ നശിപ്പിക്കാൻവേണ്ടി മുന്നിട്ടിറങ്ങിയിരിക്കുകയാണ്. അതിനുവേണ്ടി ഈ രാജ്യത്ത് എന്തു നടന്നാലും തരക്കേടില്ല, ഞങ്ങളുടെ കസേര മാത്രം മതിയെന്ന് വിശ്വസിക്കുന്ന ഈ സർക്കാരിന്റെ തെറ്റായ നയപരിപാടികളും നടപ്പിലാക്കാൻവേണ്ടിയുള്ള ഈ വോട്ട് ഓൺ അക്കൗണ്ട്സിനെ ഞാൻ എതിർക്കുന്നു.

[ശ്രീ. പി. കെ. കെ. ബാവ : സർ, ഈ വോട്ട് ഓൺ അക്കൗണ്ടിനെ ഞാൻ സന്തോഷത്തോടുകൂടി അനുകൂലിക്കുകയാണ്. ഞാൻ സന്തോഷത്തോടുകൂടിയെന്ന് പറയുന്നത് വെറുതെയല്ല, കഴിഞ്ഞ രണ്ടു ദിവസങ്ങളായി പൊതുചർച്ച പൂർത്തിയാക്കിയ ബഡ്ജറ് ഈ സംസ്ഥാനത്തെ ജനങ്ങൾക്ക് വലിയ പ്രതീക്ഷയ്ക്കും ആശ്വാസത്തിനും വക നൽകുന്നു എന്നതുകൊണ്ടുതന്നെ. അങ്ങനെ പ്രതിപക്ഷത്തിന്റെയും ഈ സംസ്ഥാനത്തിലെ ജനങ്ങളുടെയാകെയും കണക്കുകൂട്ടലുകളെ തെറ്റിച്ച് ഒരു മിച്ചബഡ്ജറ് നമ്മുടെ സംസ്ഥാനത്ത് അവതരിപ്പിക്കാൻ സാധിച്ചുവെന്നുള്ളത് ഈ സംസ്ഥാനത്തെ സംബന്ധിച്ചിടത്തോളം അഭിമാനകരമായി ഞാൻ കാണുകയാണ്. എന്നാൽ ഇങ്ങനെയൊരു ബഡ്ജറ് വന്നപ്പോഴും നമ്മുടെ പ്രതിപക്ഷം യഥാർത്ഥമായ വസ്തുതകളിലേക്ക് കടന്നുചെല്ലാതെ ആ ബഡ്ജറിനെ നിശിതമായി വിമർശിക്കാനും എതിർക്കാനും മുന്നോട്ടു വന്നത് ഖേദകരമായിപ്പോയി എന്നു മാത്രമേ ഞാൻ പറയുന്നുള്ളു. വിമർശനം ആവാം, അത് ആവശ്യമാണ്. മുലകുടി ആവശ്യമാണ്. പക്ഷെ ഒരു പ്രായപരിധി കഴിഞ്ഞാൽ അത് ആഭാസമാണ് എന്നെങ്കിലും നമ്മുടെ പ്രതിപക്ഷം ഓർക്കേണ്ടതാണ്. പ്രതിപക്ഷമെന്ന നിലയിൽ നിങ്ങൾക്ക് വിമർശിക്കാൻ അവകാശമുണ്ട്. ആ അവകാശത്തെ ഞാൻ ചോദ്യം ചെയ്യുന്നില്ല. എന്നാൽ ക്രിയാത്മകമായ വിമർശനം നടത്തുക എന്ന പ്രതിപക്ഷത്തിന്റെ ഉത്തരവാദിത്വത്തിൽനിന്ന് ഒഴിഞ്ഞിട്ട് രണ്ട് ദിവസങ്ങളിലും ഇവിടെ നടന്ന ചർച്ചകളിൽ അവർ ഒളിച്ചോട്ടം നടത്തുകയാണ് ചെയ്തിട്ടുള്ളത് എന്നാണെന്റെ വിശ്വാസം. ഈ സഭയിലിരിക്കുന്ന ആളുകൾ ഓർമ്മിക്കുന്നുണ്ടാകും. പ്രതിപക്ഷം ക്രിയാത്മകമായി മുന്നോട്ടു വച്ച നിർദ്ദേശം കുറച്ചൊക്കെ നമ്മുടെ ബഹുമാനപ്പെട്ട മന്ത്രി വളരെ വിശാലമനസ്കതയോടുകൂടി കണ്ടിരിക്കുന്നു. അതിന്റെ ഏറ്റവും വലിയ തെളിവാണ് നമ്മുടെ രാജ്യത്തെ സ്ത്രീസമൂഹത്തോട് നമ്മുടെ ബഹുമാനപ്പെട്ട മന്ത്രിയുടെ താൽപ്പര്യം പ്രകടിപ്പിക്കത്തക്ക രീതിയിൽ 'വാനിറ്റി ബാഗിന്' ഏർപ്പെടുത്തിയിരുന്ന ഡ്യൂട്ടിയിൽ ഇളവു വരുത്തിയത്. അതുപോലെതന്നെ പ്രതിപക്ഷം ക്രിയാത്മകമായ നിർദ്ദേശങ്ങളായിരുന്നു വച്ചിരുന്നതെങ്കിൽ അത് ബഹുമാനപ്പെട്ട മന്ത്രി സ്വീകരിക്കുമായിരുന്നു എന്നാണെന്റെ വിശ്വാസം. പക്ഷെ, ഈ ബഡ്ജറിനെ വിലയിരുത്തുന്ന കാര്യത്തിലും കഴിഞ്ഞ കാലഘട്ടങ്ങളിലെ പ്രവർത്തനങ്ങളെ വിലയിരുത്തുന്ന കാര്യത്തിലും നിഷേധാത്മകമായ സമീപനം പ്രതിപക്ഷം സ്വീകരിച്ചത് ദൗർഭാഗ്യമായിപ്പോയിയെന്നു മാത്രമേ ഞാൻ പറയുന്നുള്ളു. ബഹുമാനപ്പെട്ട മന്ത്രിയും ഈ സർക്കാരും നമ്മുടെ രാജ്യത്തെ ഏറ്റവും പ്രധാനമായ പ്രശ്നങ്ങളായ വെള്ളം, വെളിച്ചം, ആരോഗ്യം, വിദ്യാഭ്യാസം, തൊഴിൽ, കൃഷി എന്നീ കാര്യങ്ങൾക്ക് വളരെയേറെ മുൻതൂക്കവും ആക്കവും നൽകുന്ന ഒരു ബസ്ജറ് ഇവിടെ അവതരിപ്പിച്ചു എന്നതുകൊണ്ട് ഞാൻ വളരെയേറെ സന്തോഷത്തോടുകൂടി ഈ ബഡ്ജറിലെ നിർദ്ദേശങ്ങളെ സ്വാഗതം ചെയ്യുകയാണ്. അതുകൊണ്ടുതന്നെ ഈ വോട്ട് ഓൺ അക്കൗണ്ട്സിനെയും അനുകൂലിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

സർ, വീടുകൾക്ക് ഈടാക്കുന്ന വൈദ്യുതിയുടെ നിരക്ക് 30 പൈസാ മാത്രമാണ്. എന്നാൽ ക്ഷേത്രം, പള്ളി തുടങ്ങിയ ആരാധനാലയങ്ങൾക്ക് 65% കൺസഷൻ ചാർജ്ജാണ് ഏർപ്പെടുത്തിയിരിക്കുന്നത് എന്ന് ബഹുമാനപ്പെട്ട ധനകാര്യ മന്ത്രിയുടെ ശ്രദ്ധയിൽപ്പെടുത്തുകയാണ്. അങ്ങയുടെ വിശാല മനസ്കത ഈ ധർമ്മ സ്ഥാപനങ്ങളോട്, ക്ഷേത്രങ്ങൾ പോലുള്ള ആരാധനാ സ്ഥാപനങ്ങളോട് കാണിക്കണം. വീടുകൾക്കീടാക്കുന്ന നിരക്കുതന്നെ ഇതിനും ഈടാക്കുന്ന നടപടി സ്വീകരിക്കണം എന്നുകൂടി ബഹുമാനപ്പെട്ട ധനകാര്യ മന്ത്രിയോട് അപേക്ഷിക്കുകയാണ്. ശ്രീ. നായനാർ ഇന്നലെ ഇവിടെ പ്രസംഗിച്ചപ്പോഴും മുസ്ലീംലീഗിനെ അതിനിശിതമായി വിമർശിക്കുകയും ആക്ഷേപിക്കുകയും ചെയ്തത് ദുഃഖകരമായി തോന്നുകയാണ്. അദ്ദേഹം പറഞ്ഞത് ഞങ്ങൾ ഇനി മുസ്ലീംലീഗുമായി യാതൊരു തരത്തിലുള്ള സഖ്യത്തിനും തയ്യാറല്ല എന്നാണ്. ഞാൻ ചോദിക്കട്ടെ നായനാരുടെ കക്ഷിയിലെ പ്രമുഖ നേതാവായിട്ടുള്ള ഗൗരിയമ്മ ഇവിടെയുണ്ട്. ഞങ്ങൾ നിങ്ങളുടെ പാർട്ടിയെ സമീപിച്ച് നിങ്ങൾ ഞങ്ങളെ മുന്നണിയിൽ ചേർക്കണം എന്ന് അപേക്ഷയുമായി വന്നിട്ടുണ്ടോ ? ഞങ്ങൾ വന്നിട്ടില്ലെന്നതാണ് സത്യം. എന്നു മാത്രമല്ല കഴിഞ്ഞ ലോകസഭ തെരഞ്ഞെടുപ്പ് കാലഘട്ടംവരെ കെ. പി. ഉണ്ണികൃഷ്ണനെ മദ്ധ്യവർത്തിയാക്കി നിറുത്തി മാർക്സിസ്റ്റ് കമ്മ്യൂണിസ്റ്റ് പാർട്ടി ഈ മുന്നണിയിൽനിന്ന് ലീഗിനെ മാറ്റിക്കൊണ്ട് പോകുന്നതിനുവേണ്ടിയുള്ള ശ്രമം നടത്തിയിട്ടുണ്ട് എന്ന വസ്തുത മാർക്സിസ്റ്റു നേതാക്കൻമാർക്ക് നിഷേധിക്കാൻ കഴിയുമോ ? ഞങ്ങൾ വർഗ്ഗീയവാദികളാണന്നാണല്ലോ നിങ്ങൾ പറയുന്നത്. മുസ്ലീംലീഗിനെ സംബന്ധിച്ചിടത്തോളം നിങ്ങൾ ഞങ്ങളെ കൂട്ടണമെന്ന ആവശ്യം ഞങ്ങൾക്കില്ല. പക്ഷേ ഞങ്ങൾ വർഗ്ഗീയവാദികളാണ് എന്നു പറയാൻ നിങ്ങൾക്കെന്തെവകാശമാണ് ? ഞാൻ ചോദിക്കട്ടെ നിസ്സാരമായ ഒരു കാര്യമാണോ ഇത് ? രാജ്യത്തിന്റെ ദേശീയ ഭദ്രതയ്ക്കുവേണ്ടി അന്തസ്സോടും അഭിമാനത്തോടുംകൂടി പ്രവർത്തിക്കുന്ന ഒരു രാഷ്ട്രീയ പ്രസ്ഥാനത്തിന്റെ പേരിൽ ഇങ്ങനെ വർഗ്ഗീയത ആരോപിക്കുന്നത് ശരിയാണോ ?.1967 മാർച്ച് 6-ാം തീയതി മുതൽ (അന്ന് ഗൗരിയമ്മയും ആ നിയമസഭയിലുണ്ടായിരുന്നു) ഇന്നുവരെ മുസ്ലീംലീഗ് ഈ രാജ്യത്ത് അധികാരത്തിലിരിക്കുന്ന ഒരു രാഷ്ട്രീയ പ്രസ്ഥാനമാണ്. 1980-ൽ നായനാരുടെ ഗവൺമെൻറിൽ ഞങ്ങൾ ഇല്ലായിരുന്നു. എന്നാൽ അഖിലേന്ത്യാ ലീഗ് അക്കാലത്തും നായനാരോടൊപ്പമുണ്ടായിരുന്നു. ഒരു രാഷ്ട്രീയ പ്രസ്ഥാനം ദേശീയമാണോ, വർഗ്ഗീയമാണോ, പുരോഗമനപരമാണോ, പിന്തിരിപ്പനാണോ എന്ന് മനസ്സിലാക്കാൻ ഏറ്റവും പറ്റിയ സന്ദർഭം ആ രാഷ്ട്രീയ പ്രസ്ഥാനം അധികാരത്തിലിരിക്കുമ്പോഴാണ് എന്നാണ് എന്റെ വിശ്വാസം. അധികാരത്തിലിരിക്കുന്ന 1967 മുതൽ ഇന്നുവരെയുള്ള കാലഘട്ടത്തിൽ ഞങ്ങൾ ദേശീയ വിരുദ്ധമായി, വർഗ്ഗീയമായി എന്തെങ്കിലും പ്രവർത്തിച്ചു എന്നു തെളിയിക്കാൻ മാർക്സിസ്റ്റു കമ്മ്യൂണിസ്റ്റു പാർട്ടി നേതാക്കൻമാർക്ക് കഴിയുമോ ? ഞങ്ങൾ അന്വേഷണത്തിന് വിധേയമാകാൻ തയ്യാറാണ്. തെളിയിക്കാൻ നിങ്ങൾക്കു സാധിക്കുമോ ? സാധിക്കുകയില്ല. ഈ രാജ്യത്തെ എല്ലാ സമുദായങ്ങളുടെയും താൽപ്പര്യങ്ങളുയർത്തിപ്പിടിച്ചവരാണ് ഞങ്ങൾ. ഞാൻ അഭിമാനത്തോടുകൂടി പറയുന്നു, മഹാനായ സി. എച്ച്. മുഹമ്മദ്കോയാ സാഹിബ് ആണ് ഈ സംസ്ഥാനത്തിന്റെ മുഖ്യ ചിരകാല അഭിലാഷമായ വൈസഹ വ്യാഴാഴ്ചക്ക് അവധി നൽകിയത്. അതുപോലെ ശ്രീകൃഷ്ണജയന്തിക്കും അവധി നൽകി. ഈ രാജ്യത്തെ മതേതരത്വത്തിന്റെ മൂല്യങ്ങൾ അംഗീകരിച്ച ഒരു സർക്കാരാണ് സി. എച്ച്. മുഹമ്മദ് കോയയുടെ കാലത്തുണ്ടായിരുന്നത്. അതുകൊണ്ട് ഞാൻ പറയുന്നു മുസ്ലീം ലീഗ് ഈ കാലയളവിൽ നടത്തിയ പ്രവർത്തനംകൊണ്ട്, ഭരണത്തിലിരുന്നുകൊണ്ടുതന്നെ നടത്തിയ പ്രവർത്തനംകൊണ്ട് ഈ രാജ്യത്ത് എന്തു വർഗ്ഗീയതയാണ് കാണി

LIBRARY ARCHIVES Kerala Legislative Assembly

ച്ചിട്ടുള്ളതെന്ന് തെളിയിക്കാൽ ബഹുമാനപ്പെട്ട നായനാരും കൂട്ടരും തയ്യാറാകേണ്ടതാണ്. അതുപോലെ നിങ്ങൾക്ക് അറിയാം അറബിഭാഷയ്ക്കുവേണ്ടി ഞങ്ങൾ സമരം ചെയ്തു. ആ സമയത്ത് സംസ്കൃത ഭാഷയുടെ നിലനിൽപ്പിനുംകൂടി വേണ്ടിയായിരുന്നു. പ്രിയപ്പെട്ട മൂന്ന് സഹപ്രവർത്തകരുടെ ജീവൻ ബലികൊടുത്തത് എന്ന വസ്തുത ഞാൻ ഈ സമയത്ത് അനുസ്മരിക്കുകയാണ്. സി.പി.ഐ.ക്കാർ ഞങ്ങളെക്കുറിച്ച് വർഗ്ഗീയ പാർട്ടി എന്നു പറയുന്നു. അടിയന്തിരാവസ്ഥയുടെ സുവർണ്ണ കാലഘട്ടമെന്ന് സി.പി.ഐ.ക്കാർ വിശേഷിപ്പിച്ച ആ നീണ്ട കാലഘട്ടത്തിൽ സംസ്ഥാന മുഖ്യമന്ത്രിയായിരുന്ന ശ്രീ. സി. അച്യുതമേനോന്റെ പാർട്ടി ഇങ്ങനെ പറയുന്നത് സങ്കടകരമാണ്. എനിക്ക് ഓർമ്മ വരുന്നത് ഒരു കഥയാണ്. രണ്ടു സിക്കുകാർ കുതിരപ്പുറത്ത് യാത്ര ചെയ്യുകയായിരുന്നു. ഒരു സിക്കുകാരന്റെ കുതിര വളരെ മന്ദഗതിയിലായിരുന്നു യാത്ര ചെയ്തിരുന്നത്. മറ്റേ സിക്കുകാരൻ പറഞ്ഞു : താങ്കളുടെ കുതിരയുടെ പിൻഭാഗത്ത് അൽപ്പം മുളകുപൊടി തിരുകിക്കൊടുത്താൽ കുതിര പെട്ടെന്ന് ഓടും എന്ന്. അദ്ദേഹം ഇറങ്ങി കുതിരയുടെ പിൻഭാഗത്ത് മുളകുപൊടി തിരുകി. കുതിര സ്പീഡിൽ ഓടിയെങ്കിലും കുതിരക്കാരൻ വെളിയിലായിപ്പോയി. അദ്ദേഹത്തിന്റെയും പിൻഭാഗത്ത് മുളകുപൊടി തിരുകി സ്പീഡുണ്ടാക്കാൻ ശ്രമിച്ചതുപോലെ മാർക്സിസ്റ്റ് പാർട്ടിയോടൊപ്പം എത്തുന്നതിനുവേണ്ടി സി.പി.ഐ.ക്കാരും മുസ്ലീം ലീഗിനെ നേരെ വർഗ്ഗീയത ആരോപിക്കുന്നു എന്നു മാത്രമേ അതു സംബന്ധിച്ച് എനിക്ക് പറയാനുള്ളൂ. എന്തിനാണ് മാർക്സിസ്റ്റ് കമ്മ്യൂണിസ്റ്റ് പാർട്ടി അറബിപ്രശ്നം ഉയർത്തിയത് ? മാർക്സിസ്റ്റ് കമ്മ്യൂണിസ്റ്റ് പാർട്ടിയിൽ ഉണ്ടായിട്ടുള്ള പൊട്ടലും ചീറ്റലും ഒഴിവാക്കുന്നതിനുവേണ്ടിയല്ലേ ? അണികളിലുണ്ടായിട്ടുള്ള അങ്കലാപ്പും ആശയകുഴപ്പവും മാറ്റിയെടുക്കുന്നതിനുവേണ്ടി അല്ലേ ഈ പ്രശ്നം നിങ്ങൾ ഉന്നയിക്കുന്നത് ? ഞാൻ ചോദിക്കട്ടെ, ശരിയത്ത് ഇഷ്യൂ നിങ്ങൾ കൊണ്ടുവന്നില്ലേ ? എന്തു സംഭവിച്ചു നിങ്ങൾക്ക് ? അതിദയനീയമായി പരാജയപ്പെട്ടെന്നു മാത്രമല്ല നിങ്ങളുടെ രണ്ടു പ്രിയപ്പെട്ട നേതാക്കൻമാരെ കുരുതി കൊടുക്കേണ്ടിയും വന്നു.....ശ്രീ. എം. വി. രാഘവനെയും ശ്രീ. പി. വി. കുഞ്ഞിക്കണ്ണനേയും ....എന്ന വസ്തുത നിങ്ങൾ മറക്കരുത്.

ശ്രീ. മണിമംഗലത്തു കുട്ട്യാലി : എം. വി. രാഘവനില്ലാത്ത മാർക്സിസ്റ്റ് പാർട്ടി റാണിയില്ലാത്ത തേനീച്ചക്കൂടുപോലെ അല്ലേ ?

ശ്രീ. പി. കെ. കെ. ബാവ : അത് എല്ലാവർക്കും അറിയാം. എല്ലാവരും സമ്മതിക്കും. മാർക്സിസ്റ്റ് പാർട്ടിയും സമ്മതിക്കും. ഞാൻ ചോദിക്കുന്നത് അതല്ല, ഇവിടെ ശരിയത്ത് പ്രശ്നം ഉയർത്തിയ മാർക്സിസ്റ്റ് കമ്മ്യൂണിസ്റ്റ് പാർട്ടിക്ക് വൻകിട നേതാക്കൻമാരെ ഉപേക്ഷിക്കേണ്ടിവന്നു. അതുപോലെ ഈ അറബി പ്രശ്നവും അവസാനിക്കുമ്പോൾ മാർക്സിസ്റ്റ് കമ്മ്യൂണിസ്റ്റ് പാർട്ടിക്ക് എത്ര ആളുകളെ കുരുതികൊടുക്കേണ്ടതായി വരും എന്നു മാത്രമേ എനിക്ക് ചോദിക്കാനുള്ളൂ. ഇപ്പോൾ മാർക്സിസ്റ്റ് കമ്മ്യൂണിസ്റ്റ് പാർട്ടി പ്രവർത്തകർക്ക് ഞങ്ങളോട് സംസാരിക്കാൻ ഭയമാണ്. അതുപോലെ എം. വി. രാഘവനോടും സംസാരിക്കാൻ ഭയമാണ്. ഞങ്ങളോടും, എം. വി. രാഘവനോടും സംസാരിച്ചാൽ പാർട്ടിയിൽനിന്ന് ഔട്ടായിപ്പോകുമോ എന്ന ഭയവുമായി ഇവിടെ മാർക്സിസ്റ്റ് കമ്മ്യൂണിസ്റ്റ് പാർട്ടി നിൽക്കുന്നു. ശ്രീ. നായനാർ മാതൃഭൂമി ഉയർത്തിപ്പിടിച്ചുകൊണ്ടാണ് 15 ബാഗിനെക്കുറിച്ച് പറഞ്ഞത്. ഞാൻ പറയുന്നു ഏത് അന്വേഷണത്തേയും നേരിടാൻ എന്റെ കക്ഷി തയ്യാറാണ്. ഞങ്ങൾ അൽപ്പംപോലും പുറകോട്ട് പോകില്ല. ഞങ്ങളുടെ നിരപരാധിത്വം തെളിയിക്കാൻ മുസ്ലീംലീഗ് എന്നു

LIBRARY ARCHIVES Kerala Legislative Assembly

മുണ്ടാകും എന്നേ അതിനെ സംബന്ധിച്ച് ഞാൻ പറയുന്നുള്ളു. ഞാൻ ചോദിക്കട്ടെ മാർക്സിസത്തിന്റെ വാക്യത്തെക്കാൾ പരമപ്രധാനം നിങ്ങൾക്ക് മാതൃഭൂമിയാണോ ? എങ്കിൽ മാതൃഭൂമി തന്നെയല്ലേ ഒരു പാവപ്പെട്ട സഹോദരനെ എയ്ഡ്സ് രോഗിയാക്കി മാറ്റി ജനമദ്ധ്യത്തിൽ അപമാനിച്ചത് ? ആ കുടുംബം ഇന്ന് തെരുവാധാരമാണ്. നായനാർ സമ്മതിക്കുമോ ? ഒരു കുടുംബത്തിനുവേണ്ടി പിച്ചച്ചട്ടിയുമായി അങ്ങാടികളിൽ പിരിവ് നടത്തിക്കൊണ്ടിരിക്കുന്നു എന്ന വസ്തുത മാർക്സിസ്റ്റുകാരുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ? മാർക്സിസ്റ്റ് കമ്മ്യൂണിസ്റ്റ് പാർട്ടി ദേശാഭിമാനിക്കു പകരം മാതൃഭൂമിയെ ആധാരമാക്കിയിരിക്കുകയാണ്.

ശ്രീ. സി. കെ. ചക്രപാണി : ഇപ്പോഴത്തന്നെ മാർക്സിസ്റ്റ് പാർട്ടിക്കെതിരായി ആരോപണം വന്നല്ലോ ? 15 പെട്ടികളിൽ എന്തായിരുന്നുവെന്നു പറയാമോ ?

ശ്രീ. പി. കെ. കെ. ബാവ : ആ 15 പെട്ടിയിൽ അരിവാളും ചുറ്റികയും ആയിരുന്നുവെന്നാണ് ഞങ്ങളുടെ സംശയം. അന്വേഷണത്തിൽ തെളിയിക്കേണ്ട കാര്യമാണ്. അല്ലാതെ അതിനെക്കുറിച്ച് ഞാൻ ഇപ്പോൾ ഒന്നും പറയാൻ ആഗ്രഹിക്കുന്നില്ല. ഏതായാലും നേരത്തേ പറഞ്ഞതുപോലെ ഏത് അന്വേഷണവും നേരിടുന്നതിന് ഞങ്ങൾ തയ്യാറാണ്. ഈ മാർക്സിസ്റ്റുകാർ എന്തിനാണ് ഇതിനെ വർഗ്ഗീയമെന്ന നിലയിലും, രാജ്യദ്രോഹമെന്ന നിലയിലും ചിത്രീകരിക്കുന്നത് ? ഷൺമുഖദാസ് പറഞ്ഞാൽ മനസ്സിലാക്കാം. മാരാർ പറഞ്ഞാൽ മനസ്സിലാക്കാം. രണ്ടു കമിതാക്കൾ അവരുടെ പ്രേമബന്ധം പരാജയപ്പെട്ടപ്പോൾ ഒരു മാവിൻ കൊമ്പിൽ തൂങ്ങി മരിച്ചു. വഴിപോക്കനായ ഒരാൾ ഇതുകണ്ട് ഭയവിഭ്രാന്തനായി അയാളും തൂങ്ങിമരിച്ചു. അപ്പോഴാണ് ഇതൊക്കെ കണ്ടുകൊണ്ടിരുന്ന ഒരാൾ "ഈ രണ്ടു സഹോദരീസഹോദരൻമാർ തൂങ്ങിമരിച്ചത് മനസ്സിലാക്കാം. പക്ഷേ ഈ വഴിയേവന്ന പാവം എന്തിന് തൂങ്ങിമരിച്ചു" എന്നു പറഞ്ഞത്. അതുപോലെതന്നെ കെ. ജി. മാരാരും ഷൺമുഖദാസും പറയുന്നത് മനസ്സിലാക്കാം. പക്ഷേ വിപ്ലവം പറയുന്ന, മതേതരത്വം പറയുന്ന, സോഷ്യലിസം പറയുന്ന കമ്മ്യൂണിസ്റ്റ് പാർട്ടി പറയുന്നത് മനസ്സിലാക്കാൻ ഞങ്ങൾക്ക് പ്രയാസമാണ്. എന്നുമാത്രമേ ഞാൻ പറയുന്നുള്ളു. ഞാൻ പ്രതിപക്ഷത്തോട് ചോദിക്കട്ടെ, ഇവിടെ അറബികൾ വന്നു എന്നത് സത്യമാണ്. അവർക്ക് വിസ ഉണ്ടായിരുന്നോ, ഇല്ലയോ യെന്നുള്ളതിനെക്കുറിച്ച് അന്വേഷണം നടത്തുന്നു. പക്ഷേ ഒരു സത്യമുണ്ട്. അവർ പോയി ഒന്നരമാസം കഴിഞ്ഞതിനുശേഷമാണ് ഇവിടത്തെ പത്രങ്ങളിൽ ഈ വാർത്ത വരുന്നത്. നിഷേധിക്കാൻ കഴിയുമോ ? അവർക്ക് അവസരം കിട്ടാൻ ഒന്നൊന്നര മാസം വേണ്ടിവന്നു. അധികൃതർക്കും വേണ്ടിവന്നു. പക്ഷേ അറബികൾ വരുന്നതിന്റെ തലേദിവസം ഈ ലീഗുകാർ ഇത് അറിയണം എന്നു പറയുന്നത് എന്തു ന്യായമാണ് ? ഞാൻ എത്ര ആലോചിച്ചിട്ടും മനസ്സിലാകുന്നില്ല. അതിനു ഉത്തരം പറയാൻ നായനാർക്ക് ഉത്തരവാദിത്വമില്ലേ ? ഇന്നലെ ശ്രീ. നായനാർ പറഞ്ഞു രഹസ്യ സർക്കുലർ എന്നൊക്കെ പറഞ്ഞാൽ അത് മുഖ്യമന്ത്രി അറിയണമെന്ന്. അറിയുമോ ? എങ്കിൽ 1980-ലെ ആ രഹസ്യ സർക്കുലറിനെക്കുറിച്ച് ബഹുമാനപ്പെട്ട നായനാർ അറിയണ്ടേ ? അദ്ദേഹത്തിന് അറിയാമായിരുന്നില്ലേ? അറിഞ്ഞിട്ടാണോ റഷ്യയിൽ ജനിച്ച്, അമേരിക്കൻ പൗരനായിട്ടുള്ള ഒരു ചാരനെ എ. കെ. ജി. സെന്ററിൽ കൊണ്ടുവന്ന് കുടിയിരുത്തിയത് ? ദേശസ്നേഹം എവിടെ ? ശ്രീ. പങ്കജാക്ഷനെ ഇവിടെ കാണാനില്ലല്ലോ ? അന്ന്

LIBRARY ARCHIVES Kerala Legislative Assembly

അറബികൾ വന്നുവെന്ന് പറഞ്ഞപ്പോൾ ഡയസ്സിലേക്ക് തള്ളിക്കയറാൻ ശ്രമിച്ച വികാര പ്രകടനം നടത്തിയ പങ്കജാക്ഷനെവിടെ? അദ്ദേഹത്തിന്റെയും കോഴിയുടേയും വികാരം ഒരുപോലെ ആണെന്നാണ് ഈ സംവേദനം തെളിയിച്ചിട്ടുള്ളത്. ഇത്ര വലിയ ഒച്ചപ്പാടുണ്ടാക്കിയ നമ്മുടെ പ്രതിപക്ഷ നേതാവ് കൂട്ടിലാക്കപ്പെട്ടിരിക്കുന്നു. അദ്ദേഹം പ്രതിക്കൂട്ടിൽ നിൽക്കുകയാണ്. ഞാൻ ചോദിക്കട്ടെ ഈ അറബികളുടെ പ്രശ്നമുയർത്തിപ്പിടിക്കുന്നത് മാർക്സിസ്റ്റ് കമ്മ്യൂണിസ്റ്റ് പാർട്ടി സത്യസന്ധമായിട്ടാണെങ്കിൽ, ആത്മാർത്ഥമായിട്ടാണെങ്കിൽ, ബഹുമാനപ്പെട്ട നായനാർ പ്രതിപക്ഷനേതാവിന്റെ സ്ഥാനം ഉപേക്ഷിച്ച് രാജിവച്ച് ആണത്തം തെളിയിച്ച്, രാജ്യസ്നേഹം തെളിയിക്കാൻ മുന്നോട്ടുവരുമോ? ഏതായാലും ഇതുപോലെയുള്ള പ്രചരണങ്ങൾ നടത്തി നമ്മുടെ രാജ്യത്തിന്റെ സാമുദായികസൗഹാർദ്ദം തകർക്കരുതെന്നാണ് എനിക്ക് അപേക്ഷിക്കാനുള്ളത്. വേറൊരു കാര്യംകൂടി പറയട്ടെ. മുസ്ലീം സമുദായമെന്നു പറയുന്നത് ഈ രാജ്യത്ത് അന്യമായിട്ടുള്ള ഒരു സമുദായമല്ല. ഞങ്ങളുടെ പൂർവ്വപിതാക്കൾ 10-13 ആളുകളേ വന്നിട്ടുള്ളൂ. അവരോടൊപ്പം, സഹോദരിമാരുണ്ടായിരുന്നില്ല. ഇവിടത്തെ ഞങ്ങളുടെ ജ്യേഷ്ഠസഹോദരൻമാരായ ഹിന്ദുസഹോദരൻമാരുടെ സൗമനസ്യംകൊണ്ടാണ് ഞങ്ങൾക്ക് ഈ രാജ്യത്ത് ഉമ്മമാരുണ്ടായിട്ടുള്ളത്, സഹോദരിമാരുണ്ടായിട്ടുള്ളത് എന്ന് ഞങ്ങൾ വിശ്വസിക്കുന്നു. അതുകൊണ്ടുതന്നെ ഈ രാജ്യത്തിലെ മുസ്ലീങ്ങളും, ഹിന്ദുക്കളും ഒരമ്മ പ്രസവിച്ച സഹോദരങ്ങളെപ്പോലെയാണ് എന്നുമാത്രമല്ല മാർക്സിസത്തെ അറിയുന്നതിനേക്കാൾ ഈ രാജ്യത്തെ ജനങ്ങൾക്കറിയാവുന്ന ഒരു വ്യവസ്ഥിതി ഇസ്ലാം വ്യവസ്ഥിതിയാണ്. അതുകൊണ്ട് ഇസ്ലാമിനെ പരാജയപ്പെടുത്തുന്ന ഒരു ഏർപ്പാടുമായി ഈ സമയത്ത് നായനാർ മുന്നോട്ടു വരരുതായിരുന്നു. ഇവിടെ നിലനിൽക്കുന്ന സാമുദായിക-മതസൗഹാർദ്ദം എന്നൊക്കെ പറയുന്നത് നിസ്സാരമായിട്ടുള്ള ഒന്നാണോ? ആരാധനാരംഗത്തെ കാര്യമെടുക്കാം. ലോകത്തിന്റെ പല ഭാഗങ്ങളിൽനിന്ന് അയ്യപ്പഭക്തൻമാർ അയ്യപ്പസന്നിധാനത്തിലേക്ക് പോകുമ്പോൾ ആദ്യമായി വരുന്നത് എരുമേലിയിലാണ്. അവിടെ വന്നാൽ അയ്യപ്പഭക്തൻമാർ അയ്യപ്പസ്വാമിയുടെ ഗുരുവെന്ന് വിശ്വസിക്കുന്ന വാവരുടെ മുസ്ലീം പള്ളിയിലേക്കാണ് കടക്കുന്നത്. എന്നിട്ട് അവർ നേർച്ച സ്വീകരിക്കുന്നു, സംഭാവന കൊടുക്കുന്നു. അവിടെ തേങ്ങ ഉടയ്ക്കുന്നു. എന്നിട്ട് ആ പള്ളി അങ്കണത്തിൽനിന്ന് പേട്ട തുള്ളിയിട്ടാണ് ഈ സംസ്ഥാനത്തെ അയ്യപ്പഭക്തൻമാർ അയ്യപ്പസന്നിധാനത്തിലേക്ക് പോകുന്നത്. ഇത് കാണിക്കുന്നത് ആരാധനാരംഗത്തുപോലും പരസ്പരം വികാരം പങ്കിടാൻ ശ്രമിക്കുന്ന രണ്ടു സമുദായമാണ് ഈ രാജ്യത്തിലെ ഹിന്ദുക്കളും മുസ്ലീങ്ങളും എന്നാണ്. അത് തകർക്കാൻ മാർക്സിസ്റ്റ് കമ്മ്യൂണിസ്റ്റ് പാർട്ടിയായാലും ശ്രമിക്കരുതെന്നാണ് എനിക്ക് ഈ അവസരത്തിൽ പറയാനുള്ളത്.

ഞങ്ങളുടെ ജ്യേഷ്ഠാനുജബന്ധം അവസാനിപ്പിക്കാനും തകർക്കാനും തെറ്റിദ്ധാരണയുണ്ടാക്കാനും മാർക്സിസ്റ്റ് കമ്മ്യൂണിസ്റ്റ് പാർട്ടിക്ക് സാധിക്കുകയില്ലെന്നുള്ള ഉറച്ച വിശ്വാസം ഞങ്ങൾക്കുണ്ട്.

12 Noon ശ്രീ. നായനാർക്കുതന്നെ അറിയില്ലേ? ശ്രീമതി റയിച്ചൽസണ്ണി പനവേലി ഇവിടെ ജയിച്ചു എന്ന് നിങ്ങൾ അവകാശപ്പെടുന്നു. ചില്ലറ വോട്ടിനാണ് ജയിച്ചത്. പക്ഷേ അവിടെയും ഹിന്ദുവികാരം ഇളക്കിവിടാൻ നിങ്ങൾ ഒരുഭാഗത്തുകൂടി ശ്രമങ്ങൾ നടത്തിയിട്ടുണ്ട്. പക്ഷേ ഒറ്റൊറ്റ തെരഞ്ഞെടുപ്പിലും, അമ്മയാണ് പ്രസവിച്ചത് എന്നതുകൊണ്ട് ഒരു ഹിന്ദു സ്ഥാനാർത്ഥിക്ക് വോട്ടുചെയ്യാൻ ഒരു സഹോദരനും മുന്നോട്ടുവന്നിട്ടില്ല. ഉമ്മയാണ് പ്രസവിച്ചത് എന്നുള്ളതുകൊണ്ട് ഒരു സ്ഥാനാർത്ഥിക്കും വോട്ടുചെയ്യാൻ ഒരൊറ്റ വോട്ടും മുന്നോട്ടു വന്നിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly

അവസാനം ഹിന്ദുമുന്നണിയുടെ സ്ഥാനാർത്ഥിക്ക് കേവലം ഏഴായിരം വോട്ടുകൾ മാത്രമാണ് ലഭിച്ചത് എന്നുള്ള വസ്തുതയും മാർക്സിസ്റ്റു കമ്മ്യൂണിസ്റ്റു പാർട്ടിയുടെ ഈ നീക്കത്തിലുള്ള ഉഗ്രമായ ശ്രമങ്ങളുടെ വിധിയെഴുത്താണ് എന്നുമാത്രമേ ഞാൻ പറയുന്നുള്ളു. എന്തിന് അധികം പറയുന്നു ? ശ്രീപത്മനാഭസ്വാമി ക്ഷേത്രത്തിന്റെ തിരുമുറ്റത്ത് ജയിച്ചത് ആരാണ് ? എന്റെ നേതാവ് ശ്രീ. പി. എ. മുഹമ്മദ് കണ്ണാണ്. അദ്ദേഹം ഏണിയാണ് ചിഹ്നമായി സ്വീകരിച്ചത്. അതുകൊണ്ട് ഭൂരിപക്ഷംവരുന്ന ഹൈന്ദവ സഹോദരൻമാർ ഞങ്ങളുടെ സ്ഥാനാർത്ഥിയെ തള്ളിക്കളഞ്ഞില്ല. ജനങ്ങളെ കബളിപ്പിക്കുവാൻ സാധിക്കുകയില്ല. ഈ രാജ്യത്തെ ഹൈന്ദവരുടെ പുണ്യഭൂമിയായ സാക്ഷാൽ ഗുരുവായൂർ നിയോജകമണ്ഡലത്തിൽ നിന്നും മുസ്ലീംലീഗിന്റെ സ്ഥാനാർത്ഥിയായ എന്നെ തെരഞ്ഞെടുത്ത് ഏറ്റവും വലിയ ഭൂരിപക്ഷത്തോടെ അഭിമാനത്തോടെ ഈ സഭയിലേക്ക് അയച്ചത് അവിടുത്തെ ബഹുഭൂരിപക്ഷം വരുന്ന കേൻമാരായിട്ടുള്ള ആളുകളാണ് എന്നു ഞാൻ ഈ അവസരത്തിൽ അനുസ്മരിക്കുന്നു. അതുകൊണ്ട് ഞാൻ പറയുന്നു, ഈ രാജ്യത്ത് ഹൈന്ദവരേയും മുസ്ലീങ്ങളേയും ക്രിസ്ത്യാനികളേയും തമ്മിലടിപ്പിച്ച് മുതലെടുപ്പു നടത്തരുത്. അങ്ങനെയൊരു കമ്മ്യൂണിസ്റ്റ് സ്വർഗ്ഗരാജ്യം പണിയാനാണ് ശ്രമിക്കുന്നതെങ്കിൽ അത് മാർക്സിസ്റ്റു കമ്മ്യൂണിസ്റ്റുപാർട്ടി ഉപേക്ഷിക്കുന്നതാണ് നല്ലത് എന്നു പറഞ്ഞുകൊണ്ട് ഒരിക്കൽകൂടി ബഹുമാനപ്പെട്ട മന്ത്രിയോട് പള്ളികൾക്കും ക്ഷേത്രങ്ങൾക്കും ചർച്ചുകൾക്കും ഇപ്പോൾ ഏർപ്പെടുത്തിയിട്ടുള്ള കറൻറ് ചാർജ് 65 പൈസ എന്നുള്ളത് മാറ്റി 35 പൈസയാക്കണം എന്നു നിർദ്ദേശിച്ചുകൊണ്ട് ഈ വോട്ട് ഓൺ അക്കൗണ്ടിനെ ഞാൻ അനുകൂലിക്കുന്നു.

ശ്രീ. ബേബി ജോൺ : സർ, ഞാൻ ഈ വോട്ട് ഓൺ അക്കൗണ്ട് മോഷനെ എതിർക്കുകയാണ്. ഈ സഭ നാലുമാസത്തേക്കുള്ള ഗ്രാൻറ് അനുവദിച്ചുകൊടുത്താൽ ഇതിവർക്ക് നടപ്പാക്കാൻ കഴിയുമോ ? നടപ്പാക്കാനുള്ള യോഗ്യത ഇവർക്കുണ്ടോ ? സർ, പൊളിറ്റിക്കൽ ലീഡർഷിപ്പാണ് സാധാരണ ഡിസിഷൻസ് എടുക്കുന്നത്. അത് ഇംപ്ലിമെൻറ് ചെയ്യാനുള്ള ഉദ്യോഗസ്ഥൻമാർ അത് ഇംപ്ലിമെൻറ് ചെയ്യും. ഇവരെ ആരെങ്കിലും വിശ്വസിക്കുമോ ? ഇവരുടെ വാക്ക് വിശ്വസിച്ച് ഇനി ഏതെങ്കിലും ഉദ്യോഗസ്ഥൻ പ്രവർത്തിക്കുമോ ? എനിക്ക് തീർത്തു പറയാൻ കഴിയും. ഈ സംസ്ഥാനത്തെ ഒരുദ്യോഗസ്ഥനും, ആത്മാഭിമാനമുള്ള ഒരുദ്യോഗസ്ഥനും ഈ മന്ത്രിമാരുടെ ഓറൽ ഇൻസ്ട്രക്ഷനുകൾ നടപ്പാക്കുകയില്ല. റിട്ടൺ ഇൻസ്ട്രക്ഷനുകളും നടപ്പാക്കുകയില്ല. ഓറൽ ഇൻസ്ട്രക്ഷൻസ് തീരെ നടപ്പാക്കുകയില്ല. ഞാൻ ഇതു പറയാൻ കാരണമുണ്ട്. ഈ മന്ത്രിസഭ ഉദ്യോഗസ്ഥൻമാരെക്കൊണ്ട് പലതും ചെയ്യിക്കുകയാണ്. ഒടുവിൽ അവരെ തള്ളിപ്പറയുക, അവരുടെ പുറത്തു കുറ്റം ചുമത്തുക, ഇതൊരു സ്വഭാവമായിരിക്കുകയാണ്. ഏറ്റവും ഒടുവിലുണ്ടായിട്ടുള്ള ഒരു കാര്യം ഞാൻ പറയാം. രണ്ടു വിദേശപൗരൻമാർ അനധികൃതമായി ഇവിടെ വന്നു. അതിന്റെ ചർച്ചയൊക്കെ കഴിഞ്ഞു എനിക്കു പറയാനുള്ളത്, ആ ആളുകളെ പേയിംഗ് ഗസ്റ്റ് എന്ന പദവി നൽകിക്കൊണ്ട് ഗവൺമെൻറിന്റെ തീരുമാനമുണ്ടായി. അതിനെക്കുറിച്ച് ചർച്ചയൊക്കെ അവസാനിപ്പിച്ച് സബ്സ്റ്റാൻറീവ് മോഷനും കഴിഞ്ഞ് പോളും കഴിഞ്ഞ് അവസാനം മുഖ്യമന്ത്രി പറഞ്ഞു 'ഞാനല്ല' എന്ന്. പിന്നെയും ചർച്ച വേണം. അത് അദ്ദേഹത്തിന്റെ ആവശ്യമാണ്, ചർച്ച തുടരണമെന്നുള്ളത്. ഞാൻ പറഞ്ഞുവന്നത് മറെറാന്നാണ്. എനിക്ക് വളരെ വർഷങ്ങളായി നമ്മുടെ ചീഫ് സെക്രട്ടറി ശ്രീ. രാമചന്ദ്രനെ അറിയാം. ശ്രീ. നാരായണസ്വാമിയേയും അറിയാം. ജനറൽ

LIBRARY ARCHIVES Kerala Legislative Assembly

അഡ്മിനിസ്ട്രേഷനേറയും സിവിൽ അഡ്മിനിസ്ട്രേഷനേറയും നേതൃത്വം വഹിക്കുന്നവരാണ്. വളരെ വർഷങ്ങളായി അറിയാവുന്ന കാര്യമായതു കൊണ്ടാണ് ഞാൻ പറയുന്നത്. അവരോട് വളരെ ക്രൂരമായിട്ടാണ് ഈ മുഖ്യമന്ത്രി പെരുമാറിയത്. ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ നിർദ്ദേശമില്ലാതെ ശ്രീ. നാരായണസ്വാമി ഒപ്പിട്ടു എന്നും ചീഫ് സെക്രട്ടറി ശ്രീ. രാമചന്ദ്രൻ ഓർഡർ കൊടുത്തു എന്നും പറയാൻ കഴിയുമോ ? ശ്രീ. മാണിക്കറിയില്ലേ, ശ്രീ. രാമചന്ദ്രനെയും ശ്രീ. നാരായണസ്വാമിയേയും ? പ്രഗൽഭൻമാരായ ഉദ്യോഗസ്ഥൻമാരാണവർ. മുഖ്യമന്ത്രിയുടെ നിർദ്ദേശാനുസരണം ഓർഡർ ഇട്ടതിനുശേഷം മറുപടി പറയാനില്ലാതെ വന്നപ്പോൾ പീലാത്തോസ് കൈ കഴുകുന്നതുപോലെ, ഈ മുഖ്യമന്ത്രി ആ ഉദ്യോഗസ്ഥൻമാരെ തള്ളിപ്പറയുകയല്ലേ ചെയ്തത് ? നിങ്ങളുടെ വാക്ക് ഇനി ആര് വിശ്വസിക്കുമെന്നു ഞാൻ ചോദിക്കുകയാണ്. ഈ ഒരു കാര്യം മാത്രമല്ല, ഇപ്പോൾ ഈ ഒരു കാര്യം എടുത്തു പറഞ്ഞു എന്നേയുള്ളു. ഇപ്പോൾ എന്റെ ബഹുമാനപ്പെട്ട സുഹൃത്ത് ശ്രീ. ബാവ തന്നെ ചോദിച്ചു. അവർ വന്നു പോയതിനുശേഷം ഒരുമാസം കഴിഞ്ഞില്ലേ, ഈ നമ്പരൊക്കെ പുറത്തുവന്നതെന്ന്. ശരിയാണ് ഇത് കേന്ദ്രഗവൺമെന്റിന്റെ സീക്രട്ട് സർക്കുലറാണ്. ഇത് എങ്ങനെ പുറത്തുപോയി ? പ്രതിപക്ഷ നേതാവ് കൊടുത്തോ? പ്രതിപക്ഷത്തുള്ള ആരെങ്കിലും കൊടുത്തോ ? ഭരണകക്ഷിയിലെ ചുമതലപ്പെട്ടവർ, ബന്ധപ്പെട്ടവർ അവരുടെ അറിവോടുകൂടിയാണ് ഈ രേഖകൾ പുറത്തുപോയത്. സീക്രട്ട്, ഡോക്യുമെന്റിന്റെ അല്ലെങ്കിൽ സർക്കുലറിന്റെ നമ്പർ ഒക്കെ എവിടെ നിന്നാണ് കൊടുക്കുന്നത്.

ശ്രീ. രമേശ് ചെന്നിത്തല : പ്രതിപക്ഷ നേതാവ് തന്നെയല്ലേ, പറഞ്ഞത് ഈ സെക്രട്ടേറിയറ്റിൽനിന്നും ഏതു ഡോക്യുമെന്റും ആർക്കും കൈവശപ്പെടുത്താമെന്ന്.

ശ്രീ. ബേബി ജോൺ : നിങ്ങളുടെ ഭരണംമൂലം അങ്ങനെയൊരു സംവിധാനമായി. ഈ സീക്രട്ട് ഡോക്യുമെന്റ് എന്നു പറഞ്ഞാൽ അത് കേന്ദ്രഗവൺമെന്റ് അതിരഹസ്യമായി സൂക്ഷിക്കുന്നതാണ്. ഇൻഡ്യയുടെ വിദേശനയവും മറ്റുകാര്യങ്ങളുമൊക്കെ പരിശോധിക്കുമ്പോൾ മറ്റു രാജ്യങ്ങൾ അറിയാതെയിരിക്കണം. നമ്മുടെ രാജ്യം മാത്രമായി, നമ്മുടെ രാജ്യത്തെ ചില ഉദ്യോഗസ്ഥൻമാർ മാത്രം അറിയേണ്ട ചില കാര്യങ്ങളും നടപടി സ്വീകരിക്കേണ്ട കാര്യങ്ങളും എന്ന നിലയിലാണ് സീക്രട്ട് ഡോക്യുമെന്റ് എന്നു പറഞ്ഞത്. 1980-ലെ കോൺഫിഡൻഷ്യൽ ഡോക്യുമെന്റ് ഇപ്പോൾ പത്രത്തിൽ വന്നു. അത് ആരെങ്കിലും കൊടുക്കാതെ എങ്ങനെയാണ് വരുന്നത് ? പത്രപ്രവർത്തകരുടെ കഴിവുകളെയൊന്നും ഞാൻ വിലയിടിച്ചു കാണിക്കുന്നില്ല. അവർക്ക് അതിനുള്ള കഴിവുണ്ട്. നല്ല പത്രപ്രവർത്തകരുണ്ട്. പക്ഷേ ഞാൻ ആത്മാർത്ഥമായി വിശ്വസിക്കുന്നു, ഈ ഗവൺമെന്റ്, അതിന്റെ ആളുകൾ ചില പ്രത്യേക ഉദ്ദേശത്തോടുകൂടി പത്രക്കാർക്ക് വിവരങ്ങൾ കൊടുക്കുന്നു.

വളരെ കുപ്രസിദ്ധമാണ് സ്പ്രിംഗ്വാലി കേസ്. അതിനെക്കുറിച്ച് ഞങ്ങൾ എത്ര പ്രാവശ്യം ഇവിടെ പറഞ്ഞു ? അത് മന്ത്രിയുടെ അറിവോടുകൂടിയാണ്, മന്ത്രിയുടെ നിർദ്ദേശാനുസരണമാണ്. കോടിക്കണക്കിനു രൂപയുടെ വാൽവ്, ഒടുവിൽ നിവർത്തിയില്ലാതെ വന്നപ്പോൾ ഉദ്യോഗസ്ഥൻമാരെ സസ്പെൻഡ് ചെയ്തു. എനിക്ക് സഹതാപമില്ല ആ ഉദ്യോഗസ്ഥൻമാരോട്. കാരണം, മന്ത്രി പറഞ്ഞാലും അഴിമതിക്ക് കൂട്ടുനിൽക്കരുത്. ആ എഞ്ചിനീയർമാർ കൂട്ടുനിന്നു. ഇപ്പോൾ പന്ത്രണ്ടുപേരെ സസ്പെൻഡ് ചെയ്തു നിർത്തിയിരിക്കുകയാണ്. സത്യമാണോയെന്നറിയില്ല. ആ

LIBRARY ARCHIVES Kerala Legislative Assembly

എഞ്ചിനീയർമാരോട് പറഞ്ഞിരിക്കുന്നത് വിജിലൻസ് ഡയറക്ടറെ മാറ്റാം എന്നിട്ട് കേസ് തേച്ചുമാച്ച് കളയാം എന്നാണ്.

സർ, ശ്രീ. മാണിയുടെ ഡിപ്പാർട്ടുമെൻറിൽതന്നെ എത്ര റിപ്പോർട്ടുകളുണ്ട്? പത്രത്തിൽ വന്നത് അദ്ദേഹം ഡൽഹിയിൽ പോയി ശ്രീ. അർജുൻ സിംഗിനെ കാണിച്ചു എന്നാണ്. നിയമസഭാംഗങ്ങളായ ഞങ്ങളെ ഒന്നറിയിക്കേണ്ടേ? ഞങ്ങൾക്കും അതറിയാൻ ആഗ്രഹമില്ലേ? അങ്ങ് അത് ഡൽഹിയിൽ കൊണ്ടുപോയി അർജുൻ സിംഗിനെ കാണിച്ചില്ലേ?

ശ്രീ. കെ. എം. മാണി: നമുക്ക് സമയം നിശ്ചയിക്കാമെങ്കിൽ അങ്ങയെ കൊണ്ടുവന്നു ഫയൽ കാണിക്കാം.

ശ്രീ. ബേബി ജോൺ: സന്തോഷം. ഞങ്ങൾക്കുകൂടി അറിയാമല്ലോ. പത്രക്കാരിൽനിന്നുമാത്രം അറിയേണ്ടല്ലോ. നേരിട്ട് അങ്ങ് പറഞ്ഞ് അറിയാം. അറിയാൻ സാധിക്കുന്നത് നല്ലതാണ്. ഞാൻ അതിലേക്ക് കൂടുതൽ കടക്കുന്നില്ല. ഞാൻ പറഞ്ഞുവന്നത് ഒഫിഷ്യൽ സീക്രട്ട്, സർക്കുലർ സൂക്ഷിക്കാൻ കഴിയാത്തത് അതുപോലെ ഉദ്യോഗസ്ഥൻമാരെക്കൊണ്ട് ചിലതു ചെയ്യിക്കുക, എന്നിട്ട് അവരെ തള്ളിപ്പറയുക, ഈ കാര്യങ്ങളെക്കുറിച്ചാണ്. ഈ മന്ത്രിസഭയിലെ മന്ത്രിമാരാരെങ്കിലും എന്തെങ്കിലും പറഞ്ഞാൽ ആര് കേൾക്കും? ആരും കേൾക്കുകയില്ല. ഏത് ഉദ്യോഗസ്ഥൻമാർ നിങ്ങളെ വിശ്വസിക്കും? വിശ്വാസം നഷ്ടപ്പെട്ടിട്ടില്ലേ? വിശ്വാസം നഷ്ടപ്പെട്ട ഒരു മന്ത്രിസഭയ്ക്ക് എങ്ങനെ ഭരണം നടത്താൻ സാധിക്കും?

ശ്രീ. കെ. എം. മാണി: ഒരു ചോദ്യം. ഏതെങ്കിലും ഒരു വിഷമഘട്ടത്തിൽ ഒന്നുചോർന്നുപോയിയെന്നു വിചാരിച്ചോളൂ. എന്നാലും ശ്രീ. ബേബി ജോണിനെപ്പോലെ അറിവുള്ള ഒരാൾ സീക്രട്ട് ഡോക്യുമെൻറ് ഉപയോഗിക്കാമോ?

ശ്രീ. ബേബി ജോൺ: അത് ശരിയാണ്. ഉപയോഗിക്കരുത്, അതു കൊടുക്കരുത്. ശ്രീ. അർജുൻ സിംഗിനെ കാണിച്ചതു ശരിയാണോ? അതു ഞങ്ങളെക്കൂടി കാണിക്കേണ്ടേ? അതു ചെയ്യാതെ ശ്രീ. അർജുൻ സിംഗിനെ കാണിച്ചു. നിയമസഭാംഗങ്ങളെ വിശ്വസിക്കില്ല. ഉദ്യോഗസ്ഥൻമാരെക്കൊണ്ടു വേണ്ടാത്തതു ചെയ്യിക്കുക, എന്നിട്ട് പിന്നെയും പറയുന്നതെന്താണ്? 1980-ലെ രഹസ്യം നമുക്ക് 1986-ൽ കിട്ടി. നമ്മുടെ രഹസ്യം സൂക്ഷിക്കാനുള്ള കഴിവ് അപാരമാണ്. ഇതൊക്കെ ചോർത്തിക്കൊടുക്കുന്നതാണ്.

ശ്രീ. കെ. എം. മാണി: അതും പുറത്തുവിട്ടു എന്നാണോ പറയുന്നത്? അമേരിക്കയുടെ കാര്യത്തെപ്പറ്റി.

ശ്രീ. ബേബി ജോൺ: അതു ശ്രീ. മാണിക്കും എനിക്കും അറിഞ്ഞുകൂടേ. ഈ വാർത്തകളൊക്കെ കൊടുക്കുന്നതാരാണ്? ഉദ്യോഗസ്ഥൻമാർക്ക് വിശ്വാസമുണ്ടെങ്കിൽ മാത്രമേ നമ്മുടെ നാട്ടിൻറെ കാര്യത്തിൽ എന്തെങ്കിലും പ്രവർത്തിക്കാൻ കഴിയുകയുള്ളൂ. ബഹുമാന്യനായ ധനകാര്യമന്ത്രി ഇന്നലെ ഇവിടെ പ്രസംഗിച്ചതെങ്ങിനെയാണ്? ഞങ്ങൾ ഐക്യത്തോടുകൂടി എല്ലാം ആലോചിച്ച് പരസ്പര ധാരണയോടുകൂടി മുന്നോട്ടുപോകും; ഞങ്ങളെ ആരും ഭിന്നിപ്പിക്കാൻ നോക്കേണ്ട എന്നാണ്. രേണുകക്ഷിയിലെ പല സ്നേഹിതൻമാരും പറഞ്ഞു ഞങ്ങൾ ഐക്യത്തോടുകൂടി, യോജിപ്പോടുകൂടി പോവുകയാണ്, ഞങ്ങളുടെ ഗവൺമെൻറിൻറെ പ്രതിച്ഛായയ്ക്ക് മങ്ങലേൽപ്പിക്കയാണ്,

LIBRARY ARCHIVES Kerala Legislative Assembly

ക്കാൻ ആരും ശ്രമിക്കേണ്ട എന്ന്. ഞാൻ വിനീതനായി ഒരു കാര്യം ചോദിക്കട്ടെ. ഇപ്പോഴ ഇവിടെയുള്ളത് കുവൈറ് പ്രശ്നമാണല്ലോ. ഞാൻ ആ വാക്കുതന്നെ ഉപയോഗിക്കേണ്ട എന്നു കരുതിയതാണ്. നമ്മൾ റൂൾ 130 അനുസരിച്ച് ചർച്ച ചെയ്തു. സബ്സ്റ്റാൻറീവ് മോഷനും കഴിഞ്ഞു പോളും കഴിഞ്ഞു സഭ പിരിയാറായി. എന്നിട്ട് എന്തിന് മുഖ്യമന്ത്രി എഴുന്നേറ്റുപറഞ്ഞു ഞാനല്ല അതിലൊപ്പിട്ടതെന്ന്. ഈ ഇഷ്യൂ ലൈവാക്കി നിറുത്തണം. മുഖ്യമന്ത്രിക്ക് എന്തിനാണെന്നറിയാമോ? പാണ്ടു മണിയന്റെ ആപ്പിന്റെ കഥപോലെയാണ്. പാണ്ടു മണിയൻ മരിക്കാറായി, അയാൾ ജീവിച്ചിരുന്നപ്പോഴൊക്കെ ആളുകളെ ഉപദ്രവിക്കുന്ന ജോലിയായിരുന്നു. മരിക്കാറായപ്പോഴും ആ സ്വഭാവം തന്നെയായിരുന്നു. സുഖക്കേടുപിടിച്ച് മരിക്കാറായി കിടന്നപ്പോഴും ആളുകളോടു പറഞ്ഞു ഒരാപ്പടിക്കാൻ. അപ്പോഴും മറ്റുള്ളവർക്ക് കുറവം വരുമല്ലോ, അങ്ങനെ പാണ്ടുമണിയന്റെ ആപ്പടിക്കുന്ന ഏർപ്പാടല്ലേ മുഖ്യമന്ത്രി ഇന്നലെ ഇവിടെ സ്വീകരിച്ചത്? അതിന്റെ ആവശ്യമുണ്ടോ? ഞാൻ പറയാം അതെന്തിനാണെന്ന്. നാട്ടിൻപുറത്തൊക്കെ പറയുമല്ലോ ഒരു വെടിക്ക് രണ്ടു പക്ഷിയെന്ന്. ഇവിടെ മുഖ്യമന്ത്രിക്ക് ഒരു വെടിക്ക് മൂന്നുപക്ഷിയാണ്. ലീഗിനെയൊന്നു മെരുക്കി നിറുത്തണം. ലീഗ് ചില നടപടികളം സ്വീകരിച്ചല്ലോ. രവിയെ ഒന്നു പുകയ്ക്കണം. അങ്ങിനെ രണ്ടു പക്ഷിയായി. മൂന്നാമത്തേത് പാവം ആന്റോയുടെ കാര്യമാണ്. ചാരായത്തിന്റേയും ഹെലികോപ്റ്ററിന്റേയും കാര്യം മുങ്ങിപ്പോകണം. അതിനുവേണ്ടിയാണ് മുഖ്യമന്ത്രി ഇത് ലൈവ് ഇഷ്യു ആക്കി വച്ചിരിക്കുന്നത്. നിങ്ങളുടെ യോജിപ്പിനെപ്പറ്റി പറയുന്നു. ബഹുമാന്യനായ മുഖ്യമന്ത്രി കേരള കോൺഗ്രസ്സിനെ ഒതുക്കാൻ ലീഗിനെ കിട്ടുമോ എന്നു ശ്രമിച്ചുനോക്കി. ലീഗ് കുറച്ചുകൂടി ബുദ്ധിയായിട്ടുനോക്കി. കേരള കോൺഗ്രസ്സിനെ ഒതുക്കിയാൽ ലീഗ് മാത്രമാകും. പിന്നെ ലീഗിനെ ഒതുക്കാൻ വളരെ എളുപ്പമാണ്. അല്ലാതെ കേരള കോൺഗ്രസ്സിനോടുള്ള സ്നേഹവുമല്ല, മാണിയോടുള്ള സ്നേഹവുമല്ല. അവരുടെ താൽപ്പര്യ സംരക്ഷണത്തിനുവേണ്ടി, കേരള കോൺഗ്രസ്സിനെ ഒന്നു സഹായിക്കാൻ വേണ്ടി അവർ നിന്നു. ഇതല്ലേ നേര്? എന്നിട്ട് പറയുന്നു നിങ്ങൾ യോജിച്ചുപോകുമെന്ന്. ഈ മന്ത്രിസഭയ്ക്ക് ഇങ്ങനെ പോകാൻ ഒക്കുകയില്ല.

ശ്രീ. കെ. എം. മാണി : ഞങ്ങളുടെ ഈ പോക്കിൽ അങ്ങേയ്ക്ക് ആത്മാർത്ഥമായി സങ്കടമുണ്ടോ?

ശ്രീ. ബേബി ജോൺ : ഉണ്ട്. ഈ നാടിന് ഈ ഗതികേട് വന്നല്ലോ എന്നോർത്ത് സങ്കടമുണ്ട്, അതിൽ ദുഃഖമുണ്ട്. ഭരണം നടത്താൻ ചുമതലപ്പെട്ടവർ ഇങ്ങനെ വഴക്കിനും വക്കാണത്തിനും നടന്ന് അഭിമാനത്തിന് യോജിക്കാത്ത രീതിയിൽ പ്രവർത്തിക്കുന്നതിൽ ദുഃഖമുണ്ട്. വെറുതേ പറയുന്നതല്ല. ദുഃഖംകൊണ്ടാണ് പറയുന്നത്. നിങ്ങളുടെ കൂടെയുള്ള എൻ.ഡി.പി. ഇപ്പോഴം എത്രയായി? എസ്. ആർ. പി, എത്രയായി? കമലത്തിന്റെ പാർട്ടി പോയല്ലോ. ഭാസ്കരന്റെ കാര്യമൊന്നും ഞാനിവിടെ പറയുന്നില്ല. നിങ്ങളുടെകൂടെ നിൽക്കുന്ന ആളുകളെ പരസ്പരം തല്ലിക്കാനുമൊക്കെയല്ലേ ശ്രമിക്കുന്നത്? അതിനൊക്കെ നേതൃത്വം നൽകിയിട്ടുള്ളവർ കോൺഗ്രസ് 'ഐ' അല്ലേ? ഞങ്ങളാണോ? ഇതൊക്കെ നിങ്ങൾക്ക് ഭൂഷണമാണോ? മാണിയുടെ പാർട്ടിക്കാർ കരുണാകരന്റെ നെഞ്ചിലാണെന്നു പറഞ്ഞ് തേങ്ങ എടുത്തെറിഞ്ഞില്ലേ? എന്റെ സ്നേഹിതൻ പത്മരാജന്റെ പാർട്ടി മാണിയുടെ കോലം കത്തിച്ചില്ലേ.?

ശ്രീ. കെ. എം. മാണി : എന്റെ കോലം കത്തിച്ചതിൽ എനിക്ക് സങ്കടമില്ലെങ്കിൽ പിന്നെ എന്തിനാ ബേബി ഇത്?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ബേബി ജോൺ : അതാണല്ലോ കെ. എം. മാണി, ആർ, എന്തു ചെയ്താലും ഒരു ദുഃഖവും കെ. എം. മാണിക്കില്ല. സ്വന്തം നില സംരക്ഷിക്കുക എന്നുമാത്രമേയുള്ളു. ഇതുവല്ലതും ഞങ്ങൾ പറഞ്ഞതാണോ ? ഞങ്ങൾ നിങ്ങളെ ഭിന്നിപ്പിക്കാൻ ശ്രമിക്കുന്നു എന്നല്ലേ ആരോപണം ? ഞങ്ങൾ നിങ്ങളെ ഭിന്നിപ്പിക്കാൻ ശ്രമിക്കുന്നില്ല. നിങ്ങൾ സ്വയം ഭിന്നിച്ചുപോവുകയാണ്. മുമ്പു ഞാൻ കേട്ടിട്ടുണ്ട്, ബാലകൃഷ്ണപിള്ളയോടു സമാധാനം ചോദിച്ചു എന്ന്. ശരിയാണോ എന്നെനിക്കറിയില്ല. ഇപ്പോൾ മന്ത്രി ശ്രീനിവാസനോട് എക്സ്പ്ലനേഷൻ ചോദിച്ചിരിക്കുന്നു. എന്തിനാണെന്നോ ? ആനേറായ്ക്കും മറ്റും മരിച്ചിനിയിൽനിന്നും ചാരായം ഉൽപ്പാദിപ്പിക്കുന്നതിന് ലൈസൻസ് കൊടുത്തല്ലോ. വസ്തുത പൂർണ്ണമായി തെളിയണമെങ്കിൽ ജുഡീഷ്യൽ അന്വേഷണം ആവശ്യമാണെന്ന് അദ്ദേഹം പറഞ്ഞുപോലും. അതിന് മുഖ്യമന്ത്രി എക്സ്പ്ലനേഷൻ ചോദിച്ചിരിക്കുന്നു. ജുഡീഷ്യൽ അന്വേഷണത്തോടെനിക്ക് യോജിപ്പില്ല. പണ്ടൊക്കെ പറയും ജുഡീഷ്യലന്വേഷണം വേണമെന്ന്. ജസ്റ്റീസ് വടക്കേലിന്റെ അന്വേഷണത്തോടുകൂടി അതുപോയില്ലേ ? ജുഡീഷ്യയിൽ എത്രയോ പ്രഗൽഭൻമാരുണ്ട്. നിങ്ങളുടെ ഭരണകാലത്ത് അവരെയെല്ലാം സ്വാധീനം ചെലുത്തിയില്ലേ ? നീതിനിർവ്വഹണത്തിലും നിയമനടത്തിപ്പിലും അറിഞ്ഞുകൊണ്ട് പോരായ്മകൾ വരുത്തുന്നവരാണ് എന്ന തോന്നൽ നിങ്ങൾ ഉണ്ടാക്കിയില്ലേ ? ബഹുമാന്യനായ മുഖ്യമന്ത്രി വികാരഭരിതനായി ഇപ്പോൾ ഒരു കാര്യം പറഞ്ഞു. അദ്ദേഹത്തിന്റെ സ്വത്തുവിവരമെല്ലാം ഗൗരിയമ്മയെ ഏൽപ്പിക്കാം, അന്വേഷിച്ചോ എന്ന്. ഞാനതല്ല പറയുന്നത്. പ്രിവൻഷൻ ഓഫ് കറപ്ഷൻ ആക്ട് ഉണ്ടല്ലോ. അതിലൊരു ഭേദഗതി വരുത്താൻ നിങ്ങൾ തയ്യാറുണ്ടോ ? പബ്ലിക് മെന്നിന്റെ നോൺ-സോഴ്സ് ഓഫ് ഇൻകവും ഉള്ള സ്വത്തും തമ്മിൽ അന്തരം വരുകയാണെങ്കിൽ അവിഹിത മാർഗ്ഗത്തിൽകൂടി സ്വീകരിച്ചതാണെന്നുള്ള നിഗമനത്തിലെത്തത്തക്ക രീതിയിൽ ഒരു ഭേദഗതി വരുത്താമോ? ഗൗരിയമ്മയേയും ഏൽപ്പിക്കേണ്ട, ആരേയും ഏൽപ്പിക്കേണ്ട. അതൊന്നുമില്ലാതെ പ്രചരണത്തിനുവേണ്ടി നിയമനിർമ്മാണം നടത്തിയിട്ടെന്തു ഫലം ? മുഖ്യമന്ത്രി പറയുമല്ലോ നിങ്ങൾക്ക് ആണത്വമുണ്ടെങ്കിൽ പരാതി കൊടുക്കൂ എന്ന്. അദ്ദേഹം അതു പറയും. കാരണം, അദ്ദേഹത്തിന് സമനില തെറ്റിയിരിക്കുന്നു. നമ്മുടെ സംസ്ഥാനത്തിന്റെ ചരിത്രം പരിശോധിക്കുക. ബഹുമാന്യനായ മുഖ്യമന്ത്രിയോട് എനിക്ക് ബഹുമാനവും സ്നേഹവും ആദരവുമുണ്ട്. ദീർഘകാലം ഞങ്ങൾ ഒരുമിച്ച് പ്രവർത്തിച്ചിട്ടുള്ള ആളുകളെന്നുള്ള നിലയിൽ ആദരവുമുണ്ട്. പക്ഷേ നമ്മുടെ ചരിത്രം എടുത്തു പരിശോധിച്ചാൽ ഇന്നുവരെ ഇത്രയധികം ആരോപണങ്ങൾക്ക് ഒരു മുഖ്യമന്ത്രി വിധേയനായിട്ടില്ല. സംശയത്തിനതീതമായിരിക്കേണ്ട ബഹുമാന്യമായ പദവി ഇന്ന് ആരോപണംകൊണ്ട് മുങ്ങിയിരിക്കുന്നു. അതല്ലേ വസ്തുത ? 13 ആദിവാസികൾക്ക് ജോലി കൊടുക്കാനുള്ള വ്യഗ്രതയെന്നു കാണിക്കാൻവേണ്ടി ദാമോദരൻ ആൻറ് സൺസിനുവേണ്ടി അഗ്രിഹോസ്റ്റേറോടുകൂടിയുള്ള തീരുമാനം നടപ്പിലായില്ലെന്നു പറയുമായിരിക്കും. സി. അച്യുതമേനോനെപ്പോലെയുള്ള ബഹുമാന്യനായ വ്യക്തി ഹൈക്കോടതിയിൽ പോകാൻ സാഹചര്യം സൃഷ്ടിച്ചില്ലേ ? തൃശ്ശൂരിൽ ഒരെഴുത്തച്ഛനുവേണ്ടി കെട്ടിട നിർമ്മാണം നടത്തുന്നു. അതുപോലെ എത്ര കാര്യങ്ങളാണ് സർ ? പാവം ആനേറാ. മാളയിലെ പയ്യൻ. മുഖ്യമന്ത്രിയും അദ്ദേഹത്തിന്റെ മകനും ആത്മഹത്യ ചെയ്യുമെന്നു പറഞ്ഞപ്പോൾ ഞാൻ അന്തം വിട്ടുപോയി. അത് ചെയ്യരുത്, പക്ഷേ പറയുമ്പോൾ ഒരു കാര്യം ആലോചിക്കണം, മദ്യവ്യവസായത്തോടുള്ള വിദ്വേഷമാണത്. അത് ശരിയാണ്, എനിക്ക് അതിയും വിദ്വേഷമൊന്നുമില്ല. കേന്ദ്ര ഗവൺമെൻറ് മദ്യനിരോധ

LIBRARY ARCHIVES Kerala Legislative Assembly

നത്തിന്റെ ഭാഗമായി മദ്യം പ്രോൽസാഹിപ്പിക്കരുത് എന്നുള്ളതിന്റെ അടി സ്ഥാനത്തിൽ * * * ഞാൻ ചോദിക്കുന്നു.

സർ, കോഴിക്കോട് ഒരു പാവം സുന്ദർദാസിന്റെ ഫാക്ടറി ഉദ്ഘാടനം ചെയ്യാൻ മുഖ്യമന്ത്രി ഹെലികോപ്റ്ററിലാണ് പോയത്. അദ്ദേഹത്തിന്റെ കൊച്ചുപേരക്കിടാവിന്റെ പേരിടീലിന് പോയതിനെയൊന്നും ഞാൻ ആക്ഷേപിക്കുന്നില്ല. പക്ഷേ അതിന്റെകൂടെ ആ ആന്റോ എങ്ങനെ വന്നു എന്നു പറയണം. ഒരു മുഖ്യമന്ത്രിക്ക് ഉപയോഗിക്കാൻ കൊടുത്ത ഹെലികോപ്റ്ററിൽ ആ പാവം ആന്റോ എങ്ങനെ വന്നു? അതിന് സമാധാനം പറയണം. മറ്റേതിൽ എനിക്ക് ആക്ഷേപമില്ല. ചിലപ്പോഴം അത്യാവശ്യമായി പോകേണ്ടി വരും. സുന്ദർദാസിന്റെ ഒരു ഫാക്ടറി ഉദ്ഘാടനം ചെയ്യാൻ ഹെലികോപ്റ്ററിൽ പോയി. നമ്മുടെ തലശ്ശേരി ദുരന്തമില്ലേ? അതിൽ 27 പേരല്ലേ മരിച്ചത്? അവിടെ ഒന്ന് ഹെലികോപ്റ്ററിൽ പോകാൻ കഴിഞ്ഞോ മുഖ്യമന്ത്രിക്ക്? മറ്റു മന്ത്രിമാർക്ക് പോകാൻ കഴിഞ്ഞോ? ഞാൻ പറയുന്നു, ഈ മുഖ്യമന്ത്രി ആവശ്യപ്പെട്ടിട്ട് ഹെലികോപ്റ്റർ കൊടുത്തില്ല എന്ന് സതേൺ റെയിൽവേയുടെ ജനറൽ മാനേജർക്ക് കൊടുത്തു. ഈ സംസ്ഥാനത്തിന്റെ മുഖ്യമന്ത്രി ഈ സംസ്ഥാനത്തുണ്ടായഒരു അത്യാഹിതത്തെക്കുറിച്ച് അന്വേഷിക്കാൻ ഹെലികോപ്റ്റർ ആവശ്യപ്പെട്ടപ്പോഴം കൊടുക്കാത്ത സ്ഥിതിവിശേഷമുണ്ടായി. ഇത് ദുരുപയോഗപ്പെടുത്തുന്നു എന്നുള്ള രീതി വന്നു. ഇങ്ങനെയുള്ള ഒരു ഭരണം നടത്തുന്നതിനുവേണ്ടി ചെലവ് അനുവദിക്കാൻ ഒക്കുകയില്ല. നിങ്ങളെ ആരും വിശ്വസിക്കുകയില്ല. നിങ്ങളുടെ വിശ്വാസ്യത നഷ്ടപ്പെട്ടിരിക്കുന്നു. ഉദ്യോഗസ്ഥൻമാർ നിങ്ങളെ അനുസരിക്കുകയില്ല. പിന്നെ ഞങ്ങളെന്തിനാണ് ഇവിടെ നിന്നു കൊണ്ട് കൈപൊക്കി വോട്ടുചെയ്യുന്നത്? അതുകൊണ്ട് ഇതൊന്നു മതിയാക്കുന്നതാണ് നല്ലത്. ഞാൻ കുഞ്ഞു മാണിയോടാണ് പറയുന്നത്. ഈ വൃത്തികേടൊക്കെ ഇങ്ങനെയായി. ഈ നാട് മുഴുവൻ നാറി. നമ്മുടെ അന്തസ്സിന് മോശമായി. ഇനി ഇതൊന്നു മതിയാക്കിക്കൊണ്ടു പോകരുതോ എന്നു മാത്രമേ ഞാൻ ചോദിക്കുന്നുള്ളൂ.

ശ്രീ. വി. വി. ജോസഫ്: സർ, പ്രതീക്ഷാനിർഭരമായ ഈ മിച്ച ബഡ്ജറ്റ്, അവതരിപ്പിച്ച് പാസ്സാക്കി ഈ വോട്ട് ഓൺ അക്കൗണ്ടും കൂടി പാസാകുന്നതോടുകൂടി ഈ ഗവൺമെന്റിന് അന്ത്യ കൂദാശ നൽകാൻ തയ്യാറായി കടന്നുവന്ന പ്രതിപക്ഷത്തിന്റെ മോഹന സ്വപ്നങ്ങം പാമ്പലായി. പെട്ടിയും കിടക്കയുമെടുത്തുകൊണ്ട് ഇന്ന് നാട്ടിലേക്ക് പോവുകയാണ്. ഇവിടെ ഭരണകക്ഷിയിൽ അഭിപ്രായവ്യത്യാസമുണ്ടെന്ന് പ്രധാനമായും സൂചിപ്പിക്കാനാണ് ബഹുമാന്യനായ ബേബി ജോൺ തയ്യാറായത്. ഐശ്വര്യമുള്ള ഒരു കുടുംബത്തിൽ ചില്ലറ അഭിപ്രായ വ്യത്യാസങ്ങളൊക്കെ സ്വാഭാവികമാണ്. പെറിയ അഭിപ്രായ വ്യത്യാസമൊക്കെ ഐശ്വര്യത്തിന്റെ പ്രതീകമാണ്. തകർന്നടിഞ്ഞു കൊണ്ടിരിക്കുന്ന ഒരു കുടുംബത്തിലെ കാരണവർ ഒരു വശത്തിരുന്ന് മുറുക്കിത്തുപ്പിക്കൊണ്ടിരിക്കുന്നു. മറുവശത്ത് കാരണവത്തി (ഭാര്യ) നാമം ജപിച്ചുകൊണ്ടിരിക്കുന്നു. മക്കൾ പറമ്പിലെവിടെയെങ്കിലും ചീട്ടു കളിച്ചുകൊണ്ടിരിക്കുന്നു. ഇങ്ങനെ തകർന്നുകൊണ്ടിരിക്കുന്ന ഒരു കുടുംബത്തിൽ അഭിപ്രായവുമില്ല, അഭിപ്രായ വ്യത്യാസവുമില്ല. പക്ഷേ നമ്മുടെ കേരളത്തിലെ, ഐക്യ ജനാധിപത്യ മുന്നണി ചലനാത്മകമായ ഒരു കുടുംബമാണ്. അവിടെ ചില അഭി

* * * സഭാദ്ധ്യക്ഷന്റെ നിർദ്ദേശപ്രകാരം സഭാനടപടികളിൽനിന്നും നീക്കം ചെയ്തു.

LIBRARY ARCHIVES Kerala Legislative Assembly

പ്രായവ്യത്യാസങ്ങളുണ്ടാകും. ചങ്ങമ്പുഴയുടെ 'വാഴക്കുലയിൽ' ഊർജ്ജസ്വലമായ പുലയകുടുംബത്തെപ്പറ്റി ചങ്ങമ്പുഴ പറയുന്നതിങ്ങനെയാണ്.

"കളിയും ചിരിയുമിടയ്ക്കിടെ തമ്മിലാ
കരുമാടിക്കുട്ടൻമാർ മല്ലടിക്കും"

അതുപോലെ നമ്മുടെ മന്ത്രിമാർ, ഊർജ്ജസ്വലരായ കരുമാടിക്കുട്ടൻമാരാണ്; സുന്ദരക്കുട്ടൻമാരാണ്. ഒരാൾ മറെറയാളെ വെല്ലുന്ന പ്രതിഭാധനനാണ്. ഇങ്ങനെയുള്ള ഊർജ്ജസ്വലമായ ഒരു കുടുംബത്തിൽ കളിക്കും, ചിരിക്കും ഇടയ്ക്കിടെ ആ കരുമാടിക്കുട്ടൻമാർ തമ്മിൽ മല്ലടിച്ചുവെന്നും വരും. അത് ചലനാത്മകമായ ഒരു കുടുംബത്തിന്റെ പ്രത്യേകതയാണ്. ഉറങ്ങുന്ന, നശിച്ചുകൊണ്ടിരിക്കുന്ന ഒരു കുടുംബത്തിന്റെ പ്രത്യേകതയല്ല. അതുകൊണ്ട് ചില്ലറ അഭിപ്രായ വ്യത്യാസങ്ങളൊക്കെയുണ്ടാകും. അത് ഞങ്ങളം പറഞ്ഞു തീർത്ത് മുന്നോട്ടു പോകും. ഈ കരുമാടിക്കുട്ടൻമാർ ഒന്നിച്ചു മുന്നോട്ടു പോകുമെന്നു മാത്രമേ എനിക്ക് പറയാനുള്ളൂ.

ഇന്നലെ ബഹുമാന്യനായ ഉമ്മൻചാണ്ടി ഡോ. പി. കെ. ഗോപാലകൃഷ്ണനെപ്പറ്റി പറഞ്ഞപ്പോൾ കെ. പി. സി. സി. യുടേയോ മറെറാ വകതാവാണെന്നു പറഞ്ഞു. ഞങ്ങൾക്കതിൽ പരാതിയില്ല. പക്ഷേ പ്ലാനിംഗ് ബോർഡിന്റെ ഒരു മെമ്പർ എന്ന നിലയിൽ അദ്ദേഹം ഈ ഗവൺമെൻറിനെതിരായി ഈ ഗവൺമെൻറിന്റെ സാമ്പത്തികനയങ്ങളെ പുച്ഛിച്ചുകൊണ്ട് ലേഖനങ്ങൾ എഴുതുന്നതിലാണ് ഞങ്ങൾക്ക് അഭിപ്രായ വ്യത്യാസമുള്ളത്. ചില അമ്മായിഅമ്മമാർക്ക് തങ്ങളുടെ മകനും ഭാര്യയും ചിരിച്ചുല്ലസിച്ചു നടക്കുന്നത് ഒട്ടും ഇഷ്ടപ്പെടുകയില്ല. ഇങ്ങനെയുള്ള അമ്മായിയമ്മമാരുടെ പല്ലിറുമ്മൽ പോലെയാണിത്. ഇങ്ങനെ ചില ആളുകൾ ഗവൺമെൻറിന്റെ ശമ്പളം പാറിക്കൊണ്ട് പത്രങ്ങളിലൊക്കെ ലേഖനമെഴുതുന്നത്, ശരിയല്ല. അവരെ പിരിച്ചുവിടണമെന്നാണ് എനിക്ക് പറയാനുള്ളത്. സർക്കാരിന്റെ ധാരാളം പ്രസ്താവനകളും നമ്മളും വായിക്കാറുണ്ട്. ഈ ബഡ്ജറ്റ് പ്രസംഗത്തിൽ തന്നെ സഹകരണ മേഖലയെ പുഷ്ടിപ്പെടുത്തുന്നതിനെപ്പറ്റി പറയുന്നുണ്ട്. ഇന്നു നമ്മുടെ കേരളത്തിൽ സഹകരണ മേഖലയുടെ ഏറ്റവും വലിയ ഭീഷണി ബ്ലേഡ് കമ്പനികളാണ്.

ഈ ബ്ലേഡ് ബാങ്കുകളെ നിയന്ത്രിക്കുമെന്നു പറഞ്ഞ് ഏതോ നിയമമൊക്കെ ഇവിടെ കൊണ്ടുവന്നു. പക്ഷേ ഒരു കാര്യം സൂചിപ്പിക്കാൻ ഞാനാഗ്രഹിക്കുന്നത് കേരളത്തിൽ തഴച്ചുവളർന്നുകൊണ്ടിരിക്കുന്ന ആ ബ്ലേഡ് ബാങ്കുകളെ നിയന്ത്രിക്കുവാൻ, ചെറിയ കടിഞ്ഞാണിടാൻ പോലും ഈ ഗവൺമെൻറിനു സാധിച്ചിട്ടില്ല എന്നുള്ളതാണ്. കുടുംബാസൂത്രണം നടത്തുന്നവനു ബക്കറ്റും മറ്റുമൊക്കെ കൊടുക്കുന്നതുപോലെ ഈ ബ്ലേഡ് ബാങ്കുകളിൽ നിക്ഷേപിക്കുന്നവനു വിദേശ വിമാനയാത്ര, കൊച്ചിയിലും കോഴിക്കോട്ടും തിരുവനന്തപുരത്തുമൊക്കെയുള്ള ഹൗസ് പ്ലോട്ടുകൾ ഇവയൊക്കെ വാഗ്ദാനം നൽകി ആളുകളിൽ നിന്ന് നിക്ഷേപം വാങ്ങി പാവപ്പെട്ട ആളുകൾക്ക് കൊടുത്തിട്ട് അന്യായമായ പലിശ വാങ്ങി രക്തം ഊറ്റിക്കുടിക്കുന്ന ഈ പ്രസ്ഥാനത്തിനു നിയന്ത്രണം ഏർപ്പെടുത്തണം. എങ്കിൽ മാത്രമേ സഹകരണമേഖലയെ പ്രോൽസാഹിപ്പിക്കാൻ സാധിക്കുകയുള്ളൂ. അങ്ങ് തന്നെ സഹകരണമേഖലയിലെ ഉന്നതനായ ഒരു വ്യക്തിയാണെന്ന് ബോദ്ധ്യപ്പെട്ടിട്ടുണ്ട്. പെറും പ്രസ്താവനയിൽ ഒതുക്കാതെ കാര്യമായ നടപടി ഈ കാര്യത്തിലുണ്ടാകണം. ചലച്ചിത്ര വ്യവസായം മദ്യവ്യവസായം ബ്ലേഡ് കമ്പനികൾ ഇവയെല്ലാം കൂടിയുള്ള ദൂഷിതവലയം ഈ നാട്ടിലെ പാവപ്പെട്ടവന്റെ രക്തം ഊറ്റിക്കുടിച്ച് ഇറുക്കി വലിക്കുന്ന ഒരു സ്ഥിതി

LIBRARY ARCHIVES Kerala Legislative Assembly

വിശേഷമുണ്ട്. അതിനെറുതി വരുത്താൻ ഈ പ്രസ്താവനകളല്ലാതെ പ്രവർത്തനങ്ങൾ വേണമെന്നാണ് എനിക്ക് പറയാനുള്ളത്.

ഈ പൊതു മേഖലാ സ്ഥാപനങ്ങൾ ഇന്നു നമ്മുടെ ഗവൺമെൻറിൻെറ ഖജനാവിൽ നിന്നും കോടിക്കണക്കിനു രൂപ കൊള്ളയടിച്ചുകൊണ്ടിരിക്കുന്ന വെള്ളാനകളാണ്. അവയെ നിയന്ത്രിക്കാൻ സാധിച്ചിട്ടില്ല. ബേക്കൺ ഫാക്ടറിയെപ്പോലുള്ള ചെറിയ ഫാക്ടറികളിൽപ്പോലും ഒരു ലക്ഷവും രണ്ടു ലക്ഷവും രൂപ അതിലെ ചെയർമാനെപ്പോലെയുള്ള ആളുകൾ യാത്രാബത്ത വാങ്ങിക്കുന്ന ഒരു സ്ഥിതിവിശേഷം നമ്മുടെ സംസ്ഥാനത്തുണ്ട്. ഇപ്പോൾ കെ.എസ്.ആർ.ടി.സി.യുടെ സ്ഥിതി എന്താണ്? ഷെഡ്യൂളുകളെല്ലാം ഓരോ സ്ഥലത്തും നിറുത്തലാക്കിക്കൊണ്ടിരിക്കുകയാണ്. ഉള്ള ചുരുക്കം ബസുകളിൽത്തന്നെ ആളുകൾക്കു കുത്തിത്തിരുകി കയറ്റിക്കൊണ്ടിരിക്കുന്നു. ട്രക്കുകളും സ്വകാര്യ സർവ്വീസുകളും പ്രൈവറ്റ് വാഹനങ്ങളും ഇന്ന് നമ്മുടെ സംസ്ഥാനത്ത് കെ.എസ്.ആർ.ടി.സിക്ക് പാരലലായി ഓടിക്കൊണ്ടിരിക്കുന്നു. കഴിഞ്ഞ ദിവസം ഞങ്ങളുടെ സ്ഥലത്തെ ഡിപ്പോയിലെ ഗ്യാരേജിൻെറ ബുദ്ധിമുട്ട് പറയാൻവേണ്ടി ഞാൻ കെ.എസ് ആർ.ടി.സി.യുടെ ഓഫീസിലേക്ക് പോയി. അവിടെ അഞ്ചുനിലക്കെട്ടിടത്തിൻെറ അഞ്ചാമത്തെ നിലയിൽ കുറെ ഉദ്യോഗസ്ഥൻമാർ മരിച്ച വീട്ടിൽ ശവത്തിന് കാവലിരിക്കുന്നതുപോലെ താടിക്ക് കൈയും കൊടുത്തിരിക്കുന്നത് കാണാൻ സാധിച്ചു. ഞാൻ അവരോട് ചോദിച്ചപ്പോൾ അവർ പറഞ്ഞു ഞങ്ങൾക്ക് ബസ് വാങ്ങാൻ പണമില്ല, ഞങ്ങൾക്ക് ഡീസൽ വാങ്ങാൻ പണമില്ല, സ്പെയർപാർട്സ് വാങ്ങാൻ പണമില്ല എന്നാണ് എനിക്ക് പറയാനുള്ളത്. അടിയന്തിരമായി ഒന്നുകിൽ കെ.എസ്.ആർ.ടി.സി.ക്ക് കുറെ പണം നൽകണം, അല്ലെങ്കിൽ അത് പിരിച്ചുവിട്ടിട്ട് വേറെ ഏതെങ്കിലും സ്വകാര്യസർവ്വീസുകൾ ഈ രാജ്യത്ത് ഏർപ്പെടുത്തണം. ഞാൻ ജനങ്ങൾക്കുവേണ്ടി പറയുകയാണ്. ആദർശങ്ങൾ പറഞ്ഞതുകൊണ്ട് കാര്യമില്ല. നമ്മുടെ ജനങ്ങൾ അനുഭവിക്കുന്ന യാത്രാക്ലേശം നേരിട്ട് ബോദ്ധ്യപ്പെട്ടത് പരിഹരിക്കാൻ വേണ്ടിയാണ് ഞാൻ ഇത് പറയുന്നത്. ഇതുപോലെയുള്ള പല കാര്യങ്ങളും നമ്മുടെ രാജ്യത്തുണ്ട്.

മൂവാറ്റുപുഴ ജില്ലയുടെ കാര്യം വളരെ വർഷങ്ങളായി ഞാൻ ഉന്നയിച്ചു കൊണ്ടിരിക്കുന്ന കാര്യമാണ്. കഴിഞ്ഞവർഷം സാമ്പത്തികമായ ബുദ്ധിമുട്ടുണ്ടായിരുന്നതുകൊണ്ട് ഞാൻ ആ വിഷയം അവതരിപ്പിച്ചില്ല. ഈ വർഷം ബഹുമാനപ്പെട്ട ധനകാര്യമന്ത്രി പറഞ്ഞു 100 കോടി രൂപയിൽ കൂടുതൽ ബാങ്കുബാലൻസുള്ളതായി റിസർവ്വ് ബാങ്ക് അറിയിച്ചിരിക്കുന്നുവെന്ന്. ഒരു ദിവസം 50 ലക്ഷം രൂപ കമ്മിയുണ്ടായിരുന്ന സ്ഥാനത്ത് ഇന്ന് 40 ലക്ഷം രൂപയോ മറ്റോ ദിവസം ലാഭമുണ്ടാകുന്ന അവസരത്തിൽ മൂവാറ്റുപുഴ ജില്ല അനുവദിക്കണം. അദ്ദേഹം കേരള കോൺഗ്രസുകാരനാണ്. നമ്മുടെ ജോർജ് സാറിൻെറയൊക്കെ നാട് എന്ന നിലയിൽ അത് നടപ്പാക്കണം. ചെയർമാനു തന്നെ അറിയാം. അങ്ങ് ഉൾപ്പെട്ട എറണാകുളം ജില്ലയിലെ വ്യാവസായിക മേഖലയ്ക്കാണ് ഇന്ന് കൂടുതൽ മുൻതൂക്കം കൊടുത്തുകൊണ്ടിരിക്കുന്നത്. ഞങ്ങളുടെ കാർഷിക മേഖലയ്ക്കൊന്നും എറണാകുളം ജില്ലയിൽ ഒരു സ്ഥാനവും കിട്ടുന്നില്ല. വേറെ ജില്ലയ്ക്കു വേണ്ടിയുള്ള ആവശ്യം ഉന്നയിച്ചിട്ടില്ലാത്തതുകൊണ്ട് ഈ ഗവൺമെൻറിൻെറ കാലത്ത് ഈ ജില്ലകൂടി സ്ഥാപിക്കുവാൻ മിച്ച ബഡ്ജറ്റുമായി വന്നിരിക്കുന്ന ധനകാര്യമന്ത്രി തയ്യാറാവണമെന്നാണ് എനിക്ക് പറയുവാനുള്ളത്.

LIBRARY ARCHIVES Kerala Legislative Assembly

[അദ്ധ്യക്ഷവേദിയിൽ ശ്രീ. കെ. മുഹമ്മദാലി]

മറ്റൊരു കാര്യം എനിക്കു പറയുവാനുള്ളത് പോളിടെക്നിക്കുകളെ പറ്റിയാണ് സ്വകാര്യ പോളിടെക്നിക്കുകളെ അനുവദിക്കാൻ പാടില്ലെന്നും അനുവദിക്കുമെങ്കിൽ അതിനെ പല്ലും നഖവുമുപയോഗിച്ച് എതിർക്കുമെന്നും ഈയടുത്തകാലത്ത് ചില സുഹൃത്തുക്കൾ പറയുകയുണ്ടായി. പ്രതിപക്ഷത്തിരിക്കുന്ന പല ആളുകളുടെയും പല നേതാക്കൻമാരുടെയും എം. എൽ. എ. മാരുടെയും എം. പി. മാരുടെയും പ്രഗൽഭൻമാരായ മറ്റു പല ആളുകളുടെയും മക്കൾ സ്വകാര്യസ്ഥാപനങ്ങളിൽ പഠിക്കുന്നുവെന്നും പല സാങ്കേതിക സ്ഥാപനങ്ങളിലും ക്യാപ്പിറേഷൻ ഫീസുകൊടുത്ത് പ്രവേശനം വാങ്ങിച്ചിരിക്കുന്നുവെന്നും പല സർവ്വേകളിലും നാം കണ്ടതാണ്. ആയിരക്കണക്കിനു ചെറുപ്പക്കാർ ജോലി സമ്പാദിക്കുന്നതിനുവേണ്ടി കേരളത്തിൽ നിന്നും വെളിയിൽപ്പോയി, അന്യ സംസ്ഥാനങ്ങളിലെ സാങ്കേതിക സ്ഥാപനങ്ങളിൽ പോയി പണംകൊടുത്ത് ഡിഗ്രി സമ്പാദിക്കുന്നു. കേരളത്തിനു വെളിയിലും ഇൻഡ്യക്കു വെളിയിലും തൊഴിൽ സാദ്ധ്യതകളും ധാരാളമുണ്ട്. നമുക്കിവിടെ സാങ്കേതിക സ്ഥാപനങ്ങളും കുറവാണ്. മെഡിക്കൽ കോളേജുകളാണെങ്കിലും എൻജിനീയറിംഗ് കോളേജുകളാണെങ്കിലും പോളിടെക്നിക്കുകളാണെങ്കിലും നമുക്ക് തുടങ്ങുവാൻ ബുദ്ധിമുട്ടുണ്ട്. സ്വകാര്യ മേഖലയിൽ ഇവ അനുവദിക്കുന്നതിന് നിയന്ത്രണങ്ങളും ഏർപ്പെടുത്തണമെന്നു പറയുമ്പോഴും ഈ ബുദ്ധിമുട്ടുകളുംകൂടി പരിഗണിക്കേണ്ടിയിരിക്കുന്നു.

ഇവിടെ തിരുവനന്തപുരത്തുതന്നെ പ്രൈവറ്റ് സ്കൂളുകളിൽ പലതിലും നിയന്ത്രണങ്ങളും ഏർപ്പെടുത്തുകയും അല്ലെങ്കിൽ അവരുടെ ഉദ്യമത്തിനെതിരെ നോട്ടീസ് നൽകുകയും ചെയ്തിരിക്കുന്നു. ആ നിലയിൽ ഇതുപോലെയുള്ള പോളിടെക്നിക്കുകളും അനുവദിക്കുമ്പോഴും നിയന്ത്രണമേർപ്പെടുത്തുന്നതിൽ യാതൊരു പ്രശ്നവുമില്ല. ഈ നാട്ടിലെ ജനങ്ങളുടെ വികാരം മനസ്സിലാക്കിക്കൊണ്ട് ഈ നാട്ടിൽ ജോലിക്കുവേണ്ടി അലയുന്ന ചെറുപ്പക്കാരുടെ വികാരം മനസ്സിലാക്കിക്കൊണ്ട് സാങ്കേതിക വിദ്യാഭ്യാസം സമ്പാദിച്ച് പുറത്തേക്ക് പോകാനുള്ള ഒരവസരമെന്ന നിലയിൽ അത് നിഷേധിക്കുന്നത് ആത്മഹത്യാപരമായിരിക്കുമെന്നു മാത്രമേ എനിക്കു പറയുവാനുള്ളൂ.

കാർഷികോൽപ്പന്നങ്ങളുടെ വിലയിടിവ് ഈ രാജ്യത്തെ ഏറ്റവും വലിയ പ്രശ്നമാണ്. പാഡി ബോർഡ് ഉണ്ടാക്കിയെന്നുള്ളത് ഞങ്ങളും അംഗീകരിക്കുന്നു. ക്രിയാത്മകമായ പരിപാടികളും നടപ്പിലാക്കണം. വളത്തിന് സബ്സിഡി നൽകുക, പലിശ കുറച്ച് വായ്പ നൽകുക, തുടങ്ങിയ മറ്റ് പരിപാടികളിലേക്ക് കൂടി നീങ്ങേണ്ടിയിരിക്കുന്നു. അതുപോലെതന്നെ ചുക്കിന്റെ വിലയിടിവ് പല പ്രാവശ്യം ഇവിടെ പറഞ്ഞതാണ്. ഇന്ന് ഇഞ്ചി ചുരണ്ടുവാൻ സാദ്ധ്യമല്ലാത്ത നിലയിലേക്ക് വരെ സ്ഥിതി മാറിയിരിക്കുകയാണ്. അതുപോലെതന്നെ നാളികേരത്തിന്റെ വിലയിടിവ് നേരിടാൻ പല പരിപാടികളും നടപ്പിലാക്കിയെങ്കിലും ഇന്നും നാളികേരത്തിന് ഒരു രൂപയേ നാട്ടിൻപുറങ്ങളിൽ ഉള്ളൂ. നാളികേരം കൃഷിചെയ്യുന്ന ആളുകൾക്ക് ജീവിതം മുന്നോട്ടു കൊണ്ടുപോകാൻ ബുദ്ധിമുട്ടുള്ള സാഹചര്യമുണ്ടായിരിക്കുന്നു. ഈ കാർഷികോൽപ്പന്നങ്ങളുടെ വിലയിടിവിന് പരിഹാരമുണ്ടാക്കാൻ സത്വരമായ നടപടികളും സ്വീകരിക്കണം. ഓരോ വർഷം ചെല്ലുന്തോറും കാർഷികവികസന പദ്ധതികളിൽ ഗവൺമെന്റിന്റെ മുതൽമുടക്ക് കുറഞ്ഞു വരുകയാണ്. സാധു പദ്ധതി, മലബാർ പ്രദേശത്ത് കൃഷിക്കാർക്കുള്ള പദ്ധതി ഇവ നിറുത്തലാക്കുകയാണ്. കേര

LIBRARY ARCHIVES Kerala Legislative Assembly

ളത്തിൽ കാർഷികോൽപ്പന്നങ്ങൾ വികസിപ്പിക്കാനുള്ള മറ്റ് പരിപാടികൾക്ക് തുക കുറയുന്നുവെന്നുള്ളത് ഒരു ഖേദകരമായ വസ്തുതയാണ്. തെങ്ങുകൃഷിയിൽ കുറച്ചു തെങ്ങു വച്ചു പിടിപ്പിച്ചതുകൊണ്ടോ അല്ലെങ്കിൽ ചെറിയ തോതിൽ സബ്സിഡി നൽകിയതുകൊണ്ടോ ഒന്നും കാര്യമായില്ല. കാർഷിക മേഖലയിൽ കൂടുതൽ വികസന പ്രവർത്തനങ്ങൾ നടത്തുവാനും കൂടുതൽ മുതലിറക്കാനും ഉതകുന്ന തരത്തിലുള്ള പരിപാടികൾ നടപ്പിലാക്കിയാൽ മാത്രമേ കേരളത്തിന്റെ കാർഷികമേഖലയിൽ പുരോഗതി കൈവരിക്കുവാൻ സാധിക്കുകയുള്ളൂവെന്ന് തുകൊണ്ട്. ആ രംഗങ്ങളിൽ കൂടുതൽ ശ്രദ്ധചെലുത്തുവാൻ ഗവൺമെന്റ് തയ്യാറാകണം.

മിച്ചമില്ലാതെ സാമ്പത്തിക ബുദ്ധിമുട്ടുകളുണ്ടായിരിക്കുന്നുവെന്നതാണ് നിരവധി വർഷങ്ങളായി നമ്മുടെ ഗവൺമെന്റിനെതിരെയുണ്ടായിരുന്ന പരാതി. ആ പരാതിക്ക് പരിഹാരമുണ്ടാക്കിക്കൊണ്ട് ഒരു മാന്ത്രികനെപ്പോലെ മിച്ചബഡ്ജറ്റ് അവതരിപ്പിച്ചിരിക്കുന്നു. അങ്ങനെ ഒരു മിച്ച ബഡ്ജറ്റ് സംസ്ഥാനത്തിൽ, ശ്രീ.കെ.എം. മാണിക്കുമാത്രമേ അവതരിപ്പിക്കുവാൻ കഴിയുകയുള്ളൂവെന്ന് തന്റെ വിദഗ്ധപാടവത്തിലൂടെ, ധനകാര്യ മാനേജുമെന്റിലൂടെ തെളിയിച്ചിരിക്കുന്ന അദ്ദേഹം കൊണ്ടുവന്നിരിക്കുന്ന ധനാഭ്യർത്ഥനകളെ ഞാൻ പിന്താങ്ങുന്നു.

ശ്രീ.കെ.ജെ. ജോർജ് : സർ, ഞാൻ ഈ വോട്ട് ഓൺ അക്കൗണ്ടിനെ എതിർക്കുന്നു. സബ്ജക്ട് കമ്മിറ്റിക്ക് അയച്ച് അതിന്റെ റിപ്പോർട്ട് വരുത്തിക്കൊണ്ട് ഫൈനലായി പാസ്സാക്കാൻ വച്ചിരുന്ന ഈ ബഡ്ജറ്റ് സബ്ജക്ട് കമ്മിറ്റിയുടെ നിർദ്ദേശങ്ങളൊന്നും സ്വീകരിക്കാതെ നടപ്പിലാക്കാൻ പരിശ്രമിക്കുന്ന ഒരു പ്രവണതയാണ് കാണുന്നത്. അതുകൊണ്ട് ഈ സബ്ജക്ട് കമ്മിറ്റിയെ ശക്തമാക്കി അതിന്റെ നിർദ്ദേശങ്ങളും സാരിച്ച് നടപ്പിലാക്കാൻ ഒരു പരിപാടി തയ്യാറാക്കേണ്ടതാണ്. അല്ലെങ്കിൽ സബ്ജക്ട് കമ്മിറ്റിയെ പിരിച്ചുവിടണമെന്നാണെന്റെ അഭിപ്രായം. ഈ വോട്ട് ഓൺ അക്കൗണ്ടിലും തെരഞ്ഞെടുപ്പ് നടത്തുവാനുള്ള കുറച്ച് സംഖ്യകളൊക്കെ ഉൾക്കൊള്ളിച്ചിട്ടുണ്ട്. പഞ്ചായത്ത് മുനിസിപ്പൽ കോർപ്പറേഷൻ തെരഞ്ഞെടുപ്പ് ഏതാണ്ട് ഒന്നര വർഷമായി നീട്ടിവച്ചുകൊണ്ടിരിക്കുകയാണ്. മാർച്ച് 31-ാം തീയതി കഴിഞ്ഞാൽ ഈ തെരഞ്ഞെടുപ്പ് നടത്തുകയില്ലെന്നുള്ളതിന്റെ തെളിവായി അതിന് അപ്പോയിന്റ് ചെയ്ത ഉദ്യോഗസ്ഥൻമാരെ പിരിച്ചു വിടുവാനായ് ഗവൺമെന്റ് ഓർഡർ ഇഷ്യു ചെയ്തിരിക്കുകയാണ്.

അതുപോലെയാണ് ജില്ലാ അഡ്മിനിസ്ട്രേഷൻ ബിൽ. ജില്ലാ അഡ്മിനിസ്ട്രേഷൻ ബിൽ 1979-ൽ പാസ്സാക്കി വച്ചതാണ്. ഇതുവരെ അതു നടപ്പിലാക്കിയിട്ടില്ല. വളരെ ധൃതിപിടിച്ച് എല്ലാവരുടെ സമ്മതത്തോടുംകൂടി ഈ നിയമസഭ 1979-ൽ പാസ്സാക്കിയ ഒരു ബിൽ നടപ്പിലാക്കാതെ വച്ചിരിക്കുകയാണ്. വികേന്ദ്രീകരണം ലക്ഷ്യമാക്കിക്കൊണ്ട് ജില്ലാതലത്തിൽ ഭരണം നടത്തുന്നതിനുവേണ്ടിയുള്ള ആ ബിൽ നടപ്പാക്കാതിരിക്കുന്നത് ഭൂഷണമല്ല. 1988-ലെ ബഡ്ജറ്റ് സമ്മേളനത്തിൽ മുഖ്യമന്ത്രി പറഞ്ഞതാണ് ഉടനെ അതനുസരിച്ചുള്ള തെരഞ്ഞെടുപ്പ് നടത്തുമെന്ന്. പക്ഷെ അത് നടത്തിക്കണ്ടില്ല. തെരഞ്ഞെടുപ്പ് നടത്തുവാൻ പ്രതിപക്ഷങ്ങൾക്കു ഭയമാണെന്നു പറയുന്ന ഭരണകക്ഷിക്കാർ ഈ തെരഞ്ഞെടുപ്പ് നടത്താതിരിക്കുന്നതെന്തുകൊണ്ടാണെന്ന് ഞങ്ങൾക്കു മനസ്സിലാകുന്നുണ്ട്. ഈയടുത്ത കാലത്തുണ്ടായ റാന്നി ഉപതെരഞ്ഞെടുപ്പ് അതിന് തെളിവാണ്. കഴിഞ്ഞ പാർലമെന്റ് തെരഞ്ഞെടുപ്പിൽ വമ്പിച്ച ഭൂരിപക്ഷത്തോടുകൂടി രണമുന്നണി സ്ഥാനാർത്ഥി വിജയം നേടിയ റാന്നിയിൽ ഇടതുപക്ഷ സ്ഥാനാർത്ഥി വമ്പിച്ച ഭൂരിപക്ഷത്തോടുകൂടി അസംബ്ലിയിലേക്ക്

LIBRARY ARCHIVES Kerala Legislative Assembly

വിജയിച്ചുവന്നുവെന്നുള്ളതുതന്നെ ജനങ്ങളുടെ വിശ്വാസമാർജ്ജിച്ചു കൊണ്ടാണ് പ്രതിപക്ഷം പ്രവർത്തിക്കുന്നതെന്നുള്ളതിനു തെളിവാണ്.

മറ്റൊരു കാര്യം പറയുവാനുള്ളത് ഐ. പി. എസും, ഐ. എ. എസും. ഉദ്യോഗസ്ഥൻമാരുടെ സ്വാധീനം കൊണ്ടാണ് ഈ ജില്ലാഭരണബിൽ നടപ്പിലാക്കാത്തതെന്നതിനെപ്പറ്റിയാണ്. അവരുടെ ശക്തി കുറയ്ക്കുന്ന ഒന്നാണ ഈ ജില്ലാഭരണ ബിൽ. ഇതുപോലെയുള്ള വലിയ ഉദ്യോഗസ്ഥൻമാരുടെ എതിർപ്പുകണ്ടുകൊണ്ട് ഈ തെരഞ്ഞെടുപ്പ് ഗവൺമെൻറ് നീട്ടിവയ്ക്കുന്നതിലർത്ഥമില്ല. ജനപ്രതിനിധികൾ ജില്ലയിലും വേണ്ടതു് ഒരാവശ്യമാണ്. അതുകൊണ്ടാണ് തെരഞ്ഞെടുപ്പിനു വിഭാവന ചെയ്യുന്നത്.

മറ്റൊരു കാര്യം പറയാനുള്ളത് എന്റെ ജില്ലയിലെ പ്രശ്നങ്ങളെ സംബന്ധിച്ചാണ്. അവിടെ കഴിഞ്ഞ ഫെബ്രുവരി മാസത്തിൽ നമ്മുടെ നിയമ സഭാസ്പീക്കർ ശ്രീ. വി. എം. സുധീരൻ കൊരട്ടി കുഷ്ടരോഗാശുപത്രിയിലെ ഓപ്പറേഷൻ തീയേറ്റർ ഉൽഘാടനം ചെയ്യുകയുണ്ടായി. പക്ഷെ ആ ഓപ്പറേഷൻ തീയേറ്ററിൽ യാതൊരുപകരണവുമിതുവരെയില്ലെന്നുള്ളതാണ് സത്യം. എനിക്ക് അതേപ്പറ്റി ഇന്നലെപ്പോലും ഒരു ലെറ്റർ കിട്ടിയിരിക്കുകയാണ്. അവിടെ യാതൊരുപകരണങ്ങളും ഇതുവരെ ലഭിച്ചിട്ടില്ല. അതുകൊണ്ട് ഓപ്പറേഷൻസ് ഒന്നും നടക്കുന്നില്ല. അത് ബഹുമാനപ്പെട്ട സ്പീക്കറുടെ മുമ്പിൽഅവതരിപ്പിക്കാനാണ് പറഞ്ഞിരിക്കുന്നത്. കാരണം, അത് ഉദ്ഘാടനം ചെയ്തത് സ്പീക്കർ വി.എം. സുധീരൻ അവർകളാണ്. അതുകൊണ്ടാണ് എഴുത്തു വന്നിരിക്കുന്നത്. അത് ഞാൻ അദ്ദേഹത്തിന്റെ മുമ്പിൽ അവതരിപ്പിക്കുകയും ചെയ്തു. കഴിഞ്ഞ നിയമസഭയിൽ ഈ കുഷ്ഠരോഗാശുപത്രിയെ സംബന്ധിച്ച് ഒരു ശ്രദ്ധക്ഷണിക്കൽ പ്രമേയം അവതരിപ്പിക്കുകയും അതിന് മറുപടിയായി കുഷ്ഠരോഗാശുപത്രിയുടെ വികസന പ്രവർത്തനങ്ങൾക്കുവേണ്ടി അടിയന്തിരമായി രണ്ട് ലക്ഷം രൂപ അനുവദിച്ചിട്ടുണ്ടെന്ന് മുഖ്യമന്ത്രി പറയുകയും ചെയ്തതാണ്. പക്ഷേ ഇന്നുവരെ ആ സംഖ്യ അവിടെ കിട്ടിയിട്ടില്ല. ആ പണം എവിടെപ്പോയി? ആളുകളെ തൃപ്തിപ്പെടുത്തുന്നതിനുവേണ്ടി നുണ പറയുന്ന മുഖ്യമന്ത്രി ഇതിനും നുണ പറഞ്ഞുവെന്നതല്ലേ വസ്തുത. അതൊന്ന് പരിശോധിക്കേണ്ടതാണ്.

മറ്റൊന്ന് എനിക്ക് പറയുവാനുള്ളത് എന്റെ നിയോജകമണ്ഡലത്തിലെ ചാലക്കുടി റിഫൈനറീസ് എന്നു പറയുന്ന വ്യവസായസ്ഥാപനത്തെപ്പറ്റിയാണ്. അത് ഇന്ന് നശിച്ചുകൊണ്ടിരിക്കുകയാണ്. അതിന്റെ വികസന പ്രവർത്തനത്തിനു വേണ്ടി എത്രാണ്ട് പത്തുപത്തഞ്ച് ലക്ഷം രൂപയുടെ മെഷിനറി അവിടെ വാങ്ങിവച്ചിട്ട് രണ്ടു കൊല്ലം കഴിഞ്ഞിരിക്കുന്നു. അത് ഇതുവരെ അവിടെ സ്ഥാപിച്ചിട്ടില്ല. അതിന്റെ പ്രവർത്തനം തുടങ്ങിയിട്ടില്ല. പലപ്പോഴും വ്യവസായ വകുപ്പു മന്ത്രിയെക്കണ്ട് ഞാനിക്കാര്യം പറഞ്ഞിട്ടുണ്ട്. ഇന്ന് അതെല്ലാം തുരുമ്പെടുത്ത് നശിച്ചുകൊണ്ടിരിക്കുകയാണ്. വളരെ വികസന സാദ്ധ്യതകളുള്ള ഒരു കമ്പനിയെ നശിപ്പിക്കുന്ന തരത്തിലാണ് ഈ ഗവൺമെൻറ് മുന്നോട്ടു പോകുന്നത്.

മറ്റൊരു കാര്യം എനിക്ക് സൂചിപ്പിക്കുവാനുള്ളത് മുകുന്ദപുരം താലൂക്ക് വിഭജിച്ച് ചാലക്കുടി താലൂക്ക് രൂപീകരിക്കണമെന്നുള്ളതാണ്. അത് ഞാൻ പലപ്പോഴുമാവശ്യപ്പെട്ടിട്ടുള്ളതാണ്. നമ്മുടെ മുഖ്യമന്ത്രി ചാലക്കുടിയിലെ പരിപാടികൾക്കു വരുമ്പോൾ താലൂക്ക് രൂപീകരണം ഇന്നുവരും, നാളെവരും, മറന്നാഴ്ച വരും എന്നൊക്കെ പറഞ്ഞ് അവിടത്തെ ആളുകളെ തെറ്റിദ്ധരിപ്പിക്കാറുണ്ട്. ഇന്നുവരെ അതിനുള്ള യാതൊരു പ്രവർത്തനവും മുഖ്യമന്ത്രിയുടെ ഭാഗത്തുനിന്നും ഉണ്ടായിട്ടില്ല. റവന്യൂ മന്ത്രി അതിൽ ഒരു നിർദ്ദേശവും ഇതുവരെ വച്ചിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly

ഏതാണ്ട് 206 വില്ലേജുകളും പുനഃസംഘടിപ്പിച്ചുകൊണ്ട് മാതൃകാപരമായ പുനഃസംഘടന നടത്തിവരുന്ന ഈ സന്ദർഭത്തിൽ താലൂക്ക് വിഭജനമില്ലെങ്കിൽ നമ്മുടെ വികേന്ദ്രീകരണപ്രവർത്തനവും ഈ രാജ്യത്തെ ഭരണവും മുന്നോട്ട് കൊണ്ടുപോകാൻ എങ്ങനെ സാധിക്കും എന്ന് ഞാൻ സംശയിക്കുകയാണ്. ജനങ്ങളുടെ കാര്യങ്ങളും നിറവേറ്റിക്കൊടുക്കുന്നതിന് ഇന്ന് വളരെ ബുദ്ധിമുട്ടുണ്ട്. ചാലക്കുടിയിൽ നിന്ന് ഒരു റേഷൻകാർഡ് പുതുക്കണമെങ്കിൽ ഓരോരുത്തരും എത്ര കിലോമീറ്റർ പോകണമെന്നാണ് നിങ്ങളുടെ വിചാരം? ഈ നിയമസഭ അതേക്കുറിച്ച് ഒന്ന് അന്വേഷിക്കേണ്ടതാണ്. മലക്കപ്പാറ നിവാസികളും ഒരു ദിവസം ലീവ് എടുത്തുപോയാൽപോലും ഈ കാര്യം പരിഹരിച്ചു കിട്ടുകയില്ലെന്നുള്ളതാണ് ശരി. അവർക്ക് ഒരു റേഷൻകാർഡ് പുതുക്കാനോ അല്ലെങ്കിൽ പുതുതായി പേര് കൂട്ടിച്ചേർക്കാനോ അല്ലെങ്കിൽ താലൂക്ക് ആഫീസുകളിൽ എന്തെങ്കിലും കാര്യം സാധിക്കാനോ ഏതാണ്ട് 100 കിലോമീറ്റർ യാത്ര ചെയ്യണം. രണ്ടു ദിവസം മെനക്കെട്ടാൽ മാത്രമേ കാര്യം നടക്കൂ എന്നുള്ളതാണ് സ്ഥിതി. അങ്ങനെയുള്ള ഒരു നിയോജക മണ്ഡലത്തിലെ പ്രതിനിധിയാണ് ഞാൻ. അതിന്റെ ഭരണം നടത്തുന്ന താലൂക്ക് കേന്ദ്രമാണ് ഇരിങ്ങാലക്കുട. അവിടേക്ക് പോകാനുള്ള യാത്രാക്ലേശത്തെ സംബന്ധിച്ച് ഞാൻ കൂടുതലൊന്നും പറയുന്നില്ല. മലമ്പ്രദേശത്ത് യാതൊരുവിധ യാത്രാ സൗകര്യങ്ങളുമില്ല എന്നുള്ളതാണ് ശരി. നമ്മുടെ ട്രാൻസ്പോർട്ട് ഡിപ്പാർട്ടുമെന്റിനെ സംബന്ധിച്ച് ശ്രീ. വി. വി ജോസഫ് ഇവിടെ സംസാരിച്ചുകഴിഞ്ഞു. [ശ്രീ. മാണിയുടെ പ്രസംഗത്തിൽ നമുക്ക് ഇവിടെ മിച്ചമാണെന്ന് പറഞ്ഞിരിക്കുന്നു. 22-3-86-ൽ 101 കോടി രൂപയുടെ മിച്ചം ഉള്ള ഈ ഗവൺമെന്റ് നല്ല നിലവാരത്തിൽ ട്രാൻസ്പോർട്ട് ബസ്സുകളും ഓടിക്കുന്നതിനും, കൊടുക്കാത്ത ബില്ലുകളിന്മേൽ കോൺട്രാക്ടർമാരോട് പണിചെയ്യാൻ പറഞ്ഞാൽ ഞങ്ങൾക്ക് ബില്ല് കിട്ടിയില്ല എന്നു പറയുന്ന ആ സംവിധാനം ഒന്നു മാറി യഥാർത്ഥത്തിൽ ബില്ല് കൊടുത്തുകൊണ്ട് നല്ല പണി ചെയ്യിക്കാനുള്ള ഒരു പരിശ്രമം നടത്തുന്നതിനും തയ്യാറാകണം.

സർ, വെള്ളപ്പൊക്കത്തിന്റെ പേരിൽ പണം കിട്ടി. ആ പണം ഇവിടെ ആ കാര്യത്തിനുവേണ്ടി ചെലവഴിക്കാൻ സാധിച്ചിട്ടുണ്ടോ? റോഡുകളുടെ പണി ഇപ്പോൾ ത്വരിതഗതിയിൽ നടക്കുന്നു. പക്ഷേ റോഡ് റോളർ ഇല്ല, മിക്സിംഗ് മെഷീൻ ഇല്ല, യാതൊന്നുമില്ല. നെട്ടോട്ടമോടിയുള്ള പണിയാണ് ഇപ്പോൾ നടക്കുന്നത്. മാർച്ച് 31-ാം തീയതി ബില്ല് കിട്ടുന്നതിനുവേണ്ടിയാണ്. അങ്ങനെയുള്ള കെടുകാര്യസ്ഥഭരണം—യാതൊരു വിധ തത്വദീക്ഷയുമില്ലാത്ത ഒരു ഭരണമാണ് ഇവിടെ നടക്കുന്നത്. സത്യസന്ധതയില്ലാത്ത, നീതിബോധമില്ലാത്ത ഒരു ഭരണമാണ് ഇവിടെ നടക്കുന്നത്. അഴിമതി മാത്രം ലക്ഷ്യമിട്ടുകൊണ്ടുള്ള ഒരു ഭരണമാണ്. അങ്ങനെയുള്ള ഒരു മുഖ്യമന്ത്രിയുടെ ഭരണമാണ് ഇവിടെ നടന്നുകൊണ്ടിരിക്കുന്നത്. ഇന്ന് ധനകാര്യമന്ത്രി ഇവിടെ അവതരിപ്പിച്ച വോട്ട് ഓൺ അക്കൗണ്ട്സ് ഒരു കാരണവശാലും അംഗീകരിക്കാൻ നിർവ്വാഹമില്ല. അതുകൊണ്ട് ഞാൻ ഈ വോട്ട് ഓൺ അക്കൗണ്ട്സിനെ എതിർക്കുന്നു

ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ : സർ, അടുത്ത നാല് മാസം ഈ സർക്കാരിന് ചെലവഴിക്കാനുള്ള സംഖ്യയ്ക്കു അനുമതി തരുന്നതിനുള്ള ചർച്ചാ സമയത്ത് ഇവിടത്തെ ബഹുമാന്യരായ മന്ത്രിമാരെ കാണുന്നില്ല; അത് വളരെ ദൗർഭാഗ്യകരമായിപ്പോയി എന്നു ഞാൻ പറയട്ടെ. ഇവിടെ ഉത്തരവാദപ്പെട്ട മെമ്പർമാർ പറയുന്ന കാര്യങ്ങൾ കേൾക്കാനുള്ള സൻമനസ്സ് പോലുമില്ലാത്ത—ബഹുമാനപ്പെട്ട ചെയറിന്റെ നിർദ്ദേശ പ്രകാരം

LIBRARY ARCHIVES Kerala Legislative Assembly

ബഹുമാനപ്പെട്ട കൃഷിവകുപ്പുമന്ത്രി മുന്നോട്ട് കയറി ഇരുന്നതിന് അദ്ദേഹത്തോട് പ്രത്യേകം നന്ദി രേഖപ്പെടുത്തുകയാണ്. ഞാൻ പ്രതിനിധീകരിക്കുന്ന നിയോജക മണ്ഡലത്തിലെ ചില പ്രശ്നങ്ങൾ അവതരിപ്പിച്ചാൽ അത് കേൾക്കാൻ ആളില്ലെങ്കിലും പ്രൊസീഡിംഗ്സിൽ നിന്നെങ്കിലും ബന്ധപ്പെട്ട ആളുകൾ കാര്യങ്ങൾ മനസ്സിലാക്കുമെന്ന് പ്രതീക്ഷിക്കുകയാണ്. ഈ സംസ്ഥാനത്ത് ഭവനനിർമ്മാണരംഗത്ത് വിപ്ലവകരമായ മാറ്റങ്ങൾ ഉണ്ടായിട്ടുണ്ട്. സാമൂഹ്യസേവന സംഘടനകളുടെ പങ്കാളിത്തത്തോടുകൂടി ആറായിരം രൂപ മുതൽമുടക്കുള്ള ആയിരക്കണക്കിന് ഭവനങ്ങൾ ഈ രാജ്യത്തുണ്ടായത് ശരിയാണ്. പക്ഷേ വർഷങ്ങളായി ഇവിടെ ഉണ്ടാക്കിയിട്ടുള്ള ലക്ഷം വീടുകളുടെ സ്ഥിതി എന്താണ്? ലക്ഷംവീടുകൾ വളരെയേറെ പ്രതീക്ഷയോടുകൂടി ഉണ്ടാക്കിയതു ഇന്ന് കൂരയില്ലാതെ, നനഞ്ഞ് പൊളിഞ്ഞ് മെയിൻറനൻസിനുപോലും കാശില്ലാതെ കിടക്കുകയാണ്. അങ്ങനെ ദൗർഭാഗ്യകരമായ ലക്ഷം വീടുകളുടെ ശോചനീയാവസ്ഥ പരിഹരിക്കാൻ ധനപരമായ എന്തെങ്കിലും സഹായം ചെയ്യാൻ തയ്യാറുണ്ടോ? ഇത് വളരെ ഗൗരവതരമായ ഒരു കാര്യമാണ്. ഹരിജനങ്ങളും ദുർബ്ബലവിഭാഗങ്ങളും ദരിദ്ര വിഭാഗങ്ങളും ജീവിക്കുന്ന ലക്ഷം വീട്ടുകാർക്ക് സ്വന്തമായി പട്ടയങ്ങൾ ഇല്ലാത്തതുകൊണ്ട് ഈ പുതിയ സ്കീം അനുസരിച്ച് സേവന സംഘടനകളുടെ പദ്ധതി അനുസരിച്ച് വീട് കിട്ടാനുള്ള അവകാശമില്ല. അവരുടെ ഏക ആശ്രയമായ ഈ ലക്ഷം വീടുകൾ നവീകരിക്കാനുള്ള സഹായധനം നൽകുന്നകാര്യത്തിൽ സർക്കാരിന്റെ അടിയന്തിരമായ ശ്രദ്ധ പതിയണമെന്ന് ഞാനഭ്യർത്ഥിക്കുന്നു. ലക്ഷം വീടുകളിൽത്തന്നെ നല്ല വീടുകളിൽ ഇലക്ട്രിഫൈ ചെയ്തവീടുകൾ പഞ്ചായത്തുകൾ കാശ് ചെലവാക്കി വർഷങ്ങളായി ഇലക്ട്രിഫൈ ചെയ്ത വീടുകളിൽ താമസിക്കുന്നത് പട്ടികജാതിക്കാരനല്ല, ഹരിജൻ അല്ല എന്നുള്ള ഒരൊറ്റ കാരണം കൊണ്ട് അവർക്ക് ഇലക്ട്രിസിറ്റി ലഭിക്കുന്നില്ല. അതിഗംഭീരമായി വെളിച്ചവിപ്ലവം നടത്തി ഈ രാജ്യത്ത് ചലനങ്ങൾ സൃഷ്ടിച്ച വിദ്യുച്ഛക്തി വകുപ്പുമന്ത്രിയോട് എനിക്ക് പറയാനുള്ളത് മറ്റ് ദുർബ്ബല ജനവിഭാഗത്തിൽപ്പെട്ട ആളുകളും അവശരാണ് എന്നുള്ളത് മനസ്സിലാക്കിക്കൊണ്ട് വയറിംഗ് കഴിഞ്ഞത് ഇട്ടിരിക്കുന്ന ലക്ഷം വീടുകൾക്ക് മുൻഗണനാക്രമത്തിൽ കണക്ഷൻ കൊടുക്കാനുള്ള ഏർപ്പാടുകൾ ഉണ്ടാക്കണമെന്നാണ്.

ഈ രാജ്യത്ത് വിദ്യാഭ്യാസ രംഗത്ത് വലിയവലിയ കാര്യങ്ങൾ നടന്നു. ഒരു ഗാന്ധിജി യൂണിവേഴ്സിറ്റി ഉണ്ടായി. ഓപ്പൺ യൂണിവേഴ്സിറ്റിയെപ്പറ്റി സംസാരിക്കുകയാണ്. നൂറുകണക്കിന് സ്കൂളുകളുണ്ടായി. എന്റെ നിയോജകമണ്ഡലത്തിൽ ഒരു ലാ കോളേജ് വേണമെന്ന ആവശ്യം കോഴിക്കോട് യൂണിവേഴ്സിറ്റി സെനറ്റും സിൻഡിക്കേറ്റും അംഗീകരിച്ചിട്ട് വർഷങ്ങളായി. കോതമംഗലത്തുകൂടി ഒരു കോളേജ് തുടങ്ങണമെന്ന് പറഞ്ഞ് ഒരു അഭിപ്രായം ഉണ്ടായതിന്റെ അടിസ്ഥാനത്തിൽ ഒരാൾ ഹൈക്കോടതിയിൽ പോകുകയും അതിന്റെ പേരിൽ തൃശ്ശൂരിൽ ലാകോളേജ് ആരംഭിക്കണമെന്ന തീരുമാനം നിർത്തിവച്ചു. കാലിക്കറ്റ് യൂണിവേഴ്സിറ്റിയുടെ കീഴിൽ കോഴിക്കോട്ട് ഒരു ലാ കോളേജ് ഉണ്ട്. തിരുവനന്തപുരത്ത് രണ്ട് ലാ കോളേജുകളുണ്ട്. എറണാകുളം ലാ കോളേജ് ഉണ്ട്. കേരളത്തിന്റെ സാംസ്ക്കാരിക തലസ്ഥാനമായ തൃശ്ശിവപേരൂരിൽ ഒരു ലാകോളേജ് ആരംഭിക്കണമെന്നുള്ളത് കാലിക്കറ്റ് യൂണിവേഴ്സിറ്റി അംഗീകരിച്ചതാണ്. അവിടെ സിൻഡിക്കേറ്റ് അംഗങ്ങളും കമ്മീഷനും വന്ന് സ്ഥലം പരിശോധിച്ചു, കണ്ടു, വേണ്ട ഏർപ്പാടുകളും ചെയ്തു. പക്ഷേ എന്തുകൊണ്ടാണ് അത് നടക്കാത്തത്? അത് തുടങ്ങുന്നതിൽ സർക്കാരിന്റെ സമീപനം എന്താണെന്നുള്ള കാര്യം വ്യക്തമാക്കണം. അടുത്ത വിദ്യാഭ്യാസ വർഷത്തി

LIBRARY ARCHIVES Kerala Legislative Assembly

ലെങ്കിലും ലാ കോളേജിന്റെ പ്രവർത്തനം തൃശ്ശൂരിൽ ആരംഭിക്കണമെന്നാണ് എനിക്ക് പറയാനുള്ളത്.

ഈ രാജ്യത്തെ വ്യാവസായിക രംഗത്തെ വലിയ വലിയ നേട്ടങ്ങളെപ്പറ്റി പറയുന്നു. നിലവിലുള്ള വ്യവസായങ്ങളെ രക്ഷിക്കാതെ പുതിയ പുതിയ വ്യവസായങ്ങളും തുടങ്ങാനുള്ള ശ്രമം അപകടകരമാണെന്ന് ഞാൻ പല പ്പോഴും സംശയിക്കാറുണ്ട്. എന്റെ നിയോജക മണ്ഡലത്തിലെ സീതാറാം മില്ലിന്റെ സ്ഥിതി എന്താണ്? പഴയ കൊച്ചി രാജ്യത്തെ ഏറ്റവും പ്രശസ്തമായ ഒരു സ്ഥാപനം പനമ്പിള്ളി ഗോവിന്ദമേനോനും ഇന്നത്തെ കേരളമുഖ്യമന്ത്രി ശ്രീ. കെ. കരുണാകരനും അടക്കമുള്ള ആളുകളുടെ രാഷ്ട്രീയ ജീവിതവുമായി അഭേദ്യമായ ബന്ധമുള്ള ഈ സീതാറാം മില്ലിന്റെ സ്ഥിതി എന്താണ്? അവിടെ പണിയില്ല. വിത്തെടുത്ത് കഞ്ഞിവച്ചു കുടിക്കുന്ന സ്ഥിതിയാണ്. നിത്യനിദാനത്തിനു പോലും സൗകര്യമില്ല. സീതാറാമിൽ ഉല്പാദിപ്പിക്കുന്ന വസ്ത്രങ്ങൾക്ക് വളരെയേറെ പ്രസിദ്ധിയുണ്ടായിരുന്നതാണ്. ഹോട്ടൽകേഷ്സ് പോലെ ചെലവാകുമായിരുന്നു. പക്ഷേ ഇന്ന് അവിടെ കോട്ടൺ മേടിക്കാൽ കാശില്ല. സാമ്പത്തിക എഞ്ജൻസികം സഹായധനം നൽകാമെന്നു പറഞ്ഞിട്ടും സർക്കാർ യഥാസമയം ഗ്യാരന്റി കൊടുക്കാൻ തയ്യാറില്ലാതെ സർക്കാരിന്റെ അനാസ്ഥമൂലം നൂറുകണക്കിന് തൊഴിലാളികൾ കഷ്ടപ്പെടുന്നു. അതിനെപ്പറ്റി ശ്രദ്ധിക്കാൻ ആളില്ല. പുതിയ മില്ലുകൾ ഞഴിക്കോട്ടും, കണ്ണൂരും കാസർഗോട്ടും ആരംഭിക്കട്ടെ, അതിൽ എനിക്ക് ആക്ഷേപമില്ല. പക്ഷേ ജന്മം കൊടുത്ത കുട്ടികൾക്ക് ചെലവിനു കൊടുക്കാതെ പുതിയ സൃഷ്ടി നടത്തുന്നത് അപകടകരമാണ്, അൺഫെയറായ തെറ്റാണെന്നു പറയാൻ ഞാൻ ആഗ്രഹിക്കുകയാണ്.

ഈ രാജ്യത്തെ പീഡിത കർഷകരുടെ കാര്യം എടുക്കാം. വളരെയേറെ പ്രതീക്ഷകളോടുകൂടി പീഡിതരായ ജന്മിമാർക്കു ആനുകൂല്യം നൽകുന്ന കാര്യം പറയാറുണ്ട്. ധനകാര്യവകുപ്പുമന്ത്രി ഈ പ്രാവശ്യം ചില ആനുകൂല്യങ്ങളൊക്കെ അതിൽ പറഞ്ഞിട്ടുണ്ട്; നാമമാത്രമായ ആനുകൂല്യങ്ങളാണ്. ആനുകൂല്യങ്ങൾ നിസ്സാരമാണെങ്കിലും താത്വികമായി അവർ അവഗണിക്കപ്പെടാറുള്ളതല്ല എന്ന് അംഗീകരിക്കാൻ സൻമനസ്സ് കാണിച്ച ധനകാര്യമന്ത്രിയെയും സർക്കാരിനേയും ഞാൻ അഭിനന്ദിക്കുന്നു, പക്ഷേ വസ്തുനിഷ്ഠമായ ഒരു സമീപനം അവിടെ വേണം. ഒരു റവന്യൂബോർഡ് മെമ്പറെ കമ്മീഷനായി വച്ചിട്ടുണ്ട്. കാലാവധി എത്രയാണ് എന്നറിയില്ല, അതിന്റെ പരിപാടികളും നടപടിക്രമങ്ങളും എന്താണെന്ന് ഇതേവരെ മനസ്സിലാക്കിയിട്ടില്ല. മറ്റ് പല കമ്മീഷനുകളേയും പോലെ തൽക്കാലശാന്തി ലഭിക്കൻവേണ്ടി ഒരാളെ നിയമിക്കുകയും യാതൊരു സമയ ബന്ധിത പരിപാടിയുമില്ലാതെ നീണ്ടു പോകുകയും ചെയ്തിട്ട് അവസാനം ഒരു റിപ്പോർട്ട് വന്ന് കോംഡസ്റ്റേറോജിൽ എത്തിക്കുകയെന്നുള്ള സ്ഥിതി വിശേഷം ഇതിനെ സംബന്ധിച്ചിടത്തോളം ഉണ്ടായാൽ ഗൗരവതരമായ പ്രത്യാഘാതങ്ങൾ ഉണ്ടാകുമെന്ന് പറയാൻ ഞാൻ ആഗ്രഹിക്കുകയാണ് അവശരായ, അസംഘടിതരായ ആ ജനവിഭാഗത്തിന്റെ താൽപ്പര്യങ്ങൾ പരിരക്ഷിക്കാൻ, സാമൂഹ്യനീതി ഉറപ്പ് വരുത്താൻ ബാദ്ധ്യതപ്പെട്ട ഈ സർക്കാരിന് ചുമതലയുണ്ട്.

ഐ. ആർ. ഡി. പിയും, ആർ. എൽ. ഇ. ജി. പി. യുമൊക്കെ ഗ്രാമപ്രദേശങ്ങളെ സംബന്ധിച്ചാണ്, പക്ഷേ ഈ രാജ്യത്ത് നഗരങ്ങളുണ്ട്. സ്ലോക്കുകളെ സംബന്ധിച്ചാണ്. ഗ്രേബ്ബല ജനവിഭാഗങ്ങളുണ്ട്. നഗരങ്ങളിൽ വളരെയേറെ ചേരി നിർമ്മാർജ്ജനത്തിനുള്ള പരിപാടികളും ഈ രാജ്യത്ത് ഉണ്ടാകണം. ഭവന നിർമ്മാണ രംഗത്ത് ആർ.എൽ.ഇ.ജി.പി.യിലും, ഐ.ആർ.ഡി.പി.യിലും പെടാത്ത,

LIBRARY ARCHIVES Kerala Legislative Assembly

അവയുടെ അധികാരപരിധിയിൽപ്പെടാത്ത നഗരങ്ങളിൽ ചേരി നിർമ്മാ
ജ്ജനത്തിന് വ്യക്തമായ ചില പരിപാടികളും ആവിഷ്ക്കരിക്കണം എന്ന്
ഞാൻ പറയുന്നു. ഇവിടെ ചർച്ച ചെയ്യുന്നത് അടുത്ത നാല് മാസങ്ങ
ളിൽ ചെലവഴിക്കാനുള്ള സംഖ്യയുടെ വോട്ട് ഓൺ അക്കൗണ്ട്സ് ആണ്.
ഈ സർക്കാരിനെ പ്രതിനിധീകരിക്കുന്ന പ്രസ്ഥാനങ്ങളൊക്കെത്തന്നെ
കഴിഞ്ഞ കുറച്ച് ദിവസമായി അവരുടെ അഭിപ്രായങ്ങളും വികാരങ്ങളും
പ്രകടമാക്കി. പക്ഷേ ഭരണകക്ഷിയിലേയും പ്രതിപക്ഷത്തേയും എല്ലാ
രാഷ്ട്രീയ കക്ഷികളുടേയും ഉപബോധമനസ്സുകളിലുള്ള, സജീവ രാഷ്ട്ര
ട്രീയത്തിൽ നിന്നു മാറി നില്ക്കുന്ന ഗണ്യമായ ഒരു ജനവിഭാഗത്തിന്റെ
ഹൃദയത്തിന്റെ വികാരങ്ങളും ഞാൻ ഇവിടെ രൂപം കൊടുക്കാൻ ആഗ്രഹി
ക്കുകയാണ്. രാഷ്ട്രീയ രംഗത്തുള്ള അസ്ഥിരതമൂലം കഴിഞ്ഞ അഞ്ചാറ്
മാസമായി ഈ സംസ്ഥാനത്ത് ഭരണരംഗത്ത് സംഭവിച്ചിട്ടുള്ള മാന്ദ്യത്തിന്
ഒരു വിരാമം ഇടാനുള്ള തീരുമാനമെടുക്കുമെന്ന പ്രതീക്ഷയോടുകൂടി നാല്
മാസം ചെലവഴിക്കാനുള്ള ഈ വോട്ട് ഓൺ അക്കൗണ്ട്സിനെ ഞാൻ
പിൻതാങ്ങുന്നു.

ശ്രീമതി പി. വേലായുധി : സർ, കൂട്ടുത്തരവാദിത്വം ഇല്ലാത്ത ഈ ഐക്യ
ജനാധിപത്യ മുന്നണി ഗവൺമെന്റ് അവതരിപ്പിച്ച വോട്ട് ഓൺ അക്കൗണ്ടിനെ
ഞാൻ എതിർക്കുകയാണ്. മതപ്രസംഗം നടത്തുന്നതുപോലെയൊരു പ്രസംഗം
നടത്തി ധനകാര്യമന്ത്രി പാവപ്പെട്ട ജനവിഭാഗങ്ങളെയെല്ലാം ആശീർവദിച്ചിരുത്തി
യിരിക്കുകയാണ്. കണക്കുകൊണ്ട് കസർത്ത് നടത്തി 60 ലക്ഷം രൂപ കമ്മി
യിൽ നിന്ന് 22 ലക്ഷം രൂപ മിച്ചമുണ്ടാക്കി എന്ന് കാണിച്ചിട്ടുണ്ട്. അത് ഭൂതാ
വഹമായ ഒരു മിച്ചമാണ് ധനകാര്യമന്ത്രി ഉണ്ടാക്കിക്കാണിച്ചിട്ടുള്ളത്. ഈ
രാജ്യത്തെ പത്തുലക്ഷത്തോളം വരുന്ന പരമ്പരാഗത വ്യവസായത്തൊഴിലാളികളെ
സംബന്ധിച്ച് നമ്മുടെ ബഡ്ജറ്റിൽ എന്താണുള്ളത്? കൈത്തറി വ്യവസായം.
എടുത്ത് പരിശോധിക്കാം. കൈത്തറി വ്യവസായം കേരളത്തിലുണ്ട് എന്ന്
വാസ്തവത്തിൽ ബഡ്ജറ് അവതരിപ്പിച്ചപ്പോൾ ധനകാര്യമന്ത്രി മറന്നുപോയി.
രണ്ടുലക്ഷത്തിൽപ്പരം തൊഴിലാളികൾ ജോലിചെയ്തത് 5 ലക്ഷത്തോളം വരുന്ന
ജനങ്ങൾ ഉപജീവനം കഴിക്കുന്ന ഒരു വ്യവസായമാണ് കൈത്തറി വ്യവസായം.
ഞാൻ തെരഞ്ഞെടുക്കപ്പെട്ടുവന്ന നിയോജകമണ്ഡലത്തിലെ ബഹുഭൂരിപക്ഷം
ജനങ്ങളും കൈത്തറി വ്യവസായം കൊണ്ട് ജീവിക്കുന്നവരാണ്.. ആ മണ്ഡല
ത്തിൽക്കൂടി നടന്നു നോക്കിയാൽ ഒരുനേരമെങ്കിലും വയറുനിറച്ച്
ഭക്ഷണം കഴിച്ച് തുള്ളിച്ചാടി നടക്കുന്ന ഒരു കുട്ടിയെ പോലും ആ തൊഴിലാളി
കുടുംബങ്ങളിൽ കാണാൻ സാധിക്കുകയില്ല. നമ്മുടെ ധനകാര്യമന്ത്രി അത്
മറന്നുപോയിരിക്കുകയാണ്. ഹാൻടെക്സിലും അതുപോലുള്ള സഹകരണ
സംഘങ്ങളിലും 80 കോടി രൂപയുടെ തുണി കെട്ടിക്കിടക്കുകയാണ്. 1984
മുതൽ റിബേറ് കൊടുത്തുതീർക്കാൻ സാധിച്ചിട്ടില്ല. അതിന്റെ ഫലമായി
9 കോടിയിൽ പരം രൂപ കൊടുക്കാൻ ബാദ്ധ്യതയുണ്ട്. എങ്ങനെ കൈത്തറി
തൊഴിലാളികൾ ജീവിക്കും? ധനകാര്യമന്ത്രി പറയുന്നത് ഈ രാജ്യം സ്വർ
ഗ്ഗമാക്കുമെന്നാണ്. നമ്മുടെ രാജ്യത്തെ കൈത്തറിത്തൊഴിലാളികൾക്ക് ഇനി
എന്താണ് രക്ഷ ? 70 ലക്ഷം സ്ത്രീകളാണ് കൈത്തറിമേഖലയിൽ പണിയെ
ടുക്കുന്നത്. ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം നമ്മുടെ
രാജ്യത്തെ പാവപ്പെട്ട തൊഴിലാളി കുടുംബങ്ങൾ പട്ടിണി കിടന്നു തകർന്നു തരി
പ്പണമാകുകയാണ്. ഗവൺമെന്റിനു ഇതൊരു പ്രശ്നമല്ല. കൈത്തറിത്തൊ
ഴിലാളികൾ വിറവഴിക്കുന്നതിനു ആഭ്യന്തരമാർക്കറ്റ് പോരായെന്നുള്ളത് എല്ലാ
വർക്കും അറിയാവുന്ന കാര്യമാണ്. വിദേശമാർക്കറ്റ് തേടണമെങ്കിൽ കേന്ദ്രസ
ഹായം വേണം. പക്ഷേ ഇവിടെ തീരുമാനിച്ചിരിക്കുന്നത് കേന്ദ്രവുമായി
സമരം ചെയ്യാൻ പാടില്ലായെന്നാണ്. കേന്ദ്രത്തിന്റെ മേൽ സമ്മർദ്ദം ചെലു

LIBRARY ARCHIVES Kerala Legislative Assembly

ത്താതെ എങ്ങനെ കേരളത്തിലെ അഞ്ചുലക്ഷം ജനങ്ങളെ രക്ഷിക്കാനാകും ? ഈ ഗവൺമെൻറിന് ഭരിക്കാൻ സമയമില്ല. കഴിഞ്ഞ സെപ്റ്റംബർ മുതൽ മാർച്ച് വരെയുള്ള കാലയളവിൽ കൂട്ടായി ഇരുന്നുകൊണ്ട് ഈ ഗവൺമെൻറിന് എന്തെങ്കിലും തീരുമാനമെടുക്കാൻ സാധിച്ചിട്ടുണ്ടോ ? അതിവർഷം മൂലം നശിച്ചുപോയിട്ടുള്ള പാലങ്ങളുടെ കാര്യവും അതുപോലുള്ള മറ്റു കാര്യങ്ങളും പറയാൻ നിരവധി പ്രാവശ്യം ഞാൻ തന്നെ മന്ത്രിമാരെ കാണാൻ പോയിട്ടുണ്ട്. മന്ത്രിമാരുടെ വീട്ടിൽ വിളിച്ചു ചോദിച്ചാൽ പറയുന്നത് ഫോണിൽ കോൺടാക്റ്റ് ചെയ്യാൻ പറ്റാത്ത സ്ഥലങ്ങളിലാണ് എന്നാണ്. അവർ അജ്ഞാത കേന്ദ്രങ്ങളിലാണ്. അവർ തമ്മിൽ പരസ്പരം തർക്കമാണ്, ഇവർക്ക് കൂട്ടുത്തരവാദിത്വമില്ല. ഈ വോട്ട് ഓൺ അക്കൗണ്ട് പാസ്സാക്കിയെടുത്താൽ ഈ രാജ്യത്തെ ജനങ്ങൾക്ക് നിങ്ങൾ എന്തെങ്കിലും ചെയ്യുമെന്ന വിശ്വാസം എനിക്കില്ല. 31-ാം തീയതി നിയമസഭ പിരിഞ്ഞുകഴിഞ്ഞാൽ ഇവർ റോഡിലിറങ്ങി അങ്ങോട്ടുമിങ്ങോട്ടും കോലം കത്തിക്കും ; അങ്ങോട്ടുമിങ്ങോട്ടും ചെളിവാരിയെറിയും. ആരോപണ പ്രത്യാരോപണങ്ങൾ കൊണ്ട് ഈ രാജ്യത്തെ ജനങ്ങളെയാണ് ദുരിതത്തിലാക്കിയിരിക്കുന്നത്. ഇവിടെ ഭരണം പരിഹാസ്യമായിരിക്കുകയാണ്. ജനങ്ങൾക്ക് ഈ ഭരണത്തിന്റെ ആവശ്യമില്ല. ജനങ്ങൾക്കുവേണ്ടി യാതൊന്നും ചെയ്യാൻ കഴിയാത്ത ഗവൺമെൻറാണ് ഇത്. 65 ശതമാനം വരുന്ന ജനങ്ങൾ ദാരിദ്ര്യരേഖയ്ക്ക് താഴെയാണ്. നിങ്ങൾക്ക് എന്താണ് പരിപാടിയുള്ളത് ?

ഐ. ആർ. ഡി. പി., എൻ. ആർ. ഇ. പി. തൊഴിലിന് ഭക്ഷണം ഇതൊക്കെ കൊണ്ടാണോ നിങ്ങൾ ഈ രാജ്യത്തെ തൊഴിലില്ലായ്മ പരിഹരിക്കുന്നത് ? അഭ്യസ്ത വിദ്യരടക്കം 25 ലക്ഷം ജനങ്ങൾ തൊഴിലില്ലാത്തവരുണ്ട്. അവരിൽ ബഹുഭൂരിപക്ഷം സ്ത്രീകളാണ്. നിങ്ങളുടെ ഭരണംകൊണ്ട് ഈ രാജ്യത്തെ സ്ത്രീകളുടെ നില തകർന്നു തരിപ്പണമായിരിക്കുകയാണ്. അവർക്ക് തൊഴിൽ കൊടുക്കണമെങ്കിൽ ഐ. ആർ. ഡി. പി. കൊണ്ട് സാധിക്കുമോ ? ഐ. ആർ. ഡി. പി. കൊണ്ട് എന്തു പ്രയോജനമാണുള്ളത് ? മറ്റൊന്ന് ട്രെസ്സം പരിപാടി ! അതു കൊണ്ട് എത്രപേർക്ക് തൊഴിൽ കൊടുക്കാൻ സാധിക്കും ? 65 ശതമാനം വരുന്ന തൊഴിലില്ലാത്തവരെ അഞ്ചുകൊല്ലം കൊണ്ട് സമൂഹത്തിലേക്ക് ഉയർത്തിയെടുക്കാൻ പോകുകയാണ്. ഒരു ആടോ, ഒരു പശുവോ, ഒരു തയ്യൽ മെഷീനോ കൊടുക്കും. ആൺകുട്ടിയാണെങ്കിൽ പ്ലംബർ ട്രെയിനിംഗ് അല്ലെങ്കിൽ ഫിറ്ററുടെ ട്രെയിനിംഗ് കൊടുക്കും. 6 മാസത്തെ ട്രെയിനിംഗ് കൊടുത്തതുകൊണ്ട് ഒരു കുടുംബം പുലർത്താൻ കഴിയുമായിരുന്നുവെങ്കിൽ ഈ രാജ്യം എന്നേ സ്വർഗ്ഗത്തിലെത്തുമായിരുന്നു. ജനങ്ങളുടെ കണ്ണിൽ പൊടിയിടാൻ വേണ്ടിമാത്രം ബഡ്ജറ്റ് അവതരിപ്പിക്കുകയും അത് പാസ്സാക്കിയെടുക്കുകയും ചെയ്യുന്നത് അതുകഴിഞ്ഞാൽ തമ്മിലടിക്കുന്നതിനും മറ്റ് കാര്യങ്ങൾ ചെയ്യുന്നതിനും വേണ്ടിയാണ്. അതിനു വേണ്ടിയാണ് ഇത് പാസ്സാക്കാൻ അഭ്യർത്ഥിക്കുന്നത്. അതുകൊണ്ടാണ് ഞാൻ ഇതിനെ എതിർക്കുന്നത്. ജനാധിപത്യം എന്നത് നിങ്ങൾക്കു തൊട്ടുതെറിച്ചിട്ടുണ്ടോ ? രണ്ടു കൊല്ലമായില്ലേ പഞ്ചായത്തുതെരഞ്ഞെടുപ്പ് നടത്തുമെന്ന് ഈ രാജ്യത്തെ ജനങ്ങളോടു പറയാൻ തുടങ്ങിയിട്ട് ? എന്താണ് പഞ്ചായത്തിൽ നടക്കുന്നത്. അവിടെ പരിപൂർണ്ണമായ അഴിമതിയാണ് നടക്കുന്നത്. വീട്ടുകരവും തൊഴിൽ കരവും പിരിക്കുന്നുണ്ട്. എന്തു വികസനപ്രവർത്തനമാണ് ഇവിടെ നടക്കുന്നത് ? ഒരു വികസന പ്രവർത്തനവും നടക്കുന്നില്ല. ചില സ്ഥലങ്ങളിൽ വികസനപ്രവർത്തനങ്ങൾ നടക്കുന്നുണ്ട്. നടപ്പാതകളും റോഡുകളുടെ ചെറിയ പണികളും നടക്കുന്നുണ്ട്. പക്ഷേ പഞ്ചായത്ത് പിരിക്കുന്ന നികുതിയുടെ പത്തുശതമാനം പോലും വികസനപ്രവർത്തനങ്ങൾക്കു വേണ്ടി ഉപയോഗിക്കുന്നില്ലെന്നുള്ളത് വ്യക്തമായി

LIBRARY ARCHIVES Kerala Legislative Assembly

പറയാൻ സാധിക്കും. മുഴുവൻ അഴിമതിയും കൈക്കൂലിയുമാണ്. ആ രംഗത്ത് നടക്കുന്നത്. വികസനപ്രവർത്തനങ്ങൾക്ക് പൈസ ചെലവഴിക്കുന്നില്ല, ചിലരുടെ പോക്കറ്റിലാണ്. പൈസ വീഴുന്നത്. ജനാധിപത്യമില്ല, പര സ്പരം യോജിപ്പില്ല, കൂട്ടുത്തരവാദിത്വമില്ല ; ഈ രാജ്യത്തെ ജനങ്ങളെ ഭരിക്കാൻ അർഹതയുമില്ല. ഈ പരിഹാസ്യമായിട്ടുള്ള ഭരണം അവസാനിപ്പിക്കണം.

വിലവർദ്ധനവിന്റെ കാര്യം പറയാം. നിങ്ങൾ വന്നതിനുശേഷം എത്ര പ്രാവശ്യം സാധനങ്ങളുടെ വില വർദ്ധിപ്പിച്ചു ? നാലുപ്രാവശ്യം റേഷൻ സാധനങ്ങളുടെ വില വർദ്ധിപ്പിച്ചു. മണ്ണെണ്ണ, അരി മുതലായ നിത്യോപയോഗ സാധനങ്ങളുടെ വില 80 ശതമാനത്തിലധികം വർദ്ധിപ്പിച്ചു. നിങ്ങൾക്ക് എങ്ങനെ ഈ രാജ്യം ഭരിക്കാൻ കഴിയും ? ഈ രാജ്യം എന്താക്കി എന്നാണ് നിങ്ങൾ പറയുന്നത് ? ഇപ്പോൾ 22 ലക്ഷം രൂപയുടെ മിച്ചമുണ്ടാക്കിയെന്നാണ് പറയുന്നത്.

സർക്കാർ സ്കൂളുകളുടെ കാര്യം പരിശോധിക്കാം. വിദ്യാഭ്യാസമന്ത്രി അവിടെയില്ല. കഴിഞ്ഞ പ്രാവശ്യം ബഡ്ജറ്റിന്റെ ചർച്ചാവേളയിൽ, കേരളത്തിലെ പെൺകുട്ടികൾക്ക് ധൈര്യമായി മൂത്രമൊഴിക്കുന്നതിന്, മുഴുവൻ സ്കൂളുകളിലും മൂത്രപ്പുരയുണ്ടാക്കുമെന്ന്, വിദ്യാഭ്യാസമന്ത്രി പറഞ്ഞു. എന്റെ പഞ്ചായത്തിൽ, പെൺകുട്ടികളുടെ സ്കൂളിൽ ഒരു കോമ്പൗണ്ട് വാൾ കെട്ടുന്നതിന് വേണ്ടി നാലുവർഷമായി ആവശ്യപ്പെടുന്നു. അതിനുപോലും കഴിവില്ലാത്ത ഒരു ഗവൺമെന്റാണിത്.

അന്യരുടെ കുട്ടികളെ സ്വന്തംകുട്ടികളെപ്പോലെ സ്നേഹിക്കുകയും പരിചരിക്കുകയും ചെയ്യുന്ന ബാലവാടി അദ്ധ്യാപികമാർ 250 രൂപ ശമ്പളം കിട്ടുന്നതിനുവേണ്ടി 72 മണിക്കൂർ നിരാഹാരസത്യാഗ്രഹം കിടക്കേണ്ടിവന്നു. അങ്ങനെയുള്ള രാജ്യമാണ് നമ്മുടേത്. നിങ്ങൾക്ക് ലജ്ജയില്ലേ ? ഞാൻ ഈ വോട്ട് ഓൺ അക്കൗണ്ടിനെ ശക്തിയായി എതിർക്കുന്നു.

ശ്രീ. സി. ജി. ജനാർദ്ദനൻ : സർ, ഞാൻ ഈ വോട്ട് ഓൺ അക്കൗണ്ടിനെ അനുകൂലിക്കുകയാണ്. നമ്മുടെ മുഖ്യമന്ത്രി, അശ്രദ്ധ കൊണ്ടല്ല, മനസ്സിലാക്കാഞ്ഞിട്ടല്ല, മനസ്സിലാക്കിയില്ലെന്നു നടിച്ചിട്ട് ഇന്ന് പ്രതിപക്ഷം തുടങ്ങിവച്ചിരിക്കുന്ന ആരോപണങ്ങൾക്ക് ശാശ്വതമായ പരിഹാരം ഉണ്ടാക്കാൻ ശ്രമിക്കുന്നില്ല. നമ്മെ വലിയ ആക്ഷേപമാണ് ഇവിടെ നടത്തുന്നത്. എന്തിനാണെന്ന് മുഖ്യമന്ത്രി മനസ്സിലാക്കാഞ്ഞിട്ടാണെങ്കിൽ അദ്ദേഹം മനസ്സിലാക്കണം. ഞാൻ ഒരു കാര്യം സൂചിപ്പിക്കട്ടെ. ഭരണകൂടത്തിന്റെ അകത്തുകയറിയല്ലാതെ പാർട്ടിവളർത്തുന്നതിന് മറ്റ് മാർഗ്ഗമൊന്നുമില്ലെന്ന് പാർട്ടി പ്രവർത്തനത്തിന്റെ നീണ്ടകാലത്തെ ചരിത്രം കണ്ടതിനുശേഷം ഏറ്റവും ബുദ്ധിമാനായ ഇ. എം. എസ്. പറഞ്ഞു.

സർ, നമ്പൂതിരിപ്പാട് കോൺഗ്രസ്സിന്റെ സെക്രട്ടറിയായിരിക്കുന്ന കാലത്താണ് കമ്മ്യൂണിസ്റ്റ് പാർട്ടിയുണ്ടാക്കിയത്. ഇപ്പോൾ
1 p. m.] നമ്പൂതിരിപ്പാടിന്റെ വാദം ഞങ്ങളെല്ലാം വർഗ്ഗീയവാദികളാണെന്നാണ്. അതുകൊണ്ട് ഞങ്ങളെയെല്ലാം അടിച്ചുപുറത്താക്കി ശുദ്ധിവരുത്തി ഞങ്ങളെ നിങ്ങളുടെ ഭാഗത്തു ചേർക്കു എന്നാണ്. കഴിഞ്ഞ പ്രാവശ്യം പറഞ്ഞിയാതിരി നമ്പൂതിരിപ്പാട് ചെയ്തില്ല.

നമ്മുടെ ബേബിജോൺ നിരവധി തവണ മന്ത്രിയായ ആളാണ്. അദ്ദേഹത്തെ വീണ്ടും മന്ത്രിയാക്കിയാൽ തല മറന്നെണ്ണതേക്കുമെന്നോ, തന്നെക്കാൾ വലുതാകുമെന്നോ ഭയമുണ്ടെങ്കിൽ നിങ്ങളുടെ മുന്നണിയിൽ ഐക്യത്തോടെ യോജിച്ചുനിൽക്കുന്ന ഒരു സോഷ്യലിസ്റ്റായ, കേരളത്തിന്റെ ശ്രദ്ധ പിടിച്ചുപറ്റിയ ശ്രീ. ലോനപ്പൻ നമ്പാടനെ മുഖ്യമന്ത്രിയാക്കി ഇപ്പുറത്ത് ഇപ്പോൾ

LIBRARY ARCHIVES Kerala Legislative Assembly

നടക്കുന്നത് ഒരു വിനയാണെങ്കിൽ അത് അവസാനിപ്പിക്കാനൊന്നു ശ്രമിച്ചു കൂടെ ? മൂന്നാമതായി നിങ്ങൾ വിചാരിച്ചിരുന്നത്, മാണി ഇപ്രാവശ്യം നിയമസഭയിൽ വരുമ്പോൾ ഒരു ഗുസ്തി നടക്കുമെന്നും അവർ തമ്മിൽ പിടഞ്ഞു താഴെ വീഴുമെന്നുമായിരുന്നു.

ശ്രീ. പി. സി. ജോർജ് : തൃശ്ശൂർക്കാരനായ നമ്പാടൻ മാസ്റ്ററെ മുഖ്യമന്ത്രിയാകിയാൽ ബഹുമാനപ്പെട്ട മെമ്പർ പിൻതുണ കൊടുക്കുമോ ?

ശ്രീ. സി. ജി. ജനാർദ്ദനൻ : സത്യസന്ധനായ, കേരളത്തിന്റെ ശ്രദ്ധ പിടിച്ചുപറ്റിയ നമ്പാടൻ മുഖ്യമന്ത്രിയായാൽ ഒരിക്കലും പാർട്ടിയുടെ ശല്യമുണ്ടാകുകയില്ല എന്ന് ഭയപ്പെടാനില്ലാത്തതുകൊണ്ട് നമ്പാടൻ മുഖ്യമന്ത്രിയാകുന്നതിൽ എനിക്ക് സന്തോഷമാണ്. പക്ഷേ നമ്പൂതിരിപ്പാട് അത് സമ്മതിക്കില്ല. അവസാനം നിങ്ങൾ വിചാരിച്ചിരുന്ന ആ മാർഗ്ഗമെന്താണ് ? മാണിയും കരുണാകരനും ഇപ്പോൾ യുദ്ധം ചെയ്യും. അതിനകത്ത് മുസ്ലിം ലീഗും യുദ്ധം ചെയ്യും. നിങ്ങൾ വർഗ്ഗീയമെന്ന് പറഞ്ഞാൽമതി ഇവിടത്തെ ഹൈന്ദവമനോഭാവം നിങ്ങൾക്കു അനുകൂലമായി വരും. 2 ശതമാനം വരുന്ന കത്തോലിക്കരും 10 ശതമാനം വരുന്ന മുസ്ലീങ്ങളും, ഇവരെ എതിർത്താൽ പത്തും രണ്ടും പന്ത്രണ്ടും കഴിച്ച് ബാക്കി 88 ശതമാനം നമ്മുടെ പോക്കറ്റിൽ വരുമെന്നുള്ള ധാരണ വച്ച് തുടങ്ങിയ ആ മാർഗ്ഗം നിർത്തുകയാണ് നല്ലത്. ഞാൻ ചോദിക്കട്ടെ ശ്രീ. നാരായണഗുരുദേവൻ വർഗ്ഗീയവാദിയാണെന്ന് ഇ. എം. എസ്. പറഞ്ഞാൽ ഗൗരിയമ്മ സമ്മതിക്കുമോ ? ശ്രീമാൻ ഷൺമുഖദാസ് സമ്മതിക്കുമോ ? ഈ രാജ്യത്തെ ആരെങ്കിലും സമ്മതിക്കുമോ ? മനഃസാക്ഷിയോടുകൂടിയാണോ ഇത് പറയുന്നത് ? ഞങ്ങൾ വർഗ്ഗീയവാദികളല്ല. ജാതിയുടെ പേരിലുണ്ടാകുന്ന പ്രയാസങ്ങളിൽ നിന്നും ഒരു മോചനമാർഗ്ഗത്തിനു വേണ്ടി ശ്രമിക്കുന്ന ഞങ്ങളെയാണ് നിങ്ങൾ വർഗ്ഗീയവാദികളെന്ന് പറയുന്നത്. എന്നിട്ട് അധഃസ്ഥിതരുടെ മോചനത്തിനുവേണ്ടി ശ്രമിക്കുന്ന ശ്രീ. എം. വി. രാഘവൻ തുടങ്ങിയ ആളുകളെ ഈ നിയമസഭയിലെ ഭൂരിപക്ഷം കമ്മ്യൂണിസ്റ്റുകളുടെ ആഗ്രഹത്തിനെതിരായിട്ട് അച്ചടക്കനടപടികളുടെ പേരിൽ ഈ രാജ്യത്തെ ജനങ്ങളിൽ നിന്ന് മാറ്റാമെന്നുള്ള ധാരണയെങ്കിൽ അതൊന്നും നടക്കുമെന്നു തോന്നുന്നില്ല. മൂന്നാമത്തെ മാർഗ്ഗം ശ്രീ. കരുണാകരൻ നടപ്പാക്കണമെന്നാണ് ഞങ്ങളുടെ അപേക്ഷ, ഈ സംസ്ഥാനത്ത് ഏറ്റവും കൂടുതൽ ആരോപണവിധേയമായവരെ ഒഴിമതി നിരോധന കമ്മീഷനെക്കൊണ്ട് അന്വേഷിപ്പിച്ച് പരിഹാരമുണ്ടാക്കാൻ അദ്ദേഹം ശ്രമിക്കണം. ആരുടെയും സമ്മർദ്ദത്തിനു വഴങ്ങാതെ അടുത്ത 15 മാസം കൊണ്ട് ഒരു സൽഭരണം കാഴ്ചവയ്ക്കാൻ മുഖ്യമന്ത്രിയെന്നുള്ള നിലയിലുള്ള അധികാരം ശ്രീ. കരുണാകരൻ വിനിയോഗിക്കണം. എന്റെ വീട് എന്റെ തറവാട്, എന്റെ സ്വത്ത് എന്നതിനു പകരം കേരളത്തിലെ കൂട്ടായ മന്ത്രിസഭ എന്നൊരു മുഖച്ഛായയുണ്ടാക്കണം. കമ്മ്യൂണിസ്റ്റ് പാർട്ടിക്ക് ഇനിയൊരിക്കലും നേരെ ചൊവ്വേ വന്നു കാര്യങ്ങൾ ചെയ്യാമെന്നല്ലാത്ത വളഞ്ഞ വഴിയിൽ കൂടി ഒന്നും നേടാൻ സാധിക്കുകയില്ല. അച്യുതമേനോനേയും വാസുദേവൻനായരെയും കൊന്ന നിങ്ങൾ ഇപ്പോൾ ശ്രീ. എം. വി. ആറിനേയും കൊല്ലാൻ പോവുകയാണ്. ശ്രീ. ഭരതൻ ചെയ്തതുപോലെയൊരു പ്രസംഗം ഇനി ചെയ്താൽ ശ്രീ. ഭരതനേയും അവസാനിപ്പിക്കും. ഗൗരിയമ്മ ഏതാണ്ട് അവസാനിച്ചിരിക്കുന്നു. പി. ഗംഗാധരനെ അവസാനിപ്പിച്ചു കഴിഞ്ഞു. അങ്ങനെയുള്ള ഈ രാജ്യത്തെ അധഃസ്ഥിതരുടെ ശത്രുക്കളെ ശാശ്വതമായി അവസാനിപ്പിക്കുന്നതിന് നമുക്ക് ഒന്നിച്ച് യത്നിക്കാമെന്നു പറഞ്ഞുകൊണ്ട് ഈ വോട്ട് ഓൺ അക്കൗണ്ടിനെ അനുകൂലിച്ചുകൊണ്ട് ഞാൻ എന്റെ വാക്കുകൾ അവസാനിപ്പിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ലോനപ്പൻ നമ്പാടൻ: സർ, ഞാൻ ഈ വോട്ട് ഓൺ അക്കൗണ്ടിനെ എതിർക്കുകയാണ്. മന്ത്രി മാണിയുടെ അവസാനത്തെ അത്താഴത്തിനുശേഷം ഇന്നലെ രാത്രി മസ്ക്കറ്റ് ഹോട്ടലിൽ കേരളാകോൺഗ്രസുകാർ കൂട്ട പ്രാർത്ഥന നടത്തി.

"ഡൽഹിയിലിരിക്കുന്ന ഞങ്ങളുടെ പിതാവേ, അങ്ങയുടെ നാമം പൂജിതമാകേണമേ. ഞങ്ങൾ കേന്ദ്ര വിരുദ്ധരാണെങ്കിലും അങ്ങയുടെ തിരുമനസ്സു പോലെ കേരളത്തിലുമാകേണമേ, ഞങ്ങളുടെ മന്ത്രി സ്ഥാനം എന്നും ഞങ്ങൾക്ക് നൽകേണമേ, പിള്ളയെപ്പോലെ ഞങ്ങളെ പരീക്ഷയിൽ ഉൾപ്പെടുത്തരുതേ, ഭരണം ആരുടെ കയ്യിൽപോയാലും "ധനം" മാണിയുടെ കയ്യിൽ ഉറപ്പുള്ള കോട്ടയായിരിക്കേണമേ, വളരുന്തോറും പിളരുകയും പിളരുന്തോറും വളരുകയും ചെയ്യുന്ന അദ്ധ്വാനിവർഗ്ഗമായ ഞങ്ങളെ ലീഡറുടെ വഞ്ചനയിൽ നിന്ന് കാത്തുകൊള്ളേണമേ, കഴിയുമെങ്കിൽ ഈ കരുണാകര പാനപാത്രം അങ്ങ് എടുക്കേണമേ. അറബികളുടെ ദാസരായ അഹമ്മദിനേയും ബീരാനേയും അങ്ങയുടെ സന്നിധിയിലേക്ക് ഉയർത്തേണമേ. ഇതിനെല്ലാം കൂട്ടുനിന്ന രവിയുടെ പ്രാർത്ഥനയും ദയാപൂർവ്വം കേട്ടരുളേണമേ. മദ്യത്തിനേറയും മാംസത്തിനേറയും മകുടമായ മന്ത്രി ശ്രീനിവാസന്റെ പ്രലോഭനത്തിൽ ഞങ്ങളെ അകപ്പെടുത്തരുതേ, നായരുടെ തെറ്റുകൾ മാരാര് ക്ഷമിക്കയില്ലെങ്കിൽ മാരാരുടെ തെറ്റുകൾ ഡൽഹിയിലിരിക്കുന്ന പിതാവും ക്ഷമിക്കുകയില്ല. അടുത്തവർഷമെങ്കിലും അഞ്ചാറ് പോളികൾ ഞങ്ങൾക്ക് കനിയേണമേ, പള്ളിക്കൂടം തുറക്കുന്ന പരുവത്തിന് പത്ത് കാശിന് വഴികാണിക്കേണമേ, അടുത്ത ബഡ്ജറിലും ഞങ്ങളുടെ തോട്ടങ്ങളും ബ്ലേഡ് കമ്പനികളും ഇന്നത്തെപോലെ ഒഴിവായിക്കിട്ടേണമോ, പഞ്ചാബിന് കോച്ച് ഫാക്ടറി കൊടുത്ത കേന്ദ്രമേ, കേരളത്തിന് ഒരു കൊച്ച് കൊളുത്തു ഫാക്ടറിയെങ്കിലും തരേണമേ, ഉച്ചകഴിഞ്ഞ് ഞങ്ങൾക്ക് കാലുറയ്ക്കില്ലെന്നു പറഞ്ഞ കോട്ടയത്തെ കിഴക്കേമുറിയെ മുറിയ്ക്കകത്ത് കിട്ടാൻ ഇടയാക്കേണമേ, ശിശുക്കളുടെ കല്യാണജീവിതം താറുമാറാക്കുന്ന നവാബിനെപ്പോലെയുള്ള അന്തകൻമാർക്ക് അറുതി വരുത്തേണമേ. മലിന ജലത്തിന്റെ മദ്ധ്യസ്ഥനായ ഗംഗാധരനോടും ആനേറയുടെ പ്രതിച്ഛായയായ കരുണാകരനോടും ഞങ്ങൾ ക്ഷമിച്ചതുപോലെ, സമ്പന്നവർഗ്ഗത്തിനും പ്രത്യേകിച്ച് സ്വർണ്ണക്കടക്കാർക്കും ഒത്താശ ചെയ്യുന്ന ഞങ്ങളോടും ക്ഷമിക്കേണമേ. എന്തുകൊണ്ടെന്നാൽ രാജ്യവും ശക്തിയും മഹത്വവും എന്നെന്നും അങ്ങേയ്ക്കുള്ളതാകുന്നു".

ശ്രീ. വി. ദിനകരൻ: സർ, ഞാൻ ഈ വോട്ട് ഓൺ അക്കൗണ്ടിനെ അനുകൂലിക്കുകയാണ്. വെള്ളപ്പൊക്ക ദുരിതാശ്വാസപ്രവർത്തനങ്ങൾ വളരെ ദ്രുതഗതിയിൽ നടന്നുകൊണ്ടിരിക്കുന്ന സമയമാണിത്. ഈ മാർച്ച് 30-ന് മുമ്പ് ജോലി പൂർത്തിയാക്കാൻ സാധിക്കുകയില്ലെന്നുള്ള വസ്തുത കണക്കിലെടുത്ത് അത് മേയ് 31-ന് വരെ നീട്ടിക്കൊടുക്കാനുള്ള നടപടി ഗവൺമെന്റിന്റെ ഭാഗത്തു നിന്നുണ്ടാകണം. ആലപ്പുഴ ജില്ല ഇപ്പോൾ ഒരു വരൾച്ചയുടെ പിടിയിലാണ്. ജലദൗർലഭ്യം കാരണം കൃഷിഭൂമികളെല്ലാം ഉണങ്ങി വരണ്ടിരിക്കുന്നു. ഇക്കാര്യം കണക്കിലെടുത്ത് ആലപ്പുഴ ജില്ല വരൾച്ച ബാധിത പ്രദേശമായി പ്രഖ്യാപിക്കണം. ശുദ്ധ ജല ദൗർലഭ്യം പരിഹരിക്കാനും കാർഷിക മേഖലയെ രക്ഷിക്കാനും തൊഴിൽദാന പരിപാടി ആസൂത്രണം ചെയ്യാനും നടപടി സ്വീകരിക്കണമെന്നാണ് എനിക്ക് പറയാനുള്ളത്.

എന്റെ നിയോജകമണ്ഡലത്തിലെ പ്രശ്നങ്ങൾ അങ്ങയുടെ ശ്രദ്ധയിൽപെടുത്താൻ ഞാൻ ആഗ്രഹിക്കുകയാണ്. അമ്പലപ്പുഴ നിയോജക മണ്ഡലത്തിലെ ഒൻപതിനായിരം ഏക്കർ വരുന്ന കരിനിലമേഖലയെ

ഒരു പ്രത്യേക മേഖലയായി പ്രഖ്യാപിക്കണം, കരിനിലമേഖലയിലെ കൃഷിക്കാർക്ക് പ്രത്യേക സംരക്ഷണം നൽകണം. ലാൻഡ് യൂട്ടിലൈസേഷൻ ആക്ടിൽ നിന്ന് ഈ മേഖലയെ ഒഴിവാക്കണം. 2 വർഷം മുമ്പ് ബഹുമാനപ്പെട്ട ഡെപ്യൂട്ടി മുഖ്യമന്ത്രി, തകഴിപ്പാലം ഉടനെ നിർമ്മിക്കുന്നതാണെന്ന് ഈ നിയമസഭയിൽ ഉറപ്പ് നൽകിയിരുന്നതാണ്. അതിന്റെ ഇൻവെസ്റ്റിഗേഷൻ പൂർത്തിയായി ഡിസൈനും എടുത്തു കഴിഞ്ഞതാണ് പക്ഷേ പണി ആരംഭിക്കാൻ ഇനിയും നടപടികളെടുത്തിട്ടില്ല. അതിന്റെ പണി ഉടനെ ആരംഭിക്കാൻ നടപടി സ്വീകരിക്കണം. അമ്പലപ്പുഴ-ആലപ്പുഴ മണ്ഡലങ്ങളുമായി ബന്ധപ്പെടുത്തുന്ന പല്ലാത്തുരുത്തി, ഒന്നടുമുടി പാലങ്ങളുടെ പണി ഒച്ചിന്റെ വേഗതയിലാണ് നീങ്ങുന്നത്. കഴിഞ്ഞ നിയമസഭയിൽ ഞാൻ ഇത് സബ്മിഷനിലൂടെ ഉന്നയിച്ചിരുന്നതാണ്. അന്ന് എം. എൽ. എ.മാരെ ഉൾപ്പെടുത്തിക്കൊണ്ട് ഒരു റിവ്യൂ കമ്മിറ്റി ഉണ്ടാക്കി ഇതിന്റെ പ്രവർത്തന പുരോഗതി വിലയിരുത്തുന്നതാണെന്ന് ഉറപ്പ് തന്നിരുന്നു. അതുപോലും പ്രാവർത്തികമാക്കിയിട്ടില്ല. ആ പാലത്തിന്റെ പണി കഴിയുന്നതും വേഗം പൂർത്തിയാക്കണം.

സർ, ഇലക്ട്രിസിറ്റിയുടെ കാര്യത്തിലും എന്റെ മണ്ഡലമായ അമ്പലപ്പുഴയെ അവഗണിക്കുകയാണ്. അമ്പലപ്പുഴയെ തൊട്ടു കിടക്കുന്ന കുട്ടനാട്ടിൽ നമ്മുടെ ബഹുമാനപ്പെട്ട ഇലക്ട്രിസിറ്റി വകുപ്പ് മന്ത്രി വന്ന് ഒമ്പതു ആഫീസുകൾ ഉദ്ഘാടനം ചെയ്തു. അമ്പലപ്പുഴയും കുട്ടനാടും അടുത്തടുത്തു കിടക്കുന്ന മണ്ഡലങ്ങളാണ്. അമ്പലപ്പുഴ മണ്ഡലത്തിലെ കൈനകരിയിൽ ഒരു ജൂനിയർ എഞ്ചിനീയർ ഓഫീസും പുന്നപ്രയിൽ ഒരു ജൂനിയർ എഞ്ചിനീർ ഓഫീസും തീർക്കണമെന്ന് രേഖാമൂലം ബഹുമാനപ്പെട്ട മന്ത്രിയോട് ആവശ്യപ്പെട്ടിട്ടുണ്ട്. അത് പ്രാവർത്തികമാക്കണമെന്നാണ് എനിക്ക് പറയാനുള്ളത്.

എന്റെ മണ്ഡലത്തിലെ ഏക പൊതുമേഖലാ സ്ഥാപനമാണ് സ്ക്കൂട്ടർ ഫാക്ടറി. ഇതിന്റെ പ്രവർത്തനം നിശ്ചലമായിരിക്കുകയാണ്. അവിടത്തെ ജീവനക്കാർ വഴിയാധാരമാകുന്ന സ്ഥിതിവിശേഷമാണ് ഇന്നുള്ളത്. അതിന് പരിഹാരമുണ്ടാക്കണം.

കടലാക്രമണ നിരോധനപ്രവർത്തനങ്ങളും ഇന്ന് നിശ്ചലമായിരിക്കുകയാണ്. ടെണ്ടർ വിളിച്ച കോൺട്രാക്ടർ വർക്ക് ഇട്ടിട്ട് പോയിരിക്കുന്നു. ആ കോൺട്രാക്ടറെ മാറ്റിക്കൊണ്ട് കൂടുതൽ വർക്ക് ഏറ്റെടുത്തു നടത്താനുള്ള നടപടി ഗവൺമെന്റിന്റെ ഭാഗത്തുനിന്നുണ്ടാകണം.

പുറക്കാട് പഞ്ചായത്തിൽ 17 ലക്ഷം രൂപയുടെ ശുദ്ധ ജല വിതരണത്തിന് ഒരു സ്കീം തയ്യാറാക്കി അയച്ചിട്ട് വർഷങ്ങളും പലതായി. നടപടിയൊന്നും ഉണ്ടായിട്ടില്ല. ആ മേഖലയിൽ ഹരിജനങ്ങളും കർഷകത്തൊഴിലാളികളുമാണ് ഭൂരിഭാഗവും. അവർക്ക് ശുദ്ധജലം ലഭ്യമാക്കാനുള്ള നടപടികളും സ്വീകരിക്കണം.

മൽസ്യത്തൊഴിലാളികളെ സംബന്ധിച്ച് ഒന്നു രണ്ടു കാര്യങ്ങളും കൂടി പറയുകയാണ്. ഉൾനാടൻ മേഖലയിൽ പണിയെടുക്കുന്ന മൽസ്യത്തൊഴിലാളികൾക്ക് അവരുടെ മൽസ്യബന്ധന ഉപകരണങ്ങൾക്ക് കരം വർദ്ധിപ്പിച്ചിരിക്കുന്നു. അമിതമായ കരം വർദ്ധന ഒഴിവാക്കിക്കൊടുക്കണമെന്നാണ് എനിക്ക് ഗവൺമെന്റിനോട് ആവശ്യപ്പെടാനുള്ളത്. ഗ്രൂപ്പ് അടിസ്ഥാനത്തിൽ യന്ത്രവൽക്കൃത ബോട്ടുകളും വാങ്ങിയ മൽസ്യത്തൊഴിലാളികളുണ്ട്. അവർക്ക് ചില ആനുകൂല്യങ്ങളും ഗവൺമെന്റ് പ്രഖ്യാപിച്ചിരുന്നു. ആ ആനുകൂല്യങ്ങളും 31-3-1987 വരെ നീട്ടിക്കൊടുത്ത് അവരെ സഹായിക്കണം.

LIBRARY ARCHIVES Kerala Legislative Assembly

പട്ടയം വിതരണം ചെയ്യുന്ന കാര്യത്തിൽ നമ്മുടെ റവന്യൂമന്ത്രി വളരെ ഉദാരമനസ്കനാണ്. മൽസ്യത്തൊഴിലാളി മേഖലയിൽ, പ്രത്യേകിച്ച് ഉൾനാടൻ പ്രദേശങ്ങളിൽ മൽസ്യത്തൊഴിലാളികൾക്ക് യഥാർത്ഥത്തിൽ കിട്ടേണ്ട ഭൂമി മറ്റുള്ളവർക്ക് പതിച്ച് കൊടുക്കുന്ന നടപടിയുമായി മുന്നോട്ടുപോകുകയാണ്. അത് നിർത്തിവച്ചുകൊണ്ട് അവർക്ക് ഭൂമി പതിച്ചു കൊടുക്കുവാനുള്ള നടപടികൾ സ്വീകരിക്കണം.

മൽസ്യ ബന്ധനത്തിന്റെ പേരിൽ കടലോര പ്രദേശത്ത് സംഘർഷം നില നിൽക്കുകയാണ്. റിംഗ്നെറ്റ് എന്നു പറയുന്ന ഒരു മൽസ്യബന്ധന ഉപകരണത്തിന്റെ പേരിൽ മൽസ്യത്തൊഴിലാളികൾ ചേരിയായി നിൽക്കുന്നു. ഗവൺമെൻറ് അത് കണ്ടില്ലെന്നു നടിക്കാതെ മൽസ്യത്തൊഴിലാളി സംഘടനകളുടെ പ്രതിനിധികളെ വിളിച്ചുകൂട്ടിക്കൊണ്ട് കടലോര മേഖലയിൽ നില നിൽക്കുന്ന സംഘർഷത്തിന് രമ്യമായ ഒരു പരിഹാര മുണ്ടാക്കാൻ ശ്രമിക്കണമെന്ന് അഭ്യർത്ഥിക്കുകയാണ്.

ഈ വോട്ട് വോൺ അക്കൗണ്ടിനെ ഒരിക്കൽക്കൂടി അനുകൂലിക്കുന്നു.

ശ്രീ. കെ. പുരുഷോത്തമൻ : സർ, ഈ വോട്ട് ഓൺ അക്കൗണ്ടിനെ ഞാൻ എതിർക്കുന്നു. എല്ലാ രംഗത്തും തീർത്തും പരാജയപ്പെട്ട ഒരു ഗവൺമെൻറാണ് ഇതെന്നുള്ളതുകൊണ്ടാണ് നാലുമാസത്തെ ചെലവിനുള്ള ഈ അഭ്യർത്ഥനയെ ഞാൻ എതിർക്കുന്നത്. വികസന പ്രവർത്തനങ്ങൾ കഴിഞ്ഞ നാലുവർഷമായി മഞ്ചേശ്വരം മുതൽ പാറശ്ശാല്വരെയുള്ള പ്രദേശങ്ങളിലാകെ നിലച്ചിരിക്കുന്നു. ഒന്നും നടക്കുന്നില്ല എന്ന് ഞാൻ പറയുന്നില്ല. എൻ. ആർ. ഇ. പി. ആർ. എൽ. ഇ. ജി. പി. പദ്ധതികളിലെ ചില പ്രവൃത്തികൾ നടക്കുന്നുണ്ട് എന്നുള്ളതല്ലാതെ കാര്യമായ വികസനപ്രവർത്തനങ്ങൾ ഒരൊറ്റ നിയോജകമണ്ഡലങ്ങളിലും നടക്കുന്നില്ല. എം. എൽ. എ. റോഡുകളെക്കുറിച്ച് പറഞ്ഞു. അതിപ്പോൾ ചെറിയ ചെറിയ റീച്ചുകളായിട്ടാണ് അതിന്റെ പ്രവർത്തി നടക്കുന്നത്. ഈ കണക്കിൽ എം. എൽ. എ. റോഡുകളുടെ പണി പൂർത്തിയാക്കാൻ വർഷങ്ങൾ തന്നെ വേണ്ടി വരും. എല്ലാം പുതിയ വികസന പ്രവർത്തനങ്ങൾക്കും വിലക്കു കൽപ്പിച്ചുകൊണ്ട് ഒരു ജി. ഒ. ഇറക്കിയ ഗവൺമെൻറാണിത്. ചെറിയ ചെറിയ വികസന പ്രവർത്തനങ്ങൾ "നാഴൂരിപ്പാലുകൊണ്ട് നാടാകെ കല്യാണം" എന്നു പറഞ്ഞ പോലെ പെരുമ്പറയടിച്ച് പെരുപ്പിക്കുന്ന ഒരു ഗവൺമെൻറാണിത്.

നമ്മുടെ മുഖ്യമന്ത്രിയുടെ നിയോജകമണ്ഡലമായ മാളയിലെ ഒരു അനുഭവം പറയുമ്പോൾ അത് മനസ്സിലാകും. പത്രങ്ങളിൽ വായിച്ചതാണ്. 1982-ൽ മുഖ്യമന്ത്രി തന്നെ കല്ലിട്ട് ഉദ്ഘാടനം ചെയ്ത ഒരു റോഡിന്റെ പണി, അതിനുശേഷം ഒരു കൈക്കോട്ട് മണ്ണുപോലും ഇട്ടിട്ടില്ലെന്നാണ് ഇൻഡ്യൻ എക്സ്പ്രസ് പത്രത്തിൽ ഒരു വാർത്ത വന്നത്. മാള നിയോജകമണ്ഡലത്തിലെ ജനങ്ങൾ മുഖ്യമന്ത്രിയുടെ പാർട്ടിയിൽ ഉൾപ്പെട്ട ആളുകൾ പോലും ഉൾക്കൊള്ളുന്ന ഒരു സമരസമിതി രൂപീകരിച്ച് ക്ലിഫ് ഹൗസിൽ വന്നുതന്നെ ഒരു ധർണ നടത്താൻ തീരുമാനിച്ചിരിക്കുന്നുവെന്നാണ് പത്രത്തിൽ ഞാൻ വായിച്ചത്. ഇതാണ് എല്ലാ നിയോജകമണ്ഡലങ്ങളുടേയും അനുഭവം.

ഈ ഗവൺമെൻറ് ഏറ്റവുമധികം ഭീമമായി പരാജയപ്പെട്ടത് ഈ രാജ്യത്തെ പൗരൻമാരുടെ ജീവനും സ്വത്തിനും സംരക്ഷണം നൽകുന്ന കാര്യത്തിലാണ്. കൊലപാതകങ്ങളുടെയും കവർച്ചകളുടേയും ബലാൽസംഗങ്ങളുടേയും കണക്കുകൾ വച്ച് പറഞ്ഞതല്ല. ഈ സംസ്ഥാനത്തെ ചില പ്രദേശങ്ങളിലെങ്കിലും ഇന്ന് ഭീകരാന്തരീക്ഷം നിലനിൽക്കുന്നു. ജനങ്ങൾ ഭയവിഹ്വലരായി കഴി

LIBRARY ARCHIVES Kerala Legislative Assembly

യുന്നു. കാസർഗോസ് ജില്ലയിലെ ജനങ്ങൾ മൂന്നു നാലു മാസമായി ഭീകരാന്തരീക്ഷത്തിൽ ഭയവിഹ്വലരായി കഴിയുകയാണ്. ആ നൈറ്റ്മെയറിൽനിന്ന് ഇപ്പോഴും ഒരു തരത്തിൽ മോചിതരായിരിക്കുകയാണ്. സ്വന്തം കൂരയിൽ സുരക്ഷിതരായി ഉറങ്ങാൻ കഴിയാത്ത സ്ഥിതിയാണ് ആ ജില്ലയിൽ ഉണ്ടായിരുന്നത്. ജീവനോടെ ഉണരുമോ എന്ന ഒരു ഉറപ്പുപോലുമില്ലാതെയാണ് അവർ അന്തിയുറങ്ങിയത്. ഇരുട്ടിയാൽ തലപുറത്തു കാണിക്കാതെ ജനലുകളും വാതിലുകളുമൊക്കെ അടച്ചാണ് അവർ കഴിഞ്ഞുകൂടിയിരുന്നത്, അനുഭവിച്ചവർക്കേ അതിന്റെ ഭീകരത അറിയാൻ കഴിയൂ. ഒരു ഭീകരന്റെ ആർക്കും തടയാൻ കഴിയാത്ത പൈശാചികമായ വിളയാട്ടം മാസങ്ങളോളം അവിടെ നടന്നു. അവിടെ തമ്പടിച്ചു കൂടിയ പോലീസ് മേധാവികൾക്കും ജനങ്ങളിൽ സുരക്ഷിതത്വ ബോധമുണ്ടാക്കാൻ കഴിഞ്ഞില്ല. പോലീസിനെ ജനങ്ങൾ പുച്ഛിച്ചു പരിഹസിച്ചു. രാത്രികാലങ്ങളിൽ വിചാരിക്കാത്ത കേന്ദ്രങ്ങളിൽ പാവപ്പെട്ടവരുടെ കൂരകളിൽ അന്തിയുറങ്ങുന്ന ജനങ്ങൾ ആക്രമിക്കപ്പെട്ടു. ഈ അക്രമ പരമ്പരയെ പോലീസ് അധികൃതർ വിശേഷിപ്പിച്ചത് റിപ്പർ മോഡൽ ആക്രമണമെന്നാണ്. കാസർഗോഡ് ജില്ലയിൽമാത്രം ഏഴു പേർ മരിച്ചു. മുപ്പതോളം പേർക്ക് മാരകമായി പരിക്കേറ്റു. അവരിന്നും അവശരാണ്. ചികിൽസയിൽ കഴിയുകയാണ്. മാനസിക വിഭ്രാന്തിയിൽ കഴിയുന്നവരാണ്. കർണ്ണാടക പോലീസാണു ഒടുവിൽ ഈ അക്രമികളെ പിടികൂടിയത്. ഔദ്യോഗിക പ്രഖ്യാപനം വന്നത് ഫെബ്രുവരി 27-ാം തീയതി കർണ്ണാടകയിൽവച്ചു പിടിച്ചുവെന്നാണ്. എന്നാൽ യഥാർത്ഥത്തിൽ കർണ്ണാടക പോലീസ് റിപ്പറേയും സംഘത്തേയും പിടിച്ചത് കേരളത്തിൽ വച്ചുതന്നെയാണ്. അതും കേരളാപോലീസിന്റെ കൺമുമ്പിൽ വച്ചിട്ട് അറസ്റ്റ് ചെയ്തിട്ട് പോലീസുകാരുടെ വേഷം ഇടുവിച്ചിട്ടാണ് കേരളാ പോലീസുകാരുടെ കൺമുമ്പിലൂടെയാണ് അവരെ മൈസൂറിലേക്ക് കടത്തി കൊണ്ടുപോയത്.

ഹോസ്ദുർഗ് താലൂക്കിലെ കിനാനൂർ വനത്തിൽ റിപ്പറെ കണ്ടുവെന്ന് വൈകുന്നേരം ഏഴു മണിക്ക് ആരോ പോലീസിനെ വിവരം അറിയിച്ചു. എന്നാൽ പോലീസ് അവിടെ എത്തിയത് രാത്രി പതിനൊന്നര മണി കഴിഞ്ഞാണ്. അതിനെത്തുടർന്ന് ആറേഴുദിവസം കിനാനൂർ വനത്തിനു ചുറ്റുമായിട്ട് കേരളാ പോലീസ് കാവൽ നിന്നു. അവിടെ കാടു മുഴുവൻ തപ്പി. എന്നാൽ കാട്ടെലികളെ മാത്രമേ അവർക്ക് കാണാൻ കഴിഞ്ഞുള്ളൂ. എന്തൊരു പരിഹാസ്യതയാണ്! ഈ ദിവസങ്ങളിലത്രയും കർണ്ണാടക പോലീസ് റിപ്പറെ കസ്റ്റഡിയിൽ വച്ച് ചോദ്യം ചെയ്യുകയായിരുന്നു. കേരളപോലീസിന്റെ കൺമുമ്പിലൂടെത്തന്നെയാണ് കർണ്ണാടക പോലീസ് കിനാനൂർ വനത്തിൽവച്ച് റിപ്പറേയും സംഘത്തേയും പിടിച്ചുകൊണ്ടു പോയത്. ഇത്രയേറെ പരിഹാസ്യമായ ഒരു സ്ഥിതി വിശേഷം ഇതിനു മുമ്പുണ്ടായിട്ടില്ല.

സർ, ഏതായാലും ഈ നൈറ്റ്മെയർ കഴിഞ്ഞു. ഈ അക്രമങ്ങൾക്ക് വിധേയരായി ഏഴുപേർ മരിച്ചു. മുപ്പതോളം പേർക്ക് പരിക്കുപറ്റി ഗുരുതരമായ നിലയിൽ ഇന്നും കഴിയുന്നു. കർണ്ണാടക ഗവൺമെന്റ് മരിച്ചവർക്ക് 10,000 രൂപയും പരിക്കേറ്റവർക്ക് 5,000 രൂപയും നഷ്ടപരിഹാരമായി നൽകുന്നതാണെന്ന് പ്രഖ്യാപിച്ചിട്ടുണ്ട്. ആഭ്യന്തരവകുപ്പുമന്ത്രി ശ്രീ. വയലാർ രവി കുറെ വൈകിയാണെങ്കിലും കാസർകോട്ട് വന്നു. ഞങ്ങളൊക്കെ അദ്ദേഹത്തെ കണ്ടു. പരിക്കേറ്റവർക്ക് സാമ്പത്തികാശ്വാസം നൽകണമെന്ന് ഞങ്ങൾ അഭ്യർത്ഥിച്ചു. അന്നദ്ദേഹം പറഞ്ഞത് സാമ്പത്തികാശ്വാസം നൽകും എന്നാണ്. എന്നാൽ ഇപ്പോൾ ചോദിച്ചപ്പോൾ പറയുന്നത് അതൊരു ചീത്ത കീഴ്വഴക്കമായിരിക്കുമെന്നാണ്. ഇത്തരം അക്രമങ്ങൾക്ക്

LIBRARY ARCHIVES Kerala Legislative Assembly

വിധേയരായവർക്ക് സാമ്പത്തികാശ്വാസം നൽകുന്നത് ചീത്ത കീഴ്വഴക്കമായിരിക്കുമെന്നാണ്. അതിന്റെ അർത്ഥം ഇനിമേലിലും ഇത്തരം സംഭവങ്ങൾ ആവർത്തിക്കും; അങ്ങനെ ആവർത്തിച്ചാൽ അവർക്കും ഇത്തരം സാമ്പത്തികാശ്വാസം നൽകേണ്ടി വരും; അതുകൊണ്ട് സാമ്പത്തികാശ്വാസം നൽകേണ്ടതില്ലെന്നാണ് ഗവൺമെന്റ് തീരുമാനം എന്ന് ഞങ്ങളെ അറിയിച്ചു. വളരെ പാവപ്പെട്ട കുടുംബങ്ങളാണ് അക്രമങ്ങൾക്ക് വിധേയമായത്. എന്റെ നിയോജക മണ്ഡലത്തിലെ കുട്ടൻ എന്നയാളിന്റെ ചെറ്റക്കുടിലിൽ അക്രമം നടന്നു. അവിടെ കുട്ടൻ കൊല്ലപ്പെട്ടു. കുട്ടന്റെ ഭാര്യയും അമ്മയും സഹോദരിയും ഇന്നും ചികിൽസയിൽ കഴിയുകയാണ്. അവരുടെ ആറേഴ് പിഞ്ചുകുട്ടികളും അനാഥരായി കഴിയുന്നു. നാട്ടുകാരുടെ സഹായം കൊണ്ടാണ് ചികിൽസയ്ക്കുള്ള ചെലവു പോലും നടത്തുന്നത്. ഇതാണ് ഓരോ കുടുംബത്തിന്റേയും സ്ഥിതി. ഇത് വ്യക്തി വൈരാഗ്യം മൂലം ഉണ്ടായതല്ല. ഒരു സാമൂഹ്യ വിനയാണ്. അതുകൊണ്ട് ഇതൊരു സാമൂഹ്യവിനയായി കണക്കാക്കിത്തന്നെ ഈ കുടുംബങ്ങൾക്ക് ധനസഹായം നൽകുന്നതിന് കർണ്ണാടക ഗവൺമെന്റിന്റെ മാതൃക പിന്തുടർന്നുകൊണ്ട് ഈ മരണം സംഭവിച്ച കുടുംബങ്ങൾക്കും പരിക്കേറ്റ് ചികിൽസയിൽ കഴിയുന്ന പാവപ്പെട്ടവർക്കും ധനസഹായം നൽകണമെന്ന് അഭ്യർത്ഥിക്കുന്നു. ഈ വോട്ട് ഓൺ അക്കൗണ്ടിനെ ഒരിക്കൽക്കൂടി ഞാൻ എതിർക്കുന്നു.

ശ്രീ. കെ. കെ. തോമസ്: സർ, ബഡ്ജറ്റ് ചർച്ചയ്ക്കുശേഷം 1986-'87 വർഷത്തിലെ ആദ്യത്തെ നാലു മാസത്തേക്ക് ഇവിടെ അവതരിപ്പിച്ച വോട്ട് ഓൺ അക്കൗണ്ടിനെ ഞാൻ പിന്താങ്ങുകയാണ്. ബഡ്ജറ്റ് ചർച്ച സമാപിച്ച അവസരത്തിൽ റിസർവ്വ് ബാങ്കിന്റെ അവസാനത്തെ കണക്കനുസരിച്ച് 101 കോടി രൂപ മിച്ചമുണ്ടാകുമെന്നാണ് ബഹുമാനപ്പെട്ട ധനകാര്യമന്ത്രി ഇന്നലെ ഇവിടെ അസന്നിഗ്ദ്ധമായി പ്രഖ്യാപിച്ചത്. ഇന്നിവിടെ നടന്ന ചർച്ചയിൽ ബഹുമാന്യനായ ബേബിജോൺ പോലും ഇത് പാസ്സാക്കിയിരുന്നാൽത്തന്നെ ചെലവാക്കുന്നതിന് യോഗ്യതയില്ലെന്നുമാത്രമേ ഗവൺമെന്റിനെക്കുറിച്ച് പറഞ്ഞുള്ളൂ. ഇന്നലെയും അദ്ദേഹം ബഡ്ജറ്റിനെക്കുറിച്ച് പ്രസംഗിച്ചതാണ്. എന്നാൽ ധനകാര്യമന്ത്രിയുടെ മറുപടി പ്രസംഗത്തിനുശേഷം ഇന്ന് അദ്ദേഹത്തിന് ഒന്നും പരാമർശിക്കാനില്ലായിരുന്നു. അദ്ദേഹത്തിന്റെ പ്രസംഗം രോഷത്തിന്റെയും നൈരാശ്യത്തിന്റെയും സ്വരത്തിലുള്ളതായിരുന്നു. 'ഒരു ശോകസാന്ദ്രമായ ഉറവയിൽ നിന്ന് തുളുമ്പിത്തുളുമ്പിയായി വീണൊഴുകുന്ന ഒരു ദുഃഖ നദിയുടെ പ്രവാഹം പോലെ'യായിരുന്നു അദ്ദേഹം പ്രസംഗിച്ചത്. ഒരു കാലത്ത് കേരള കിസിഞ്ചർ എന്നു വിശേഷിപ്പിക്കപ്പെട്ടിരുന്ന ശ്രീ. ബേബി ജോൺ ഇന്ന് രോഷത്തിന്റേയും നൈരാശത്തിന്റേയും ചുഴിയിലകപ്പെട്ട കേരളഗീബൽസായി മാറിയിരിക്കുകയാണ്. അദ്ദേഹം ബഹുമാനപ്പെട്ട മുഖ്യമന്ത്രിയെ ഉപദേശിക്കേണ്ട ആവശ്യമില്ല എന്ന് ഞാൻ അഭ്യർത്ഥിക്കുകയാണ്. അതിനുമാത്രം സദാചാരത്തിന്റേയും സാമൂഹ്യശാസ്ത്രത്തിന്റേയും കുത്തക അദ്ദേഹത്തിനുണ്ടെന്ന് ഞങ്ങളാരും വിശ്വസിക്കുന്നില്ല. ഇന്നും അദ്ദേഹം 'കുവൈറ്റ്' പ്രശ്നം കൊണ്ടുവന്നു. കുവൈറ്റിൽനിന്ന് - മൂന്നു വിസയുണ്ടായിരുന്ന യാത്രക്കാരോടൊപ്പം രണ്ടു വിസയില്ലാത്ത യാത്രക്കാരും ഇവിടെ വിമാനമിറങ്ങി. വന്നവർ മടങ്ങിപ്പോവുകയും ചെയ്തു. അതുകൊണ്ട് മൂന്നു മന്ത്രിമാർക്ക് അസ്വസ്ഥത കൽപ്പിച്ചു; രണ്ട് എം. എൽ. എ. മാരെ വെറുതെ വിടാനും തയ്യാറായില്ല.

ഇന്നു രാവിലെ, 1980 ഒക്ടോബർ മാസത്തിൽ നടന്ന ഒരു സംഭവത്തെച്ചൊല്ലിയായിരുന്നു പ്രസംഗം. അന്ന് വിസയില്ലാതെ ഇവിടെയൊരു സഞ്ചാരി

LIBRARY ARCHIVES Kerala Legislative Assembly

വന്ന കഥ വിവരിച്ചപ്പോൾ, അത് ചാര പ്രവർത്തനമാണെന്ന് പറഞ്ഞപ്പോൾ സമ്മതിച്ചു തരാൻ പ്രതിപക്ഷത്തുള്ള ആരും തയ്യാറല്ല. ബഡ്ജറ്റ് ചർച്ചയിൽ പ്രധാനമായി മുഴങ്ങിക്കേട്ടതും പഴയ കുവൈറ്റ് പ്രശ്നം തന്നെയാണ്. ബഹുമാന്യനായ പ്രതിപക്ഷനേതാവ് ഇന്നലെ പറഞ്ഞത്, അദ്ദേഹം ബഡ്ജറ്റ് പഠിച്ചിട്ടാണ് പ്രസംഗിക്കുന്നതെന്നാണ്. എന്നാൽ എന്താണ് പഠിച്ചതെന്ന് എനിക്ക് മനസ്സിലാകുന്നില്ല. അദ്ദേഹം പറഞ്ഞത്, മുന്നൂറ് കോടി രൂപ കമ്മിയാണെന്നും മുന്നൂറ് കോടി രൂപയുടെ കബളിപ്പിക്കൽ, അട്ടിമറി, മറിച്ചുവയ്ക്കൽ ഇതൊക്കെ ധനകാര്യമന്ത്രി ചെയ്തിരിക്കുന്നുണ്ടെന്നുമാണ്. പക്ഷേ ധനകാര്യമന്ത്രിയുടെ മറുപടി കേട്ടപ്പോൾ അദ്ദേഹവും ചൂളിപ്പോയി. മാർക്സിസ്റ്റ് പാർട്ടിയുടെ നേതാവാണ് ബഹുമാന്യനായ നായനാർ. അദ്ദേഹത്തിന് യാഥാർത്ഥ്യങ്ങളുമായി പൊരുത്തപ്പെടുത്തിക്കൊണ്ട് സംസാരിക്കാൻ സാധിക്കില്ല. കാരണം, ഇന്ന് മാർക്സിസിറ്റു പാർട്ടി ചെയ്യുന്നത് ഇൻഡ്യൻ രാഷ്ട്രീയത്തിലെ 'റിപ്പറുടെ' ജോലിയാണ്. മാർക്സിസ്റ്റു പാർട്ടി ഇന്ന് ഇൻഡ്യൻ രാഷ്ട്രീയത്തിലെ റിപ്പറാണെന്നു വിശേഷിപ്പിക്കാൻ കാരണം മറ്റു രാഷ്ട്രീയ കക്ഷികളുടെ വികാരങ്ങളെ വ്രണപ്പെടുത്തുന്നത് മാർക്സിസ്റ്റ് പാർട്ടിക്ക് ഒരു വിനോദമാണ് എന്നതാണ്. കേരളത്തിൽ അടുത്തകാലത്ത് പിടിക്കപ്പെട്ട 'റിപ്പർ ചന്ദ്രനു' ഒരു പ്രത്യേക സ്വഭാവമുണ്ടായിരുന്നു. പലപ്പോഴും നിസ്സഹായരായ, പാവപ്പെട്ട ആളുകളെയും ചെറുകുടിലുകളിലെ ആളുകളെയും ഒറ്റപ്പെട്ട കേന്ദ്രങ്ങളിലൊക്കെ ഇരുന്നാണ് റിപ്പർ ചന്ദ്രൻ എന്ന ക്രിമിനൽ ആക്രമണം നടത്തുന്നത്. മാർക്സിസ്റ്റ് പാർട്ടിയെന്ന ഇർഡ്യൻ റിപ്പറുടെ ആക്രമണം സി. പി. ഐ.യുടെ നേർക്കാണ്. റിപ്പർ ചന്ദ്രൻ പാവപ്പെട്ട ആളുകളെ ചുറ്റികകൊണ്ട് തലയ്ക്കടിക്കുന്നതു പോലെയാണ് ഇൻഡ്യൻ രാഷ്ട്രീയത്തിലെ റിപ്പറായ മാർക്സിസ്റ്റ് പാർട്ടി സി. പി. ഐ.യുടെ നേരെ ചുറ്റിക പ്രയോഗിക്കുന്നത്. എന്നിട്ടും സി. പി. ഐ. വിടുന്നുണ്ടോ? പാറ്റ്നയിൽ പതിമൂന്നാം കോൺഗ്രസ്സ് കൂടി ചർച്ചകൾ നടത്തി. പതിമൂന്നാം കോൺഗ്രസ് 'അവസാനമായി പിരിഞ്ഞത്, ഇനിയും മാർക്സിസ്റ്റ് പാർട്ടിയുമായി കമ്മ്യൂണിസ്റ്റ് പ്രസ്ഥാനത്തെ ഏകീകരിച്ചുകൊണ്ടുപോകുന്നതിന് വാദിക്കണമെന്നു പറഞ്ഞാണ്. എത്ര ചുറ്റികയുയർത്തിയാലും ആ പാർട്ടിക്ക് യാതൊരു നാണവുമില്ലെന്നുള്ള കാര്യത്തിൽ സംശയമില്ല. ഞാൻ പറഞ്ഞത്, ഈ സഭയിൽ നിരവധി പ്രാവശ്യം രേണത്തിൽ പങ്കാളിയായിരുന്ന കമ്മ്യൂണിസ്റ്റ് പാർട്ടിക്ക് ഒരു മിച്ച ബഡ്ജറ്റ് വന്നയവസരത്തിൽ അതിനെക്കുറിച്ച് വ്യക്തമായ അഭിപ്രായങ്ങളില്ല എന്നാണ്. മാർക്സിസ്റ്റു പാർട്ടിയുടെ അഭിപ്രായങ്ങളെ പിൻതാങ്ങുകയാണ്. ശ്രീ. അച്യുതമേനോന്റെ കാലത്ത് ഒരു മിച്ച ബഡ്ജറ്റ് അവതരിപ്പിക്കാൻ കഴിഞ്ഞിട്ടില്ല. 1963-ൽ, യശശ്ശരീരനായ ശ്രീ. ആർ. ശങ്കർ ഒരു മിച്ച ബഡ്ജറ്റ് അവതരിപ്പിച്ചതിനുശേഷം 1986-87 ലാണ് ഒരു മിച്ച ബഡ്ജറ്റ് അവതരിപ്പിക്കുന്നത്. അതും കഴിഞ്ഞവർഷം നമ്മുടെ സംസ്ഥാനത്ത് ബഡ്ജറ്റ് കമ്മിയായിരുന്നു. പ്രതിദിനം 60 ലക്ഷം രൂപ കമ്മിയായിരുന്ന സ്ഥാനത്ത് പ്രതിദിനം 22 ലക്ഷം രൂപ മിച്ചമായി വരുന്നു. എന്നാൽ അത് അംഗീകരിക്കാൻ തയ്യാറാകുന്നില്ല. ഇന്നലെ റിസർവ്വ് ബാങ്കിന്റെ കണക്കനുസരിച്ച് 101 കോടി രൂപ ഈ വർഷാവസാനം മിച്ചമുണ്ടാകുമെന്നാണ് പറയുന്നത്. ഇതംഗീകരിക്കാൻ നിങ്ങൾ തയ്യാറാണോ? അതിനെ സംബന്ധിച്ച് നിങ്ങൾ പറഞ്ഞത്, ഈ ഗവൺമെന്റിന് ഭരിക്കാൻ അവകാശമില്ലെന്നാണ്. ഇവിടെ കുവൈറ്റുകാരുടെ പ്രശ്നത്തെക്കുറിച്ച് പറഞ്ഞപ്പോൾ ബഹുമാനപ്പെട്ട മുഖ്യമന്ത്രി എല്ലാം തുറന്നു പറഞ്ഞു. ഇവിടെ ഇതുസംബന്ധമായ അവസാനത്തെ സബ്മിഷനു മറുപടി പറഞ്ഞപ്പോൾ അദ്ദേഹം പറഞ്ഞു, എല്ലാ ഉത്തരവാദിത്വങ്ങളും ഞങ്ങൾ ഏറ്റെടുക്കുന്നു, കുറ്റം

LIBRARY ARCHIVES Kerala Legislative Assembly

ചെയ്തവരുടെ പേരിൽ ഞങ്ങൾ നടപടിയെടുക്കുമെന്ന്. ബഹുമാനപ്പെട്ട നായനാർക്ക് ഇത് പറയാൻ സാധിക്കുമോ? അദ്ദേഹത്തിന് കഴിയില്ല. ഈ ഗവൺമെൻറ് കഴിഞ്ഞ നാലു വർഷക്കാലമായി എന്തെല്ലാം ചെയ്തുവെന്നതിനെക്കുറിച്ച് ഗവർണ്ണറുടെ നയപ്രഖ്യാപന പ്രസംഗത്തിന് മറുപടി പറഞ്ഞുകൊണ്ട് ബഹുമാനപ്പെട്ട മുഖ്യമന്ത്രി വിശദീകരിക്കുകയുണ്ടായി.

സർ, 15 000 ഗ്രാമീണ റോഡുകൾ തീർത്തു ഈ ഗവൺമെൻറ്. 1300-ൽ പരം പട്ടികജാതി പട്ടികവർഗ്ഗ കോളനികളിൽ വൈദ്യുതി എത്തിക്കുന്നതിന് ഈ ഗവൺമെൻറിന് കഴിഞ്ഞു. 60 ലക്ഷം ഗ്രാമീണ ജനങ്ങൾക്ക് ശുദ്ധജലം എത്തിക്കുന്നതിന് 807 ശുദ്ധജലവിതരണ പദ്ധതികൾക്കുള്ള നടപടികൾ ഈ രാജ്യത്ത് നടന്നുവരുന്നു. അങ്ങനെ പ്രവർത്തിക്കുന്ന ഒരു ഗവൺമെൻറിനു വേണ്ടിയാണ് അടുത്ത നാലു മാസത്തേക്കുള്ള തുക ചെലവഴിക്കുന്നതിനുള്ള അനുമതിക്ക് ഇവിടെ പ്രമേയം അവതരിപ്പിച്ചിട്ടുള്ളത്. ഈ വർഷം 11 കോടി ഉറുപ്പിക പ്രൈമറി വിദ്യാലയങ്ങളിലെ കുഞ്ഞുങ്ങൾക്ക് ഉച്ചഭക്ഷണം കൊടുക്കുന്നതിനുവേണ്ടി നീക്കി വച്ചിരിക്കുന്നു.

അതുപോലെതന്നെ നമ്മുടെ സംസ്ഥാനത്ത് നെല്ലുൽപ്പാദനം വളരെ കുറഞ്ഞിരിക്കുകയാണ്. 30 ലക്ഷം ടൺ അരി നമ്മുടെ ആവശ്യത്തിനുവേണ്ടിയുണ്ടാകണം. 30 ലക്ഷം ടൺ അരി ആവശ്യമുള്ള സ്ഥാനത്ത് ഓരോ വർഷം തോറും നെല്ലുൽപ്പാദനം കുറഞ്ഞതിൻറെ ഫലമായി. 12 ലക്ഷം ടൺ അരിയാണ് ഇപ്പോൾ ഉൽപ്പാദിപ്പിക്കുന്നത്. ബാക്കി 18 ലക്ഷം ടൺ അരി ഇറക്കുമതി ചെയ്യുന്നതിനുവേണ്ടി ഏതാണ്ട് 700 കോടി രൂപ നമ്മുടെ സംസ്ഥാനത്തു നിന്നും ചെലവഴിക്കപ്പെടണം. ഇതിനുവേണ്ടി ഒരു നെൽക്കൃഷി വികസന അതോറിറ്റി സാമ്പത്തിക വിദഗ്ദ്ധൻമാരെയും ഭരണതന്ത്രജ്ഞൻമാരെയും ശാസ്ത്രജ്ഞൻമാരെയും ഉൾപ്പെടുത്തിക്കൊണ്ട് രൂപീകരിക്കുമെന്നാണ് ഈ ബഡ്ജറ്റിൽ അസന്നിഗ്ദ്ധമായി പ്രഖ്യാപിച്ചത്. ഈ ഗവൺമെൻറിന് നെല്ലുൽപ്പാദനമേഖലയിൽ ശ്രദ്ധിക്കുന്നതിനുള്ള താൽപ്പര്യം ഒന്നുമാത്രമാണുള്ളത്. ശ്രീമതി ദേവകിയമ്മ ഇവിടെ പ്രസംഗിച്ച അവസരത്തിൽ ഐ. ആർ. ഡി. പി. ലോണിനെ സംബന്ധിച്ച് പറഞ്ഞു. തൊഴിലിനുവേണ്ടിയാണ് ഐ.ആർ.ഡി.പി. ലോൺ കൊടുക്കുന്നത്. ഈ ലോൺ കൊടുക്കുന്ന അവസരത്തിൽ തൊഴിലു ചെയ്യിച്ചിട്ട് അരി കൊടുക്കുന്നുവെന്നാണ് പറഞ്ഞത്. എന്താണ് സർ, നമ്മുടെ രാജ്യത്തെ സ്ഥിതി ? കുറെയൊക്കെ ആലോചിക്കണ്ടേ? രാജ്യത്തെ എല്ലാ കുടുംബങ്ങൾക്കും തൊഴിൽ നൽകുന്നതിനുവേണ്ടി, ദാരിദ്ര്യരേഖയിൽനിന്നും ജനങ്ങളെ മോചിപ്പിക്കുന്നതിനുവേണ്ടി ശ്രീമതി ഇന്ദിരാ ഗാന്ധി ആവിഷ്കരിച്ച് നടപ്പിലാക്കിയ സംയോജിത ഗ്രാമ വികസന പരിപാടിയും ദേശീയതൊഴിൽദാന പദ്ധതിയുമനുസരിച്ചുള്ള പരിപാടികളും നടപ്പിലാക്കിയതിൻറെ ഫലമായി ഈ രാജ്യത്തെ തൊഴിലില്ലായ്മ കുറച്ചുകൊണ്ടുവരുന്നതിന് നമുക്ക് കഴിയുന്നുണ്ട്. ഇതിൻറെ യാഥാർത്ഥ്യം മനസ്സിലാക്കണം. ലോക ജനസംഖ്യയുടെ 2.5 ശതമാനം മാത്രമാണ് ഇൻഡ്യയുടെ വലിപ്പം. ലോക ജനസംഖ്യയുടെ രണ്ടര ശതമാനം മാത്രം വലിപ്പമുള്ള ഇൻഡ്യയ്ക്ക് ലോക ജനസംഖ്യയുടെ 18 ശതമാനത്തെ തീറ്റിപ്പോറ്റാനുള്ള ചുമതലയും ബാദ്ധ്യതയുമുണ്ട്. ഒരു ദാരിദ്ര്യരാജ്യമെന്ന നിലയിൽ കിടന്നിരുന്ന ഈ രാജ്യത്തെ സമൂലമായ പുരോഗതിയിലെത്തിക്കുന്നതിന്, ജനങ്ങൾക്ക് തൊഴിലും തൊഴിലവസരങ്ങളും നൽകുന്നതിനുള്ള അക്ഷീണപരിശ്രമം നമ്മുടെ സംസ്ഥാനത്ത് ഇന്ന് വിജയപ്രദമായി നടപ്പിലാക്കുന്നുണ്ട്. ഐ. ആർ. ഡി. പി. സ്കീം അനുസരിച്ച് ഒരു ലക്ഷത്തി എൺപതിനായിരം കുടുംബങ്ങൾക്ക് തൊഴിലവസരങ്ങൾ ഉണ്ടാക്കുന്നതിനു കഴിഞ്ഞവർഷം സംസ്ഥാനത്തിനു കഴിഞ്ഞു. ഈ വർഷം കൂടുതൽ ചുമതല ഏറ്റെടുത്തുകൊണ്ടിരിക്കുകയാണ്. അതുപോലെതന്നെ പ്രൈമറി വിദ്യാർത്ഥികൾക്ക് ഉച്ചഭക്ഷണം കൊടുക്കുന്ന

LIBRARY ARCHIVES Kerala Legislative Assembly

തിനുള്ള പരിപാടി. ഇത് കഴിഞ്ഞവർഷം എട്ടു ജില്ലകളിൽ ഏറെറടുത്തുവെങ്കിൽ ഈ വർഷത്തോടെ എല്ലാ ജില്ലകളിലും കുട്ടികൾക്ക് ഉച്ചഭക്ഷണം കൊടുക്കുന്നതിനുള്ള പ്രമേയം ഈ ഗവൺമെൻറ് ഏറെറടുത്തിട്ടുണ്ട്. ഇങ്ങനെ ജനങ്ങൾക്ക് സംതൃപ്തി നൽകുന്ന ഈ ഗവൺമെൻറിനെ സംബന്ധിച്ച് ജനങ്ങളുടെയിടയിൽ ആക്ഷേപമില്ല. ജനങ്ങൾ ഈ ഗവൺമെൻറ് നിലനിൽക്കണമെന്നാഗ്രഹിക്കുന്നു. ശ്രീ. ബേബി ജോൺ ഈ ഗവൺമെൻറിന് കൂട്ടുത്തരവാദിത്വമില്ലാത്തതിനെക്കുറിച്ച് പരാമർശിച്ചു. മുന്നണി സംവിധാനത്തിൽ ഇത് സാധാരണയാണ്. 1967-ലെ ചരിത്രം പരിശോധിച്ചാൽ (അന്ന് മുസ്ലീം ലീഗും ആ മുന്നണിയിലായിരുന്നു) ഭരണരംഗത്ത് എത്ര അപസ്വരങ്ങൾ ഉണ്ടായി എന്നു മനസ്സിലാകും. അതിൻെറ ഫലമായി ആ ഗവൺമെൻറ് പൊട്ടിത്തെറിച്ചു പോയില്ലേ ? ഏതാണ്ട് 32 മാസം ഭരണം നടത്തുന്നതിന് നമ്പൂതിരിപ്പാടിനു കഴിഞ്ഞു.

ശ്രീ. എസ്. ഗോവിന്ദക്കുറുപ്പ് : സർ, കേരള രാഷ്ട്രീയത്തിലെയും കോൺഗ്രസ്സിലെയും പ്രമുഖനായിരുന്ന ശ്രീ. കെ. കരുണാകരൻ മുസ്ലീം ലീഗും കേരള കോൺഗ്രസ്സുംകൂടി ഊതിയാൽ പറന്നുപോകുന്ന ഒരു അപ്പൂപ്പൻതാടിയാകുമെന്നു വന്ന സാഹചര്യം മറേറതെങ്കിലും ഒരു കാലഘട്ടത്തിൽ ഉണ്ടായിട്ടുണ്ടോ ?

ശ്രീ. കെ. കെ. തോമസ് : ബഹുമാനപ്പെട്ട കുറുപ്പിന് ആരോഗ്യം കുറവാണെന്ന് ഇന്നലെ ബഹുമാനപ്പെട്ട സ്പീക്കർ പറഞ്ഞതാണ്. അങ്ങ് അത് കേൾക്കണം. അതുകൊണ്ടു മുഖ്യമന്ത്രിയെ ഓർത്ത് അങ്ങ് വിഷമിക്കേണ്ട കാര്യമില്ല. നീണ്ട 50 വർഷം ത്യാഗപൂർണ്ണമായ രാഷ്ട്രീയജീവിതം നയിച്ചിട്ടുള്ള മുഖ്യമന്ത്രി ശ്രീ. കെ. കരുണാകരൻ തുടർന്നും രാഷ്ട്രീയജീവിതം നയിക്കുമെന്ന കാര്യത്തിൽ ആരും സംശയിക്കേണ്ട. അതുകൊണ്ട് നിങ്ങൾ മാർക്സിസ്റ്റ് കമ്മ്യൂണിസ്റ്റ് പാർട്ടിയെയും അങ്ങയെയും അങ്ങയുടെ നേതാവ് ശ്രീ. നായനാരെയും ഓർത്ത് മാത്രം ദുഃഖിച്ചാൽ മതിയെന്നു ഞാൻ അഭ്യർത്ഥിക്കുന്നു. അപ്പുറത്തുനിന്നും പ്രസംഗിച്ചവരൊക്കെ പറഞ്ഞത്, ബഡ്ജറിനെപ്പററി ഒന്നും പറയാനില്ല എന്നാണ്. അതുപോലെതന്നെ നാലു മാസത്തേക്കുള്ള ഭരണച്ചെലവുകൾക്കുവേണ്ടി അവതരിപ്പിച്ച വോട്ട് ഓൺ അക്കൗണ്ടിനെപ്പററിയും ഒന്നും പറയാനില്ല. ഭരിക്കാൻ കഴിവില്ല, വിശ്വാസമില്ല, ജനങ്ങൾക്ക് തൃപ്തിയില്ല, അഴിമതി നടക്കുന്നു എന്നൊക്കെ സാധാരണ പറയാറുള്ളത് വീണ്ടും ആവർത്തിച്ച് പറയുന്നുവെന്നല്ലാതെ പുതുമയുള്ള യാതൊന്നും ഇവിടെ പറഞ്ഞില്ല. പുതുമയുള്ള പലതും ഞങ്ങൾ പ്രതീക്ഷിച്ചു. പുതുമയുള്ളതൊന്നും പറയുവാനില്ലാതെ പഴയതുതന്നെ ആവർത്തിച്ചശേഷം അവസാനം നിരാശരായിരിക്കുന്ന, പടവെട്ടിത്തളർന്നു പരാജിതരായ പ്രതിപക്ഷത്തിൻെറ മുഖത്തേക്ക് നോക്കുമ്പോൾ വളരെയേറെ വിഷമം തോന്നുന്നുണ്ട്. നിങ്ങൾ കുറച്ചുകൂടി ഉൽസാഹഭരിതരായിരിക്കണം. ജനാധിപത്യവ്യവസ്ഥിതിയിൽ ഭരണകക്ഷിക്കുനേരെ പ്രതിപക്ഷം സൃഷ്ടിപരമായ വിമർശനം നടത്തണം. നിങ്ങൾ നിരാശരാകേണ്ട കാര്യമില്ല. കാരണം ജനങ്ങൾക്കുവേണ്ടി രൂപീകരിക്കപ്പെട്ട ഗവൺമെൻറ്, ജനങ്ങളുടെ താൽപ്പര്യങ്ങൾക്കും ഇംഗിതങ്ങൾക്കും അനുസരണമായി നീങ്ങിയ ഗവൺമെൻറ്, ജനങ്ങളുടെ താൽപ്പര്യങ്ങൾ ഉൾക്കൊണ്ടുകൊണ്ട് ഇനിയും മുന്നോട്ടു പോകുമെന്ന് ബഡ്ജറ് പ്രസംഗത്തിലൂടെ വിവരിക്കുകയും പ്രസംഗിക്കുകയും ചെയ്തു. അതുപോലെതന്നെ കേന്ദ്രവും സംസ്ഥാനവുമായുള്ള ബന്ധം കേന്ദ്രത്തിൻെറ അടുക്കൽ ഈ സംസ്ഥാനത്തിനുവേണ്ടി വാദിക്കുന്ന മുഖ്യമന്ത്രിയാണിത്. 1985 ജൂൺ മാസത്തിൽ വെള്ളപ്പൊക്കവും പ്രകൃതിക്ഷോഭവുംമൂലം രാജ്യത്തിന് കനത്ത നാശനഷ്ടം ഉണ്ടായ അവസരത്തിൽ ആ നഷ്ടം പരിഹരിക്കുന്നതിന് 135 കോടി ഉറുപ്പിക വാങ്ങുന്നതിനും എട്ടാം ധനകാര്യകമ്മീഷൻെറ ശുപാർശ

LIBRARY ARCHIVES Kerala Legislative Assembly

അനുസരിച്ചുള്ള പണം മുഴുവൻ സംസ്ഥാനത്തിന് തരണമെന്നാവശ്യപ്പെട്ടു കൊണ്ട് 88 ശതമാനവും കണക്ക് പറഞ്ഞ് കേന്ദ്രത്തിൽനിന്നും വാങ്ങുന്നതിനും കഴിവുള്ള മുഖ്യമന്ത്രിയാണിത്. അതുപോലെ മുഖ്യമന്ത്രിയുമായി കൂട്ടായി ആലോചിച്ച് തയ്യാറാക്കിയ ബഡ്ജറിനകത്ത് കേന്ദ്രത്തിന്റെ നിർല്ലോഭമായ സഹായ സഹകരണവും ഉണ്ട്. ഈ ബഡ്ജറിനെ വിമർശിക്കുവാൻ നിങ്ങൾ കണ്ടത്, കേന്ദ്രത്തിന്റെ സഹായത്തെ ധനകാര്യമന്ത്രി പ്രശംസിച്ചതു മാത്രമാണ് അതിനു നിങ്ങളെ ഞാൻ അഭിനന്ദിക്കുന്നു. അതോടൊപ്പം ഈ വേലിയിറക്കിന്റെ ആവശ്യം ഉണ്ടോയെന്നാണ് ഞാൻ ചോദിക്കുന്നത്. ഈ വേലിയിറക്കു കൊണ്ടു ഈ രാജ്യത്ത് എന്തു നേട്ടമാണ് ഉണ്ടാകാൻ പോകുന്നത് ? നിങ്ങൾ ബഡ്ജറിന്റെ ഓരോ ഭാഗവും എടുക്കുമ്പോഴായിരുന്നു. ഇന്നിപ്പോൾ വോട്ട് ഓൺ അക്കൗണ്ടിനെപ്പറ്റിയുള്ള ചർച്ച വന്നു. എന്താണ് നിങ്ങൾ ചർച്ച ചെയ്തത് ? ഇന്നലെ പറഞ്ഞ കാര്യങ്ങൾതന്നെ ഇന്നും എടുത്തു പറഞ്ഞുകൊണ്ടു പ്രതീക്ഷയോടെ കാത്തിരുന്നു ; ഇന്ന് നിങ്ങൾ എന്തെങ്കിലും നിർദ്ദേശങ്ങൾ വയ്ക്കുകയാണെങ്കിൽ ആ നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ വല്ലതുമൊക്കെ പറയാമല്ലോയെന്ന് ഞങ്ങൾ ആഗ്രഹിച്ചു. പക്ഷേ ഒന്നും പറയാനില്ലാത്തതിനാൽ നിങ്ങൾ പഴയ പല്ലവിതന്നെ ആവർത്തിച്ചു. എന്തായാലും ജനങ്ങൾ ആഗ്രഹിക്കുന്ന രീതിയിൽ നയിക്കുന്നതിന് കെൽപ്പുള്ള ഭരണകൂടത്തെ മുന്നോട്ടു കൊണ്ടുപോകുവാൻ, ഈ ഗവൺമെന്റ് പ്രതിജ്ഞാബദ്ധമാകുമെന്നു ഉറച്ച. വിശ്വാസത്തോടുകൂടി ഈ വോട്ട് ഓൺ അക്കൗണ്ടിനെ ഞാൻ പിന്താങ്ങുന്നു.

ശ്രീ. ജി. വരദൻ : ഐയ, ഇന്ത തനവിനിയോകത്തൈ നാൻ കടുമൈയാക എതിർകിറേൻ. നമതു പൊരുളാതാര അമൈച്ചർ മാണി അവർകളിടം സില കുറൈകളൈ നാൻ കൂറ വിരുമ്പുകിറേൻ. നമതു കേരളത്തൈപ് പൊറുത്തവരൈയിൽ തൊഴിലാളികൾ അതികമാക ഉള്ള ഇടം. തൊഴിലാളികൾ എന്റാൽ ഏലം, കാപ്പി, റബ്ബർ, തേയിലൈത് തോട്ടങ്കളിൽ വേലൈ സെയ്കിറവർകൾ. "അത്തുവാനിക്കുന്ത വർകം" അതാവതു ഉഴൈക്കും വർക്കത്തിറ്കാക എന്ത വിത്മാന ഊതിയമും കൊടുക്കവില്ലൈ. ഇന്ത വർക്കത്തിറ്കാക ഒരു നയാ പൈസാ കൂട ഇന്ത വരവു ചെലവു കണക്കിൽ ഉട്പടുത്ത വില്ലൈ. അതേചമയത്തിൽ സിന്നഞ്സിറു വിവചായികളുക്കു കടിക്ക വന്ത നായ്ക്കു രൊട്ടിത്തുണ്ടു പോടുവതുപോൽ ഏതോ സിറിയ ചലുകൈകൾ സെയ്യപ്പട്ടുള്ളന.

ഹരിജനങ്കളുടൈയവും ഗിരിജനങ്കളുടൈയവും വകുപ്പൈ കൈയാളുപവർ നമതു മുതലമൈച്ചർ. ഹരിജനങ്കളുക്കും ആതിവാചി മക്കളുക്കും എൻ. ആർ. ഇ. പി., ആർ. എൽ. ഇ. ജി. പി. എന്റ പെയരിൽ പേങ്കുകളിലിരുന്തു കടൻ വാങ്കി ആടുകളൈ, മാടുകളൈ, കോഴികളൈ കൊടുപ്പതല്ലാമൽ ഇന്ത വോട്ട് ആൺ അക്കവുണ്ടിൽ തൊകൈ ഒതുക്കി അതൻമൂലമാക ഏഴൈകളുക്കോ പിൻതങ്കിയ മക്കളുക്കോ വീട്ടു വചതിയോ കുടിനീർ വചതിയോ ഏറ്പടുത്തി കൊടുക്കവില്ലൈ. മത്തിയ ചർക്കാർ കേരള ചർക്കാരിനുടൈയ വേണ്ടുകോളുക്കു ഇണങ്കി പണം കൊടുക്കാവിട്ടാൽ കേരള ചർക്കാരിനുടൈയ നിലൈമൈ എന്നവാകും.

തമിഴ് മക്കളുക്കു എന്തവിതമാന കൽവി വചതിയും സെയ്തു കൊടുക്കവില്ലൈ തേവികുളം തൊകുതിയിലും പീരുമേടു തൊകുതിയിലും തമിഴ് മാണവർകളുക്കു കൽവി വചതി കിടൈയാതു. അങ്കുള്ള പള്ളികളിൽ തമിഴാചിരിയർകൾ കിടൈയാതു. ഇതൈക്കുറിത്തു നാനും മതിപ്പിറ്കുരിയ കേ. കേ. തോമസ് അവർകളും നമതു മുതലമൈച്ചർ അവർകളുക്കും കൽവി അമൈച്ചർ അവർകളുക്കും പലമുറൈ വിണ്ണപ്പങ്കൾ കൊടുത്തോം. ഇതുവരൈയിലും അങ്കു തമിഴാചിരിയർകളൈ നിയമിക്ക വില്ലൈ. അടുത്തപ്പടിയാക നെയ്യാറ്റിൻകരൈയിൽ ഒരു Teachers Training School ഉള്ളതു. അങ്കും തമിഴാചിരിയർകൾ കിടൈയാതു. പിൻതങ്കിയ മക്കളുടൈയ കാരിയങ്കളൈ നമതു ചർക്കാർ കവനിപ്പതേ ഇല്ലൈ എന്പതൈ നാൻ ഇങ്കു കൂറ വിരുമ്പുകിറേൻ. പിൻതങ്കിയ മക്കളുടൈയ പിരച്ചനൈകൾ നാളുക്കുനാൾ കൂടിക്

LIBRARY ARCHIVES Kerala Legislative Assembly

കൊണ്ടേ വരുകിறது. நமது முதலமைச்சர் அவர்கள் இந்த பின்தங்கிய மக்களிடம் பல வாக்குறுதிகள் கொடுத்துள்ளார். ஆனால் ஒன்று கூட நடைமுறையில் காணப்படவில்லை. கேரளத்தில் பல கல்லூரிகள் கொடுக்கப் பட்டுள்ளது. ஆனால் பீருமேட்டிலும் தேவிகுளத்திலும், ஒரு கல்லூரிகூட கொடுக்கவில்லை.

அடுத்தபடியாக நான் கூற விரும்புவது என்னவென்றால் தொழிலாளிகளுடைய போராட்டத்தில் போலீஸ் தலையிடக்கூடாது என்று நமது உள்துறை அமைச்சர் மூணறில் ஒரு சொற்பொழிவு நடத்தினார். அங்குள்ள மக்கள் அனைவரும் அவருடைய கருத்தை வரவேற்றார்கள். மறுநாள் நடந்தது என்னவென்றால் அங்குள்ள தொழிலாளிகள் அவர்களுடைய உரிமைகளுக்காக போராடியபோது போலீஸ் தலையிட்டு போராட்டத்தை உடைத்தெறிந்தது. அதுமட்டுமல்ல தொழிலாளிகள் நியாயமான உரிமைகளுக்காக கேரள மாநிலத்தில் எங்கெல்லாம் போராடினார்களோ அங்கெல்லாம் போலீஸ் விரைந்து சென்று போராட்டத்தை தகர்த்துக் கொண்டிருக்கிறது. இதுதான் இந்த சர்க்காரினுடைய கொள்கை. அதேசமயத்தில் முந்திரிபருப்பு, கயறு தொழிலாளிகளுடைய பிரச்சனைகளுக்கு தீருமானம் எடுக்க முடியவில்லை. அதுபோல் பொன்முடி தேயிலைத் தோட்டத் தொழிலாளிகள் நமது செக்கரட்டேறியட் முன்னால் போராட்டம் நடத்தி வருகிறார்கள். அந்த மேனேஜ்மென்டை கைது செய்ய போலீஸார் தயாரில்லை. தொழிலாளிகளுடைய பிரச்சினைக்கு தீருமானம் காண தயாரில்லை. இந்த நிலையி லுள்ளது நமது அரசு.

என்னுடைய தொகுதி தமிழ்நாடு எல்கையிலுள்ளது. இடுக்கி மாவட்டத்தைச் சேர்ந்த தேவிகுளம், பீருமேடு, உடும்பன்சோலை தொகுதிகள் தமிழ்நாடு எல்கை யிலுள்ளது. தமிழ்நாட்டிலிருந்து ஆயிரக்கணக்கான ஜனங்கள் இங்குள்ள எஸ்டேட்டுகளில் கூலி வேலைக்கு வந்துள்ளார்கள். அவர்களுக்கு அவர்களுடைய சொந்த ஊரான தமிழ்நாட்டிற்கு செல்வதற்கு போக்குவரத்து வசதி கிடையாது. நேற்றையதினம் கூட நான் நமது போக்குவரத்து அமைச்சரிடம் இதைப்பற்றி கூறினேன். இரண்டு பஸ்ஸாவது கொடுங்கள், அவர்களுக்கு ஊருக்குப் போக வேண்டுமென்று கேட்டபோது, சேரன், பல்லவன், திருவள்ளுவர் பஸ் இருக்கிறதே என்று பதில் கூறி விட்டார். இதற்கு அர்த்தம் என்ன சார். நமது மாநில சர்க்கார் கொடுக்கவேண்டிய பஸ்ஸை ஒழுங்காக கொடுக்காமல் இவ்வாறு கூறினால் நமது சர்க்காரினுடைய பாப்பருத்துவத்தை காட்டுவது என்றுதானே அர்த்தம். இதுதான் நமது அரசின் இப்போதைய நிலை. எண்ணற்ற பிரச்சனைகள் நமது வரவு செலவு கணக்கில் உள்ளன. ஆனால் மறுபுறத்தில் இருக்கக்கூடிய உறுப்பினர்கள் ஒரு குறையும் இல்லாததுபோல் ஆர்வத்தோடு பேசினார்கள். சாதாரண மக்களுக்காக இதில் ஒன்றும் காணப்படவில்லை. இந்த சர்க்காரினுடைய நிலைமையைப் பார்த்தால் இந்த 4 மாதத்திற்கு செலவிடுவதற்கான பணத்தை பங்கிட்டு சென்று விட்டால் பிறகு இந்த பிரச்சனைகளுக்கு தீருமானம் காண முடியாது.

நமது பொதுப்பணித்துறை அமைச்சர் அவர்கள் ஒரு எம். எல். ஏ-க்கு இரண்டு ரோடுகள் என்று எழுதி வாங்கி 3 வருடங்கள் ஆகின்றன. நமது சபா நாயகரும் எழுதி கொடுத்துள்ளார். நானும் எழுதி கொடுத்துள்ளேன். ஆனால் இன்னும் என்னுடைய தொகுதியில் ரோடு வேலை ஆரம்பமாகவில்லை. அதற்கு காரணம் அங்கு ரோடு வேலை ஆரம்பிக்க வேண்டுமானால் அதிகமான பணம் செலவாகும். அதனால்தான் அங்கு ரோடு வேலை ஆரம்பிக்கவில்லை என்று சொல்கிறார். நான் எதிர்கட்சி உறுப்பினர் என்ற முறையில் அங்கு எம். எல். ஏ. ரோடுகூட தருவதற்கு மறுத்திருக்கிறது இந்த சர்க்கார். இது எம். எல். ஏ. ரோடல்ல, ஏமாற்று ரோடாக மாறியிருக்கிறது. என்னுடைய தொகுதியில்

LIBRARY ARCHIVES Kerala Legislative Assembly

എൻ. ആർ. ഇ. പി. മറ്റും റോഡുകൾ അല്ലാമൽ . പി. ടബ്ലിയു. ടി. സംബന്ധമാക. എന്ത വേലകളും തിട്ടങ്ങളും അങ്കു നടത്തപ്പടവിൽലെ. നമതു അരസു പിന്തങ്കിയ മക്കളിടം പാരപട്ചം കാട്ടുകിറതു. റോഡുകളും പാലങ്കളും എല്ലാം മികവും മോചമാന നിലമൈയിൽ • ഉള്ളെന. എതിർകട്ചി ഉറുപ്പിനർ കളുടെയ തൊകുതികളിൽ ഇന്ത സർക്കാർ എന്തവിതമാന നൻമൈകളും ചെയ്യ വില്ലെ. ആകൈയാൽ ഇന്ത സർക്കാരിടം എങ്കളുക്കു നമ്പിക്കൈയില്ലെ. എനവേ ഇന്ത വോട് ആൺ അക്കവുൺലെസ ഒരു മുറൈകൂട എതിർത്തുക് കൊൺടു എനതു പേച്ചൈ മുടിത്തുക്കൊൾകിറേൻ.

ശ്രീ. എ. ജോർജ് : സർ, ഈ സഭയിൽ അവതരിപ്പിച്ചിരിക്കുന്ന വോട്ട് ഓൺ അക്കൗണ്ടിനെ ഞാൻ പിന്താങ്ങുകയാണ്. പ്രതിപക്ഷം ഇതിനെ എതിർക്കുന്നത് എന്തുകൊണ്ടാണെന്ന് ഞാൻ എത്ര ആലോചിച്ചിട്ടും പിടികിട്ടുന്നില്ല. കഴിഞ്ഞ നാലു കൊല്ലക്കാലമായി ഈ ഗവൺമെൻറ് നടപ്പിലാക്കിയിട്ടുള്ള ക്ഷേമ പ്രവർത്തനങ്ങൾ ഈ സംസ്ഥാനത്ത് ഇതിനുമുമ്പ് ഭരിച്ച ഒരു കോൺഗ്രസ് ഗവൺമെൻറോ, ഒരു കമ്മ്യൂണിസ്റ്റ് ഗവൺമെൻറോ നടപ്പിലാക്കിയിട്ടില്ലെന്നുള്ളതുകൊണ്ടാണ് ഞാൻ ഈ ഉപക്ഷേപത്തെ പിന്താങ്ങുന്നത്. എൻെറ പാർട്ടിയെ സംബന്ധിച്ചിടത്തോളം പറഞ്ഞാൽ കഴിഞ്ഞ കുറെക്കൊല്ലങ്ങളായി കമ്മ്യൂണിസ്റ്റ് നേതൃത്വത്തിലുള്ള മന്ത്രിസഭയിലും കോൺഗ്രസ്സിൻെറ നേതൃത്വത്തിലുള്ള മന്ത്രിസഭയിലും ഞങ്ങൾ അംഗങ്ങളായിട്ടുണ്ട്. പക്ഷേ മനസ്സാക്ഷിക്കുത്തില്ലാതെ ഒരു കാര്യം പറയാൻ ഞാൻ ആഗ്രഹിക്കുകയാണ്. ഈ ഗവൺമെൻറാണ് ഈ രാജ്യത്തെ പട്ടികജാതി പട്ടികവർഗ്ഗക്കാർക്കുവേണ്ടി, തല ചായ്ക്കാനിടമില്ലാത്ത, കെട്ടിടമില്ലാത്ത ദുർബ്ബല വിഭാഗങ്ങൾക്കുവേണ്ടി അവരുടെ വികാരങ്ങൾ ഉൾക്കൊണ്ടുകൊണ്ടുള്ള പരിപാടികൾ നടത്തിയത് എന്ന് വളരെ അഭിമാനത്തോടുകൂടി പറയാൻ ആഗ്രഹിക്കുകയാണ്. ശ്രീമതി പി. ദേവൂട്ടി ഐ.ആർ.ഡി.പി., എൻ ആർ.ഇ.പി., ആർ.എൽ.ഇ.ജി.പി. പദ്ധതികളെ പുച്ഛിക്കുന്നതു കേട്ടു. ഞങ്ങൾ അതിനെ വളരെ അഭിമാനത്തോടുകൂടിയാണ് കാണുന്നത്. ഓരോ ഗ്രാമപ്രദേശങ്ങളിലും ഓരോ ഹരിജന് ഒരു കിടപ്പാടം ഉയരുമ്പോൾ, ഓരോ ഗ്രാമപ്രദേശത്തേയും തൊഴിലില്ലാത്ത അഭ്യസ്തവിദ്യർക്ക് ആടുമാടുകളെ കൊടുക്കുമ്പോൾ, ഐക്യജനാധിപത്യമുന്നണി ഗവൺമെൻറിൻെറ ഒരു പ്രതിനിധി എന്നുള്ള നിലയ്ക്ക് ഞാനും എൻെറ പാർട്ടി പ്രവർത്തകരും വളരെ അഭിമാനത്തോടുകൂടിയാണ് അതിനെ കാണുന്നത്. കമ്മ്യൂണിസ്റ്റ് പാർട്ടിക്ക് സിദ്ധാന്തപരമായി (മാർക്സിസ്റ്റ് കമ്മ്യൂണിസ്റ്റ് പാർട്ടിക്ക്) ഈ ബഡ്ജറിനെയോ ഈ ഉപക്ഷേപത്തെയോ പിന്താങ്ങുവാൻ സാദ്ധ്യമല്ല. ഈ രാജ്യത്തെ ദുർബ്ബലവിഭാഗങ്ങൾ എന്നും ദുർബ്ബലവിഭാഗങ്ങളായി നിലകൊള്ളണമെന്നും ദരിദ്രർ എന്നും ദരിദ്രരായി നിലകൊള്ളണമെന്നും സിദ്ധാന്തപരമായി വിശ്വസിക്കുന്ന മാർക്സിസ്റ്റ് കമ്മ്യൂണിസ്റ്റ് പാർട്ടിക്ക് ഒരിക്കലും ഇതിനെ പിന്താങ്ങുവാൻ സാധിക്കുകയില്ല. വരുന്ന 4 മാസത്തെ ഇവിടത്തെ വികസനപ്രവർത്തനങ്ങൾക്കുവേണ്ടിയാണ്, ഇവിടത്തെ ഭവന നിർമ്മാണ പദ്ധതികൾക്കുവേണ്ടിയാണ് ഈ ഉപക്ഷേപംവഴി ആവശ്യപ്പെട്ടിരിക്കുന്നത്. ബഡ്ജറ് ചർച്ചയിലും ഇവിടത്തെ ഉപക്ഷേപത്തെക്കുറിച്ചുള്ള ചർച്ചയിലും ഒരു എത്തും പിടിയുമില്ലാത്ത ചർച്ചകളാണ് ഇവിടെ പ്രതിപക്ഷം നടത്തിക്കൊണ്ടിരിക്കുന്നത്. കഴിഞ്ഞ 4 കൊല്ലക്കാലത്തെ ബഡ്ജറ് ചർച്ചയിലായാലും ശരി അസംബ്ലി ചർച്ചയിലായാലും ശരി പ്രതിപക്ഷത്തിൻെറ ചർച്ചകളെക്കുറിച്ചൊന്നു വിലയിരുത്തി നോക്കിയാൽ ഓരോ കൊല്ലം കഴിയുന്തോറും അവരുടെ ചർച്ചയുടെ ആക്കം കുറഞ്ഞിരിക്കുന്നു എന്നു കാണാം. ഈ ഗവൺമെൻറിൻെറ സമീപനത്തെ മൂർച്ചയേറിയ അമ്പുകളെയ്തു തടസ്സപ്പെടുത്തുവാൻ ശ്രമിക്കുന്ന അവരുടെ അമ്പുകൾക്ക് ഓരോ കൊല്ലം കഴിയുന്തോറും മൂർച്ചകുറഞ്ഞുവരികയാണ്. പ്രതിപക്ഷം പ്രജ്ഞയറവരെ

LIBRARY ARCHIVES Kerala Legislative Assembly

പ്പോലെയിരിക്കുകയാണെന്നാണ് എന്റെ അഭിപ്രായം. 1986-87-ലെ ബഡ്ജറ്റ് അവതരിപ്പിച്ചതിനുശേഷം പ്രതിപക്ഷം റിപ്പറുടെ അടിയേറ്റതുപോലെ മരവിച്ചിരിക്കുകയാണെന്ന് പറയാതിരിക്കാൻ നിർവ്വാഹമില്ല. റിപ്പറുടെ അടിയേറ്റാൽ ഒന്നുകിൽ മരിക്കും അല്ലെങ്കിൽ ബോധമില്ലാതെ കുറച്ചുനാൾകൂടി ജീവിക്കും. അങ്ങനെ റിപ്പറുടെ അടിയേറ്റ് ബോധമില്ലാതെ മരിച്ചുകൊണ്ടിരിക്കുന്ന ഒരു പ്രതിപക്ഷത്തെയാണ് ഞാനിവിടെ കാണുന്നത്. ഇന്നലത്തെ ചർച്ച ഒന്നു പരിശോധിച്ചു നോക്കുകയാണെങ്കിൽ ഞാൻ ഓരോരുത്തരുടേയും, പ്രതിപക്ഷ നേതാവിന്റെയും പ്രസംഗം കേട്ടു. ശ്രീ. ഇ. കെ. നായനാരുടെ പ്രസംഗത്തിൽ കാര്യമൊന്നുമില്ലെങ്കിലും ഭരണകക്ഷിക്കാർക്കൊക്കെ രസിക്കാനുള്ള വകയുണ്ടായിരുന്നു. ശ്രീ. ബേബി ജോണും ശ്രീ. കെ. പി. പ്രഭാകരനും ഈ ബഡ്ജറ്റിനെക്കുറിച്ചു പറഞ്ഞു, ഞങ്ങളും ഇതിൽക്കൂടുതൽ നിങ്ങളിൽനിന്ന് പ്രതീക്ഷിച്ചിരുന്നുവെന്ന്. 'പറ്റിക്കലിസ'മെന്നും, വെട്ടിപ്പും തട്ടിപ്പുമെന്നും പറഞ്ഞതല്ലാതെ ഈ ബഡ്ജറ്റിലെ ഒരൊറ്റ കണക്കുകളെയെങ്കിലും ഖണ്ഡിക്കുവാൻ നിങ്ങൾക്ക് സാധിച്ചിട്ടുണ്ടോ ? ഈ ബഡ്ജറ്റ് വെട്ടിപ്പും തട്ടിപ്പും എന്നു പറഞ്ഞതല്ലാതെ ക്രിയാത്മകമായ ഒരു സമീപനം നിങ്ങൾ സ്വീകരിച്ചിട്ടുണ്ടോ ? ധനകാര്യ വകുപ്പുമന്ത്രി ശ്രീ. കെ. എം. മാണി പറഞ്ഞ കണക്ക് വെട്ടിപ്പും തട്ടിപ്പുമെന്ന് പറഞ്ഞതല്ലാതെ യഥാർത്ഥമായ ഒരു കണക്ക് കാണിച്ച് നിങ്ങൾക്കതിനെ ഖണ്ഡിക്കാൻ സാധിച്ചിട്ടില്ല.

[അദ്ധ്യക്ഷവേദിയിൽ ശ്രീ. ഇ. ജെ. ലൂക്കോസ്]

സർ, ഞങ്ങൾക്ക് അഭിമാനമുണ്ട്. ഇപ്പുറത്ത് ഞങ്ങൾക്ക് ശക്തമായ ഒരു കേന്ദ്രമുണ്ട്. ഞങ്ങൾക്ക് സംതൃപ്തമായ ഒരു കേരള സംസ്ഥാനം വളർന്നുവരുന്നു. അപ്പുറത്തെ സ്ഥിതിയോ,? ദുർബ്ബലമായ മാർക്സിസ്റ്റ് കമ്മ്യൂണിസ്റ്റ് പാർട്ടി, ദരിദ്രരായ ഘടകകക്ഷികൾ. ദുർബലമായ മാർക്സിസ്റ്റ് കമ്മ്യൂണിസ്റ്റ് പാർട്ടി അല്ല എന്ന് നിങ്ങൾക്ക് നീതീകരിക്കുവാൻ സാധിക്കുമോ? കഴിഞ്ഞ അസംബ്ലി സമ്മേളനത്തെക്കാളും മാർക്സിസ്റ്റ് കമ്മ്യൂണിസ്റ്റ് പാർട്ടി ഈ സമ്മേളനത്തിൽ ദുർബലമായി. അല്പസ്വല്പമെങ്കിലും മാർക്സിസിസ്റ്റ് കമ്മ്യൂണിസ്റ്റ് പാർട്ടിക്കുവേണ്ടി, ഈ ഭരണകക്ഷിക്ക് എതിരായി ആരോപണമുന്നയിച്ചും അമ്പ് എയ്തും നിന്ന ശ്രീ. എം. വി. രാഘവനും ശ്രീ. പി. വി. കുഞ്ഞിക്കണ്ണനും ഇല്ലാത്ത മാർക്സിസ്റ്റ് കമ്മ്യൂണിസ്റ്റ് പാർട്ടി ദുർബ്ബലമാണ്. എന്നു തന്നെയാണ് ഞങ്ങളുടെ അഭിപ്രായം. മറ്റുള്ള ഘടകകക്ഷികളെ സംബന്ധിച്ചിടത്തോളം പറഞ്ഞാൽ ദുർബ്ബലമായ മാർക്സിസിസ്റ്റ് കമ്മ്യൂണിസ്റ്റ് പാർട്ടിയോട് നിൽക്കുന്ന ഘടകകക്ഷിക്കാർ ദരിദ്രരാണ്. അങ്ങനെയുള്ളൊരു പ്രകടനമാണ് ഈ അസംബ്ലിയിൽ അവർക്ക് കാഴ്ചവയ്ക്കാൻ സാധിച്ചത്. ഇന്നലെ ബഹുമാനപ്പെട്ട ശ്രീ. ഇ. കെ. നായനാർ ചില ഘടകകക്ഷികളെ വർഗ്ഗീയ രാഷ്ട്രീയ പാർട്ടികളായി കണ്ടു. ഞാൻ ശ്രീ. നായനാരോട് ചോദിക്കുകയാണ് എന്ത് മാനദണ്ഡത്തിലാണ് ചില രാഷ്ട്രീയ പാർട്ടികളെ വർഗ്ഗീയകക്ഷികളായി നിങ്ങൾ കാണുന്നത്? ഞാൻ ഒരു കാര്യം പറയുകയാണ്. നിങ്ങൾ എന്ത് മാനദണ്ഡമുപയോഗിച്ചാണോ ചില രാഷ്ട്രീയ പാർട്ടികളെ വർഗ്ഗീയകക്ഷികളായി കാണുന്നത് അതേ മാനദണ്ഡം ഉപയോഗിക്കുകയാണെങ്കിൽ മാർക്സിസിസ്റ്റ് കമ്മ്യൂണിസ്റ്റ് പാർട്ടി ഇന്ന് ഇവിടത്തെ വർഗ്ഗീയ രാഷ്ട്രീയ പാർട്ടിയാണ്. നിങ്ങൾ ഏത് മാനദണ്ഡം ഉപയോഗിച്ചാണോ അപ്പുറത്തിരിക്കുന്ന ചില രാഷ്ട്രീയപാർട്ടികളെ വർഗ്ഗീയ രാഷ്ട്രീയ പാർട്ടികളായി കാണുന്നത് അതേ മാനദണ്ഡം ഉപയോഗിച്ചാൽ ഇവിടെ ഇരിക്കുന്ന മാർക്സിസിസ്റ്റ് കമ്മ്യൂണിസ്റ്റ് പാർട്ടിയും വർഗ്ഗീയ രാഷ്ട്രീയപാർട്ടി ആണെന്ന് സ്ഥാപിക്കുവാൻ ഞാൻ തയ്യാറാണ്. കേരളകോൺഗ്രസ്സിനെക്കുറിച്ച് പറയാറുണ്ട് വർഗ്ഗീയ

LIBRARY ARCHIVES Kerala Legislative Assembly

രാഷ്ട്രീയ പാർട്ടിയാണെന്ന്. കേരള കോൺഗ്രസ്സിൽ നിന്ന് പിരിഞ്ഞുപോയ സോഷ്യലിസ്റ്റ് കേരള കോൺഗ്രസ്സ് എന്നുപറയുന്ന നമ്പാടൻ മാസ്റ്റർ റുടെ മുറിയിൽ ശ്രീ. പി. ടി. ചാക്കോയുടെ പടം വച്ച് പൂജിക്കുന്നുണ്ട്. സോഷ്യലിസ്റ്റ് കേരളകോൺഗ്രസ് എന്ന് അഭിമാനിക്കുന്ന ആ നമ്പാടനോട് നിങ്ങളുടെ സമീപനം എന്താണ്? അത് നിങ്ങൾ ഇവിടെ വ്യക്തമാക്കേണ്ട കാര്യമല്ലേ? കേരളകോൺഗ്രസ്സിന്റെ ഒരു ഘടകമാണ് എന്നാണ് ഇന്നും നമ്പാടൻ മാസ്റ്റർ അഭിപ്രായപ്പെടുന്നത്. ഞങ്ങൾ ആദരിക്കുന്ന നേതാവായ ശ്രീ. പി. ടി. ചാക്കോയുടെ പടത്തിന്റെ മുമ്പിൽ മെഴുകുതിരി കത്തിച്ചു വച്ചിരിക്കുന്ന ശ്രീ. നമ്പാടൻ മാസ്റ്ററോട് മാർക്സിസ്റ്റ് കമ്മ്യൂണിസ്റ്റ് പാർട്ടിയുടെ സമീപനമെന്താണ്? അതിന് സമാധാനം ഈ അസംബ്ലിയിൽ നിങ്ങൾ പറയേണ്ടിയിരിക്കുന്നു.

ശ്രീ. ലോനപ്പൻ നമ്പാടൻ : സർ, എന്റെ മുറിയിൽ അന്തരിച്ച ശ്രീ. കെ. എം. ജോർജിന്റെ പടവുമുണ്ട് എന്നുള്ള വിവരം ബഹുമാനപ്പെട്ട മെമ്പർക്ക് അറിയാമോ ?

ശ്രീ. എ. ജോർജ് : സർ, അതുതന്നെ ഞാൻ പറയുന്നത്. ഞങ്ങളുടെ നേതാക്കളായ ശ്രീ. പി. ടി. ചാക്കോയുടേയും ശ്രീ. കെ. എം. ജോർജിന്റെയും പടം വച്ച് പൂജിക്കുന്ന കേരളകോൺഗ്രസ്സിന്റെ ഒരു കഷണം എന്ന് അവകാശപ്പെടുന്ന ശ്രീ. നമ്പാടൻ മാസ്റ്ററോടുള്ള മാർക്സിസ്റ്റ് പാർട്ടി യുടെ സമീപനമെന്താണെന്നാണ് എന്റെ ചോദ്യം. അത് മാർക്സിസ്റ്റ് കമ്മ്യൂണിസ്റ്റ് പാർട്ടിയാണ് പറയേണ്ടത്.

ശ്രീ. കോടിയേരി ബാലകൃഷ്ണൻ : സർ, ഈ കേരള കോൺഗ്രസ്സിനു ക്രിസ്ത്യൻ മിഷനറിമാരുടെ പിൻതുണയില്ലാതെ ഒരൊറ്റ ദിവസം പ്രവർത്തി ക്കാൻ സാധിക്കുമെന്ന് ശ്രീ. ജോർജിന് പറയാൻ കഴിയുമോ ?

ശ്രീ. എ. ജോർജ് : സർ, ഞാൻ നേരത്തേ പറഞ്ഞുതുപോലെ നിങ്ങളുടെ തെറ്റായ കാഴ്ചപ്പാടും തെറ്റായ സമീപനവും കൊണ്ടാണ് ശ്രീ. കോടിയേരി ആ രീതിയിൽ പറഞ്ഞത്. ഞങ്ങൾ വർഗ്ഗീയകക്ഷികളാണെന്നു പറഞ്ഞ മാനദണ്ഡം, അതേ മാനദണ്ഡം മാർക്സിസ്റ്റ് കമ്മ്യൂണിസ്റ്റ് പാർട്ടി യോട് ഞങ്ങൾ എടുക്കുകയാണെങ്കിൽ, അതിന്റെ അടിസ്ഥാനത്തിൽ പരി ശോധിക്കുകയാണെങ്കിൽ നിങ്ങളും വർഗ്ഗീയകക്ഷിയാണെന്നാണ് എന്റെ അഭിപ്രായം.

ശ്രീ. ലോനപ്പൻ നമ്പാടൻ : സർ, ആർ. ശങ്കർ വിശ്വാസമില്ലെന്നു പറഞ്ഞ പ്പോൾ ആ മന്ത്രി സഭയിൽ നിന്ന് തന്റേടത്തോടുകൂടി, നട്ടെല്ലോടുകൂടി രാജി വച്ച് വന്ന ശ്രീ. പി. ടി. ചാക്കോയുടേയും അതുപോലെതന്നെ അന്തരിച്ച ശ്രീ. കെ. എം. ജോർജിന്റെയും പാരമ്പര്യം അവകാശപ്പെടാനുള്ള യാതൊരു അവകാശവും നിങ്ങൾക്കില്ല.

ശ്രീ. എ. ജോർജ് : സർ, നമ്പാടൻ മാസ്റ്റർക്ക് ശ്രീ. പി. ടി. ചാക്കോ ആരാണെന്നറിഞ്ഞുകൂടാ. നമ്പാടൻ മാസ്റ്റർ കേരളകോൺഗ്രസ്സിൽ വരു മ്പോൾ ശ്രീ. കെ. എം. ജോർജ് ആരാണെന്ന് അറിഞ്ഞുകൂടാ. ആ കെ. എം. ജോർജിന്റെയും ശ്രീ. പി. ടി. ചാക്കോയുടേയും പാരമ്പര്യം ഈ കേരള കോൺഗ്രസ്സിന് ഇല്ലെന്ന് പറയുവാൻ നമ്പാടൻ മാസ്റ്റർക്ക് യാതൊരു അവകാശവുമില്ലെന്ന് ഞാൻ ഉറപ്പിച്ചു പറയുകയാണ്. നമ്പാടൻ മാസ്റ്റർ

LIBRARY ARCHIVES Kerala Legislative Assembly

കണ്ടിട്ടു പോലുമില്ല സർ, ശ്രീ. പി. ടി. ചാക്കോയേയും ശ്രീ. കെ. എം. ജോർജിനേയും. ഇപ്പോഴും ഈ നമ്പാടൻ മാസ്റ്റർ ഇവിടെ വന്ന് പറയുന്നു ശ്രീ. പി. ടി. ചാക്കോയുടേയും ശ്രീ. കെ. എം. ജോർജിന്റെയും പാരമ്പര്യം ഞങ്ങൾക്കില്ലെന്ന്. നാണമില്ലേ?

ശ്രീ. കെ. പി. പ്രഭാകരൻ : സർ, ശ്രീ. പി. ടി. ചാക്കോ എന്നാണ് കേരളാ കോൺഗ്രസ്സുകാരനായത് ?

ശ്രീ. പി. സി. ജോർജ് : സർ, ശ്രീ. പി. ടി. ചാക്കോ കേരളകോൺഗ്രസ്സുകാരനാണെന്ന് ഒരിടത്തും കേരളാകോൺഗ്രസ്സുകാർ പറഞ്ഞിട്ടില്ല എന്നുള്ളത് ബഹുമാനപ്പെട്ട മെമ്പർക്ക് അറിയാമോ? പക്ഷെ, ശ്രീ. പി. ടി. ചാക്കോ ഉയർത്തിപ്പിടിച്ച ആ സത്യസന്ധമായ രാഷ്ട്രീയ പാരമ്പര്യം ഞങ്ങളുടെ പാർട്ടി സ്വീകരിക്കുന്നുവെന്നാണ് കേരളകോൺഗ്രസ്സ് പറഞ്ഞിരിക്കുന്നത്.

ശ്രീ. എ. ജോർജ് : സർ, ശ്രീ. പി. ടി. ചാക്കോ കേരളകോൺഗ്രസ്സുകാരനല്ലെങ്കിലും ശ്രീ. അച്യുതമേനോൻ കമ്മ്യൂണിസ്റ്റ് പാർട്ടിയിൽപ്പെട്ട ആളാണെങ്കിലും, ഞങ്ങൾ ചില നേതാക്കൻമാരുടെ നേതൃത്വത്തെ അംഗീകരിക്കുന്നു. അതിന്റെ അടിസ്ഥാനത്തിലാണ് ശ്രീ. പി. ടി. ചാക്കോയുടെ നേതൃത്വത്തെ ഞങ്ങൾ അംഗീകരിക്കുന്നത്. കേരളകോൺഗ്രസ്സായിട്ടല്ല, കമ്മ്യൂണിസ്റ്റ് പാർട്ടിയായ ശ്രീ. അച്യുതമേനോന്റെ നേതൃത്വത്തിൽ നിന്നുള്ള ചില പ്രിൻസിപ്പിൾസ് ഞങ്ങൾ അംഗീകരിക്കുന്നുണ്ട്. അതേ അടിസ്ഥാനത്തിലാണ് ശ്രീ. പി. ടി. ചാക്കോയെ ഞങ്ങൾ അംഗീകരിക്കുന്നത്. ബഹുമാനപ്പെട്ട ഉമ്മൻ ചാണ്ടിയോട് സൗമ്യമായി എനിക്ക് പറയാനുണ്ട്. ഡോ. പി. കെ. ഗോപാലകൃഷ്ണന്റെ പ്രസംഗം, അദ്ദേഹം കെ. പി. സി. സി.യുടെ സാമ്പത്തികപിടിപാടുള്ളവൻ മാത്രമാണെങ്കിൽ അദ്ദേഹം ഈ ഗവൺമെന്റിനെ എന്ത് വിമർശിച്ചാലും ഞങ്ങൾക്ക് പരാതിയില്ല. ശ്രീ. തച്ചടി പ്രഭാകരൻ മിനിഞ്ഞാന്നത്തെ പ്രസംഗത്തിൽ പറഞ്ഞു, ഇവിടത്തെ ക്യാബിനറ്റ് കൂടിയാണ് ഡോ. പി. കെ. ഗോപാലകൃഷ്ണനെ ഇവിടെ നിയമിച്ചിരിക്കുന്നതെന്ന്. അങ്ങനെ ക്യാബിനറ്റ് കൂടിയാണ് ഡോ. പി. കെ. ഗോപാലകൃഷ്ണനെ നിയമിച്ചിട്ടുള്ളതെങ്കിൽ, ഗവൺമെന്റിന്റെ ആനുകൂല്യം പറഞ്ഞുകൊണ്ടാണോ ഡോ. പി. കെ. ഗോപാലകൃഷ്ണൻ പ്ലാനിംഗ് ബോർഡിൽ ഇരിക്കുന്നതെങ്കിൽ ഈ ഗവൺമെന്റിനെ എതിരായി വിമർശിക്കുന്നത് അച്ചടക്കലംഘനമാണോ ഭരണഘടനാവിരുദ്ധമാണോ എന്നൊക്കെയുള്ള കാര്യം പരിശോധിക്കണമെന്നാണ് എനിക്ക് പറയാനുള്ളത്. ഞാൻ ദീർഘിപ്പിക്കുന്നില്ല, കേരളത്തിന്റെ ഒരു നല്ല നാളേയ്ക്കുവേണ്ടി, കേരളത്തിന്റെ അവശത അനുഭവിക്കുന്ന ഇവിടത്തെ ജനങ്ങൾക്കുവേണ്ടി ഈ ഉപക്ഷേപത്തെ ഞാൻ പിൻതാങ്ങുന്നു.

ശ്രീ. ടി. കെ. ആറുമുഖൻ : സർ, ഇവിടെ അവതരിപ്പിച്ച വോട്ട് ഓൺ അക്കൗണ്ടിനെ ഞാൻ എതിർക്കുന്നു. അഴിമതിയും ധൂർത്തും മുഖമുദ്രയാക്കിക്കൊണ്ട് പ്രവർത്തിക്കുന്ന ഒരു മുന്നണി ഗവൺമെന്റാണ് ഈ ഐക്യജനാധിപത്യ മുന്നണി ഗവൺമെന്റ്. അതിന്റെ വിശദാംശത്തിലേക്ക് കടക്കാൻ ഞാൻ ആഗ്രഹിക്കുന്നില്ല. ലോകബാങ്കിന്റെ സഹായത്തോടുകൂടി ഇൻഡ്യാപോപ്പുലേഷൻ പ്രോജക്ട് (I.P.P.) കേരളത്തിലെ നാല് ജില്ലകളിൽ നടപ്പിലാക്കാൻ തീരുമാനിച്ചിട്ടുണ്ട്; പാലക്കാട്, വയനാട്, ഇടുക്കി, മലപ്പുറം. അതിൽ ജൂനിയർ ഹെൽത്ത് ഇൻസ്പെകടർമാർക്ക് ട്രെയിനിംഗ് കൊടുക്കുന്ന സമ്പ്രദായമുണ്ട്. അത് പതിനെട്ട് മാസമാണ്. സെമസ്റ്റർ സിസ്റ്റം

LIBRARY ARCHIVES Kerala Legislative Assembly

അനുസരിച്ചാണ് പതിനെട്ടുമാസം ട്രെയിനിംഗ് കൊടുക്കുന്നത്. ആറാറു മാസം കൂടുന്ന അവസരത്തിൽ പരീക്ഷനടത്തി, പതിനെട്ടുമാസത്തിനുള്ളിൽ അവർക്ക് ട്രെയിനിംഗ് കൊടുത്ത് അവരെ നിയമിക്കുന്നതിനുപകരം പതിനാറാമത്തെ മാസത്തിൽ ഒരു പരീക്ഷ നടത്തുകയാണ് ചെയ്യുന്നത്. അർഹതയില്ലാത്ത ആളുകളെ നിയമിക്കുന്നതിനുവേണ്ടിയുള്ള പ്രവർത്തനമാണ് ആ വകുപ്പിൽ നടക്കുന്നത്. അതുകൊണ്ട് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ ശ്രദ്ധയിൽപ്പെടുത്താനുള്ളത്, ആ അർഹതയില്ലാത്ത ആളുകളെ നിയമിക്കുന്നതിനുവേണ്ടി പ്രവർത്തിക്കുന്ന ആ സമീപനത്തെ ഇല്ലായ്മ ചെയ്തുകൊണ്ട് അർഹതയുള്ള, ട്രെയിനിംഗ് കിട്ടിയിട്ടുള്ള ഹെൽത്ത് ഇൻസ്പെക്ടർമാരെ നിയമിക്കാൻ വേണ്ടിയുള്ള പ്രവർത്തനം ബഹുമാനപ്പെട്ട മുഖ്യമന്ത്രി നടത്തണമെന്നാണ്. മലപ്പുറം ജില്ലയിൽത്തന്നെ അർഹതയില്ലാത്ത നാല്പതോളം ആളുകളെ നിയമിച്ചുവെന്നാണ് എനിക്ക് അറിയാൻ കഴിഞ്ഞത്. പാലക്കാട് ജില്ലയിൽ തന്നെ അവരെ നിയമിക്കാനുള്ള അണിയറനീക്കങ്ങളും നടക്കുന്നുവെന്ന് മനസിലാക്കാൻ കഴിയുന്നു. ഇതിൽ അഴിമതിയില്ലേ? സ്വന്തക്കാരേയും ബന്ധക്കാരേയും കുത്തിത്തിരുകുന്നതിനുവേണ്ടിയുള്ള നിലപാടാണ് ആ വകുപ്പ് കൈകാര്യം ചെയ്യുന്ന മുഖ്യമന്ത്രി അറിഞ്ഞോ അറിയാതെയോ നടപ്പിലാക്കുന്നത്. അത് തിരുത്താൻ ബഹുമാനപ്പെട്ട മുഖ്യമന്ത്രി ശ്രമിക്കണമെന്ന് എനിക്ക് ഒരഭ്യർത്ഥനയുണ്ട്. പ്രതിദിനം അറുപത് ലക്ഷം രൂപയുടെ കമ്മിയോടെ പ്രവർത്തിക്കുകയും ഇപ്പോഴും ഇരുപത്തിരണ്ടു ലക്ഷം രൂപ മിച്ചം കാണിക്കുകയും ചെയ്യുന്ന ഐക്യജനാധിപത്യമുന്നണി ഗവൺമെന്റ് ഭരിക്കുന്ന സമയത്ത് പാവപ്പെട്ട കർഷകത്തൊഴിലാളികൾക്ക് 5.5 കോടി ഉറുപ്പിക കൊടുക്കാൻ ഉണ്ട്. പാവപ്പെട്ട ആളുകളുടെ പിച്ചച്ചട്ടിയിൽ കൈയിട്ടുവാരുന്ന സമ്പ്രദായം അവസാനിപ്പിച്ചുകൊണ്ട് കഴിയുന്നത്ര വേഗതയിൽ ഈ രാജ്യത്തെ കർഷകത്തൊഴിലാളികൾക്ക് പെൻഷൻ ഇനത്തിൽ കൊടുക്കാനുള്ള കുടിശ്ശിക കൊടുത്തുതീർക്കാനും അർഹതപ്പെട്ട മുഴുവൻ കർഷകത്തൊഴിലാളികൾക്കും പെൻഷൻ കൊടുക്കാനുമുള്ള നടപടിയെടുക്കണമെന്നാണ് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്. അതുപോലെതന്നെ ഈ കർഷകതൊഴിലാളികളെ സംബന്ധിച്ചിടത്തോളം പി എഫ്. സ്കീം കേരളത്തിൽ നടപ്പിലാക്കാൻ തീരുമാനിച്ചു. അതിന്റെ ആദ്യപടിയായി പാലക്കാട് ജില്ലയിലാണ് നടപ്പാക്കാൻ തീരുമാനിച്ചത്. പക്ഷേ, ആ പദ്ധതി ഇന്നേവരെ പാലക്കാട് ജില്ലയിൽ നടപ്പിലാക്കാൻ സാധിച്ചിട്ടില്ല, പ്രവർത്തനം തുടങ്ങിയിട്ടില്ല. ആ പ്രോവിഡന്റ് ഫണ്ട് സ്കീമിൽ കൃഷിക്കാരെ ദ്രോഹിക്കുന്ന വല്ല വകുപ്പുകളും ഉണ്ടെങ്കിൽ മാറ്റി കർഷക തൊഴിലാളികളെ സംബന്ധിച്ച്.....

മുഖ്യമന്ത്രി (ശ്രീ. കെ. കരുണാകരൻ) : സർ, അപ്പോയിന്റുമെന്റ് നടത്തുന്നുവെന്ന് പറഞ്ഞ സ്ഥലം ഏതാണ്?

ശ്രീ. ടി. കെ. ആറുമുഖൻ : സർ, മലപ്പുറം. ഐ. പി. പി. നടപ്പിലാക്കിയ സ്ഥലത്ത് ട്രെയിനിംഗ് കഴിഞ്ഞ ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർമാരുടെ നിയമനം.

ആർ. പി. എഫ്. അടിയന്തിരമായി പാലക്കാട് ജില്ലയിലും സംസ്ഥാനത്താകെയും നടപ്പിലാക്കാൻ ശ്രമിക്കണം. അല്ലെങ്കിൽ ഒരു ക്ഷേമനിധിയെങ്കിലും നടപ്പിലാക്കാൻ ആവശ്യമായ നടപടികൾ സ്വീകരിക്കണമെന്നാണ് ഈ ഐക്യജനാധിപത്യമുന്നണി ഗവൺമെന്റിനോട് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്. അതുപോലെ തന്നെ കഴിഞ്ഞ ബഡ്ജറ്റിൽ ഒരു കോടി ഉറുപ്പിക മുതൽ മുടക്കി ഒരു അതോറിറ്റി രൂപീകരിച്ച് നെൽകൃഷിക്കാരെ രക്ഷിക്കാൻ പോകുന്നു എന്ന് പറഞ്ഞിട്ടുണ്ടായിരുന്നു. ഈ രാജ്യത്തെ കൃഷിക്കാരന് ഇന്ന് ജീവിക്കാനാവശ്യമുള്ള സാഹചര്യം സൃഷ്ടിക്കുക, എന്നിട്ട് നിങ്ങൾ അതോറിറ്റി രൂപീകരി

LIBRARY ARCHIVES Kerala Legislative Assembly

ക്കാനുള്ള സാഹചര്യം സൃഷ്ടിക്കുക. ഇന്ന് നെൽകൃഷിക്കാർ ആകെ പാപ്പരായിക്കൊണ്ടിരിക്കുന്നു. ഭക്ഷ്യോൽപ്പാദനം കുറഞ്ഞുകൊണ്ടിരിക്കുന്നു.

ഈ സാഹചര്യത്തിൽ നെൽകൃഷിക്കാർക്ക് ഏക്കറിന്, 500 ഉറുപ്പികയും രാസവളത്തിന് 50 ശതമാനവും സബ്സിഡി കൊടുത്ത് ആവശ്യ
2 p.m. മുള്ള വെള്ളവും എത്തിച്ചു കൊടുത്തുകൊണ്ട് അവരെ നിലനിർത്തുവാൻ ആവശ്യമായ ഒരു പദ്ധതി അടിയന്തിരമായി ആവിഷ്ക്കരിച്ച് നടപ്പിലാക്കണം. ഈ രാജ്യത്തെ കൃഷിക്കാരോട് അല്പമെങ്കിലും അനുഭാവമുണ്ടെങ്കിൽ അവരുടെ പേരിലുള്ള ജപ്തിനടപടികളും നിർത്തിവയ്ക്കാൻ തയ്യാറാകണം. അതിന് ഈ ഐക്യജനാധിപത്യമുന്നണി ഗവൺമെൻറ് തയ്യാറാകുമോ? അങ്ങനെ പാവപ്പെട്ട കൃഷിക്കാരെ ജപ്തി നടപടികളിൽനിന്നും രക്ഷിക്കാനാവശ്യമായ നടപടികളുംകൂടി സ്വീകരിച്ച ശേഷം നിങ്ങൾ അതോറിറ്റി രൂപീകരിക്കാനുള്ള നടപടി സ്വീകരിച്ചാൽ എതിർപ്പില്ല. അതുകൊണ്ട്, ആ രീതിയിൽ കൃഷിക്കാരെ സംരക്ഷിക്കാൻ ആവശ്യമായിട്ടുള്ള പദ്ധതി ഉണ്ടാക്കണം. പാലക്കാട് ജില്ല വരൾച്ചകൊണ്ട് ഏറ്റവുമധികം പ്രയാസമനുഭവിക്കുന്ന ജില്ലയാണ്. അവിടെ ഇറിഗേഷൻ എത്താത്ത പ്രദേശങ്ങളിലും ഇറിഗേഷന്റെ പ്രവർത്തനം എത്തുന്ന പ്രദേശങ്ങളിലും വരൾച്ചയുണ്ട്. അങ്ങനെ രണ്ടുതരത്തിലുള്ള വരൾച്ച അനുഭവിക്കുന്ന സ്ഥലമാണ് പാലക്കാട് ജില്ല. എന്റെ നിയോജകമണ്ഡലത്തിലുള്ള ഒപരിങ്ങോട് പഞ്ചായത്തിൽപ്പെട്ട ചൂനൂർ പ്രദേശം നമ്മുടെ ബഹുമാനപ്പെട്ട തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സി. എം. സുന്ദരം സന്ദർശിച്ചതാണ്. അവിടെ ഇറിഗേഷൻ പ്രവർത്തനം ഇല്ലാത്തതിന്റെ ഫലമായി വരൾച്ചയാണ്. അതുകൂടാതെ ഇറിഗേഷൻ എത്തിയിട്ടും ഒരു മാസത്തിൽ 15 ദിവസമോ 10 ദിവസമോ പോലും വെള്ളം കിട്ടുന്നില്ല. അതുകൊണ്ട് വളരെയധികം കൃഷിക്കാരുടെ വിള നശിച്ച് ഉണങ്ങിപ്പോയി. അവരിപ്പോൾ കഷ്ടത്തിലാണ്. ഈ സാഹചര്യത്തിൽ അത്തരം കൃഷിക്കാരെ സംരക്ഷിക്കാനാവശ്യമുള്ള ഇറിഗേഷൻ പദ്ധതികളും ഏറെറടുത്ത് നടപ്പിലാക്കാൻ ഈ ഐക്യജനാധിപത്യമുന്നണി ഗവൺമെൻറിന് കഴിയുമോ? കുരിയാർകുട്ടി കാരപ്പാറ പദ്ധതി നടപ്പിലാക്കിയാൽ ചിറ്റൂർ താലൂക്കിലെയും, ആലത്തൂർ താലൂക്കിലെയും പാലക്കാടു താലൂക്കിലെയും കൃഷിക്കാർക്ക് ആവശ്യത്തിന് വെള്ളം കൊടുക്കാൻ കഴിയും. അത്തരത്തിലുള്ള പദ്ധതികളും നടപ്പിലാക്കുകയല്ല അവ ഇല്ലാതാക്കുക എന്ന നെറികേടാണ് ഈ ഐക്യജനാധിപത്യമുന്നണി ഗവൺമെൻറ് ചെയ്യുന്നത്. അതുകൊണ്ട് കൃഷിക്കാരെ സംരക്ഷിക്കണമെങ്കിൽ അവരുടെ വിളകൾക്ക് ഏക്കറിന് 500 രൂപ സബ്സിഡിയും രാസവളത്തിന് മറെറാരു 50% സബ്സിഡിയും കൊടുത്തു കൊണ്ട് ആവശ്യത്തിനുള്ള വെള്ളവും എത്തിക്കാനുള്ള സംവിധാനം ഉണ്ടാക്കണം. അതിന് കഴിഞ്ഞാൽ മാത്രമേ നമ്മുടെ രാജ്യത്തെ നെൽകൃഷി നിലനിർത്താൻ കഴിയൂ. ആ രീതിയിലുള്ള പദ്ധതി നടപ്പാക്കാൻ ഈ മുന്നണി ഗവൺമെൻറ് തയ്യാറാകണമെന്നാണ് അതിനെ സംബന്ധിച്ച് എനിക്ക് പറയുവാനുള്ളത്.

[അദ്ധ്യക്ഷവേദിയിൽ മി. സ്പീക്കർ]

മറെറാരു കാര്യമുള്ളത്, സംസ്ഥാനത്തുള്ള തദ്ദേശസ്വയംഭരണസ്ഥാപനങ്ങളിലെ തെരഞ്ഞെടുപ്പിനെ സംബന്ധിച്ചാണ്. ഒരു സിനിമാനടനുള്ള ജനാധിപത്യബോധമെങ്കിലും ഈ ഐക്യജനാധിപത്യമുന്നണി ഗവൺമെൻറിനുണ്ടോ? തമിഴ്നാട്ടിൽ, ശ്രീ. എം. ജി. രാമചന്ദ്രൻ സിനിമയിലൂടെ മുഖ്യമന്ത്രിയായി. ആ സിനിമാനടനുള്ള ജനാധിപത്യബോധം കൊണ്ട് അവിടത്തെ തദ്ദേശസ്വയംഭരണസ്ഥാപനങ്ങളിലെ തെരഞ്ഞെടുപ്പ് നടത്തി. ഇവിടെയോ? ജനാധിപത്യബോധം ഉണ്ടെന്നു പറയുകയും ആവേശത്തോടുകൂടി പ്രസംഗിക്കുകയും ചെയ്യുന്ന കോൺഗ്രസ്സിനോട് ഞാൻ ചോദിക്കുന്നു, ഇവിടത്തെ

LIBRARY ARCHIVES Kerala Legislative Assembly

തദ്ദേശസ്വയംഭരണസ്ഥാപനങ്ങളിലെ തെരഞ്ഞെടുപ്പ് നടത്താൻ നിങ്ങൾ തയ്യാറുണ്ടോ? അതിന് തയ്യാറാകാതെ ഇവിടെ നിന്ന് വാനോളം പുകഴ്ത്തി പ്രസംഗിക്കുകയും മുൻപോട്ടു പോകുകയും ചെയ്യുന്നതുകൊണ്ട് കാര്യമില്ല. ഈ സമ്പ്രദായത്തിൽ നിന്ന് മാറി അടിയന്തിരമായി നമ്മുടെ പഞ്ചായത്തുകളിലെയും മുനിസിപ്പാലിറ്റികളിലെയും കോർപ്പറേഷനുകളിലെയും തെരഞ്ഞെടുപ്പു നടത്താൻ ഈ ഐക്യജനാധിപത്യമുന്നണി ഗവൺമെൻറിന് സാധിക്കുമോ ?

അതുപോലെ ആർ. എൽ. ഇ. ജി. പി., ഐ. ആർ. ഡി. പി., എൻ. ആർ. ഇ. പി. പോലുള്ള പദ്ധതികളും നമ്മുടെ സംസ്ഥാനത്ത് വിജയിച്ചിട്ടില്ലെന്ന് കേന്ദ്ര പാർലമെൻറിൽ ബന്ധപ്പെട്ട മന്ത്രി മറുപടി കൊടുത്തിരിക്കുന്നു. എന്തുകൊണ്ട് ഇവിടെ ജനാധിപത്യമുന്നണി ഗവൺമെൻറ് അധികാരത്തിൽ വന്ന ഉടൻ തന്നെ ബി. ഡി. സി. കളും പിരിച്ചുവിട്ടു? പഞ്ചായത്തുകളിൽ ജനാധിപത്യ സംവിധാനത്തിൻെറ അടിസ്ഥാനത്തിലുള്ള പ്രവർത്തനം നടത്താത്തതിനെ തുടർന്ന് ആർ. എൽ. ഇ. ജി. പി.യും, എൻ. ആർ. ഇ. പി.യും ഐ. ആർ. ഡി. പി.യും പോലുള്ള പദ്ധതികളും പരാജയപ്പെടുന്നു. ഈ പരാജയപ്പെടലിന് ഉത്തരവാദി ഈ ഐക്യജനാധിപത്യമുന്നണിയും അതിൻെറ വകുപ്പുമന്ത്രിയുമാണ്. സർ, ബി. ഡി. സി. കളും പുനഃസംഘടിപ്പിക്കാൻ ഇന്നുവരെ കഴിഞ്ഞിട്ടുണ്ടോ? ആ രീതിയിൽ ഒരു ജനാധിപത്യ സംവിധാനത്തെ ദുരുപയോഗപ്പെടുത്തിക്കൊണ്ട് മുന്നോട്ടു പോകുന്ന ഈ മുന്നണി ഗവൺമെൻറിൻെറ വോട്ട് ഓൺ അക്കൗണ്ടിനെ എതിർത്തുകൊണ്ട് ഞാൻ അവസാനിപ്പിക്കുന്നു.

ശ്രീ. പി. സീതി ഹാജി : സർ, ബഹുമാനപ്പെട്ട ധനകാര്യമന്ത്രി ഇവിടെ അവതരിപ്പിച്ച വോട്ട് ഓൺ അക്കൗണ്ടിനെ ഞാൻ പിൻതാങ്ങുകയാണ്. ഞാൻ വിചാരിച്ചു ഇന്നുരാവിലെ പ്രതിപക്ഷം കൊണ്ടുവരുന്ന അടിയന്തിരപ്രമേയം ഇപ്പോഴും പാർലമെൻറിൽ ചർച്ച ചെയ്തുകൊണ്ടിരിക്കുന്ന, എറണാകുളത്തിനടുത്തുവച്ച് നടന്ന ട്രെയിനിലെ ബോംബുപൊട്ടലിനെ സംബന്ധിച്ചുള്ളതായിരിക്കുമെന്ന്. ഇവിടത്തെ പ്രതിപക്ഷം അതുകൊണ്ടു വന്നില്ലെന്നു മാത്രമല്ല, സർ, ഞാനിപ്പോഴും സംശയിക്കുകയാണ്, ഇന്നലത്തെ സമരവുമായി മാർക്സിസ്റ്റ് പാർട്ടിക്ക് ബന്ധമുണ്ടോയെന്ന്. അവരാണ് ഇത് ചെയ്തതെന്നുള്ളതുകൊണ്ടാണോ ശ്രീ. നായനാരുടെ ഭാഗത്തുനിന്നും ഇതു കൊണ്ടുവരാത്തതെന്ന് ഞാൻ സംശയിക്കുകയാണ്. ഇപ്പുറത്തുനിന്നു ഞങ്ങൾ സബ്മിഷൻ കൊണ്ടുവന്ന് ഇന്നലത്തെ സമരത്തോട് അനുബന്ധിച്ചാണോയെന്ന് ചോദിച്ചപ്പോൾ പ്രതിപക്ഷം കലിതുള്ളി. ബഹുമാനപ്പെട്ട നായനാർ, നിങ്ങൾ ഈ സംസ്ഥാനത്തിൻെറ പ്രതിപക്ഷ നേതാവായത് ഞങ്ങൾക്ക്. നാണക്കേടാണ്. ഈ ഭരണത്തിൻെറ പാളിച്ചകൾ ചൂണ്ടിക്കാണിക്കേണ്ട ശ്രീ. നായനാർ, ഇന്നലെ തീവണ്ടിയിൽ ബോംബുപൊട്ടി ഒരാൾ അത്യാസന്നനിലയിൽ മരണവുമായി മല്ലിട്ട് കിടക്കുന്ന സംഭവമുണ്ടായിട്ട് രാത്രിപ്പറഞ്ഞ ഒരടിയന്തിരപ്രമേയം കൊണ്ടുവന്നില്ല. ഏതോ ഒരു കൊച്ചു കുടുംബകലഹത്തിൻെറ പേരിൽ മരിച്ചതിനെച്ചൊല്ലി ശ്രീ. താമരാക്ഷനെ ബലിയാടാക്കി. ബഹുമാനപ്പെട്ട മുഖ്യമന്ത്രിയോട് എനിക്ക് ഒരുകാര്യം പറയാനുണ്ട്. ശ്രീ. നായനാരും, ശ്രീ. എം. വി. രാഘവനും കഴിഞ്ഞകൊല്ലം ദുബായിൽ പോയിരുന്നു. അവിടെനിന്നും 8 പെട്ടി സാധനങ്ങൾ ശ്രീ. നായനാരും 6 പെട്ടി സാധനങ്ങൾ ശ്രീ. എം. വി. രാഘവനും കൊണ്ടുവന്നിരുന്നു. ഞാൻ അന്ന് അവിടെയുണ്ടായിരുന്നു. അന്നു കൊണ്ടുവന്നത് ബോംബാണോയെന്ന് എനിക്ക് സംശയമുണ്ട്. ഇതു കാര്യമായി അന്വേഷിക്കണം. പാർലമെൻറുവരെ ചർച്ച ചെയ്യുന്ന തീവണ്ടിയിലെ സംഭവം ഇവിടെ പ്രതിപക്ഷം കൊണ്ടുവരാതെ ഏതോ ഒരു കുടുംബകലഹത്തിൽ ഒരു കുട്ടി മരിച്ചത് വലിയ കോളിളക്കമായി കൊണ്ടുവന്ന് അടിയന്തിരപ്രമേയമെന്ന് പറഞ്ഞ് കൊണ്ടുനടക്കുകയാണ്. പിന്നെ,

LIBRARY ARCHIVES Kerala Legislative Assembly

15 പെട്ടിയിൽ എന്തായിരുന്നുവെന്നാണ് ശ്രീ. നായനാർക്ക് അറിയേണ്ടത്. നിങ്ങൾ ആരാണ്? കസ്റ്റംസ് ഓഫീസറാണോ ? എനിക്ക് അറിയാൻവേണ്ടി ചോദിച്ചതാണ്. എന്നാണ് നിങ്ങൾക്ക് ഈ ജോലി കിട്ടിയത്? മി. നയനാരേ, നിങ്ങൾ വിളിച്ച് പറഞ്ഞ് എത്ര സഖാക്കളെ വിട്ടിട്ടുണ്ട്! എന്തെല്ലാം സാധനങ്ങളാണ് നിങ്ങൾ കടത്തികൊണ്ടുവന്നത്. നിങ്ങൾ കൊണ്ടുവന്നത് എനിക്കറിയില്ലേ? നിങ്ങൾക്ക് ആര് തന്നതാണെന്നും എനിക്കറിയില്ലേ ? നിങ്ങൾ പറഞ്ഞല്ലോ, സീതിഹാജി വർക്കുന്നു അതൊന്നും പറയണ്ട എന്ന്. തന്ന ആളുകളൊക്കെ പറഞ്ഞു ശ്രീ. നായനാർക്ക് ഇന്നതിന്നതൊക്കെ കൊടുത്തിട്ടുണ്ടെന്ന്. ഞാൻ തറവാട്ടിൽ പിറന്നവനും മുസ്ലീം ലീഗുകാരനുമായതുകൊണ്ട് അതൊന്നും ഇവിടെ പറയുന്നില്ല. നിങ്ങളെമാതിരിയല്ല. മലപ്പുറത്തെ എ. കെ. ജി. സെൻററിന് പള്ളിയുടെ മാതൃകയാണ്. എന്നിട്ട് എ. കെ. ജി. സെൻററിനെ "മദ്രസ" എന്നും പറഞ്ഞ് സഖാവ് ഇമ്പിച്ചിബാവയെകൊണ്ട് അറബികളുടെ അടുത്തുപോയി പണം പിരിപ്പിച്ചുകൊണ്ടുവന്ന് കെട്ടിയ പാരമ്പര്യം മാർക്സിസ്റ്റ് കമ്മ്യൂണിസ്റ്റ് പാർട്ടിക്കാണ്. ബഹുമാനപ്പെട്ട മുഖ്യമന്ത്രിയും ബഹുമാനപ്പെട്ട ധനകാര്യമന്ത്രിയും എൻെറ വീട്ടിൽ കല്യാണത്തിന് വരുമ്പോൾ അവിടെ കയറിയാൽ മതി, കാണാം. എന്നിട്ട് ഞങ്ങളെപ്പറ്റി സാമ്പത്തിക കുറ്റാരോപണം പറഞ്ഞ് പ്രധാനമന്ത്രിക്ക് നിവേദനം നടത്തിയിരിക്കുന്നു. ഉത്തരവാദിത്വത്തോടുകൂടി പറയുകയാണ് ഏത് അന്വേഷണത്തെ നേരിടാനും മുസ്ലീംലീഗ് തയ്യാറാണ്. വിദേശികളുടെ കൈയിൽനിന്ന് ഞങ്ങൾക്ക് ഒരു നയാപൈസപോലും വാങ്ങേണ്ട ആവശ്യമില്ല. തങ്ങൾക്ക് വേണ്ടത് ഞങ്ങളുടെ ദൈവം തന്നിട്ടുണ്ട്. ഞങ്ങൾക്ക് അതിനുള്ള കഴിവുണ്ട്. ദൈവം ഞങ്ങളെ സഹായിക്കും. ശ്രീ. നായനാരെപ്പോലെ ഈശ്വരനില്ലെന്ന വിശ്വാസികളല്ല ഞങ്ങൾ. നിങ്ങൾ ഈ രാജ്യത്ത് പുകമറ സൃഷ്ടിക്കുന്നു. ശ്രീ. നായനാരുടെ പ്രസംഗം എനിക്ക് മനസ്സിലായി. ശ്രീ. ബേബി ജോണിൻെറ പ്രസംഗവും മനസ്സിലായി. ഏറാപുംവലിയ രണ്ട് വർഗ്ഗീയവാദികൾ അവിടെയുണ്ട്. അവർ ആരാണെന്നറിയാമോ ? ശ്രീ. കെ. ജി.മാരാർ അല്ല. ശ്രീ. ഒ. രാജഗോപാലൻ അല്ല. ശ്രീ. കെ. പി. പ്രഭാകരനും ശ്രീ. ഷൺമുഖദാസും-വെള്ളത്തിനേക്കാൾ കട്ടിയാണ് അവർക്കിപ്പോൾ രക്തത്തിന്. അവരുടെ രണ്ടുപേരുടേയും പ്രസംഗമായിരുന്നു ഇന്നലെ ശ്രീ. കെ. ജി. മാരാർ പ്രസംഗിച്ചത്. എന്താണ് പറഞ്ഞത് ? 1970-നു ശേഷം ഇങ്ങനെ ഒരു വികാരം എനിക്കുണ്ടായിട്ടില്ലെന്ന് പറഞ്ഞു. ശ്രീ. ഷൺമുഖദാസിവിടെ തുള്ളി. മി. ഷൺമുഖദാസ്, നിങ്ങൾ അവിടെ മന്ത്രിയായിരുന്നപ്പോഴാണ് ഇൻഡ്യയുടെ മുകളിൽക്കൂടെ വിമാനത്തിൽ പറക്കാൻപോലും പാടില്ലാത്ത .....റഷ്യയ്ക്കും അമേരിക്കയ്ക്കും ഒന്നിച്ച് ചാരപ്പണി നടത്തുന്ന രാമസ്വരൂപൻമാരുടെ കൂട്ടത്തിലാണ് സർ, ആ ഇരിക്കുന്ന ശ്രീ. നായനാർ, ആ ഇരിക്കുന്ന ശ്രീ. പ്രഭാകരൻ, ആ ഇരിക്കുന്ന ശ്രീ. ഷൺമുഖദാസ്. എന്തിനാണ് രാമസ്വരൂപൻമാരെ അന്വേഷിച്ചുപോകുന്നത് ? അവരെ കൊണ്ടുവന്നു ആദരിച്ചു സർ. അതുമാത്രമോ ? 44 വയസ്സ് പ്രായമുള്ള ഒരാളെ വിദ്യാർത്ഥിയെന്നു പറഞ്ഞ് എ. കെ. ജി. സെൻറർ റിസർച്ച് സെൻററാണെന്ന് പറഞ്ഞു കൊണ്ടുപോയി താമസിപ്പിച്ചത് മാർക്സിസ്റ്റ് കമ്മ്യൂണിസ്റ്റ് പാർട്ടി ഈ രാജ്യത്തെ ഒറ്റുകൊടുക്കുന്നതിനുവേണ്ടിയായിരുന്നു. ശ്രീ. നായനാർ മുഖ്യമന്ത്രിയായിരുന്നുകൊണ്ട്, ശ്രീ. ഷൺമുഖദാസ് മന്ത്രിയായിരുന്നുകൊണ്ട്, രാജ്യദ്രോഹം നടത്തുന്ന ആളുകളെ വിലക്കപ്പെട്ട ആളുകളെ കൊണ്ടുവന്ന് താമസിപ്പിച്ചു. അവരാണ് ഞങ്ങൾ അറബികളെ കൊണ്ടുവന്നുയെന്നു പറയുന്നത്. അറബികളെ വിലക്കിയിട്ടില്ല സർ. അവർ വന്നിറങ്ങിയാൽ, ഇൻഡ്യാ ഗവൺമെൻറിനെ അറിയിക്കണമെന്നും, അവരുടെ പ്രസംഗങ്ങൾ വാച്ചുചെയ്യണമെന്നും മാത്രമേ പറഞ്ഞിട്ടുള്ളൂ. അങ്ങനെയുള്ള ആളുകളെ കൊണ്ടുവന്നതിന് ശ്രീ. ഷൺമുഖദാസിൻെറ വികാരം ഞാൻ കണ്ടു. ശാന്തനായിരിക്കുന്ന എൻെറ സുഹൃത്ത്

LIBRARY ARCHIVES Kerala Legislative Assembly

(ഞാൻ ആർ. എസ്. പി. യിൽ നിന്നും ഇത് പ്രതീക്ഷിച്ചില്ലായിരുന്നു) ശ്രീ. പങ്കജാക്ഷൻ സ്പീക്കറുടെ അടുക്കൽ വരുന്നത് കണ്ടു; എന്റെ സഹ പ്രവർത്തകൻമാരുടെ പേരിൽ ആരോപണം ഉന്നയിച്ചപ്പോൾ അവർ പേഴ്സണൽ എക്സ്പ്ലനേഷൻ പറയാൻവേണ്ടി എണീറ്റപ്പോൾ അത് പാടില്ലായെന്നു പറഞ്ഞു. ശ്രീ. നായനാർ പേഴ്സണൽ എക്സ്പ്ലനേഷൻ പറയട്ടെ: സമ്മതിക്കുകയില്ല. അപ്പോൾ നമുക്കുനോക്കാം. സർ, ഞങ്ങൾ അവരുടെ പെട്ടി പരിശോധിക്കാൻ പോയിട്ടില്ല. ഇവിടെ വലിയ കാര്യമായി പറയുന്നത്, അവർ പതിനഞ്ചുപെട്ടി കൊണ്ടുവന്നിരുന്നതാണ്. അതിൽ കത്തിയായിരുന്നോ, ബോംബായിരുന്നോ, ഷർട്ടായിരുന്നോ, മുണ്ടായിരുന്നോ എന്നൊക്കെ ചോദിക്കുന്നു സർ. അവർ കൊണ്ടുവരുന്ന പെട്ടികൾ നോക്കാൻ വേറെ ആളുകളുണ്ട്. അവർ നോക്കിക്കൊള്ളും: അത് അന്വേഷിക്കാൻ ഇവിടെ പറഞ്ഞു സർ. ഗവൺമെന്റ് എന്ത് അന്വേഷണം നടത്തിയാലും ഞങ്ങൾക്കോ ഞങ്ങളുടെ പാർട്ടിക്കോ ഇതിൽ എന്തെങ്കിലും നേരിയ പങ്കുണ്ടെന്ന് തെളിഞ്ഞാൽ ഞങ്ങളുടെ മന്ത്രിമാർ മാത്രമല്ല പാർട്ടി ഒന്നടങ്കം രാജിവച്ച് ജനങ്ങളെ നേരിടാൻ തയ്യാറാണെന്ന് പറയാൻ ഞാനാഗ്രഹിക്കുകയാണ്. സ്വന്തം മണ്ണിനോട് കൂറുള്ളവരാണ് ഞങ്ങൾ, ഈ മണ്ണിൽ പിറന്നവരാണ് ഞങ്ങൾ, ഈ മണ്ണിനെ ഒറ്റുകൊടുക്കുന്ന പാരമ്പര്യം ഞങ്ങൾക്കില്ല. * * *, * ഞങ്ങൾ അത്തരം പ്രവർത്തനം ചെയ്തവരല്ല. ഞങ്ങളുടെ പിതാക്കൻമാർ, കാരണവൻമാർ-വെള്ളപ്പട്ടാളത്തിന്റെയും കുതിരപ്പട്ടാളത്തിന്റെയും തീതുപ്പുന്ന പീരങ്കിക്ക് വിരിമാറു കാണിച്ചു രക്തസാക്ഷികളായവരാണ്. അങ്ങനെയുള്ള പിതാക്കൻമാരുടെ മക്കളാണ് ഞങ്ങൾ. ഈ രാജ്യം സ്വാതന്ത്ര്യം നേടിയിട്ടുപോലും സ്വാതന്ത്ര്യം നേടിയിട്ടില്ലെന്ന് പറഞ്ഞ് കരിദിനമാചരിച്ച, ജനാധിപത്യത്തിൽ വിശ്വാസമില്ലാത്ത ഈ ഏകാധിപതിയായ ശ്രീ. നായനാർക്കൊക്കെ എന്ത് കൂറുണ്ട് സർ? എന്നിട്ട് പാക്കിസ്ഥാനത്തിൽ പോയില്ലേ എന്ന് നിങ്ങൾ ചോദിക്കുന്നു. മി. നായനാർ; 'പാക്കിസ്ഥാൻ കിട്ടാൻ കോൺഗ്രസ്സ് ലീഗ്, കമ്മ്യൂണിസ്റ്റ് ഐക്യം സിന്ദാബാദ്' എന്നു വിളിച്ചവരാണ് നിങ്ങൾ. നിങ്ങൾ അതു മറന്നു. ഞങ്ങൾ പാക്കിസ്ഥാന്റെ ആളുകളൊന്നുമല്ല. ഞങ്ങൾ പാക്കിസ്ഥാനുവേണ്ടി വാദിച്ചിരിക്കാം. പക്ഷെ അതിനുശേഷം കർമനയാറ്റിൽ കൂടി വെള്ളം എത്രയോ ഒലിച്ചുപോയി. എന്റെ സുഹൃത്തുക്കളായ പല എം. എൽ. എ. മാരും ഇൻഡ്യ വിഭജിച്ചപ്പോൾ ജനിച്ചിട്ടുകൂടി ഇല്ല. അവരൊക്കെയാണ് ഇങ്ങനെ പറയുന്നത്. ശ്രീ. കെ. പി. പ്രഭാകരന്റെ പ്രസംഗം പഠിച്ചാണ് ശ്രീ. കെ. ജി. മാരാർ ഇന്നലെ പ്രസംഗിച്ചത്. പഞ്ചാബിൽ ഭിന്ദ്രൻവാല ആയിരുന്നെങ്കിൽ കേരളത്തിൽ ബനാത്ത്വാല. ഞങ്ങൾ ഈ രാജ്യത്ത് എന്തുകുറ്റം ചെയ്തു? രാഷ്ട്രീയമായി നിങ്ങൾക്ക് ഞങ്ങളെ എതിർക്കാം, ഞങ്ങളുടെ നയങ്ങളെ എതിർക്കാം. പക്ഷെ ഞങ്ങളുടെ കൂറിനെ ചോദ്യം ചെയ്യാൻ മാർക്സിസ്റ്റ് കമ്മ്യൂണിസ്റ്റ് പാർട്ടിക്കാരനോ സി. പി. ഐ. ക്കാരനോ വളർന്നിട്ടില്ലെന്നു പറയാൻ ഞാൻ ആഗ്രഹിക്കുകയാണ്. ഈ രാജ്യത്തിന്റെ എല്ലാ വികസന കാര്യങ്ങളിലും ഞങ്ങൾ പങ്കുവഹിച്ചിട്ടുണ്ട്. ഈ രാജ്യത്തിന്റെ സ്വാതന്ത്ര്യത്തിനുവേണ്ടി ഞങ്ങൾ രക്തം ചിന്തിയിട്ടുണ്ട്. ഞങ്ങളുടെ സഹോദരിമാർ, ഞങ്ങളുടെ അമ്മമാർ ഈ രാജ്യത്തിന്റെ സ്വാതന്ത്ര്യത്തിനുവേണ്ടി പടവെട്ടിയപ്പോൾ, പട്ടാളവും പോലീസും ഒന്നിച്ചുചേർന്ന് അവരെ ബലാൽസംഗത്തിനു വന്നപ്പോൾ ആയിരക്കണക്കിന് സഹോദരിമാർ കിണറ്റിലും കുളത്തിലും ചാടി ആത്മഹത്യ ചെയ്ത് സംരക്ഷിച്ച സമുദായത്തിന്റെ അംഗങ്ങളോട്, നിങ്ങൾക്ക് ഈ രാജ്യത്തിനോട് കൂറില്ലെന്ന് പറയാൻ മി. പ്രഭാകരാ, നിങ്ങളുടെ തൊലിക്കട്ടി എനിക്ക്

*** സഭാദ്ധ്യക്ഷന്റെ നിർദ്ദേശപ്രകാരം സഭാനടപടികളിൽനിന്നു നീക്കം ചെയ്തു.

LIBRARY ARCHIVES Kerala Legislative Assembly

മനസ്സിലാകുന്നില്ല. മി. ഷൺമുഖദാസ് അങ്ങ് ഞങ്ങളുടെകൂടെ മലപ്പുറത്ത് നിന്നവനല്ലേ? അന്ന് എന്തുകൊണ്ട് ശ്രീ. നായനാരും നിങ്ങളും ഇറങ്ങിപ്പോയില്ല? ഈ മന്ത്രിസഭയ്ൽ സ്റ്റേറ്റുകാറും വാങ്ങി ഞെളിഞ്ഞുനടന്നതു ഞങ്ങളുടെ നികുതിപണം കൊണ്ടല്ലേ? ഇത്തരത്തിലുള്ള ചാരൻമാരെ കൊണ്ടുവന്നതിനെപ്പറ്റി മുഖ്യമന്ത്രി കർശനമായി അന്വേഷിക്കണം. അത് വിടാൻ പാടില്ല; ഞങ്ങളും ഇപ്പോഴാണ് അറിഞ്ഞത്. അന്ന് അറിഞ്ഞിരുന്നെങ്കിൽ വിടുകില്ലായിരുന്നു. ശ്രീ. നായനാരെ നിങ്ങളല്ലേ പറഞ്ഞത് എല്ലാ രഹസ്യവും നിങ്ങളറിയുമെന്ന്. നിങ്ങളും ഈ രഹസ്യം അറിഞ്ഞില്ലേ? ഞങ്ങളുടെ മുഖ്യമന്ത്രി പറഞ്ഞു എല്ലാ രഹസ്യരേഖകളും മന്ത്രിമാർ അറിയണമെന്നില്ല എന്ന്. നിങ്ങളും പറയുന്നു 'ഞാൻ' അറിഞ്ഞിട്ടുണ്ടെന്ന്. 'നിങ്ങളും' അറിഞ്ഞിട്ടുണ്ടോ ഇത്? നിങ്ങളും ഇത് പറയണം. ഇൻഡ്യാ ഗവൺമെൻറ് 1980 ജൂണിൽ വിലക്ക് നോട്ടീസ് അയച്ചിട്ടും നിങ്ങളും എങ്ങനെ അവരെ സ്വീകരിച്ചു? നിങ്ങളും പറയുന്നതുപോലെ കുഴൊറാ പൗരൻമാർ ഇവിടെവന്ന് രാജ്യദ്രോഹം നടത്തിയെങ്കിൽ അവരെയും ശിക്ഷിക്കാം ഞങ്ങളേയും ശിക്ഷിക്കാം. ഞങ്ങൾക്ക് വിരോധമില്ല. പക്ഷെ ഈ സംസ്ഥാനത്തിൻെറ മുഖ്യമന്ത്രിയായിരുന്നുകൊണ്ട് ഈ രാജ്യത്തിൻെറ മുകളിൽകൂടി പറക്കാൻപോലും പാടില്ലാത്ത ആളുകളെ കൊണ്ടുവന്ന് എ. കെ. ജി. സെൻറിലും മറ്റു പല സ്ഥലങ്ങളിലും..... (ബഹളം)..... അന്ന് മുഖ്യമന്ത്രി ശ്രീ. കരുണാകരൻ അല്ല. ശ്രീ. ഇ. കെ. നായനാർ ആയിരുന്നു. ശ്രീ. നായനാർ എല്ലാം അറിഞ്ഞിട്ടുണ്ട്. ഞാൻ അറിയാതെ കൊണ്ടുപോയിട്ടില്ലെന്ന് പറഞ്ഞു. അതെങ്ങനെ ചെയ്തു?

ശ്രീ. പി. സി. ജോർജ്: ബഹു. പ്രതിപക്ഷനേതാവ് അറബികളെ സംബന്ധിച്ച് ഈ സഭയിൽ പറഞ്ഞതാണ്. ഇതുപോലുള്ള റിക്കാർഡുകൾ മുഖ്യമന്ത്രിയും ആഭ്യന്തരമന്ത്രിയും അറിയുന്നതാണെന്ന്. മുഖ്യമന്ത്രി കരുണാകരനോട് പറഞ്ഞത് നിങ്ങൾക്ക് ഇതൊന്നും അറിയാൻ പറ്റില്ലെന്നാണ്. ഇത്തരം രേഖകൾ മുഴുവൻ അദ്ദേഹവും അദ്ദേഹത്തോടൊപ്പമുണ്ടായിരുന്ന ആഭ്യന്തരമന്ത്രിയും അറിഞ്ഞുവെന്ന് ഈ സഭയിൽതന്നെ ബഹുമാനപ്പെട്ട നായനാർ പറഞ്ഞകാര്യം അങ്ങയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രീ. പി. സീതി ഹാജി: അതല്ലേ ഞാൻ പറഞ്ഞത് പൂഴ്ത്തിവച്ചു എന്ന്. ഈ രാജ്യത്തെ ഒറ്റുകൊടുക്കാൻ വേണ്ടിയാണല്ലേ അവർ ഭരണത്തിൽ കയറിയത്? അതുകൊണ്ടാണ് ഞങ്ങളും ശ്രീ. മാണിയോടും ശ്രീ. ആൻറണിയോടും വേഗം ഇങ്ങോട്ട് പോരിൻ എന്നു പറഞ്ഞ് മന്ത്രിസഭ പൊളിച്ചത്. അല്ലെങ്കിൽ ഈ രാജ്യം അപകടത്തിലാകുമായിരുന്നു. മാണിസാർ വെറുതെ പോന്നതാണെന്നാണോ വിചാരിച്ചത്. ഇവരുടെ പോക്കു കണ്ടിട്ട് പോന്നതാണ്. അതു കണ്ടിട്ടാണ് ശ്രീ ഉമ്മൻചാണ്ടിയും ഇറങ്ങിപ്പോന്നത്. നിങ്ങളെ ഇങ്ങനെ ഒറ്റക്കാക്കിയിട്ട് പട്ടിനക്കികൊല്ലുന്നമാതിരി ഞങ്ങളും കൊല്ലും. ഇവിടെ ആരോ ചോദിച്ചു എന്താണ് ശ്രീ. പത്മരാജൻ പ്രസംഗിക്കാത്തത് എന്ന്. ശ്രീ- പത്മരാജൻ കോൺഗ്രസ്സിൻെറ നേതാവാണ്. അദ്ദേഹത്തെ വിലക്കിയിട്ടൊന്നുമില്ല. ശ്രീ. കോടിയേരി ബാലകൃഷ്ണൻ എന്താ മിണ്ടാത്തത്? കോടിയേരിയുടെ വിപ്ലവം എവിടെ? ശ്രീ. ഒ. ഭരതൻ എവിടെ? ശ്രീ. ഭരതൻ ഒന്നു പ്രസംഗിച്ചതാണ്, "ഊതിക്കാച്ചിയ പൊന്നുപോലെ തിളങ്ങി വരും" എന്ന്. ഇതാണോ നിങ്ങളുടെ പാർട്ടി? വയസ്സുകാലത്ത് വേറെ വല്ല പണിക്കും പൊയ്ക്കൂടെ? കാലം കുറെയായല്ലോ ഇതു കൊണ്ടുനടക്കാൻ തുടങ്ങിയിട്ട്.

ശ്രീ. എ. സി. ജോസ്: ശ്രീ. എം. വി. രാഘവൻ എവിടെ പോയിരിക്കുന്നുവെന്ന് പറയാമോ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. പി. സീതി ഹാജി : ഞാൻ ഈ ചത്ത ശവത്തിൽ കുത്തുന്നില്ല മറുപടി പറയാൻ കഴിയാത്തവരെപ്പറ്റി ഒന്നും പറഞ്ഞിട്ട് കാര്യമില്ല.

ശ്രീ. എം. എം. ഹസ്സൻ : ലംഘിക്കുന്നുയെന്ന് ആക്ഷേപം പറഞ്ഞവർ ശ്രീ. എം. വി. രാഘവന്റെയും ശ്രീ. പി. വി. കുഞ്ഞിക്കണ്ണന്റെയും സയേിലെ അവകാശം ലംഘിക്കുന്ന കാര്യം അങ്ങയുടെ ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ ?

ശ്രീ. പി. സീതി ഹാജി : മെമ്പർക്ക് സംസാരിക്കാനുള്ള സംരക്ഷണം കൊടുക്കേണ്ടത് ചെയറാണ്. ശ്രീ. എം. വി. രാഘവന്റെ സ്ഥിതിയെപ്പറ്റി ഇപ്പോഴും ഞാനൊന്നും പറയുന്നില്ല.

എനിക്ക് പറയാനുള്ളത് ഈ കാര്യം ഗൗരവമായി അന്വേഷിക്കണമെന്നാണ്. ഞാൻ ശ്രീ. നായനാരോട് ചോദിക്കുകയാണ്—ഇൻഡ്യാ ഗവൺമെന്റിന്റെ ആഭ്യന്തരവകുപ്പിലെ രഹസ്യസർക്കുലറിൽ ജോർജ് വാട്ടർ ഹോം ബ്യൂവിനെ ഒരു സന്ദർശകനായിപ്പോലും ഇൻഡ്യയിൽ കാലുകുത്താനോ ഇൻഡ്യയിലൂടെ കടന്നുപോകാനോ അനുവദിക്കരുതെന്ന് വ്യക്തമാക്കിയിരുന്നല്ലോ. സാധുവായ യാത്രാരേഖകൾ ഉണ്ടെങ്കിൽപോലും ടൂറിസ്റ്റ് വിസ ലഭിക്കാനുള്ള അർഹത ആ വിദേശിക്കില്ലെന്ന് സർക്കുലറിൽ എടുത്തുപറഞ്ഞിരുന്നു. സർക്കുലർ ജൂൺ 23-ന് ലഭിച്ചിരുന്നതായി അണ്ടർ സെക്രട്ടറി ബന്ധപ്പെട്ട ഫയലിൽ രേഖപ്പെടുത്തിയിട്ടുണ്ട്. അതിന്റെ കോപ്പികൾ വിമാനത്താവളമുൾപ്പെടെ ബന്ധപ്പെട്ട എല്ലാ കേന്ദ്രങ്ങളിലും യഥാസമയം എത്തിയിരുന്നതായി രേഖകളിൽ കാണുന്നുണ്ട്. അങ്ങനെ വിലക്കപ്പെട്ട വിദേശപൗരൻ തിരിച്ചുപോയി കുറെ കഴിഞ്ഞിട്ടാണ് കേന്ദ്രം അറിയുന്നത്. കൃസ്ത്യാനികളുടെ ശവപ്പെട്ടിയുടെമേൽ ഒരെഴുത്തുണ്ട് "ഇന്നു ഞാൻ നാളെ നീ" എന്ന്, അതാണ് ശ്രീ. നായനാരെ, നിങ്ങൾക്ക് പറ്റിയത്. ഞങ്ങളറിയാതെ രണ്ടുപേർ വന്നപ്പോൾ, അവിടെ ഞങ്ങളുടെ സഹപ്രവർത്തകർ പോയി സ്വീകരിച്ചു. അങ്ങ് അവിടെ വന്നിട്ടുണ്ടല്ലോ ? അപ്പോൾ അറബികളുടെ സ്നേഹം കണ്ടതല്ലേ ? ശ്രീ. ബേബി ജോണിനും അറിയാം. അന്ന് റഫായിയുടെ വീട്ടിൽ എന്റെ നേതാവ് ശ്രീ. സി. എച്ച്. മുഹമ്മദ് കോയയും അന്നത്തെ റവന്യൂ സെക്രട്ടറിയായിരുന്ന ശ്രീ. പത്മകുമാറും ശ്രീ. ബേബി ജോണും എല്ലാംകൂടി പോയി നിറച്ച് ആഹാരം കഴിച്ചതല്ലേ ?

ശ്രീ. പി. വി. മുഹമ്മദ് : ശ്രീ. നായനാർ മുഖ്യമന്ത്രിയായിരുന്ന കാലത്ത് ഈ ഹാസിം റഫായി ഇവിടെ വരികയും മുഖ്യമന്ത്രിയായിരുന്ന ശ്രീ. നായനാരോടൊപ്പം വില്യാപ്പള്ളിയിലെ മദ്രസാ സ്ഥാപനത്തിന്റെ വാർഷികയോഗത്തിൽ പങ്കെടുക്കുകയും ചെയ്തിട്ടുള്ള വിവരം അറിയാമോ ?

ശ്രീ. പി. സീതി ഹാജി : ശ്രീ നായനാർ ചെയ്തത് ശ്രീ. നായനാർക്കുതന്നെ അറിയില്ല. അന്ന് ശ്രീ. നായനാർ അവിടെ പോയി. ഇവർ കമ്മ്യൂണിസ്റ്റ്കാരാണ്, ഇവർ രാജ്യദ്രോഹികളാണ്. ഇസ്ലാമിന് എതിരാണ് എന്നൊക്കെ ബോധ്യമുണ്ടായിട്ടും മനുഷ്യത്വത്തിന്റെ പേരിൽ ശ്രീ. എം. വി. രാഘവനെയും ശ്രീ. നായനാരെയും ആ അറബികൾ സ്വീകരിച്ചില്ലേ ? അവിടെ നിന്ന് മാന്യൻമാരായ രണ്ട് അറബികൾ വന്നപ്പോൾ അവരെ സ്വീകരിച്ചത് കുറ്റമാണോ ? അവർ വല്ല രാജ്യദ്രോഹവും ചെയ്തോ ? ഞങ്ങൾക്ക് നിങ്ങളെ എതിർക്കാൻ കുവൈറ്റിന്റെ സഹായമൊന്നും വേണ്ട. ഞങ്ങൾതന്നെ പോരെ ? മാർക്സിസ്റ്റ് പാർട്ടിയെ ഇല്ലം കാണിക്കാതിരിക്കാനുള്ള പണി ഞങ്ങൾക്ക് അറിയാം. കാണണോ ? പക്ഷേ ഞങ്ങൾ ചെയ്യുകയില്ല. നിങ്ങളെ

LIBRARY ARCHIVES Kerala Legislative Assembly

ഇലക്ഷനിൽ തരിപ്പണമാക്കും. ഇനി നിങ്ങൾക്ക് മലമ്പുഴയിൽ നിൽക്കാൻ ധൈര്യമുണ്ടോ ?

മദിരാശിയിൽ തെരഞ്ഞെടുപ്പു നടത്തിയതിനെപ്പറ്റി ഭയങ്കരമായിട്ട് ഇവിടെ പറഞ്ഞു. 18 കൊല്ലം കഴിഞ്ഞിട്ടാണ് തുടങ്ങിയത്. അവിടെതന്നെ ലീഗിന്റെ കൊടി കൂട്ടികെട്ടിയിട്ടാണ് അഞ്ചാറ് സീറ്റ് കിട്ടിയത്. നിങ്ങളോടൊപ്പം എന്തായാലും ഇനി ഞങ്ങൾ ഒന്നിക്കുകയില്ല. ഒറ്റക്ക് നിന്നാലും തരക്കേടില്ല.

അതുകൊണ്ട് ബഹുമാനപ്പെട്ട ആഭ്യന്തരവകുപ്പുമന്ത്രി കുവൈറ്റ് പ്രശ്നത്തിന് നിങ്ങളെന്ത് അന്വേഷണവും നടത്തിക്കൊള്ളുവിൻ. ഞങ്ങൾക്ക് യാതൊന്നുമില്ല. ഞങ്ങളുടെ കൈകൾ ശുദ്ധമാണ്. എന്റെ പാർട്ടിക്കും ഞങ്ങളുടെ സമുദായത്തിനും യാതൊന്നുമില്ല. കേരളത്തിൽ നിന്ന് നാനാജാതിയിലുള്ള ലക്ഷക്കണക്കിനാളുകൾ ജോലി-ചെയ്യുന്ന കുവൈറ്റിൽ വലിയ പോസ്റ്റുകളിൽ ഇരിക്കുന്നവർ ക്രിസ്ത്യാനികളും മറ്റു സമുദായക്കാരുമാണ്. മുസ്ലിംഗളല്ല. അയ്യായിരവും പതിനായിരവും ദിനാറാണ് അവർ വാങ്ങുന്നത്. അവിടത്തെ ഒരു ദിനാറിന് ഇവിടെ 32 രൂപയാണ് വില. അങ്ങനെ ശമ്പളം പറ്റുന്ന ആളുകൾ അവിടെയുണ്ട്. ജാതി നോക്കിയല്ല, ഈ രാജ്യത്തെ മതസൗഹാർദ്ദം കണ്ടിട്ടാണ് അവരെ നിയമിക്കുന്നത്. ഈ രാജ്യത്ത് നിസ്ക്കാരത്തഴമ്പും ചന്ദനക്കുറിയും, കുരിശും ഒന്നിച്ച് ഘോഷയാത്രചെയ്യുന്ന സംവിധാനം അവരെല്ലാം വന്ന് കണ്ടതുകൊണ്ടാണ് അവരെ അവിടെ നിറുത്തുന്നത്, അവിടെ നിന്ന് വന്ന ഒരു മാന്യനുണ്ട്. അദ്ദേഹത്തിന് ഡിപ്ലോമാറ്റിക് പാസ്പോർട്ടുണ്ട്, അദ്ദേഹമൊരു മുൻമന്ത്രിയായിരുന്നു. ഇപ്പോൾ അദ്ദേഹം പാർലമെന്റ് മെമ്പറാണ്. അങ്ങനെയുള്ള ഒരാൾ ഇവിടെ വന്നപ്പോൾ ഞങ്ങൾ സ്വീകരിച്ചതിന് പ്രധാന മന്ത്രിക്ക് നിവേദനമയച്ചു. നിങ്ങൾക്ക് വേറെ പണിയൊന്നുമില്ലേ ? നായനാരോട് എനിക്ക് സ്നേഹമുണ്ട്. നായനാർ എങ്ങനെയാണ് വർഗ്ഗീയവാദിയായതെന്നാണെനിക്ക് മനസ്സിലാകാത്തത്. ജാതിയില്ല, മതമില്ല, ദൈവമില്ലായെന്നൊക്കെ പറയുന്നയാളുകൾ എന്തിനാണ് മുസ്ലിം, മുസ്ലിം എന്നുപറഞ്ഞ് ഇങ്ങനെ കുരച്ചുചാടുന്നത്. അതുകൊണ്ട് ഞാൻ നായനാരോട് ഒരുകാര്യം പറയുന്നു. മലർന്നു കിടന്ന് മേൽപ്പോട്ടു തുപ്പരുത്. കണ്ണാടിക്കൂട്ടിലിരുന്ന് കല്ലെറിയരുത്. നിങ്ങളുടെ തെറ്റുകളോരോന്നും മുന്നോട്ടുകൊണ്ടുവരാൻ ഞങ്ങൾ കഴിഞ്ഞു. ഞങ്ങൾക്ക് ഇതൊന്നും ഒരു പ്രശ്നമല്ല. ഞങ്ങൾ ഭരണം കണ്ട് ജനിച്ചവരല്ല. പഞ്ചായത്ത് ബോർഡ് മെമ്പർ പോലുമാകുമെന്ന് ഉദ്ദേശിച്ചല്ല ഈ മുസ്ലിം ലീഗ് കെട്ടിപ്പടുത്തത്. ഞങ്ങളുടെ സമുദായത്തിന്റെ അവകാശങ്ങൾ ഭരണാധികാരികളുടെമുന്നിൽ പറയാനാണ്, ഈ രാജ്യത്തിന്റെ അഖണ്ഡത സംരക്ഷിക്കാനാണ് ഈ രാജ്യത്ത് ഹിന്ദു-മുസ്ലിം മൈത്രി അരക്കിട്ട് ഉറപ്പിക്കാനാണ് ഭരണം ഞങ്ങളുടെ ലക്ഷ്യമേയല്ല. നിങ്ങൾക്കത് ലക്ഷ്യമാണ്. ഞങ്ങൾക്ക് അത് ലക്ഷ്യത്തിലേക്കുള്ള ഒരു മാർഗ്ഗം മാത്രമാണ്. അതു മാത്രമേ ഞങ്ങൾ ഉപയോഗിക്കുന്നുള്ളു. അല്ലാതെ ഞങ്ങൾ കുവൈറ്റുകാരനെ കൊണ്ടുവന്നോ, പാകിസ്ഥാൻകാരനെ കൊണ്ടുവന്നോ മറ്റുള്ളവരെ കൊണ്ടുവന്നോ ഒന്നും നടത്താൻ നോക്കുകില്ല. നിങ്ങൾക്കറിയാമോ ആൾ ഇൻഡ്യാ മുസ്ലിം ലീഗിന് കോടിക്കണക്കിന് രൂപയുടെ ഫണ്ട് ഉണ്ടായിരുന്നു. ഞങ്ങൾക്ക് ആ ഫണ്ട് തരാമെന്ന് ജിന്നാസാഹിബ് പറഞ്ഞപ്പോൾ ഞങ്ങൾക്ക് ഒരു നയാപൈസാപോലും ആവശ്യമില്ലെന്ന് പറഞ്ഞ് പോന്നവരാണ്, നിങ്ങൾ ഇന്ന് രസീത് പറ്റുന്നവരാണ്. ചൈനയിൽ നിന്നും ഹീറോപെൻ കൊണ്ടുവന്ന് വിൽക്കുന്നവരാണ് നിങ്ങൾ. അങ്ങനെ പൈസ ഉണ്ടാക്കുന്നവരാണ്. ചൈനാപ്പെൻ ദേശാഭിമാനി പ്രസ്സിൽ 10 രൂപ കൊടുത്താൽ കിട്ടും. ഞങ്ങൾക്ക് അങ്ങനെയുള്ള യാതൊന്നും ആവശ്യമില്ല. അതു കൊണ്ട് അത്തരം തെറ്റിദ്ധാരണകൾ പരത്തി ഈ രാജ്യത്തെ

LIBRARY ARCHIVES Kerala Legislative Assembly

സമുദായ സൗഹാർദ്ദം തകർക്കുന്നത് നാല് ഓട്ടിന് വേണ്ടി, നാല് മന്ത്രി സ്ഥാനത്തിന് വേണ്ടി, ഈ രാജ്യത്ത് യുഗങ്ങളോളം കെട്ടിപ്പടുക്കാൻ കഴിയാത്ത ഹിന്ദു-മുസ്ലിം ഐക്യം തകർക്കാൻ മാർക്സിസ്റ്റുകാർ കൂട്ടുനിൽക്കരുത്. ബഹുമാനപ്പെട്ട ചന്ദ്രശേഖരനോടും ബഹുമാനപ്പെട്ട ബേബിജോണിനോടും എനിക്ക് ഒന്നു പറയാനുണ്ട്. നിങ്ങളും ഈ രാജ്യത്ത് ഒരു ചെറിയ പാർട്ടിയാണെങ്കിലും വലിയ നേതാക്കൻമാരാണ്. നിങ്ങൾക്ക് ഈ രാജ്യത്തോട് ഉത്തരവാദിത്വമുണ്ട്. ആ നായനാരുടെ കൈനിയിലും, പ്രഭാകരന്റെ വർഗ്ഗീയതയും, ഷൺമുഖദാസിന്റെ ആർ. എസ്. എസും ചേർന്ന ആപത്തിൽ നിങ്ങളും രണ്ടാളും കൂടുങ്ങരുത്. എന്നു പറഞ്ഞുകൊണ്ട് വോട്ട് ഓൺ അക്കൗണ്ടിനെ ശക്തമായി പിൻതാങ്ങിക്കൊണ്ട് എന്റെ വാക്കുകൾ നിറുത്തുന്നു.

ശ്രീ. കെ. വി. സുരേന്ദ്രനാഥ് : സർ, ഞാൻ ഈ വോട്ട് ഓൺ അക്കൗണ്ടിനെ എതിർക്കുന്നു. ധനകാര്യ മന്ത്രി സൃഷ്ടിച്ചിരിക്കുന്ന അക്കങ്ങളുടെ മായാവലയത്തിൽ പ്രവേശിച്ചിട്ട് യാതൊരു പ്രയോജനവുമുണ്ടെന്ന് തോന്നുന്നില്ല. അതുകൊണ്ട് ഞാൻ അതിന് ഒരുംപെടുന്നില്ല. ഈ കണക്കുകളെപ്പറ്റി ഇവിടെ ഇന്നലെയും മിനിയാന്നുമൊക്കെ വിശദമായി പറഞ്ഞു കഴിഞ്ഞു. അദ്ദേഹം 22-3-1986 എന്ന ഒരു പ്രത്യേക തീയതിയിൽ വളരെ യാദൃച്ഛികമായി, കേരളത്തിന്റെ അക്കൗണ്ടിൽ റിസർവ്വ് ബാങ്കിലുണ്ടായിരുന്ന ബാലൻസിൽ 100-ൽ ചിലപ്പോൾ കോടി രൂപ മിച്ചമാണെന്നുള്ള ഏക വാദമാണ് അവസാനത്തെ ആയുധമായി പ്രയോഗിച്ചത്. അദ്ദേഹം ഇവിടെ പറഞ്ഞത് കേട്ടാൽ സകല കണക്കുകളും നമ്മുടെ കേരളത്തിന്റെ ധനകാര്യവകുപ്പിന്റെ "ഡേ ബുക്കും" "ലഡ്ജറു"മൊക്കെ എഴുതുന്നത് റിസർവ്വ് ബാങ്കിന്റെ ഹെഡ്കാർട്ടേഴ്സിലാണെന്ന് തോന്നും! അപ്പോൾ പിന്നെ ഇവിടത്തെ ഫിനാൻസ് ഡിപ്പാർട്ട്മെൻറിന് ജോലിയൊന്നുമില്ല. 101 കോടി രൂപ മാർച്ച് മാസം 22-ാം തീയതി കേരളത്തിലെ ക്രെഡിറ്റിൽ ഉള്ളതുകൊണ്ട് കേരളത്തിലെ ധനസ്ഥിതി വളരെ വളരെ മെച്ചമാണെന്നാണ് പറയുന്നത്! ഭയങ്കരമായ ഫിസ്ക്കൽ ക്രൈസിസിൽപ്പെട്ടിരിക്കുന്ന നമ്മുടെ ഇൻഡ്യാരാജ്യത്ത്,3600 കോടിരൂപയുടെ കമ്മി ഉണ്ടെന്ന് കേന്ദ്ര ഗവൺമെൻറിന്റെ ബഡ്ജറ്റിൽ പറഞ്ഞിരിക്കുന്ന സമയത്ത്,അത് എണ്ണായിരമോ പതിനായിരമോ ആകാനിടയുണ്ടെന്നും വിവാദത്തിനു പാത്രമായ ഡോക്ടർ ഗോപാലകൃഷ്ണൻ പറഞ്ഞിരിക്കുന്ന സമയത്ത്, കേരളത്തിൽ മാത്രം 6 മാസംകൊണ്ട് നമ്മുടെ ധനസ്ഥിതിയാകെ പെട്ടെന്ന് ഒരു ക്വാണ്ടം(quantum) ജംപ്ചെയ്ത്, വളരെ ഐശ്വര്യപൂർണ്ണമാക്കി മാറ്റിയിരിക്കുന്നുവെന്നുള്ള കഥ ഇവിടെ ജനങ്ങളെയാകെ പറഞ്ഞ് വിശ്വസിപ്പിക്കാൻ ശ്രമിച്ചാൽ ഈ നാട്ടിൽ ആരെങ്കിലും വിശ്വസിക്കുമോ ? 6 മാസം മുമ്പ്, സെപ്റ്റംബർ മാസത്തിൽ ഇവിടെ നമ്മൾ സമ്മേളിച്ച സമയത്ത്, ആകെ തകരുകയാണെന്നും വലിയ ഞെരുക്കമാണെന്നുമൊക്കെ പറഞ്ഞു. അതുകഴിഞ്ഞിട്ട് കാഞ്ഞിരപ്പള്ളിയിലും പാലായിലും, പൊൻകുന്നത്തുമൊക്കെ നടന്ന് പ്രസംഗമായിരുന്നു. കേന്ദ്രത്തിനെതിരായി യുദ്ധം ചെയ്യാൻ "പഞ്ചാബ്" മോഡൽ വരെ പ്രസംഗിച്ചു. 6 മാസത്തിനുള്ളിൽ എന്ത് അൽഭുതമാണ് ഇവിടെ നടന്നത്. നമ്മുടെ ധനസ്ഥിതി നന്നാകാൻ ഒന്നുകിൽ കേന്ദ്രം പണം തന്നതാണെന്നു പറയണം. ഗവർണ്ണറുടെ പ്രസംഗത്തിൽ പറഞ്ഞതുപോലെ, റിലീഫ് തന്നു, മറേത്തു തന്നു, മറിച്ചതു തന്നു, മീഡിയം ലോൺ തന്നു, സ്പെഷ്യൽ കൺസിഡറേഷൻ കിട്ടി, 88% റിലീഫ് കിട്ടി,അങ്ങനെ കേന്ദ്രത്തിന്റെ ചിറകിൻറെതണലിൽ കേരളം രക്ഷപ്പെട്ടുവെന്ന് ഗവർണ്ണറുടെ പ്രസംഗത്തിൽ പറഞ്ഞിരിക്കുന്നത് പോലെ പറയാൻ ധനകാര്യമന്ത്രി തയ്യാറാവണം. അങ്ങനെ പറഞ്ഞിട്ട് കാഞ്ഞിരപ്പള്ളിയിൽ ചെന്നാൽ കിട്ടുന്ന അനുഭവം വേറെയായിരിക്കും. "അദ്ധ്വാനവർഗ്ഗ"ത്തെ പറഞ്ഞു പഠിപ്പിച്ചിരിക്കുന്ന കാര്യങ്ങൾ വേറെയാണ്. അതു

LIBRARY ARCHIVES Kerala Legislative Assembly

കൊണ്ട് അതു നടക്കില്ല. നടന്നതെല്ലാം നമുക്കറിയുന്നതല്ലേ ? ചെലവ് ചുരുക്കിയെന്നാണ് പറയുന്നത്. ഇന്നലെ ഇവിടെ ശ്രീമാൻ ഉമ്മൻ ചാണ്ടി പ്രസംഗിച്ചതുകേട്ടു, ചെലവുചുരുക്കിയാണ് ലാഭമുണ്ടാക്കിയതെന്ന്. ഏത് ചെലവാണ് ചുരുക്കിയത് ? പെട്രോൾ പുകച്ചുകളയുന്നത് ചുരുക്കിയോ ? ഡി. എ. ചുരുക്കിയോ ? ടി. എ. ചുരുക്കിയോ ? ഉയർന്ന ഉദ്യോഗങ്ങളിൽ നിയമനം നിർത്തിയോ ? അനാവശ്യചെലവുകൾ ഏതെങ്കിലും നിറുത്തിയോ ? നിറുത്തിയോ എന്നുചോദിച്ചാൽ എം. എൽ. എ. റോഡ് വേണ്ടാ ടെണ്ടർ പിടിച്ചു. സാഗ്ഷൻ ചെയ്തു. എ. എസ്. കൊടുത്തു. ടി. എസ്. കൊടുത്തു. സർവ്വതും കൊടുത്തു. അവസാനം വരുമ്പോൾ ലെവൽസ് എടുക്കാൻ നേരത്ത് വേണ്ട പൂട്ടിവെച്ചേരെയെന്ന് ഡിപ്പാർട്ടുമെൻറ് പറയുന്നു. ആശുപത്രിയിൽ മരുന്നില്ല. ആരും ചോദിക്കാൻ പോകുന്നില്ല. സ്കൂളിന് അനുവദിച്ച പണം ചെലവഴിക്കാൻ കഴിയുന്നില്ല. ഇങ്ങനെ മിച്ചം പിടിച്ചതാണിപ്പറയുന്നത്. ചെലവ് ചുരുക്കിയെന്നു പറയുന്നു. 28 പോയിൻറായി ഇതിനെ സംബന്ധിച്ചുള്ള നിർദ്ദേശങ്ങളും പുറപ്പെടുവിച്ചിട്ടുണ്ടെന്നേ പത്രങ്ങളിലൊക്കെ വന്നിരുന്നു. ആ വക 28 പോയിൻറുകളിൽ പറയുന്ന പ്രധാനപ്പെട്ട സംഗതിയെന്താണ് ? സംഗതി disbursements ചെലവുകളൊക്കെ പോസ്റ്റ്പോൺ ചെയ്യണമെന്നുള്ളതാണ്. അവ ഇപ്പോഴും പോസ്റ്റ്പോൺ ചെയ്തിരിക്കുകയാണ്. 2 കൊല്ലത്തേക്കായിട്ട് 20 കോടിയും 15 കോടിയും രൂപ. അങ്ങനെ 35 കോടി രൂപ. അടുത്ത കൊല്ലത്തേക്കും. അതിൻറെ അടുത്ത കൊല്ലത്തേക്കുമായി ചെലവുകൾക്ക് പണം കൊടുക്കാതെയുള്ളു, ഡ്യൂ ആയിട്ടുള്ള പണം, കൊടുക്കാൻ ബാദ്ധ്യതപ്പെട്ട പണം, ഇപ്പോൾ കൊടുക്കാതിരിക്കുകയും പിന്നീട് കൊടുക്കാമെന്ന് പറയുകയും ചെയ്യുന്നതിൻറെ പേരിൽ ഇപ്പോൾ 25 കോടി രൂപ മിച്ചം വരുത്തിയെന്ന് പറഞ്ഞ് മേനി നടിക്കുകയാണ്. ആ മേനിക്ക് എന്തെങ്കിലും അർത്ഥമുണ്ടോ ? മേനി പറഞ്ഞിട്ട് കാര്യമുണ്ടോ ? 25 കോടി രൂപയുടെ മിച്ചം ഇവിടെ വരുത്തി. 3600 കോടി രൂപ രാജീവ് ഗാന്ധി കമ്മി വച്ചിരിക്കുന്ന സമയത്ത്, കേന്ദ്രത്തിൽ നിന്ന് നിയന്ത്രിക്കുന്ന സമയത്ത് ഇൻഡ്യൻ സമ്പദ്ഘടനയുടെ ചെറിയഖണ്ഡമായ കേരളത്തിലെ സാമ്പത്തികസ്ഥിതി മാത്രം പെട്ടെന്ന് നന്നാവുമോ ? ഇവിടെ അത് പച്ചയ്ക്ക് തന്നെ പറഞ്ഞു. ഓണം വരുമ്പോഴും ക്രിസ്തുമസ് വരുമ്പോഴും ബക്രീഡ് വരുമ്പോഴും അഡ്വാൻസ് കൊടുക്കാൻ കുറച്ച് പണം കൈവശം വേണ്ടേ ? അപ്പോൾ വെയ്സ് ആൻറ് മീൻസിൻറെ പണം ചെലവഴിച്ചു കഴിഞ്ഞാൽ വേറെ പണം ഇല്ലല്ലോ. അതിനു വേണ്ടി 25 കോടി രൂപ മിച്ചം വച്ചിരിക്കുന്നു. അത് ഒഴിച്ചാൽ ഈ മിച്ചം കൊണ്ട് അർത്ഥമുണ്ടോ ? ഈ വരവിന് അർത്ഥമുണ്ടോ ? ഈ മിച്ചത്തിന് അർത്ഥമുണ്ടോ ? 3½ കോടി രൂപയുടേത് വലിയ വിൻഡോ ഡ്രസ്സിംഗ് ഗാണ്. അതുപോലെ തന്നെ ലെപ്രസി പേഷ്യൻസിന്, മെൻറൽപേഷ്യൻസിന് ടെയിലേഴ്സിന് എന്നുവേണ്ടാ ക്ഷേമപ്രവർത്തനങ്ങളുടെ ഒരു ഘോഷയാത്ര. ആകെ എത്രയാണ് ഇൻവോക്കവ് ചെയ്യുന്ന പണം ? മൂന്നരക്കോടിരൂപ. ഇങ്ങനെ പേകുന്നത് ആരെ പറഞ്ഞുമനസ്സിലാക്കാനാണ് ? സർ, ഒരു വലിയ സമരം ചെയ്താണ് അദ്ദേഹം ഇത്തവണ ബഡ്ജറ്റ് അവതരിപ്പിക്കാനുള്ള അവകാശം സുരക്ഷിതമാക്കിയത്. അങ്ങനെ സുരക്ഷിതമായിയെങ്കിലും ഇന്നലെ ഞങ്ങൾ കണ്ടു, ധനകാര്യമന്ത്രിയുടെ പ്രസംഗത്തിനുശേഷം പിന്നെയൊരു പ്രസംഗം! അവസാന വാക്ക് ആരാണ് പറഞ്ഞത് ? കേന്ദ്രത്തിൻറെ സഹായമെന്ന് ഊന്നിയൂന്നി പറഞ്ഞത് മുഖ്യമന്ത്രിയാണോ ? അതിനു മുമ്പ് അവിടം മാത്രം തൊടാതെ വിമ്മിഷ്ടപ്പെട്ട് ഒരുവിധത്തിൽ പറഞ്ഞൊപ്പിച്ച ധനകാര്യമന്ത്രിയുടെ വാക്കാണോ ? ആരുടെ വാക്കാണ് അവസാന വാക്ക് ഈ ബഡ്ജറ്റിൽ ? ഏതായാലും സമരം ചെയ്തത് ഇത്തവണയും കൂടി 8-ാമത്തെ ബഡ്ജറ്റ് അവതരിപ്പിക്കാനുള്ള അവകാശം ധനകാര്യമന്ത്രി നേടിയെടുത്തു. അവകാശം കിട്ടിയതിൻറെ

LIBRARY ARCHIVES Kerala Legislative Assembly

പിന്നിലെന്താണെന്ന് നമുക്കറിയാം. ഇപ്പോഴും വോട്ട് ഓൺ അക്കൗണ്ട് പസ്സാക്കികഴിഞ്ഞാൽ, ഫുൾബഡ്ജറ്റ് ഡിസ്കസ് ചെയ്യാൻ സഭയ്ക്ക് സൗകര്യം കിട്ടുമോ, പാസ്സാക്കാൻ ഒക്കുമോ, എന്നൊക്കെയുള്ള കാര്യങ്ങളും ഇപ്പോഴും സന്ദിഗ്ധാവസ്ഥയിലാണ്. ഈ സമ്മേളനം കൂടുമോയെന്നുള്ളതുതന്നെ സന്ദിഗ്ദ്ധമായിരുന്നില്ലേ? ഇവർ മാത്രമല്ല, 16 മന്ത്രിമാർ മാത്രമല്ല, കേരളത്തിലെ രണ്ടരക്കോടി ജനങ്ങളും പിൻപോയിൻറിൽ നിൽക്കുകയായിരുന്നില്ലേ? ഇവിടെ ഭരണം എന്തെങ്കിലും നടന്നോ? സർ, ചരിത്രത്തിലാദ്യമായി നമ്മുടെ സെക്രട്ടറിയേറ്റ് മന്ദിരത്തിനകത്ത് ആഫീസ് സമയത്ത് ദൂരദർശൻകാർ ഉപകരണങ്ങളുമായി പ്രവേശിക്കുകയും ചിത്രമെടുക്കുകയും ചെയ്തു. കസേരകളെല്ലാം ഒഴിഞ്ഞു കിടക്കുന്നത് തിരുവനന്തപുരത്തെ ജനങ്ങളാകെ കണ്ടു. ഈച്ച പോലും പറക്കുന്നില്ല. കാൻറീനിൽ ആളു കൂടിക്കിടക്കുന്നു. എല്ലാവരും ചർച്ചയാണ്, ഈ മന്ത്രിസഭയുടെ ആയുസിനെപ്പറ്റി എല്ലാവരും പ്രശ്നം വയ്ക്കുകയാണ്. അത് ഒരു ദിവസമല്ല, ഒരാഴ്ചയല്ല, ഒരു മാസമല്ല, മൂന്നുമാസക്കാലമായി. കേരളത്തിലെ ജനങ്ങളും മുഴുവൻ കഷ്ടപ്പാടിലും വറുതിയിലുമാണ്. തൊഴിലില്ലായ്മയിൽ കഴിയുന്ന കയർതൊഴിലാളികളും, പൂട്ടിക്കിടക്കുന്ന കശുവണ്ടി ഫാക്ടറിയെ ചുറ്റിപ്പറ്റി നടക്കുന്ന കശുവണ്ടിത്തൊഴിലാളികളും, നെൽക്കൃഷികൊണ്ട് മുടിഞ്ഞ കൃഷിക്കാർ, തേങ്ങയ്ക്ക് വില കിട്ടാത്ത പാവപ്പെട്ട തെങ്ങുകൃഷിക്കാർ ഇവരെയെല്ലാം ഇങ്ങനെ പിൻപോയിൻറിൽ നിറുത്തി ശ്വാസം മുട്ടിച്ച്, വീർപ്പു മുട്ടിച്ച് നിറുത്തിയിട്ട് അവസാനം ഇന്നലെ രാവിലെ ധനകാര്യമന്ത്രി ശ്രീ. ബേബി ജോണിനോട് പറയുന്നത് കേട്ടു, എനിക്ക് പരാതിയില്ലെങ്കിൽ പിന്നെ എന്താണ് മറ്റുള്ളവർക്കു ചേതം എന്ന്. നാണം വേണ്ടേ മനുഷ്യനു? എനിക്ക് പരാതിയില്ല, പിന്നെ തനിക്ക് എന്താണ് കാര്യമെന്നു ചോദിക്കുകയാണ്. നമ്മുടെ ധനകാര്യമന്ത്രിയുടെ പഴയ ചരിത്രമൊക്കെ ഓർമ്മയിൽനിന്ന് മാഞ്ഞുപോകാറായില്ല. 1981 ഒക്ടോബർ മാസം 4 മണിക്ക് ഉണ്ടായസംഭവം ഞാൻ ഓർക്കുകയാണ്. ചില ലൂസ് എൻഡുകളുമൊക്കെയുണ്ട്, ഞാൻ അതെല്ലാം കയറിട്ട് ഒന്ന് കെട്ടിവരിഞ്ഞിട്ട് വരട്ടെ, 5 മണിയാകുമ്പോഴേക്കും തിരിച്ചുവരുമെന്നു പറഞ്ഞിട്ട് പോയ പോക്കാണ്. പിന്നെ കാണുന്നത് വേറൊരിടത്ത് പൊങ്ങുന്നതായിട്ടാണ്. ആ ചരിത്രത്തേക്കാളും കുറെക്കൂടി മോശമായിട്ടാണ് ഇപ്പോഴും കാണുന്നത്. തൊലി പതിന്നാലും രജിസ്റ്റർ ചെയ്തു, പിന്നെയെന്താണ്? ശ്രീ. മാണിയുടെ അധ്വാനിവർഗ്ഗം എവിടെ പോയി? റബ്ബറിൻറെയും തേങ്ങയുടെയും മറ്റു കാർഷികോൽപ്പന്നങ്ങളുടെയും വിലയിടിവിനെക്കുറിച്ച് ഒരക്ഷരം ഉണ്ടോ സർ, ഇതിനകത്ത്? ഇതിനകത്താകെയുള്ളത് തെങ്ങുകൃഷിയുടെ ഒരു അതോറിട്ടി ഉണ്ടാക്കുന്ന കാര്യം മാത്രമാണ്. തെങ്ങുകൃഷിക്കാരന് വില കൊടുക്കുന്ന പ്രശ്നമല്ല. തെങ്ങുകൃഷിയുടെ ആകെ മൊത്തമുള്ള സാമ്പത്തികവും മറ്റും പഠിക്കുന്നതിനും ഒന്നുമല്ല. ആകെ മൊത്തം എന്താണെന്നറിഞ്ഞുകൂടാ ഒരു വികൃതരൂപമാണ്. ഖഗവുമല്ല, മൃഗവുമല്ല. ഒരു പാഡി ഡെവലപ്പ്മെൻറ് അതോറിട്ടിയാണുപോലും. മുമ്പൊരിക്കൽ ഒരു അഗ്രിക്കൾച്ചറൽ പ്രൈസസ് കമ്മീഷൻ ഇവിടെ ഉണ്ടാക്കി. പ്രൈസസ് കമ്മീഷൻ ഉണ്ടാക്കുന്ന കാര്യത്തിൽ സംസ്ഥാന ഗവൺമെൻറിനു യാതൊരു കാര്യവുമില്ല. കേന്ദ്രത്തിൻറെ കാര്യമാണ് അത്. പിന്നെ ആളുകളെ പറഞ്ഞുവിടാനല്ലേ ഇതു എന്ന് ചോദിച്ചപ്പോഴും അന്ന് മറുപടിപറഞ്ഞില്ല. ഇപ്പോഴും എവിടെപ്പോയി പ്രൈസസ് കമ്മീഷൻ? ഇപ്പോഴും "പാഡി അതോറിട്ടി" വന്നിരിക്കുകയാണ്. പാഡി ഇവിടെ മാത്രമാണോ? മുഖ്യമായിട്ടും ഇൻഡ്യാ രാജ്യത്ത് 50% പാഡിയും പഞ്ചാബിലല്ലേ? പഞ്ചാബും ഹരിയാനയും ഒറീസയും കഴിഞ്ഞാൽ പിന്നെ നമുക്കെന്താണ് കാര്യം? അങ്ങനെ എന്തെങ്കിലും നമുക്കു മാത്രമായി ചെയ്യാൽ കഴിയുമോ? എന്നാലും ഒന്നുണ്ടാക്കിവച്ചിരിക്കുകയാണ്. "അദ്ധ്വാനവർഗ്ഗ"ത്തിൻറെ ഒരു കാര്യം അതിനകത്തുണ്ടോ? വളരെ പാടുപെട്ട് സമരംചെയ്ത് നേടിയെടുത്ത ബഡ്ജറ്റ്

LIBRARY ARCHIVES Kerala Legislative Assembly

അവതരിപ്പിക്കാനുള്ള അവകാശം ദുരുപയോഗപ്പെടുത്തുന്നതിൽ സ്വകാര്യമായി ട്ടെങ്കിലും ദുഃഖിക്കണേ ശ്രീമാൻ മാണി. കഷ്ടമായിപ്പോയി! ഒരു വകയില്ല ഇതിൽ. പിന്നെ, ശൗര്യപരാക്രമങ്ങൾ പറയുകയാണ്. സർ, ഇങ്ങനെയൊരു ഗവൺമെൻറിന് 500-ൽ ചില്വാനം കോടി രൂപയുടെ വോട്ട് ഓൺ അക്കൗണ്ട് പസാക്കിക്കൊടുത്തിട്ട് എന്തെങ്കിലും കാര്യമുണ്ടോ ? 500-ൽ ചില്വാനം കോടി രൂപ ചെലവഴിക്കാനുള്ള മോറൽ അതോറിട്ടി, മോറൽ സാംങ്ഷൻ, പൊളിറ്റി ക്കൽ ക്രെഡിബിലിറ്റി ഇതെല്ലാം നൂറുക്ക് നൂറും നഷ്ടപ്പെട്ടുപോയ ഒരു ഗവൺമെൻറാണിത്. ഓരോ ദിവസം കഴിയുംതോറും അഴിമതിയാരോപണമാണ്; ഇന്നും ഇന്നലെയും മിനിഞ്ഞാന്നും ഉണ്ട് പത്രത്തിൽ. ഞങ്ങൾ ഇവിടെ കൂടി യിരിക്കുമ്പോൾ പുതിയ ഒരു വർത്തമാനം കേട്ടു, കക്കാട് ഡാമിൻെറ പണിയെ സംബന്ധിച്ച്. ഭയങ്കരമായ കുംഭകോണമൊക്കെ നടന്നിരിക്കുന്നു എന്ന്. ഓരോ നിമിഷവും അഴിമതിയിൽ മുങ്ങിക്കുളിക്കുകയാണ് ഇവർ. സർ, ഇതൊക്കെ മുൻപും ഉണ്ടായിട്ടുണ്ട്: കുപ്രസിദ്ധമായ ചെമ്പുക്കാവ് കേസുമുതൽ ഇങ്ങോട്ട് പല മന്ത്രിമാരെപ്പറ്റിയും ആർ. ശങ്കറെപ്പറ്റിയും ടാമോദരമേനോനെപ്പ റ്റിയും ആരെപ്പറ്റിയെല്ലാം അഴിമതിയാരോപണങ്ങൾ വന്നു! പക്ഷേ, അക്കാര്യ ത്തിലും ഒരു റിക്കാർഡ് ഭേദിച്ചിരിക്കുകയാണ് ഇന്നത്തെ മന്ത്രിസഭ; 19 മന്ത്രിമാ രുള്ളതിൽ 19 പേരും. ഈ മന്ത്രിമാരെ മുഴുവൻ നയിക്കേണ്ട മുഖ്യമന്ത്രി ഏറ്റവും മുഖ്യമായി. ഇപ്പോൾ പതിനാറേയുള്ളൂ. മൂന്നുപേർ പോയല്ലോ. മുഴുവൻ പേരെപ്പറ്റിയും അഴിമതിയാരോപണങ്ങൾ. സർ, ഒരുതരത്തിൽ പറഞ്ഞാൽ ഇവരുടെമേൽ പെപർച്ചൂൽ ക്രൂഡാണ്. വെറും കാർമേഘപടലമല്ല. മാറാത്ത കാർമേഘപടലം. ഒന്നു പറഞ്ഞുതീരുമ്പോഴേക്കും മറെറാന്ന് ആരോപണങ്ങ ളുടെ ഒരു ഘോഷയാത്ര. ഇതിൽ മുഖ്യമന്ത്രിയടക്കം കെ. എൻ. മേനോൻെറ കേസ് മുതൽ, ഉണ്ണി എഴുത്തച്ഛൻെറ കേസ് മുതൽ പിന്നെ ഇങ്ങോട്ട് ഓരോ ദിവസവും ഓരോ പുതിയ പുതിയ കഥകളാണ്. അറബിക്കഥ വേണ്ട, ആയിര ത്തിയൊന്നു രാവുകൾ വേണ്ട, ഈ സോപ്പിൻെറ കഥകൾ വേണ്ട, ഇതുതന്നെ വായിക്കാൻ രസമാണ്, നല്ലസുഖമാണ്, ഇത് വായിക്കാൻ.ഈ സർക്കാർ ആദ്യ മൊക്കെ പറഞ്ഞത് എന്താണ് ? A Government that works effectively..... എന്നൊക്കെ പറഞ്ഞുവന്ന അളുകളാണ്. ഇപ്പോൾ എന്താണ് അവരുടെ മുദ്രാ വാക്യം ? നോൺ ഗവേണൻസാണ്. ചുമ്മാതിരിക്കലാണ്. സർ, ദൂരദർശൻകാർ വന്ന് വെറുതെ കിടക്കുന്ന കസേരയുടെ പടം പിടിക്കുകയാണ്. ഒരു മന്ത്രി മറെറാരു മന്ത്രിക്കെതിരായി ആരോപണം കൊണ്ടുവരുന്നു. ഇവിടെ ഒരു സർക്കാരുണ്ടോ ? പത്രത്തിൽ ഒരു ദിവസം വരുന്നു.— ഇലക്ട്രിസിറ്റി ബോർഡിൻെറ ഫയൽ ഒരു മന്ത്രിയുടെ കൈവശം ; ആ മന്ത്രി വിട്ടുകൊടുക്കു കയില്ല. അത് മുഖ്യമന്ത്രി ഡിമാൻറ് ചെയ്യുന്നു ; തർക്കം ആർക്കാണ് സർ, അധികാരം ? ചീഫ് സെക്രട്ടറി സർക്കുലർ ഇറക്കുന്നു——റിട്ടൺ ഓർഡേഴ്സിൽ ല്ലാതെ യാതൊരു നിർദ്ദേശവും നടപ്പാക്കേണ്ടതില്ല എന്ന്. ഇതിൽപ്പരം നാണ ക്കേടുണ്ടോ ? ഫലപ്രദമായി പ്രവർത്തിക്കുന്ന സ്വന്തം മെഷീനറിയെ നിയന്ത്രി ക്കാൻ കഴിയുന്ന ഒരു മന്ത്രിസഭ ഉണ്ടെങ്കിൽ എപ്പോഴും കിട്ടുന്ന ഓർഡേഴ്സും നോക്കാറുണ്ട്. സർ, ആ മോറൽ,അതോറിറ്റി പരിപൂർണ്ണമായും രക്ഷപ്പെട്ടിരി ക്കുകയാണ്. എല്ലാ തഗ്ഗുകളും പിണ്ടാരികളുമായി മാറിക്കഴിഞ്ഞാൽ പിന്നെ ആര് വക വയ്ക്കും ? ഉദ്യോഗസ്ഥ വൃന്ദം ഒരുചാൺ വയറിനു വേണ്ടി വകവച്ചാൽതന്നെ ഈ നാട്ടിലെ ജനങ്ങൾ കാൽ കാശിൻെറ വില കൊടുക്കുമോ ? ആ സ്ഥിതി വന്നിരിക്കുകയാണ്. അങ്ങനെ ഭരണസ്തംഭനമാണ്. ഈ പൈസാ കിട്ടിയാൽ അതും,ഹെലികോപ്റ്ററിന് വേണ്ടിയും ടി. എ. ക്കു വേണ്ടിയും ഡി. എ. ക്കു വേണ്ടിയും ടയോട്ട കാറ് വാങ്ങാനും ചെലവഴിക്കില്ല എന്നുള്ളതിന് എന്താണ് ഉറപ്പ് ? കയർത്തൊഴിലാളികളുടെ കാര്യത്തിൽ കണ്ണുനീർ പൊഴി ക്കാൻ ആരെങ്കിലുമുണ്ടോ ? 15 കോടി രൂപയുടെ പദ്ധതി ടി. വി. തോമസ് തയ്യാറാക്കിയതാണ്. അതിൻെറ പകുതിയിലധികം കേന്ദ്രം തരേണ്ടതായിരുന്നു.

LIBRARY ARCHIVES Kerala Legislative Assembly

അതായത് 9 കോടി തരേണ്ടതായിരുന്നു. അതിൽ എത്ര കോടി വാങ്ങി ? എത്ര കോടി ചെലവാക്കി ? 5 ലക്ഷം കുടുംബങ്ങൾ നിത്യപട്ടിണിയിലാണ്. ആർക്കും ഇവിടെ യാതൊരു ദുഃഖവുമില്ല. രണ്ടു കൃഷിക്കാർ തമ്മിൽ മനഃസ്ഥാരതർക്കം നടക്കുന്നതുപോലെ ഇവർക്ക് തർക്കമാണ് ആരാണ് വലുതെന്ന്. റോമാ നഗരം കത്തിയെരിയുമ്പോൾ നീറോചക്രവർത്തി വീണ വായിക്കുന്നു എന്നു പറഞ്ഞ പോലെ 25 കോടിയുടെ സർപ്ലസും പറഞ്ഞുകൊണ്ട് ഏതോ ഒരു സ്വർഗ്ഗത്തിലിരിക്കുകയാണ്, എന്നും ഈ കസേരയിലിരുന്നുകളയാമെന്നു വിചാരിച്ചു കൊണ്ട്. അങ്ങനെ ഇരിക്കാനൊന്നും കഴിയുകയില്ല. ഇതിനകത്ത് എക്സ് പെൻറിച്ചർ ചുരുക്കിയെന്നുമാത്രമല്ല ഈ നാട്ടിലെ സാമാന്യജനങ്ങൾക്ക് ഗുണം കിട്ടുന്ന എക്സ്പെൻറിച്ചർ ചുരുക്കുകയും ഈ നാട്ടിലെ ജനങ്ങൾക്ക് വേണ്ടാത്ത, (നോൺ പ്ലാൻ എന്ന് പറഞ്ഞാലും സാദ്ധ്യമല്ല അതിനോക്കെയും മോശമാണ്). ഈ നാട്ടിലെ ജനങ്ങൾക്ക് ദ്രോഹം ചെയ്യുന്ന എക്സ്പെൻറിച്ചർ വർദ്ധിപ്പിക്കുകയും ചെയ്തുകൊണ്ട് സർപ്ലസ് ബഡ്ജറ്റ് ആണെന്നു പറയുന്നു. ഈ ബഡ്ജറിനെ ഞാൻ 'സ്പിൽ ഓവർ ബഡ്ജറ്റ്' എന്നാണ് വിളിക്കുന്നത്. സത്യത്തിൽ ഇത് കഴിഞ്ഞതിന്റെ സ്പിൽ ഓവർ ബഡ്ജറ്റാണ്. ഗവർണ്ണറുടെ പ്രസംഗത്തിന്റെ ഒരു ഭാഗത്ത് ഈ ഏഴാം പദ്ധതിയെന്ന് പറയുന്നു, മഹാപദ്ധതിയിൽ 3 കോടി രൂപ ചെലവാക്കുന്ന പദ്ധതിയിൽ കേരളത്തിൽ നടപ്പാക്കാൻ പോകുന്നത് പൂർത്തിയാകാത്ത പദ്ധതികൾ കഷ്ടിച്ച് പൂർത്തിയാക്കാനെങ്കിലും കഴിയാനൊക്കുമോ എന്നു നോക്കാം എന്നാണ് പറയുന്നത്. ഈ സ്പിൽ ഓവർ ബഡ്ജറിന്റെ മേനിയാണ് ഇവിടെ പ്രസംഗിക്കുന്നത്. നല്ല കച്ചവടക്കാരനാണ് നമ്മുടെ ധനകാര്യമന്ത്രി. പറഞ്ഞ് പറഞ്ഞ് ഒപ്പിച്ച് ഇന്നിപ്പോൾ നമ്മുടെ പത്രങ്ങൾക്കെല്ലാം എഴുതാൻ വിഷയം കിട്ടി. അത്ര ഭയങ്കരമായിട്ടാണ്. എന്താ ?

World economic crisis-ന്റെ നടുവിൽ, acute fiscal crisis ഇൻഡ്യയിലുള്ളപ്പോൾ അതിന്റെ നടുവിൽ, കേരളത്തിൽ മാത്രമുണ്ട് "സർവ്വം ശുഭം മംഗളം". ക്രെഡിബിലിറ്റി പോയ ഒരു സർക്കാർ, സത്യസന്ധതയില്ലാത്ത ഒരു സർക്കാർ, അഴിമതിയിൽ മുങ്ങിക്കുളിച്ചു കിടക്കുന്ന ഒരു സർക്കാരാണ് ഈ സർക്കാർ. ഈ സർക്കാർ നിലനിൽക്കാൻ വേണ്ടി ഏക ആയുധമായി ഉപയോഗിച്ചിരിക്കുന്നത് വർഗ്ഗീയതയാണ്. ജാതിചിന്തയും അഴിമതിയും മാത്രം കൈമുതലായിട്ടുള്ള ഈ സർക്കാരിന് എന്തിനുവേണ്ടി ഈ 500 കോടി രൂപ അനുവദിച്ചു കൊടുക്കണം? കൊടുത്താൽ അതിനു പ്രയോജനമുണ്ടോ ? ഈ ബഡ്ജറിനെക്കുറിച്ച് ഇനി ഡിസ്ക്കസ് ചെയ്യാൻ സാധിക്കുമോ ? നിയമസഭ പിരിച്ചുവിടില്ല എന്നുള്ളതിൽ എന്താണ് ഉറപ്പ് ? പ്രതിപക്ഷായ നന്നാക്കാൻവേണ്ടി ഇനി എന്തു ചെയ്യണം ? പിരിച്ചുവിടണം. അത് പിരിച്ചുവിടാൻവേണ്ടിതന്നെ പറഞ്ഞതാണോയെന്ന കാര്യമൊക്കെ നമുക്കൊക്കെ അറിയാം. അത്ര കോമൺസെൻസ് ഇല്ലാത്ത ഒരു മുഖ്യമന്ത്രിയാണ് ഇവിടെയുള്ളത് എന്ന് ഞാൻ വിശ്വസിക്കുന്നില്ല. നല്ല കോമൺസെൻസ് ഉള്ള ആളാണ് അദ്ദേഹം.

ശ്രീ. എ. ജോർജ് : ഈ ബഡ്ജറിന്റെ കണക്കിൽ പല കള്ളത്തരങ്ങളും കാണിച്ചിട്ടുണ്ടെന്നേ പറഞ്ഞു. അത് ഏതു കണക്കിലാണെന്നു പറയാമോ ?

ശ്രീ. കെ. വി. സുരേന്ദ്രനാഥ് : ഞാൻ കള്ളത്തരം എന്നു പറഞ്ഞില്ല. സത്യവിരുദ്ധം എന്നാണ് പറഞ്ഞത്. വളരെ മൈമിഷികമായി ഒരു പ്രത്യേക തീയതിയിൽവന്ന ബഡ്ജറ് സർപ്ലസായിട്ടു കാണിക്കുകയും എക്സ്പെൻറിച്ചർ വെട്ടിച്ചുരുക്കുകയും, വേറെ പുതിയ പദ്ധതികളൊന്നും അംഗീകരിക്കാതിരിക്കുകയും മൂന്നുകോടി ഇരുപത്തേഴ് ലക്ഷം രൂപയുടെ പുതിയ സർവ്വീസുകൾ (അത് നടക്കാനുള്ളതല്ല) കൂട്ടിചേർക്കുകയും ചെയ്തിട്ട്

LIBRARY ARCHIVES Kerala Legislative Assembly

ഊതിവീർപ്പിച്ച് കാണിക്കുകയാണ്. വരവ് ഊതിവീർപ്പിക്കുകയും കരുതി കൂട്ടി ചെലവുചുരുക്കി കാണിക്കുകയും ചെയ്തിരിക്കുകയാണ്.

ശ്രീ. എ. വി. താമരാക്ഷൻ : സാധാരണ കച്ചവടക്കാർ കയ്യിൽ രണ്ടു കണക്കുകൾ സൂക്ഷിക്കുന്നതു പോലെ ശ്രീ. കെ. എം. മാണി ഒരു കണക്കുമാത്രമാണ് ഇവിടെ അവതരിപ്പിച്ചത് എന്നറിയാമോ ?

ശ്രീ. കെ. വി. സുരേന്ദ്രനാഥ് : രണ്ടു ബുക്കുവച്ച് കച്ചവടക്കാർ ഉദ്യോഗസ്ഥന്മാരുമായും പേശുന്നതുപോലെ നമ്മളുമായി പേശാൻ ഏതു ബുക്കാണ് ശ്രീ. മാണി ഉപയോഗിക്കുന്നത് എന്ന് എനിക്കറിഞ്ഞുകൂടാ. രണ്ടു ബുക്കുകളും ഉപയോഗിക്കാൻ കഴിയുന്നയാളാണ് അദ്ദേഹം.

ചെറിയ ഒരുകാര്യം പറയാനുണ്ട്, 'അഴിമതി' 'അഴിമതി' എന്നു ഞങ്ങൾ അനാവശ്യമായി പറയുന്നതല്ല. പ്രത്യേകിച്ച് പബ്ലിക്മെൻ ഉത്തരവാദിത്വമുള്ള സ്ഥാനം വഹിക്കുന്നവരാണ്. അവരുടെ സ്വത്തുക്കളേ സംബന്ധിച്ച ഒരു സ്റ്റേറ്റുമെൻറ് കാണിക്കണം. വെൽത്തിൻെറ സോഴ്സ് കാണിക്കണം. അതേക്കുറിച്ച് അന്വേഷിക്കണം. അങ്ങനെ ചെയ്യാൻ തയ്യാറാണെങ്കിൽ പ്രതിപക്ഷത്തുള്ള ആർക്കും അതിൽ വിരോധമില്ല സന്തോഷമാവും. ഞങ്ങളെല്ലാം അങ്ങനെയൊരു സ്റ്റേറ്റ്മെൻറ് കൊടുക്കാൻ തയ്യാറാണ്. നിങ്ങൾ അതിന് തയ്യാറുണ്ടോ ? എത്രയോ തവണ ഇവിടെ പാഞ്ഞ കാര്യമാണ്. അതൊന്നും അംഗീകരിക്കാതെ ചീഫ് പോപ്പുലാരിറ്റിക്കുവേണ്ടി ഒരു 'ബിൽ' പാസ്സാക്കിയെടുക്കുകയും ചെയ്തു. ഇന്ന് അവിടെ നിയമിച്ച ഉദ്യോഗസ്ഥന്മാർ അവിടെയിരുന്ന് ജോലിയില്ലാതെ ഈച്ചയടിക്കുകയാണ്. അതു വേണമായിരുന്നോ ?

കഴിഞ്ഞ അഞ്ചുവർഷത്തെ സ്ഥിതിയെന്താണ് ? 1982 മുതലുള്ള ഇവിടത്തെ കഥയെടുത്തുനോക്കിയാൽ, അതിനുമുമ്പുള്ള കാലഘട്ടത്തിൽ പ്രത്യേകിച്ചും ഇടതുപക്ഷജനാധിപത്യമുന്നണി അധികാരത്തിലിരുന്ന കാലഘട്ടത്തിൽ അംഗീകരിച്ച, ദേശീയ അംഗീകാരമുള്ള ഭൂപരിഷ്ക്കരണ നിയമം, വെൽഫെയർ പദ്ധതികൾ തുടങ്ങിയ നാഷണൽ കോൺസെൻസസ് ഉള്ളവയുടെ അടിസ്ഥാനത്തിൽ നടപ്പാക്കിയ നടപടികളൊക്കെ റിവേഴ്സ് ചെയ്യുകയാണ് ഇവിടെ ചെയ്തിരിക്കുന്നത്. കയറിൻെറ കാര്യത്തിലായാലും കശുവണ്ടിയുടെ കാര്യത്തിലായാലും കൈത്തറിയുടെ കാര്യത്തിലായാലും നമ്മുടെ പൊതുമേഖലാ സ്ഥാപനങ്ങളുടെ നടത്തിപ്പിലായാലും വെട്ടിമുറിക്കാൻ ശ്രമിച്ച സ്റ്റേറ്റ് ട്രാൻസ്പോർട്ട് കോർപ്പറേഷൻെറ കാര്യത്തിലായാലും അതാണ് കാണുന്നത്. അങ്ങനെ വാസ്തവത്തിൽ നമ്മുടെ ദേശീയ ബോധത്തിനെതിരായിട്ടുള്ള നയപരിപാടികളാണ് ഈ സർക്കാർ സ്വീകരിച്ചിട്ടുള്ളത്. നമ്മുടെ രാജ്യത്ത് കഴിഞ്ഞ എൺപതുകൊല്ലക്കാലംകൊണ്ട് ജനങ്ങൾ കെട്ടിപ്പടുത്ത നമ്മുടെ ദേശീയ പ്രസ്ഥാനത്തിൻെറ ഏറ്റവും വിലപ്പെട്ടതായി ഉയർത്തിപ്പിടിച്ചിട്ടുള്ള മൂല്യങ്ങളെല്ലാം തകർക്കുകയാണ്. അതെല്ലാം ഇപ്പോൾ തകർന്നു കഴിഞ്ഞിരിക്കുന്നു. സർ, ഇപ്പോൾ രാഷ്ട്രീയക്കാരനാണെന്നു പറഞ്ഞ് പുറത്തിറങ്ങി നടക്കാൻ പ്രയാസമാണ്. രാഷ്ട്രീയക്കാരനാണെന്നു പറഞ്ഞാൽ ഇപ്പോൾ ആളുകൾ മുഖം വീർപ്പിക്കും. ആളുകൾ അകന്നുപോകുകയാണ്. ആ തരത്തിൽ ഗാന്ധിജിയുടെ പേരും പണ്ഡിറ്റ്ജിയുടെ പേരും പറഞ്ഞു നടന്നു. അവിടം വരെ കൊണ്ടെത്തിച്ചില്ലെയെന്നാണ് അപ്പുറത്തുള്ളവരോട് എനിക്ക് ചോദിക്കാനുള്ളത്.

ഒരു കാര്യം കൂടി എനിക്കു പറയാനുണ്ട്. ഒരുപക്ഷേ ഈ മന്ത്രിസഭ കുറച്ചുകാലംകൂടി അധികാരത്തിലിരുന്നുവെന്ന് വരാം. ഒരുപക്ഷേ പിരിച്ചുവിട്ടുവെന്നും വരാം. ചിലപ്പോൾ എല്ലാവരുക്കൂടി ഇരുന്നുവെന്നും വരാം. കാരണം

LIBRARY ARCHIVES Kerala Legislative Assembly

ഇവരൊക്കെയാണല്ലോ ആളുകൾ. നമ്മുടെ ധനകാര്യവകുപ്പുമന്ത്രിയും മുഖ്യ മന്ത്രിയും ശ്രീ. സീതി ഹാജിയും ഒക്കെയാണല്ലോ ആളുകൾ. അവസാനംവരെ കടിച്ചു തൂങ്ങി നാണംകെട്ടിരിക്കും. 'നാണംകെട്ടവന്റെ ആസനത്തിൽ ആലുകിളിർത്താൽ അതും ഒരു തണൽ' എന്ന പോലെ കരുതുന്ന ആളുകളാണ്. ഒരു പക്ഷേ പരിച്ചുവിട്ടുവെന്നും വരാം. ചിലപ്പോൾ റീ-ഷഫിളിംഗ് നടത്തിയെന്നും വരാം. ഇതൊന്നും കൂടാതെ ഞങ്ങളെല്ലാം ഒന്നാണെന്നുപറഞ്ഞ് ചിലപ്പോൾ ഭരിച്ചുവെന്നും വരാം. ആർക്കായാലും കുറച്ചുനാൾ കുറച്ചുപേരെ പററിക്കാൻ കഴിയും പക്ഷെ എല്ലാനാളും എല്ലാപേരേയും പററിക്കാൻ കഴിയില്ല. കഴിയും എന്ന ധാരണ മൂഢൻമാർക്ക് മാത്രം ചേർന്നതാണ്. കേരളത്തിലെ പ്രബുദ്ധരായ ജനങ്ങൾ നിരവധി നിരവധി സമരങ്ങളിലൂടെ, അനുഭവങ്ങളിലൂടെ ഉയർത്തിക്കൊണ്ടുവന്നിട്ടുള്ള ജനാധിപത്യ ശക്തികളെ നിങ്ങൾ ചരസ് കൊടുത്ത് മയക്കി കിടത്തിയിരിക്കുകയാണ്. ജാതിയുടെയും മതത്തിന്റെയും കാശിന്റെയും മററു പലതിന്റെയും ചരസ് കൊടുത്തുകിടത്തിയിരിക്കുകയാണ്. ഈ മയക്കത്തിൽ നിന്നും അവർ ഉണർന്നുകഴിഞ്ഞാൽ ഐക്യജനാധിപത്യമുന്നണിക്കാരെ, നിങ്ങൾക്കു അഹോ കഷ്ടം എന്നുമാത്രം പറഞ്ഞു കൊണ്ട് ഞാൻ എന്റെ പ്രസംഗം അവസാനിപ്പിക്കുന്നു. ഈ ധനാഭ്യർത്ഥനകളെ എതിർക്കുന്നു.

ശ്രീ. രാഘവൻ പൊഴക്കടവിൽ : സർ, ഈ വോട്ട് ഓൺ അക്കൗണ്ടിനെ ഞാൻ അനുകൂലിക്കുകയാണ്. ബഹുമാനപ്പെട്ട ബേബി ജോണിന്റെ കുഴൈററ് വിലാപ പ്രസംഗവും, കത്തനാരാകാൻ പോയിട്ട് കുരുത്തക്കേടെ് കാണിച്ച് ശ്രീ. മാണിയുടെ മുൻപിൽ മാപ്പുപറഞ്ഞ് ളോഹ ഊരിവച്ച് സുവിശേഷ പ്രസംഗം നടത്തിയ ശ്രീ. ലോനപ്പൻ നമ്പാടനേറയും 'ആശാൻ' എന്ന് അറിയപ്പെടുന്ന ശ്രീ. കെ. വി. സുരേന്ദ്രനാഥിന്റെയും പ്രസംഗങ്ങളും കേട്ടപ്പോൾ ഈ സഭയിൽ അവതരിപ്പിച്ചിട്ടുള്ള ബഡ്ജറിലും അതിനെത്തുടർന്നുള്ള വോട്ട് ഓൺ അക്കൗണ്ടിന്റെ ചർച്ചയിലും യാതൊന്നും ഇല്ല വെറും പൊള്ളയാണ് ഇവിടെ യാതൊന്നും നടക്കുന്നില്ല എന്ന വാദഗതിയാണ് അവരുടേതെന്നു മനസ്സിലായി. ജനങ്ങൾ നാളത്തെ പത്രം കാണുമ്പോൾ അമ്പരന്നുപോകും. അതുകൊണ്ട് കുറച്ചു യാഥാർത്ഥ്യങ്ങൾ സഭയിൽ കൊണ്ടുവരേണ്ടത് ആവശ്യമായതുകൊണ്ട് അൽപ്പം ചില കാര്യങ്ങൾ മാത്രം പറയാൻ ഞാൻ ആഗ്രഹിക്കുകയാണ്.

നമ്മുടെ സ്റേറററ് ബഡ്ജറിൽ, റവന്യൂ വരുമാനം, പൊതുമേഖലാ സ്ഥാപനങ്ങളിൽ നിന്നുള്ള വരുമാനം, എക്സൈസ് വരുമാനം, കേന്ദ്ര വിഹിതം, കേന്ദ്രത്തിൽ നിന്നുള്ള പ്രത്യേക സഹായങ്ങൾ, ആർ. എൽ. ഇ. ജി. പി., എൻ. ആർ. ഇ. പി. തുടങ്ങിയവയ്ക്കു ലഭിക്കുന്ന സാമ്പത്തിക സഹായങ്ങൾ, ശുദ്ധജല വിതരണ പദ്ധതികൾക്കു ലഭിക്കുന്ന സഹായങ്ങൾ, നാച്ചറൽ കലാമിററീസിനു കിട്ടുന്ന സഹായങ്ങൾ തുടങ്ങി വിവിധ ഇനങ്ങളിൽ കൂടി കിട്ടുന്നതാണ് കൺസോളിഡേററഡ് ആയിട്ടുള്ള 'നമ്മുടെ ഫണ്ട്'. ആ ഫണ്ടിൽ നിന്നാണ് നമ്മൾ ബഡ്ജറ് തയ്യാറാക്കുന്നത്. അടുത്ത സാമ്പത്തിക വർഷത്തെ നമ്മുടെ സംസ്ഥാനത്തിന്റെ വിവിധ പ്രശ്നങ്ങളിലേക്ക് വിരൽ ചൂണ്ടുന്ന, ശ്രീ. രാജീവ് ഗാന്ധി പ്രഖ്യാപിച്ച 21-ാം നൂറാണ്ട് വിഭാവന ചെയ്യുന്ന, ഒരു നല്ല ബഡ്ജറ് സംസ്ഥാനത്ത് കൊണ്ടുവരാൻ കഴിഞ്ഞുവെന്ന യാഥാർത്ഥ്യം വാസ്തവത്തിൽ പലരും മറന്നുകഴിഞ്ഞു എന്നാണ് എനിക്കു തോന്നുന്നത്. ആ വരുമാനത്തിന്റെ അടിസ്ഥാനത്തിൽ നമ്മുടെ ബഡ്ജറിൽ ക്ഷേമപ്രവർത്തനങ്ങൾ ധാരാളം പറഞ്ഞിട്ടുണ്ട്. ഇവിടെ പലരും അറിയാതെ പറയാതിരുന്ന സംഭവങ്ങളുണ്ട്. കർഷകത്തൊഴിലാളികളുടെ ക്ഷേമപദ്ധതി നടപ്പാക്കുമ്പോൾ, ഒരു കർഷകത്തൊഴിലാളി ജോലിയിൽനിന്നും പിരിഞ്ഞു പോകുമ്പോൾ അൻപതിനായിരം രൂപ ക്ഷേമനിധി പദ്ധതി പ്രകാരം ലഭ്യ

LIBRARY ARCHIVES Kerala Legislative Assembly

മാക്കും എന്ന ഒരു സാമൂഹ്യ പരിഷ്കാരം വരുത്തുന്ന നിയമംപോലും ഈ ബഡ്ജറ്റിൽ ഉൾക്കൊള്ളിച്ചിരിക്കുകയാണ്. പാവപ്പെട്ടവർക്കും ദുർബല വിഭാഗങ്ങൾക്കും 1,60,000 വീടുകൾ പണിയുന്നു. ഹരിജനങ്ങൾക്ക് ആർ. എൽ. ഇ. ജി. പി. യിലും പതിനായിരം വീടുകൾ പണിയുന്നു. അങ്ങനെ ദരിദ്ര വിഭാഗങ്ങൾക്കും ദുർബ്ബല വിഭാഗങ്ങൾക്കും ഗുണം കിട്ടുന്ന ഒട്ടേറെ ക്ഷേമ നടപടികൾ ആസൂത്രണം ചെയ്തുകൊണ്ട് ഈ ഗവൺമെൻറ് സുശക്തമായി മുന്നോട്ടു പോകുകയാണ്. ബഹുമാനപ്പെട്ട നായനാരും ബഹുമാനപ്പെട്ട ബേബി ജോണും ആഗ്രഹിക്കുന്നത് ഈ ഗവൺമെൻറ് എങ്ങനെയെങ്കിലും മറിയണം അല്ലെങ്കിൽ അവസാനിക്കണം എന്നാണ്. അതിനുവേണ്ടി കഴിഞ്ഞ നാലു വർഷമായി ആടിനെ പുറകെ നടക്കുന്ന കുറുക്കനെപ്പോലെ ശ്രീ. ബേബി ജോണിനെ മുൻപിൽ നിറുത്തി ബഹുമാനപ്പെട്ട നായനാർ നടക്കുകയാണ്. അവസാനമായി 19-ാമത്തെ അടവ് നടക്കുമോയെന്ന പരീക്ഷണത്തിലാണ്. അതിനുവേണ്ടി അവസാനം കിട്ടിയ വയ്ക്കോൽ തുരുമ്പാണ് കുവൈറ്റ് പ്രശ്നം.

കുവൈറ്റിൽനിന്നും രണ്ടുമൂന്നുപേർ ഇവിടെ വന്നു. കുവൈറ്റിൽനിന്നും വന്നവരൊക്കെ ആരാണ് എന്നുള്ളതിനെക്കുറിച്ച് വ്യക്തമായ ധാരണയും അഭിപ്രായവും ഉണ്ടാക്കാൻ, വേണ്ടിവന്നാൽ അന്വേഷണവും നടത്താൻ ശക്തമായ നടപടി സ്വീകരിക്കും എന്നു ബഹുമാനപ്പെട്ട മുഖ്യമന്ത്രിയും മറ്റു മന്ത്രിമാരും പറഞ്ഞിട്ടുപോലും യാതൊരു ചിന്തയും കൂടാതെ ഇപ്പോഴും അതേപ്പറ്റി പറയുകയാണ്. ഗൾഫ് നാടുകൾ കേരളത്തെ രക്ഷിക്കുന്ന നാടാണ്. നമ്മുടെ സംസ്ഥാനത്തെ നിരവധി ചെറുപ്പക്കാർ ഗൾഫ് നാടുകളെ ആശ്രയിച്ച് ജീവിക്കുകയാണ്. അവർ ഈ നാടിനെ രക്ഷിക്കാൻവേണ്ടി കോടിക്കണക്കിനു രൂപ സംഭാവന ചെയ്യുന്നു. കുവൈറ്റ് ഉൾപ്പെടെയുള്ള ഗൾഫ് നാടുകളിലെ ഭരണനേതാക്കളോടും ജനങ്ങൾക്കുമൊക്കെ നല്ലവണ്ണം അറിയാവുന്ന ഭരണനേതാക്കളാണ് നമ്മുടെ പ്രധാനമന്ത്രിയായിരുന്ന ശ്രീമതി ഇന്ദിരാഗാന്ധിയും ഇപ്പോഴത്തെ പ്രധാനമന്ത്രി ശ്രീ. രാജീവ്ഗാന്ധിയും. റഷ്യയിലെ പ്രധാനമന്ത്രിയേയും. ചൈനയിലെ പ്രധാനമന്ത്രിയേയും അവർ അറിയില്ല. അമേരിക്കയിലെ പ്രസിഡണ്ടിനെപ്പോലും അറിയില്ല. ലോകത്തിൽ അവർ അറിയുന്ന രണ്ടു പ്രധാന വ്യക്തികളാണ് ശ്രീമതി ഇന്ദിരാഗാന്ധിയും ശ്രീ. രാജീവ് ഗാന്ധിയും. അവർക്ക് കേരളത്തോട് പ്രത്യേക താൽപ്പര്യം തന്നെയുണ്ട്. അങ്ങനെയുള്ള രാജ്യത്തിന്റെ രണ്ടു പ്രതിനിധികൾ ഇവിടെ വന്നതിന് ഇത്ര ഒച്ചപ്പാടുണ്ടാക്കിയിട്ടു കാര്യമുണ്ടോ ? ഇന്നും ശ്രീ. ബേബി ജോണിന്റെ സ്വരം അതുതന്നെയാണ്. അദ്ദേഹത്തിന് എങ്ങനെയെങ്കിലും ശ്രീ. കരുണാകരൻ മുഖ്യമന്ത്രി സ്ഥാനത്തുനിന്നും ഒന്നു വിരമിച്ചുകണ്ടാൽ മതിയെന്നുള്ള ആഗ്രഹമാണ്. ഈ കസേരമേൽ ഒന്നിരിക്കണം. അതിനെത്ര പാടാണ് പെടുന്നത് ! ഇതിനേക്കാൾ എത്ര ഗുരുതരമായ ആക്ഷേപമാണ് ഇന്നു മലയാള മനോരമയിൽ കണ്ടത്. ആ വാർത്ത വാസ്തവത്തിൽ ഞെട്ടിപ്പിക്കുന്ന സംഭവമായി മാറിയിരിക്കുകയാണ്. കേന്ദ്രം വിലക്കു കൽപ്പിച്ച, സോവിയറ് യൂണിയനിൽ ജനിച്ച് ചൈനയിൽ വളർന്ന് അമേരിക്കയിൽ ജീവിക്കുന്ന ഒരു ജോർജ് വാഷ്ടർ ഹോബ്യൂ എന്ന ചെറുപ്പക്കാരൻ നായനാരുടെ ഭരണകാലത്ത് ഇവിടെ വന്നു. 1980-ൽ അയാൾ വന്നപ്പോൾ ചെയ്തുകൊടുക്കാവുന്ന എല്ലാ സൗകര്യങ്ങളും ചെയ്തുകൊടുത്തു. അന്ന് അയാൾക്ക് സഞ്ചരിക്കുവാൻ കൊടിവച്ച കാറുകൊടുത്തോയെന്നുള്ളത് പരിശോധിക്കേണ്ട കാര്യമാണ്.

ശ്രീ. കെ. കെ. രാമചന്ദ്രൻ മാസ്റ്റർ : 25 പെട്ടികൾ അദ്ദേഹം അന്നു വരുമ്പോൾ കൊണ്ടുവന്നിരുന്നു എന്നും അത് എ. കെ. ജി. സെൻറിൽ കൊണ്ടു വന്നു വച്ചു എന്നും ബഹുമാനപ്പെട്ട മെമ്പർക്ക് അറിയാമോ ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. രാഘവൻ പൊഴക്കടവിൽ : എ. കെ. ജി. സെൻററിൽ 25 പെട്ടികൾ കൊണ്ടുവച്ചു എന്നു കേൾക്കുന്നു. അതു മുഴുവനും ആയുധങ്ങളായിരുന്നു എന്നാണ് പറയുന്നത്. അവർ ഇവിടെ വന്നപ്പോൾ കേരളത്തിലെയും മറെറല്ലാ പ്രദേശങ്ങളിലെയും ഗസ്റ്റ് ഹൗസുകളിൽ സ്റേറററ് ഗസ്റ്റായിട്ട് താമസിച്ചു എന്നാണ് വാർത്തകൾ. അത് പരിശോധിക്കേണ്ടതാണ്. ഈ വസ്തുത ശരിയാണെങ്കിൽ ബഹുമാനപ്പെട്ട ഗൗരിയമ്മ വരെ രാജി വയ്ക്കണം. നിങ്ങൾ ഞങ്ങളുടെ മുഖ്യമന്ത്രിയോട് രാജിവയ്ക്കാൻ പറഞ്ഞില്ലേ ? ഈ രാജ്യത്ത് അപകടകരമായ സാഹചര്യങ്ങൾ ഉണ്ടാക്കാവുന്ന വാൾട്ടറിന്റെ സന്ദർശനം കൊണ്ട് ആക്ഷേപത്തിനിരയായിരിക്കുന്നവർ നിങ്ങളാണ്. നായനാരാണ് അതിന് ഉത്തരവാദി. ബേബി ജോണാണ് ഉത്തരവാദി. ടി. കെ. രാമകൃഷ്ണനാണ് ഉത്തരവാദി. അവരിൽ എം. എൽ. എ. സ്ഥാനത്തിരിക്കുന്നവർ രാജിവച്ച് ഇറങ്ങിപ്പോകണം.....(ബഹളം).....

ശ്രീമതി കെ. ആർ. ഗൗരി : വന്നത് സി. ഐ. എ. ഏജൻറന്നാണ് പറഞ്ഞത്. സി. ഐ. എ. ഏജൻറ് സാധാരണ വരുന്ന ഓഫീസ് ഏതാണെന്ന് തിരക്കിയാലറിയാം. സി. ഐ. എ. ഏജൻറ് കമ്മ്യൂണിസ്റു പാർട്ടിയുടെ ഓഫീസിൽ വരാറില്ല. വരുന്ന ഓഫീസ് ഏതാണെന്ന് നാട്ടുകാർക്കറിയാം.

ശ്രീ. രാഘവൻ പൊഴക്കടവിൽ : ചൈനയ്ക്ക് ഏജൻറുണ്ട്. റഷ്യയ്ക്ക് ഏജൻറുണ്ട്. അമേരിക്കയ്ക്ക് ഏജൻറുണ്ട്. ഈ മൂന്നു വിഭാഗങ്ങളും ഇൻഡ്യയ്ക്കാപത്താണ്. ഇൻഡ്യയുടെ അതിർത്തികൾ ലംഘിക്കുന്ന കാര്യത്തിൽ അവരെല്ലാം മുന്നോട്ടു വന്നിട്ടുണ്ട്.

ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി : ബഹുമാനപ്പെട്ട ഗൗരിയമ്മ പറഞ്ഞത് ശരിയല്ല. കാരണം ഏജൻറുമാരായി പണിയെടുക്കുന്ന രാമസ്വരൂപ് ഉൾപ്പെടെയുള്ള ആളുകൾ മാൻഷണൽ ഏജൻറ്സ് ആകരുത്. പ്രൊഫഷണൽസാണ്. അവർ എല്ലാ രാജ്യങ്ങൾക്കുംവേണ്ടി ഏജൻസിപണി നടത്തുന്നു. അതുകൊണ്ട് ഒരേ സമയത്ത് ഇവർ അമേരിക്കയുടെയും റഷ്യയുടേയും ചാരൻമാരെന്നു പറയുന്നതിൽ യാതൊരസാംഗത്യവുമില്ല.

ശ്രീ. രാഘവൻ പൊഴക്കടവിൽ : അമേരിക്കയുടെയും റഷ്യയുടെയും ചാരപ്രവർത്തനത്തിന്റെ ഫലമായിട്ടാണ് ഇന്ദിരാഗാന്ധിയെ വധിച്ചതെന്ന് റിപ്പോർട്ടുണ്ട്. റഷ്യയിൽ ജനിച്ച് അമേരിക്കയിൽ വളർന്ന് ചൈനയിൽ ജീവിച്ച വാൾട്ടറെ കേരളത്തിൽ കൊണ്ടുവന്നു പൂജിക്കാൻ നിങ്ങൾക്കു നാണമായില്ലേ ? അൽപ്പമെങ്കിലും തൊലിക്കട്ടിയുണ്ടെങ്കിൽ രാജിവച്ചൊഴിഞ്ഞു പോവുകയാണ് വേണ്ടത്. ഞങ്ങൾ അന്വേഷിച്ച് അതിന്റെ വസ്തുത തെളിയിക്കും. ഇന്നലെ എറണാകുളത്തുനിന്നു പുറപ്പെട്ട കൊച്ചി-മദ്രാസ് മെയിൽ ഇടപ്പള്ളിയിൽ വന്നപ്പോൾ തടഞ്ഞു. ഇവിടെ ആഭ്യന്തര വകുപ്പുമന്ത്രിയായിരുന്ന ശ്രീ. ടി. കെ. രാമകൃഷ്ണനാണ് വണ്ടി തടഞ്ഞത്. തീവണ്ടിയുടെ ഒരു കമ്പാർട്ടുമെൻറിൽ ഒരു ബോംബു പൊട്ടി. അതിൽ രണ്ടാളുകൾക്ക് ഗുരുതരമായ പരുക്കും കുറേപേർക്ക് അപകടവും സംഭവിച്ചതായിട്ട് റിപ്പോർട്ടുണ്ട്. ആ ബോംബ് വിചാരിച്ച സമയത്ത് പൊട്ടിയിരുന്നുവെങ്കിൽ ആ തീവണ്ടി മുഴുവൻ തകർന്നുപോകുമായിരുന്നു. അതിലുള്ള ആയിരത്തഞ്ഞൂറോളം പേർ ചത്തൊടുങ്ങുമായിരുന്നു. അവിടെയുള്ള ജനങ്ങൾ കണ്ണുനീരോടുകൂടി പറയുന്നതുകേട്ടാൽ ഞെട്ടിപ്പോകും. ഈ കാര്യത്തിൽ ഈ സഭ നിറുത്തിവച്ച് ചർച്ച ചെയ്യേണ്ടിവരും. പക്ഷേ പ്രതിപക്ഷത്തിരിക്കുന്ന നേതാക്കൻമാരാരും ഇതിനെക്കുറിച്ച് ഒരക്ഷരം പറഞ്ഞില്ല. ഒരു പെണ്ണിന് പത്തുമാസമെത്തി

LIBRARY ARCHIVES Kerala Legislative Assembly

പ്രസവിക്കാൻ ഒരു ദിവസം വൈകിയാൽ അടിയന്തിരപ്രമേയം കൊണ്ടു വരുന്നവർ ഇത്രയും ഗുരുതരമായ സംഭവമുണ്ടായിട്ട്, സ്ഫോടനമുണ്ടായിട്ട് ബോംബ് വച്ച് ആക്രമിച്ചിട്ട് ഒരു അടിയന്തിരപ്രമേയം കൊണ്ടുവരാൻ തയ്യാറായില്ല എന്ന കാര്യം അത്ഭുതമല്ലേ ? ഇത്ര കൊള്ളരുതാത്ത നാണംകെട്ട വർഗ്ഗമാണ് അപ്പുറത്തിരിക്കുന്നത്. അവർക്കെന്താണ് പേരു പറയേണ്ടതെന്നെ നിക്കറിയില്ല. ഇവിടെ ചെറിയ കാര്യങ്ങൾക്കുപോലും അടിയന്തിരപ്രമേയങ്ങൾ കൊണ്ടുവരുന്ന പ്രതിപക്ഷത്തിന് ഇത്രയും ഗുരുതരമായ ഒരപകടം സൃഷ്ടിച്ചതിനെക്കുറിച്ച് എന്തു പറയാനുണ്ട് ? കേരളത്തിൽ നായനാർ മന്ത്രിസഭയിലെ ആഭ്യന്തര വകുപ്പുമന്ത്രിയായിരുന്ന ടി. കെ. രാമകൃഷ്ണനാണ് ബോംബു വച്ചത് എന്നു പറയപ്പെടുന്നു.

ശ്രീമതി കെ. ആർ. ഗൗരി : നമ്മുടെ നിയമസഭാ ചട്ടത്തിൽ പറഞ്ഞിരിക്കുന്നത് സഭയിലില്ലാത്ത ഒരാളെപ്പറ്റി ആരോപണം പറയാൻ പാടില്ലെന്നാണ് ടി. കെ. രാമകൃഷ്ണൻ ഓടിക്കൊണ്ടിരുന്ന തീവണ്ടിയിൽ ബോംബുവച്ചു പൊട്ടിച്ചു എന്നുള്ള വിധത്തിൽ ഇവിടെ മെമ്പർ പറഞ്ഞിരിക്കുന്നത് ഓർഡറിലാണോ ? അല്ലെങ്കിൽ അത് പിൻവലിക്കണം.

ശ്രീ. മണിമംഗലത്തു കുട്ട്യാലി : സഖാവ് ടി. കെ. രാമകൃഷ്ണൻ ബോംബുവച്ചു എന്ന് പൊഴക്കടവിൽ പറഞ്ഞില്ല. പറയപ്പെടുന്നു എന്നാണ് പറഞ്ഞത്.

മി. സ്പീക്കർ : നിർഭാഗ്യവശാൽ ഈ സഭയുടെ പല ഭാഗത്തുള്ള ആളുകളും പ്രസംഗിക്കുമ്പോൾ ഈ സഭയിലില്ലാത്ത ആളുകളെക്കുറിച്ച് പരാമർശിക്കാറുണ്ട്. പൊതുവേ ആ പ്രവണത ഒഴിവാക്കണം.

ശ്രീ. രാഘവൻ പൊഴക്കടവിൽ : ഇത്ര ശക്തമായ ഒരു മുന്നണി നമ്മുടെ സംസ്ഥാനത്ത് ഇതിനുമുമ്പ് ഉണ്ടായിട്ടില്ല. നമ്മുടെ മുഖ്യമന്ത്രിയാണെങ്കിൽ ഉരുകിത്തെളിഞ്ഞ പൊന്നുപോലെ ശക്തനായി വിളങ്ങുകയാണ്. നമ്മുടെ മാണിയും അദ്ദേഹത്തിന്റെ മറ്റു സഹപ്രവർത്തകൻമാരും മുഖ്യമന്ത്രിയെ പിടിച്ച് ആശ്ലേഷിക്കുന്നതു കണ്ടപ്പോൾ എന്റെ മനം കുളിർത്തുപോയി. ഇത്ര വലിയ മാറ്റം ഈ സംസ്ഥാനത്തുണ്ടായതിൽ ഞാനഭിമാനം കൊള്ളുകയാണ്. ഈ ഗവൺമെന്റ് യാതൊരു സങ്കോചവും കൂടാതെ അഞ്ചുവർഷം ഭരിക്കും. അതിന് യാതൊരു സംശയവുമില്ല. ഈ ഗവൺമെന്റ് ഇപ്പോൾ നിലംപതിക്കുമെന്നു കരുതിയിരുന്ന പ്രതിപക്ഷ നേതാക്കൻമാർക്കു ഒരടിയായി മാറുമെന്നുള്ള കാര്യത്തിൽ യാതൊരു സംശയവുമില്ല. അടുത്ത തിരഞ്ഞെടുപ്പിൽ പ്രതിപക്ഷത്തിരിക്കുന്ന ഒരൊറ്റയാൾക്കും നിയമസഭയിലേക്ക് തിരിച്ചുവരാൻ കഴിയുകയില്ല. പ്രതിപക്ഷ പാർട്ടികളും അത്രകണ്ട് അധഃപതിച്ചിരിക്കുന്നു. ഐക്യജനാധിപത്യമുന്നണി ഗവൺമെന്റ് ജനക്ഷേമകരമായ വികസന പരിപാടികളും ഈ രാജ്യത്ത് നടപ്പാക്കിയിരിക്കുകയാണ്.

അഴിമതിയെക്കുറിച്ച് ഇവിടെ പറഞ്ഞു. ഇവിടെ ഇ. എം. എസ്. ഭരിച്ചു, നായനാർ ഭരിച്ചു. എന്തുമാത്രം കുംഭകോണമാണ് നടന്നത് ? സ്പിരിറ്റ് കുംഭകോണം, അരി കുംഭകോണം, ചന്ദനത്തടി കുംഭകോണം, ആനക്കൊമ്പ് കുംഭകോണം തുടങ്ങിയവ നിങ്ങൾ നടത്തിയില്ലേ ? അഴിമതികളുടെയും കുംഭകോണങ്ങളുടേയും രാജാക്കൻമാരായിരുന്ന നിങ്ങൾ ഇപ്പോൾ പൂച്ച പാലുകുടിക്കുന്നതുപോലെ കണ്ണടച്ചിരിക്കുകയല്ലേ—നാണംകെട്ട നിങ്ങൾ കണ്ണടച്ചിരുന്ന് കുറ്റം പറയുന്ന ഏർപ്പാട് മാറ്റി, ക്രിയാത്മകമായ പരിവർത്തനത്തിനു വേണ്ടിയുള്ള, തൊഴിലാളി വർഗ്ഗത്തിനും കൃഷിക്കാർക്കും പ്രാധാന്യം

LIBRARY ARCHIVES Kerala Legislative Assembly

ക്കൊണ്ടുള്ള ഈ ബഡ്ജറിനെ അനുകൂലിക്കണം. അല്ലെങ്കിൽ കാലം നിങ്ങൾക്ക് മാപ്പു തരികയില്ലെന്നു പറഞ്ഞുകൊണ്ട് ഞാൻ അവസാനിപ്പിക്കുന്നു.

ശ്രീ. വി. എസ്. ചന്ദ്രശേഖരൻപിള്ള: സർ, ധനകാര്യ വകുപ്പുമന്ത്രി ഇവിടെ അവതരിപ്പിച്ച വോട്ട് ഓൺ അക്കൗണ്ടിനെ ഞാൻ എതിർക്കുകയാണ്. നാലുമാസത്തെ നിത്യനിദാനച്ചെലവിലേക്ക് ഗവൺമെൻറിനാവശ്യമായ തുക അനുവദിക്കുന്നതിനാണല്ലേ ഈ വോട്ട് ഓൺ അക്കൗണ്ട് ഇവിടെ അവതരിപ്പിച്ചത്. ഇവിടെ ഒരു ഗവൺമെൻറുണ്ടോ? പിന്നെ എന്തിനാണ് ഈ വോട്ട് ഓൺ അക്കൗണ്ട് പാസ്സാക്കുന്നത്? ഇവിടെ ഗവൺമെൻറിന്റെ ഒരു പ്രതിച്ഛായയേ ഉള്ളൂ. മുഖ്യമന്ത്രി ഇപ്പോഴും പ്രതിച്ഛായ നന്നാക്കുന്ന പണിയിലാണ് ഏർപ്പെട്ടിരിക്കുന്നത്. മുഖച്ഛായ മാറുമ്പോഴും പ്രതിച്ഛായയും മാറും. ചെറിയ ഒരു ബാർബർഷോപ്പിൽ പോയാലും ആ പ്രശ്നം പരിഹരിക്കാവുന്നതേയുള്ളൂ. പ്രതിച്ഛായയുടെ ഇപ്പോഴത്തെ സ്ഥിതി എന്താണെന്ന് വിശദീകരിക്കേണ്ടതില്ല. പ്രതിച്ഛായ നന്നാക്കാൻ പാടുപെട്ട് നമ്മുടെ മുഖ്യമന്ത്രി ഇപ്പോഴും ആരോ പറഞ്ഞതുപോലെ സ്വന്തം ദീപ്തി നശിച്ച് രജതപാത്രം പോലെ തണുത്തിരിക്കുന്ന കാഴ്ചയാണ് നമ്മൾ ഇവിടെ കാണുന്നത്. കഴിഞ്ഞ അഞ്ചാറു മാസക്കാലമായി അദ്ദേഹം കെട്ടിയുയർത്തിക്കൊണ്ടുവന്ന മനക്കോട്ടകൾ നിലംപതിച്ചതിന്റെ നിരാശയാണ് അദ്ദേഹത്തെ തളർത്തിക്കൊണ്ടിരിക്കുന്നത്. വകുപ്പു മാറ്റം, തെരഞ്ഞെടുപ്പ്, സ്പീക്കർമാറ്റം ഇവയിൽ ഒന്നെണ്ണത്തിൽ പോലും കൊത്താൻ ഒരൊറ്റ ഘടകകക്ഷിയെപ്പോലും കിട്ടിയിട്ടില്ല. എന്തിന്, സ്വന്തം കക്ഷിക്കാരെപ്പോലും കിട്ടിയില്ല. ഇന്നദ്ദേഹം

'ഊണിന്നാസ്ഥ കുറഞ്ഞു
നിദ്ര നിശയിങ്കൽപ്പോലുമില്ലാതെയായ്
വേണുന്നോരൊടൊരാഭിമുഖ്യ-
മൊരുനാളും നാസ്തി നകതം ദിവം'

എന്ന ഒരു പ്രത്യേക സ്ഥിതിയിൽ എത്തിയിരിക്കുകയാണ്. സ്ഥിതി അതിദയനീയമാണ്. ഈ സാഹചര്യത്തിലാണ് സമ്മർദ്ദത്തിനു വഴങ്ങി നിയമസഭ വിളിച്ചുകൂട്ടാൻ അദ്ദേഹം തയ്യാറായത്. സഭ വിളിച്ചത് ഭരണഘടനാപരമായ ചില ബാദ്ധ്യതകളും നിറവേറ്റാനാണെന്നാണ് ചില ആളുകൾ അഭിപ്രായപ്പെട്ടത്. യഥാർത്ഥത്തിൽ അത് ശരിയല്ല. മരിച്ച് തണുത്ത് മരവിച്ച് പ്രജ്ഞയറ്റു കിടക്കുന്ന, ഇഞ്ചിഞ്ചായി മരിച്ചുകൊണ്ടിരിക്കുന്ന ഈ മന്ത്രിസഭയുടെ 'മരണത്തിന്റെ ഘടന' എങ്ങനെയായിരിക്കണമെന്നു പരിശോധിക്കാനാണ് ഈ സഭ ചേർന്നത് എന്നു പറയുന്നതായിരിക്കും കൂടുതൽ ശരി. 'ഈ ഗവൺമെൻറിനു ഈ വിധത്തിൽ മുന്നോട്ടുപോകാൻ കഴിയില്ല എന്നു മുഖ്യമന്ത്രി തന്നെ പലവട്ടം പറഞ്ഞിട്ടുണ്ട്. വകുപ്പുമാറ്റമെങ്കിലും നടത്തിയാൽ മതിയെന്നാണ് അദ്ദേഹം അഭിപ്രായപ്രകടനം നടത്തിയിട്ടുള്ളത്. ശ്രീ. കെ. എം. മാണി തന്നെയായിരിക്കുമോ ഈ പ്രാവശ്യത്തെ ബഡ്ജറ് അവതരിപ്പിക്കുക' എന്നു പത്രപ്രതിനിധികളും അദ്ദേഹത്തോടു ചോദിച്ചപ്പോൾ "ധനകാര്യമന്ത്രിയായിരിക്കും ബഡ്ജറ് അവതരിപ്പിക്കുക" എന്ന അർത്ഥഗർഭമായ മറുപടിയാണ് നമ്മുടെ മുഖ്യമന്ത്രി നൽകിയത്. ഇതിന്റെ പൊരുൾ മനസ്സിലാക്കിയ നമ്മുടെ ധനകാര്യമന്ത്രി ശ്രീ. കെ.എം. മാണി, നമ്മുടെ മുഖ്യമന്ത്രിക്കുപോലും പിടികിട്ടാത്ത കണക്കുകളുടേയും വാക്കുകളുടേയും കസർത്ത് പ്രയോഗിച്ചാണ് ബഡ്ജറ് അവതരിപ്പിച്ചിട്ടുള്ളത്. അന്തരിച്ചുപോയ ശ്രീ. സി. വി. രാമൻപിള്ളയുടെ മാർത്താണ്ഡവർമ്മ എന്ന ആഖ്യായികയിൽ കള്ളിയങ്കാടിനെ സംബന്ധിച്ച് വർണ്ണിച്ചിട്ടുള്ളത് തദ്ധില്ലിതദ്ധകാര നാദമൺഡിമായ, സീംഹവ്യാഘ്ര മൃഗഗണനിഷേവിതമായ ഒരു ഘോരവിപിനം എന്നാണ്. ഈ പറഞ്ഞ

LIBRARY ARCHIVES Kerala Legislative Assembly

രീതിയിലാണ് ബഹുമാനപ്പെട്ട നമ്മുടെ ധനകാര്യമന്ത്രി ഇവിടെ പ്രസംഗം നടത്തിയതും അത് ഉപസംഹരിച്ചതും. വീണ്ടും ഇതാ ഒരു വോട്ട് ഓൺ അക്കൗണ്ട് ഈ സഭയിൽ അവതരിപ്പിച്ചിരിക്കുന്നു. ചില കാര്യങ്ങളെ മാത്രം സഭയുടെ ശ്രദ്ധയിൽപ്പെടുത്താൻ ഞാനാഗ്രഹിക്കുകയാണ്. കൃഷിക്കാർക്കും തൊഴിലാളികൾക്കും ഹരിജനങ്ങൾക്കും വളരെ കൂടുതൽ ആനുകൂല്യങ്ങൾ പ്രഖ്യാപിച്ചിരിക്കുന്നു എന്നാണ് മന്ത്രി അവകാശപ്പെടുന്നത്. നെൽക്കൃഷിക്കാർക്ക് ഡെവലപ്പ്മെന്റ് അതോറിറ്റി ! ഒരു റിവോൾവിംഗ് ഫണ്ട് ഉണ്ടായിരുന്നു. അതിന്റെ സ്ഥിതി എന്താണ്? കാർഷിക കമ്മീഷൻ ഇന്ന് എവിടെ? 1983-ലെ ജനാർദ്ധനൻ നായർ കമ്മീഷൻ റിപ്പോർട്ട് പ്രസിദ്ധീകരിച്ച് ശുപാർശകൾ നടപ്പിലാക്കി നെൽക്കൃഷിക്കാരെ രക്ഷിക്കാൻ ഈ ഗവൺമെന്റ് തയ്യാറുണ്ടോ? ഇതൊന്നും ചെയ്യാതെ ഡെവലപ്പ്മെന്റ് അതോറിറ്റിയെക്കുറിച്ച് പറയുന്നു. ഈ അതോറിറ്റി യഥാർത്ഥത്തിൽ നായയുടെ മുമ്പിലിട്ട പൊതിയാത്തേങ്ങപോലെയല്ലേ? ഈ കബളിപ്പിക്കൽ അവസാനിപ്പിക്കണം. തൊഴിൽ രംഗം ഇന്ന് വളരെ അസ്വസ്ഥമാണ്. പരമ്പരാഗതവ്യവസായശാലകളെല്ലാം അടച്ചുപൂട്ടിയിരിക്കുന്നു. തൊഴിലാളികൾക്ക് പണിയില്ല, കൂലിയില്ല. കശുവണ്ടിരംഗത്ത് സഹകരണപ്രവർത്തനം ശക്തമാക്കുമെന്നാണ് നമ്മുടെ മന്ത്രി പറഞ്ഞിരിക്കുന്നത്. സർ, കാപ്പക്സ് എന്നു പറയുന്ന ഒരു സഹകരണസ്ഥാപനം നമ്മുടെ സംസ്ഥാനത്തുണ്ട്. എട്ടു ഫാക്ടറികൾ അതിന്റെ കീഴിലുണ്ട് ഓരോ ഫാക്ടറിയും ഓരോ പ്രാഥമിക സംഘങ്ങളാണ്. കേന്ദ്രമന്ത്രി കൃഷ്ണകുമാറായിരുന്നു അതിന്റെ ചെയർമാൻ. ഐ. എൻ. ടി. യു. സി. (ഐ) അടക്കമുള്ള കേന്ദ്ര ട്രേഡ് യൂണിയൻ സംഘടനയുടെ പ്രാതിനിധ്യമുള്ള ഒരു ബോർഡാണ് അവിടെ ഭരിച്ചുകൊണ്ടിരുന്നത്. വ്യാവസായികാടിസ്ഥാനത്തിൽ 1985-ൽ ബോണസ് പ്രഖ്യാപിച്ചപ്പോൾ അത് കാപ്പക്സിലും കിട്ടണമെന്ന് ആ ബോർഡ് തീരുമാനിച്ചു. അതുകൊണ്ട് മാത്രമാണ് ആ ബോർഡ് പിരിച്ചു വിട്ടത്. കരാറനുസരിച്ചുള്ള ബോണസ് ഇതുവരെ നൽകിയിട്ടില്ല. തൃശ്ശൂർ, കണ്ണൂർ, കോഴിക്കോട് ജില്ലകളിൽ തോട്ടണ്ടി സംഭരിക്കാനുള്ള ഗോഡൗണുകളുണ്ട്. അയ്യായിരമോ ആറായിരമോ രൂപ ചെലവാക്കിയാൽ ഒരു സീസണിലേക്കുള്ള ഈ ആവശ്യത്തിന് മതിയാകുന്നതാണ്. എന്നാൽ ആ സ്ഥാനത്ത് 20,000 രൂപയിൽ മുകളിലോട്ടുള്ള തുക നൽകിയതായി വ്യവസ്ഥയുണ്ടാക്കി. കാപ്പക്സിന്റെ ഗോഡൗണുകൾ ഇപ്പോൾ ഉണ്ടാക്കിയിരിക്കുകയാണ്. ബോർഡ് ഉടൻ പുനഃസംഘടിപ്പിക്കാൻ തയ്യാറാകുമോ? ഉദ്യോഗസ്ഥൻമാർ വന്നതിനുശേഷമുള്ള ബോർഡിന്റെ പ്രവർത്തനത്തെക്കുറിച്ച് ഒരു നിയമസഭാക്കമ്മറ്റിയെക്കൊണ്ട് അന്വേഷിപ്പിക്കുവാൻ തയ്യാറാകുമോ എന്നതാണ് പ്രശ്നം. 1983-84-ൽ പട്ടികജാതി-പട്ടികവർഗ്ഗ ക്ഷേമപരിപാടികൾക്കനുവദിച്ച തുകയിൽ 60 ശതമാനം ലാപ്സാക്കിക്കളയുകയാണ് ഹരിജൻ അല്ലെങ്കിൽപ്പോലും സാക്ഷാൽ ഹരിജൻവകുപ്പുമന്ത്രിയായ നമ്മുടെ മുഖ്യമന്ത്രി ചെയ്തത്. മുഖ്യമന്ത്രിയുടെ പിടിപ്പുകേടല്ലേ, കൊള്ളരുതായ്മയല്ലേ ഇത് കാണിക്കുന്നത്? നിരുത്തരവാദപരമല്ലേ അദ്ദേഹത്തിന്റെ പെരുമാറ്റം? മാനസിക രോഗികളും കുഷ്ഠരോഗികളും രോഗവിമുക്തരായി വന്നാൽ അവരെ പുനരധിവസിപ്പിക്കുമെന്നു പറഞ്ഞിരിക്കുന്നു. നല്ല കാര്യമാണ്. ഇത് അധികം വേണ്ടിവരികയില്ല. ഇതിന് അധികം മിനക്കെടേണ്ട കാര്യമുണ്ടാവുകയുമില്ല. ഈ അടുത്ത കാലത്ത് നമ്മുടെ ബഹുമാനപ്പെട്ട മെമ്പർ പി.സി. ജോർജിന്റെ നേതൃത്വത്തിൽ പെറ്റീഷൻ കമ്മിറ്റി തിരുവനന്തപുരം മാനസികരോഗാശുപത്രി സന്ദർശിച്ചിരുന്നു. ചില വസ്തുതകൾ ആ റിപ്പോർട്ടിൽ അവർ സൂചിപ്പിച്ചിട്ടുണ്ട്. 1870-ൽ സ്ഥാപിച്ച തിരുവനന്തപുരത്തെ മാനസികരോഗാശുപത്രിയിലെ മെയിൻറ്റൻസുപോലും കാര്യമായിട്ട് നടത്തിയിട്ടില്ല. 570 കിടക്കകളിൽ 767 പേരെ കിടത്തി ചികിൽസിക്കുന്നുവെന്നാണ് പറഞ്ഞത്. ഇത് പറയുമ്പോൾ

LIBRARY ARCHIVES Kerala Legislative Assembly

അവിടത്തെ ഡോക്ടർമാർക്കും മാനസികരോഗമുണ്ടെന്ന് ആരെങ്കിലും പറഞ്ഞാൽ അവരെ കുറ്റപ്പെടുത്താൻ കഴിയുമോ എന്നാണ് ഞാൻ ചോദിക്കുന്നത്. രോഗം കുറഞ്ഞവരെയും കൂടിയവരെയും എല്ലാം ഒരുമിച്ചു കിടത്തി ചികിൽസിക്കുന്ന ഒരു സ്ഥിതിയാണുള്ളത്. വാർഡുകളും പരിസരങ്ങളും വൃത്തിഹീനമാണ്. വെള്ളമില്ല, വെളിച്ചമില്ല. പകൽവെളിച്ചം മങ്ങിയാൽ സാമൂഹ്യവിരുദ്ധൻമാരുടെ വിഹാര കേന്ദ്രമാണിവിടം. മരുന്നുകളൊന്നും കിട്ടുന്നില്ല ഭക്ഷണവും പാലും കൃത്യമായി കൊടുക്കുന്നില്ല. ഒരു സ്റ്റെർലൈസർ പോലും അവിടെയില്ല എന്നാണ് അവർ റിപ്പോർട്ട് ചെയ്തിരുന്നത്. 700 രോഗികൾക്ക് 12 ഡോക്ടർമാരും 33 നേഴ്സുമാരുമുണ്ട്. ഇതിനൊക്കെ പരിഹാരമുണ്ടാക്കാൻ കഴിയുമോ? ഇതിൽനിന്ന് രക്ഷപ്പെട്ടിട്ടുവേണ്ടേ പുനരധിവസിപ്പിക്കൽ? ഇതൊക്കെ വെറും തട്ടിപ്പല്ലേ?

പോലീസ്സേനയെ നവീകരിക്കുമെന്ന ഏറ്റവും നല്ല ഒരു ആശയം നമ്മുടെ ആഭ്യന്തരവകുപ്പുമന്ത്രി മുന്നോട്ടു വച്ചിരിക്കുന്നു. കുറ്റാന്വേഷണം കാര്യക്ഷമമല്ലാത്തതുകൊണ്ട് നിരവധി കുറ്റവാളികൾ പ്രധാനപ്പെട്ട കേസുകളിൽപോലും രക്ഷപ്പെടുന്നു എന്ന് കോടതികളിൽ പരാമർശം വന്നിരിക്കുന്നു. രാഷ്ട്രീയ ഇടപെടലാണ് സ്വതന്ത്രമായ അന്വേഷണത്തിന് തടസ്സമായി നിൽക്കുന്നത്. ലോക്കപ്പ്കൊലപാതകങ്ങൾ 17 എണ്ണമാണെന്നാണ് പറഞ്ഞിരിക്കുന്നത്. മന്ത്രി സൗകര്യപൂർവ്വം എന്റെ നിയോജക മണ്ഡലത്തിലെ കോന്നി ലോക്കപ്പിൽ നടന്ന ലോക്കപ്പ് മരണം ലിസ്റ്റിൽ ഉൾപ്പെടുത്തിയിട്ടില്ല. ആവശ്യമുള്ളിടത്ത് പോലീസുകാരെ ലഭിച്ചിട്ടില്ല. അതിന് ഉദാഹരണത്തിന് വേറൊരിടത്തും പോകേണ്ട കാര്യമില്ല. പാലാ അൽഫോൺസാ കോളേജിൽ കെ. എസ്. യു. (ഐ) ക്കാർ നഗ്നനൃത്തം നടത്തിയപ്പോൾ പോലീസിന്റെ സഹായം ആവശ്യപ്പെട്ടിട്ട് മണിക്കൂറുകൾ കഴിഞ്ഞശേഷമാണ് പോലീസ് ചെന്നത്. ആവശ്യമില്ലാത്തിടത്ത് പോലീസ് ക്യാമ്പുകളുണ്ട്. മീനച്ചൽ താലൂക്കിൽ തലപ്പലം പഞ്ചായത്തിലെ അഞ്ചുറിമംഗലം എന്ന സ്ഥലത്ത് തോട്ടംതൊഴിലാളികൾ പിരിച്ചുവിടലിനെതിരായി സമരം നടത്തുകയാണ്. അവിടെ പോലീസും ചില പ്രമാണിമാരായ തോട്ടം മുതലാളിമാരും ചേർന്ന് തൊഴിലാളികളെ മർദ്ദിക്കുന്നു. അങ്ങനെ സൈരജീവിതം അവിടെ അപകടപ്പെട്ടിരിക്കുന്നു. അവിടെ നിന്നും പോലീസ് ക്യാമ്പ് പിൻവലിക്കണമെന്നാണ് എനിക്ക് അഭ്യർത്ഥിക്കുവാനുള്ളത്. ചില സ്റ്റേഷനുകളിൽ നമ്മുടെ കെ. എസ്. യു. (ഐ) ക്കാർ കയറിച്ചെന്നാൽ, സ്റ്റേഷന്റെ ചാർജ് അവരെ ഏൽപ്പിച്ചിട്ട് പ്രാണരക്ഷാർത്ഥം പോലീസുകാർ ഓടിപ്പോവുകയാണ്. കായംകുളം സ്റ്റേഷനിൽ നടന്ന സംഭവം ഞാൻ വിശദീകരിക്കേണ്ട കാര്യമില്ല. മാത്രമല്ല നമ്മുടെ ബഹുമാനപ്പെട്ട ആഭ്യന്തരവകുപ്പുമന്ത്രി 'മുഖം നോക്കാതെ നീതി നിർവഹണം' നടത്താനാണ് നിർദ്ദേശിച്ചിരിക്കുന്നത്. മുഖവും ഡ്രസും നോക്കാതെ പോലീസുകാർ പരസ്പരം നീതി നിർവ്വഹിക്കുന്നു. മാരാമൺകൺവെൻഷന്റെ സമാപനദിവസം ഒരു സബ്ഇൻസ്പെക്ടർ പരസ്യമായി ഡ്യൂട്ടിയിൽ നിന്ന പോലീസുകാരനെ തല്ലി; പോലീസുകാർ സംഘം ചേർന്ന് സബ് ഇൻസ്പെക്ടറെ തല്ലി. പോലീസ് സേനയെ ഇനിയും നവീകരിച്ചാൽ നമ്മുടെ ബഹുമാനപ്പെട്ട ആഭ്യന്തരവകുപ്പു മന്ത്രിയുടെ ഗതി എന്തായിരിക്കുമെന്നു ഞാൻ ചോദിക്കുകയാണ്.

അഴിമതിയെപ്പറ്റി പറയുന്നില്ല. പൈപ്പ് ഇടപാടിൽ പത്തുകോടി തട്ടി. വീണ്ടും ഗവൺമെൻറൽ വാൽവിന്റെ ഇടപാടിൽ കോടികൾ തട്ടിയിരിക്കുന്നു. വാൽവ് വാങ്ങിയതിന്റെ രേഖകളില്ല. സപ്ലൈ ഓർഡറിന്റെ കോപ്പിയില്ല. ഓർഡർ കൊടുത്ത വാൽവുകൾ മുഴുവൻ കിട്ടിയോ, തുകകൾ മുഴുവൻ കൊടുത്തോ എന്നതിനെപ്പറ്റിയൊന്നും കണ്ടുപിടിക്കാൻ കഴിഞ്ഞിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly

ചീഫ് ടെക്നിക്കൽ എക്സാമിനറുടെ പ്രാഥമിക അന്വേഷണ റിപ്പോർട്ടിൽ പറയുന്നത് എത്ര കോടിക്ക് വാൽവ് വാങ്ങി എന്നുപോലും കണ്ടുപിടിക്കാൻ കഴിയാത്ത സാഹചര്യമാണെന്നാണ്. 1982 വരെ കാസ്റ്റ് അയൺ വാൽവാണ് ഇവിടെ വാങ്ങിയിരുന്നത്. ജി. എം. വാൽവിന്റെ പകുതി വിലയേയുള്ളൂ. ഗുണക്കുറവുമില്ല. അന്വേഷണം പൂർത്തിയാകുന്നതുവരെ പേയ്മെന്റുകളൊന്നും നടത്താൻ പാടില്ലെന്ന് ഈ ഉദ്യോഗസ്ഥൻ ഗവൺമെന്റിനോട് ശുപാർശ ചെയ്തിരിക്കുകയാണ്. ഇഷ്ടം പോലെ വാൽവുകൾ വാങ്ങിക്കൂട്ടിയിരുന്നു. എന്നുള്ളതിന് ഒരുദാഹരണം: 2181 വാൽവുകൾ മാവേലിക്കരയിൽ മാത്രം വാങ്ങിക്കൂട്ടിയിരുന്നെങ്കിൽ ഇതുവരെ ഉപയോഗിച്ചിട്ടുള്ളത് കേവലം നാലെണ്ണം മാത്രമാണ്. ഈ അഴിമതികൾ ഒരു ഓഫീസിൽ മാത്രം നടന്നതല്ല. എല്ലാ ഓഫീസുകളിലും നടന്നിട്ടുള്ളതാണ്. അതുകൊണ്ട് ചില ഉദ്യോഗസ്ഥൻമാരുടെ പേരിൽ ക്രമക്കേടും അഴിമതിയും ഒക്കെത്തന്നെ ആരോപിച്ച് രക്ഷപ്പെടാൻ പരിശ്രമിക്കുന്നത് ഹീനമായ പ്രവർത്തിയാണ്. വകുപ്പുമന്ത്രി തന്നെയാണ് കുറ്റക്കാരൻ. ഇങ്ങനെയുള്ള അഴിമതിയൊക്കെ നടത്തിയാലും പൈപ്പിൽ വെള്ളമുണ്ടോ? വെള്ളമില്ല. അച്ചടത്തിരുന്നെങ്കിൽ മെത്തയിലൊന്നു കിടക്കാമായിരുന്നു എന്ന ആഗ്രഹത്തിൽ പൈപ്പിൽ വെള്ളം ഇല്ലെങ്കിൽ പോലും വായിൽക്കൂടി കപ്പലോടിക്കുന്ന ചില മാന്യൻമാർ മന്ത്രിയാകാൻ ആവശത്തിരിപ്പുണ്ട്. മുഖ്യമന്ത്രിയടക്കം തടിതപ്പൽശ്രമമാണ് നടത്തുന്നത്.

അനഭിമതൻമാരെന്ന് ഇന്ത്യാഗവൺമെന്റ് പ്രഖ്യാപിച്ചിട്ടുള്ള കുവൈറ്റികൾ ഇവിടെ വന്നു. അവർ വി.ഐ.പി.കളായി. കൊടുവച്ച സ്റ്റേറ്റ് കാറിൽ ആഴ്ചകൾ സംസ്ഥാനത്ത് സ്വൈര വിഹാരം നടത്തി. ശ്രീ. ഇ. അഹമ്മദ് തുടങ്ങിയ മന്ത്രിമാരും ചില MLA മാരും അവർക്ക് എല്ലാം നൽകി സൽക്കരിച്ചെന്നാണ് മനസ്സിലാക്കാൻ കഴിഞ്ഞത്. ഇതിനെല്ലാം അനുമതി നൽകിയ മുഖ്യമന്ത്രി ഇപ്പോൾ തന്റെ ഉത്തരവാദിത്വത്തിൽ നിന്നും ഒഴിഞ്ഞുമാറി കുറ്റം ചില ഉദ്യോഗസ്ഥൻമാരുടെ മേൽ ചാരിയിരിക്കുകയാണ്. അത് അപഹാസ്യമാണ്. ഇവിടെ വന്ന രണ്ടുപേരും വാഴ്ത്തപ്പെട്ടവരാണെന്നുതോന്നും അവിടത്തെ ചില ആളുകളുടെ പ്രസംഗം കേട്ടാൽ ഇവിടെ വന്നവർ രണ്ടുപേരും ലോകമുസ്ലീം മൈനോരിറ്റി കമ്മീഷന്റെ തലവൻമാരും മറ്റു ചില മത മൗലികതാപ്രസ്ഥാനങ്ങളുമായി അടുത്ത ബന്ധമുള്ളവരുമാണ്. മാത്രമല്ല, ഇവർ പല രാജ്യങ്ങളിലേയും വിവിധ മത വിഭാഗങ്ങളിൽപ്പെട്ടവരുടെയിടയിൽ വർഗ്ഗീയ സംഘർഷം ഉണ്ടാക്കുന്നു എന്ന് ആരോപിക്കപ്പെട്ടിട്ടുള്ളവരുമാണ്. അവർ മാലാഖമാരാണെന്നുതോന്നും പ്രസംഗം കേട്ടാൽ. ഇവരെയാണ് നമ്മുടെ ചില മന്ത്രിമാരും എം. എൽ. എ. മാരും കൂടിച്ചേർന്ന് ഇവിടെ സ്വീകരിച്ചു കൊണ്ടുനടന്നത്. നമ്മുടെ ബഹുമാനപ്പെട്ട വ്യവസായവകുപ്പുമന്ത്രി അഹമ്മദ് 29-ാം തീയതി അദ്ദേഹത്തിന്റെ വീട്ടിൽ വച്ച് വിവേസമൃദ്ധമായ ഒരു വിരുന്ന് ഒരുക്കിയിരുന്നു. ആടിന്റെയകത്ത് കോഴിയെവച്ച് റോസ്റ്റ് ചെയ്തു കൊടുത്തതടക്കമുള്ള വിഭവങ്ങളായിരുന്നു എന്നാണ് മനസ്സിലാക്കാൻ കഴിഞ്ഞിട്ടുള്ളത്. വെങ്കിടാചലം മധുസൂദനൻ എന്നീ രണ്ടു ഐ. ജി. മാരും ആ വിരുന്നിൽ പങ്കെടുത്തിരുന്നു. വേറെ ആരൊക്കെയുണ്ടായിരുന്നു എന്നുള്ളതിനെ സംബന്ധിച്ച് വ്യക്തമായ വിവരം കിട്ടിയിട്ടില്ല. വന്നവരൊക്കെ ആരായാലും ശരി അവരെ തിരിച്ചറിയും. ഇങ്ങനെ ഈ രാജ്യദ്രോഹികളെ കൊണ്ടുനടന്നവരെ രാജ്യദ്രോഹ കുറ്റമടക്കം ചുമത്തി അവരുടെമേൽ കർശനമായ നടപടിയെടുക്കുവാനും മന്ത്രിസഭയിൽനിന്നും അവരെ നീക്കം ചെയ്യുവാനും മുഖ്യമന്ത്രി തന്റേടം കാണിക്കുമോ എന്നാണ് എനിക്കു ചോദിക്കുവാനുള്ളത്. ഇങ്ങനെ രാജ്യദ്രോഹികളെ സ്വീകരിക്കാനും സൽക്കരിക്കാനും മന്ത്രിമാർക്ക് യാതൊരു

LIBRARY ARCHIVES Kerala Legislative Assembly

ധൂർത്തടിക്കാനുംവേണ്ടി ഇവിടെ അവതരിപ്പിച്ചിരിക്കുന്ന ഈ വോട്ട് ഓൺ അക്കൗണ്ടിനെ ഒറിക്കൽക്കൂടി ശക്തിയായി എതിർത്തുകൊണ്ട് ഞാൻ എന്റെ വാക്കുകളവസാനിപ്പിക്കുന്നു.

സാമൂഹ്യവികസന വകുപ്പുമന്ത്രി (ശ്രീ. പി. കെ. വേലായുധൻ) : സർ, ബഡ്ജറ്റിന്റെ പൊതു ചർച്ച നടന്ന സന്ദർഭത്തിലും ഇന്ന് വോട്ട് ഓൺ അക്കൗണ്ടിന്റെ ചർച്ച നടന്ന അവസരത്തിലും പാർലമെന്റിൽ ബഹുമാനപ്പെട്ട കേന്ദ്ര ഗ്രാമവികസന വകുപ്പുമന്ത്രി ചോദ്യങ്ങൾക്ക് നൽകിയ ഉത്തരത്തിന്റെ അടിസ്ഥാനത്തിൽ കേരളത്തിൽ അനുവദിച്ചിട്ടുള്ള ഐ. ആർ. ഡി. പി., എൻ. ആർ. ഇ. പി., ആർ. എൽ. ജി. പി. സ്കീമുകളുടെ തുകകൾ പാഴായി പോകുന്നുവെന്ന ഒരാശങ്ക സഭയുടെ എല്ലാഭാഗത്തുനിന്നും ഉണ്ടായിയെന്നു മാത്രമല്ല ചില അംഗങ്ങൾ നമ്മുടെ തുകകൾ ലാപ്സായിയെന്നുവരെ പറയുകയുണ്ടായി. അദ്ദേഹം പാർലമെന്റിൽ ചോദ്യത്തിന് ഉത്തരം നൽകിയിട്ടുള്ളത്, 18-1-1986-ലെ കണക്കനുസരിച്ചുള്ള വിശദാംശങ്ങൾ വച്ചുകൊണ്ടാണ്. ആ വിശദാംശങ്ങൾ ശരിയാണ്, പൂർണ്ണമായും ശരിയാണ്. പ്രധാനമന്ത്രിയുടെ ഓഫീസിലേക്കും കേന്ദ്ര ഗ്രാമവികസന ഡിപ്പാർട്ടുമെന്റിന്റെ ഓഫീസിലേക്കും തലേ മാസത്തെ ചെലവുകളെ സംബന്ധിച്ച സ്റ്റേറ്റുമെന്റുകൾ അതാതു മാസത്തെ 8-ാം തീയതിക്കു മുമ്പ് എത്തിച്ചു കൊടുക്കുകയാണ്. പതിവ്. അങ്ങനെയാണെങ്കിൽ 18-1-1986-ന്റെ കണക്കനുസരിച്ച് അവിടെ പറഞ്ഞതായ തുക ഡിസംബർ 31-ന് അവസാനം വരെയുള്ള ചെലവുകളായിരിക്കുമെന്നാണ് ഞാൻ കരുതുന്നത്. 5-3-1986 വരെ 387 ലക്ഷം രൂപ സബ്സിഡിയിനത്തിൽ നമുക്ക് കിട്ടിയിട്ടുണ്ട്. മൊത്തം 1341 ലക്ഷം രൂപയാണ്. അതിൽ കേന്ദ്രം നൽകേണ്ടത് 670 ലക്ഷം രൂപയാണ്. അതിൽ ഒന്നാം ഗഡുവായി 5-3-1986-വരെ 387 ലക്ഷം രൂപ നമുക്ക് കിട്ടിയിട്ടുണ്ട്. 14-3-1986-ൽ നമുക്ക് 550 ലക്ഷം രൂപ ചെലവഴിക്കാനും 35,000 കുടുംബങ്ങളെ ഐ. ആർ. ഡി. പി. സ്കീം പ്രകാരം സഹായിക്കാനും കഴിഞ്ഞിട്ടുണ്ട്. 14-3-1986-ൽ രണ്ടാം ഗഡു ലാസ്റ്റ് ഇൻസ്റ്റാൾമെന്റ് എന്ന നിലയിൽ 283 ലക്ഷം രൂപയാണ് നമുക്ക് ഡ്രാഫ്റ്റ് ഡി. ആർ. ഡി. എ. കൗണ്ടർ കിട്ടിയിട്ടുള്ളത്. ബാങ്കുകൾ ലോൺ കൊടുക്കുന്നതനുസരിച്ചാണ് സബ്സിഡി കൊടുക്കുന്നത്. ആദ്യം കിട്ടിയ തുക മുഴുവനും ഡി. ആർ. ഡി. എ. യുടെ ജില്ലകളിലെ ലീഡു ബാങ്കുകളെ ഏൽപ്പിച്ചു. രണ്ടാമതു കിട്ടിയ തുകയും നമ്മൾ ബാങ്കുകളെ ഏൽപ്പിച്ചിട്ടുണ്ട്. 86,000 കുടുംബങ്ങളെയാണ് സഹായിക്കാൻ നമ്മൾ ടാർജറ്റ് ഇട്ടത്; ഇവിടെ അൽപ്പം കൺഫ്യൂഷൻ ഉണ്ടായി. കാരണം പദ്ധതിയുടെ വർഷം തുടങ്ങുന്ന അവസരത്തിൽ കേന്ദ്ര ഗവൺമെന്റ് പറഞ്ഞത് 1,32,089 കുടുംബങ്ങളെ നമ്മൾ സഹായിക്കേണ്ടി വരുമെന്നാണ്. ഇതിനെ അടിസ്ഥാനപ്പെടുത്തി 6-ാം പദ്ധതിയുടെ തുടക്കത്തിൽ തന്നെ അനർഹമായ ചില കുടുംബങ്ങൾക്ക് ആനുകൂല്യം കൊടുത്തുവെന്ന് പറഞ്ഞ് പരാതിയുണ്ടായതിനെത്തുടർന്ന് സമഗ്രമായൊരു സർവ്വേ നടത്തി. ആ സർവ്വേ എം. എൽ. എ. മാരെയും എം. പി. മാരെയും കാണിച്ച് അന്തിമമായ ഒരു ലിസ്റ്റുണ്ടാക്കി. അത് നമുക്ക് ആക്ഷൻ പ്ലാനിൽ വരുത്തുവാൻ കഴിഞ്ഞത് നവംബർ മാസത്തിൽ മാത്രമാണ്. നവംബർ മാസത്തിനു മുമ്പ് ഈ സർവ്വേ നടത്തിയ ലിസ്റ്റുകളെ കുറിച്ചുള്ള വെരിഫിക്കേഷനും സ്ക്രൂട്ടണിയും മൊക്കെയായി. അതോടൊപ്പം തന്നെ കേരളത്തിലുണ്ടായ അതിരൂക്ഷമായ വെള്ളപ്പൊക്കത്തോടനുബന്ധിച്ചുള്ള ദുരിതാശ്വാസ പ്രവർത്തനങ്ങളിൽ ബ്ലോക്കിലെ ഉദ്യോഗസ്ഥൻമാർ പങ്കു വഹിക്കുകയും അവരുടെ ശ്രദ്ധ അതിലേക്ക് തിരിച്ചു വിടുകയും ചെയ്തിട്ടുണ്ട്. നവംബർ മാസം മുതലാണ് നമ്മൾ യഥാർത്ഥത്തിൽ ഇതിനുവേണ്ടിയുള്ള ഒരു ശ്രമം നടത്തിയത്. 7-ാം പദ്ധതിക്കാലത്ത് ആനുകൂല്യങ്ങൾ കൊടുക്കുമ്പോൾ ഒരിക്കലും

LIBRARY ARCHIVES Kerala Legislative Assembly

അനർഹമായൊരു കുടുംബത്തിനുപോലും ആനുകൂല്യം കൊടുത്തുവെന്ന് വരാതിരിക്കുന്നതിനുവേണ്ടിയാണ് സൂക്ഷ്മമായ പരിശോധനയും സർവ്വേയും നടത്തി, അന്തിമമായി എം. എൽ. എ. മാരുടെകൂടി സഹകരണത്തോടുകൂടിയ ഒരു ലിസ്റ്റ് തയ്യാറാക്കിയത്. അതിൽ നിന്നാണ് ഈ 86 000 കുടുംബങ്ങളെ രണ്ടാമത് കേന്ദ്ര ഗവൺമെൻറ് പുനഃപരിശോധനയ്ക്കുശേഷം റഡ്യൂസ് ചെയ്തു തന്നത്. ആപ്ലിക്കേഷൻസ് ബാങ്കിൽ കൊടുത്തത് തിരികെ വാങ്ങിക്കാനും വീണ്ടും പ്രോസസ് ചെയ്യാനുമുള്ള ബുദ്ധിമുട്ടുകളുണ്ടായി. ഞാൻ നേരത്തെ സൂചിപ്പിച്ച.....

ശ്രീ. വി. സി. കബീർ : ഐ. ആർ. ഡി. പി. സ്കീം പ്രകാരം ജനങ്ങളെ സ്വർഗ്ഗത്തിലാക്കാൻ മന്ത്രി ശ്രമിക്കുന്നുവെന്ന് പറഞ്ഞു. ദേശസാൽകൃത ബാങ്കുകൾ വഴി പത്തു കാശ് പാവപ്പെട്ടവർക്ക് കൊടുക്കുന്നതിനെ കുറിച്ച് ബഹുമാനപ്പെട്ട മന്ത്രിക്ക് വല്ലതും പറയാനുണ്ടോ ?

ശ്രീ. പി. കെ. വേലായുധൻ : ബാങ്കുകൾ ലോൺ കൊടുക്കുന്നതനുസരിച്ചാണ് സബ്സിഡി ഡിസ്ട്രിബ്യൂട്ട് ചെയ്യുന്നത്. ഇത്തവണയുണ്ടായ ഒരു പ്രത്യേകത എന്താണെന്നു വച്ചാൽ,ബാങ്കുകൾ തനിയെ ചില വായ്പാമേളകൾ സംഘടിപ്പിക്കാൻ ശ്രമിച്ചു. കേന്ദ്ര മന്ത്രി ശ്രീമാൻ പൂജാരിയെ ആ മേളകളിൽ പങ്കെടുപ്പിക്കുന്നതിന് അവർ ആഗ്രഹിച്ചു. പല ബാങ്കുകളും പല ജില്ലകളിലും മന്ത്രിയെക്കൊണ്ടു മാത്രമേ ഇത്തരം ലോണുകൾ അനുവദിച്ചു കൊടുക്കുകയുള്ളുവെന്ന് വാശിപിടിച്ചതുകൊണ്ട് പല ജില്ലകളിലും ഈ ഡിസ്ട്രിബ്യൂഷൻ നടന്നില്ല. ഇതു മനസ്സിലാക്കിക്കൊണ്ട് ഞാൻ 15-2-1986-ൽ കേന്ദ്ര ധനകാര്യമന്ത്രി ശ്രീ. പൂജാരിക്ക് ഒരു ടി. പി. മെസ്സേജ് അയച്ചു. അതിനെത്തുടർന്ന് മാർച്ച് 8-ന് എറണാകുളത്തും കൊല്ലത്തും ഇന്ന് മലപ്പുറത്തുമെല്ലാം വരുകയും വായ്പാമേളകളിൽ അദ്ദേഹം പങ്കെടുക്കുകയും ചെയ്യുകയാണ്. ഞാൻ നേരത്തെ പറഞ്ഞ കണക്കിൽ ഈ വായ്പാ മേളകളിൽ നടന്നത് ഉൾപ്പെടുത്തിയിട്ടില്ല. ഫെബ്രുവരി 28-ന് മുമ്പു തന്നെ ടാർജറിനെ അടിസ്ഥാനമാക്കിയുള്ള 86,000 കുടുംബങ്ങൾക്കു വേണ്ടി 86,017 അപേക്ഷകൾ ബാങ്കിനെ ഏൽപ്പിച്ചിട്ടുണ്ട്. നമ്മുടെ വിശ്വാസം ഈ മാർച്ച് 31-നകം തന്നെ നമുക്കനുവദിച്ചിട്ടുള്ള മുഴുവൻ പൈസയും സബ്സിഡിയും ഉപയോഗപ്പെടുത്താനും ടാർജറു ഇട്ടിട്ടുള്ള മുഴുവൻ കുടുംബങ്ങൾക്കും ആനുകൂല്യം നൽകാനും സാധിക്കുമെന്നാണ്. എൻ. ആർ. ഇ. പി. യിൽ 1984-85ൽ സേവിംഗ്സ് 117 ലക്ഷം രൂപയായിരുന്നു. 1985-86-ൽ 2,074 ലക്ഷം രൂപയാണ്. അങ്ങനെ മൊത്തം 2,191 ലക്ഷം രൂപയാണ് ക്യാഷായിട്ട് റൂറൽ ഡെവലപ്പ്മെൻറിന് കിട്ടുന്നത്. അതിൽ 424 ലക്ഷം രൂപ സോഷ്യൽ ഫോറസ്ട്രിക്കു വേണ്ടി ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റിനു കൈമാറ്റം ചെയ്തു കഴിഞ്ഞാൽ ഡെലപ്പ്മെൻറ് ഡിപ്പാർട്ടുമെൻറിനു കൈയിലുള്ള തുക 1,767 ലക്ഷം രൂപ മാത്രമാണ്. പാർലമെൻറിൽ പറഞ്ഞ കണക്കനുസരിച്ചുതന്നെ ഇപ്പോഴും 1,432 ലക്ഷം രൂപയുടെ എക്സ്പെൻഡിച്ചറായി കഴിഞ്ഞിട്ടുണ്ട്. അതുപോലെ തന്നെ 67 ലക്ഷം മാൻഡേറ്റ്സ് ജനറേറ്റ് ചെയ്യണമെന്നാണ്. അറുപത്തഞ്ചുമുക്കാൽ ലക്ഷത്തോളം മാൻഡേറ്റ്സ് ജനറേറ്റ് ചെയ്തു കഴിഞ്ഞിട്ടുണ്ട്.

ആർ. എൽ. ഇ. ജി. പി. യെ സംബന്ധിച്ചിടത്തോളം 1984-85-ൽ നമുക്കുണ്ടായിരുന്ന സേവിംഗ്സ് 834 ലക്ഷം രൂപയാണ്. അത് 1985-86-ൽ 2,243 ലക്ഷം രൂപയാണ്. അങ്ങനെ മൊത്തം 2,877 ലക്ഷം രൂപയിൽ സോഷ്യൽ ഫോറസ്ട്രിക്ക് മാറ്റിയതു കഴിച്ചാൽ ബാക്കി ഡെവലപ്പ്മെൻറ് ഡിപ്പാർട്ടുമെൻറിനുള്ളത് 2,418 ലക്ഷം രൂപയാണ്. പാർലമെൻറിൽ പറഞ്ഞ കണക്കനുസരിച്ചും ഇവിടെ ഏറ്റവുമൊടുവിൽ കിട്ടിയ കണക്കനുസരിച്ചും

LIBRARY ARCHIVES Kerala Legislative Assembly

1,400 ലക്ഷം രൂപ എക്സ്പെൻഡിച്ചറായി കഴിഞ്ഞിട്ടുണ്ട്. ഈ കണക്കുകളെല്ലാം ജനുവരി 31-വരെ വന്നിട്ടുള്ള ചെലവുകളെ അടിസ്ഥാനപ്പെടുത്തിയാണ് നിൽക്കുന്നത്. ഇതിൽ ഫെബ്രുവരിയിലെയും മാർച്ച് 26 വരെയുള്ള ചെലവുകളും കൂട്ടിച്ചേർത്തിട്ടില്ല. ഈ തുകകളൊന്നും ലാപ്സായിപ്പോകുന്നില്ലെന്നു പറയുവാൻ കാരണം നമുക്ക് അനുവദിക്കപ്പെടുന്ന തുകയുടെ 75 ശതമാനം തുക എക്സ്പെൻഡിച്ചറായി കഴിഞ്ഞാൽ ബാക്കി വരുന്ന തുക ഡി. ആർ. ഡി. എ. യുടെ അക്കൗണ്ടിൽ പ്രിൻസിപ്പൽ ബാങ്കുകളിൽ നമുക്ക് ഡെപ്പോസിറ്റ് ചെയ്യാമെന്നുള്ളതാണ്. ഒരിക്കലും ആ തുക കേന്ദ്ര ഗവൺമെൻറ് ഡിഡക്ട് ചെയ്യുകയില്ല. അതുകൊണ്ട് നമുക്കനുവദിച്ച തുക ലാപ്സായിപ്പോകുമെന്നുള്ള ആശങ്ക അടിസ്ഥാനരഹിതമാണ്. ഇവിടെ ഈ ഗവൺമെൻറ് വന്നതിനു ശേഷം വികസനപ്രവർത്തനങ്ങളൊന്നും നടക്കുന്നില്ലെന്നു പറയുകയുണ്ടായി. 1982-85 കാലഘട്ടത്തിൽ 267,600 കുടുംബങ്ങളെ സഹായിക്കേണ്ടിയിരുന്ന സ്ഥാനത്ത് 353,161 കുടുംബങ്ങളെ സഹായിച്ചു. അതിൽ 128,383 കുടുംബങ്ങളും പട്ടിക ജാതി പട്ടിക വർഗ്ഗത്തിൽപ്പെട്ടവരാണ്. അത് മൊത്തം കൊടുത്ത ആനുകൂല്യങ്ങളുടെ 47 ശതമാനമാണ്. 1980-82 വരെ 172,800 കുടുംബങ്ങളെ സഹായിക്കാൻ നിർദ്ദേശിച്ചിട്ട് 155,824 പേർക്ക് മാത്രം ആനുകൂല്യം കൊടുക്കുകയും അതിൽ വെറും 29,411 ഹരിജനങ്ങൾക്ക് കൊടുത്തത് വെറും 17 ശതമാനത്തിൽ മാത്രം കൊണ്ടുനിർത്തിയിരിക്കുകയാണ്. അത്തരത്തിലുള്ള ഒരു താരതമ്യ കണക്ക് ഇവിടെ പറയുവാൻ ഞാനാഗ്രഹിക്കുകയാണ്. ദീർഘമായിട്ടൊന്ന് ഈയവസരത്തിൽ ഞാൻ പറയാനാഗ്രഹിക്കുന്നില്ല.

1980 മുതൽ 1986 വരെയുള്ള ആറ് വർഷക്കാലത്തിനിടയിൽ എൻ. ആർ. ഇ. പി. യിലും ആർ. എൽ. ഇ. ജി. പി. യിലുമായി കിട്ടിയ 140 കോടി രൂപയിൽ 10 ശതമാനം എന്ന കണക്കനുസരിച്ച് ഹരിജനങ്ങൾക്ക് കൊടുക്കേണ്ടത് 14 കോടി രൂപയുടെ ആനുകൂല്യങ്ങളാണ്. 1983-84, 1984-85,1985-86 ഈ മൂന്നു വർഷങ്ങളിലായി ഇരുപത്തി അയ്യായിരത്തി ഒരുന്നൂറ്റി തൊണ്ണൂറ് വീടുകൾ പാവപ്പെട്ട ഹരിജൻ ആദിവാസികൾക്ക് നിർമ്മിച്ചുകൊടുത്തതിന്റെ ഫലമായി മാർച്ച് 31 ആകുമ്പോൾ നാം പ്രതീക്ഷിക്കുന്ന എക്സ്പെൻഡിച്ചർ 27 കോടി രൂപയാണ്. അതായത് 198 ശതമാനം തുക ഈ. എൻ. ആർ. ഇ. പി യിലും ആർ. എൽ. ഇ. ജി. പി. യിലുമായി ഹരിജനങ്ങൾക്ക് കൊടുക്കാൻ സാധിക്കുന്നു എന്നാണ്. ഇവിടെ ഒന്നും നടന്നില്ല എന്ന് ആക്ഷേപിക്കുന്നുണ്ടല്ലോ. 16,249 കി. മീ. പുതിയ റോഡുകൾ, 118 സ്കൂളുകൾക്കും, ആശുപത്രികൾക്കും പുതിയ കെട്ടിടങ്ങൾ ഉണ്ടാക്കാൻ, മാനന്തവാടി കോളേജിന് ഇരുനിലകെട്ടിടം പണിയുവാൻ, കേരളത്തിന്റെ വിപ്ലവകാരികളായിരുന്ന സ്വാതന്ത്ര്യസമരസേനാനിയായിരുന്നവർക്ക് എ. ജെ. ജെ. മെമ്മോറിയൽ ആഡിറ്റോറിയം ഉണ്ടാക്കാൻ, സഹോദരൻ അയ്യപ്പന് ഒരു സ്മാരകമുണ്ടാക്കാൻ, മഹാനായ അയ്യൻകാളിക്ക് ജൻമനാട്ടിലൊരു സ്മാരകമുണ്ടാക്കാൻ—ഈ പ്രവർത്തനങ്ങളിലൂടെ നമുക്ക് സാധിക്കുകയും വലിയ നേട്ടങ്ങൾ ഉണ്ടാക്കാൻ കഴിയുകയും ചെയ്തു.

അവശ വിഭാഗങ്ങളേയും സാധാരണക്കാരേയും പാവങ്ങളേയും ഈ ഗവൺമെൻറ് സഹായിച്ചില്ല എന്ന് അപ്പുറത്തുനിന്ന് ഒരു ചെറിയ സൂചനയുണ്ടായതുകൊണ്ട് ഞാൻ പറയുകയാണ്, 1967-ലും 1980-ലും കയറിക്കിടക്കാൻ കിടപ്പാടത്തിനുവേണ്ടി ഒരു സെൻറ് ഭൂമി പതിച്ചുതരണമെന്നു പറഞ്ഞ്.

പാമ്പുകൾക്ക് മാളമുണ്ട്, പറവകൾക്ക് ആകാശമുണ്ട്,
മനുഷ്യപുത്രന് തല ചായ്ക്കാൻ മണ്ണിലിടമില്ല.

എന്ന് പാടിനടന്ന സഖാവ് കെ. എസ്. ജോർജിന് ഈ ഗവൺമെൻറ് ആണ് തിരുവനന്തപുരം നഗരത്തിൽ എട്ട് സെൻറ് ഭൂമി പതിച്ചുകൊടുത്തുകൊണ്ട്

LIBRARY ARCHIVES Kerala Legislative Assembly

കിടപ്പാടം നൽകിയത് കേരളത്തിലെ അധഃസ്ഥിതരായ ഇരുപത്തി അയ്യായിരത്തി ഒരുന്നൂറ്റി തൊണ്ണൂറ് പാവപ്പെട്ട ആദിവാസികൾക്ക് കയറിക്കിടക്കാൻ കിടപ്പാടം ഉണ്ടാക്കാൻ സഹായിച്ചത് ഈ ഗവൺമെൻറിന്റെ അഭിമാനകരമായ നേട്ടമാണെന്ന് സൂചിപ്പിച്ചുകൊണ്ട് ഞാൻ എന്റെ വാക്കുകൾ അവസാനിപ്പിക്കുന്നു..

ധനകാര്യവും നിയമവും വകുപ്പുമന്ത്രി (ശ്രീ കെ. എം. മാണി): സർ, ബഹുമാനപ്പെട്ട സഭാംഗങ്ങൾ ഇന്നത്തെ ചർച്ചയിൽ ബഡ്ജറ്റിന്റെ സ്ട്രക്ച്ചറിലേക്കോ അതിന്റെ കണ്ടൻസിലേക്കോ ഒന്നും വളരെ ആഴമായി ഇന്നലത്തെ പോലെ കടന്നുപോയി എന്നു ഞാൻ കരുതുന്നില്ല. അതുകൊണ്ട് ഞാൻ വളരെ ദീർഘമായി സംസാരിക്കുന്നില്ല. ബഹുമാന്യനായ എന്റെ സ്നേഹിതൻ ശ്രീ. സുരേന്ദ്രനാഥ് ഒന്നുരണ്ട് അഭിപ്രായങ്ങൾ ഇവിടെ പറയുകയുണ്ടായി. കേന്ദ്രഗവൺമെൻറുപോലും ഒരു കമ്മിബഡ്ജറ്റ് അവതരിപ്പിക്കുന്ന ഈ പശ്ചാത്തലത്തിൽ കേരളം പോലുള്ള ഒരു ചെറിയസംസ്ഥാനം മിച്ചബഡ്ജറ്റ് അവതരിപ്പിച്ചത് മോശമായില്ലേ, അത് ബുദ്ധി ശൂന്യതയല്ലേ എന്ന് അദ്ദേഹം ചോദിക്കുകയുണ്ടായി. എനിക്ക് ബഹുമാനപ്പെട്ട സുരേന്ദ്രനാഥിനോട് പറയാനുള്ളത് കേരളം മാത്രമല്ല വെസ്റ്റ് ബംഗാളിൽ മിച്ച ബഡ്ജറ്റ് അവതരിപ്പിച്ചു. ബീഹാറിൽ മിച്ച ബഡ്ജറ്റ് അവതരിപ്പിച്ചു? ഒറീസ മിച്ചബഡ്ജറ്റ് അവതരിപ്പിച്ച അങ്ങനെയെങ്കിൽ ഈ വർഷം വെസ്റ്റ് ബംഗാൾ മിച്ച ബഡ്ജറ്റ് അവതരിപ്പിച്ചത് ബുദ്ധിശൂന്യതയാണെന്നാണോ ബഹുമാനപ്പെട്ട സുരേന്ദ്രനാഥിന്റെ അഭിപ്രായം? ഇരട്ടത്താപ്പ് പാടില്ല മിച്ചബഡ്ജറ്റ് അവതരിപ്പിച്ച വെസ്റ്റ്ബംഗാളിനെപ്പറ്റി ഞാൻ സുരേന്ദ്രനാഥിനോട് ചോദിക്കുകയാണ്, എക്കണോമിക് ടൈംസിൽ പറയുന്നത്.

The West Bengal budget for 1986-87 has chosen to leave part of the essential figure work somewhat opened. The budget shows a surplus of Rs. 50 Crores, but hastens to point out that the amount may be erroded once the outstanding instalments of Dearness Allowance are paid to the State Government Employees. എക്കണോമിക് ടൈംസ്പോലുള്ള ഒരു പത്രം, വെസ്റ്റ് ബംഗാൾ അവതരിപ്പിച്ച ബഡ്ജറ്റ് ഹിക്ടിഷ്യസാണ്, പടൻറേറ്റഡാണ്, ഓപ്പൺ ആണ് എന്ന് പറഞ്ഞിരിക്കേ ഹിന്ദുപോലുള്ള ഒരു പത്രം കേരളത്തിലെ ബഡ്ജറ്റിനെപ്പറ്റി എഡിറ്റോറിയൽ എഴുതിയിരിക്കുന്നത് Surprisingly healthly എന്നാണ്. അങ്ങനെ പറഞ്ഞിട്ടുണ്ടെങ്കിൽ അതു മനസ്സിലാക്കണമെന്നുമാത്രമേ ബഹുമാനപ്പെട്ട സുരേന്ദ്രനാഥിനോട് ഉത്തരമായിട്ട് എനിക്ക് പറയാനുള്ളൂ. ബഹുമാനപ്പെട്ട നായനാരോട് ഒരു കാര്യം ചോദിക്കട്ടെ, 3,500 കോടി രൂപയുടെ ആറാം പദ്ധതിയിൽ വെസ്റ്റ് ബംഗാൾ ചെലവഴിച്ചത് 2,300 കോടി രൂപയാണ്. 3,500 കോടി രൂപയുടെ ആറാം പദ്ധതി വെട്ടിച്ചുരുക്കി 2,300 കോടി രൂപ മാത്രം ചെലവഴിച്ചിട്ടുപോലും ആറാം പദ്ധതിയുടെ അവസാനം മിച്ചം ഉണ്ടാക്കാൻ കഴിയാത്ത വെസ്റ്റ് ബംഗാൾ കമ്മിയിലേക്കു പോയി. ഇക്കാര്യത്തിൽ കേരളം ഇൻഡ്യക്ക് ഒരു മാതൃകയല്ലേ എന്ന് ഞാൻ ബഹുമാനപ്പെട്ട സുരേന്ദ്രനാഥിനോട് ചോദിക്കുകയാണ്.

ശ്രീ. ഇ. കെ. നായനാർ : എന്നെ പറഞ്ഞതുകൊണ്ട് ഞാൻ എണീറ്റതാണ്. 300 കോടി ഡെഫിസിറ്റാണ് എന്നു പറയുന്നതിൽ ഇപ്പോഴും ഞാൻ ഉറച്ചു നിൽക്കുകയാണ്. കമ്മിയാണ് നിങ്ങളുടെ ബഡ്ജറ്റ്. അത് വെറും തട്ടിപ്പും വെട്ടിപ്പുമാണ്. 130-ന്റെ വേയ്സ് ആൻറ് മീൻസ് എവിടെയാണ് നിങ്ങളുടെ ഈ ബഡ്ജറ്റിൽ ?

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ കെ. എം. മാണി : ബഹുമാനപ്പെട്ട സുരേന്ദ്രനാഥ് ഒരു കാര്യം കൂടി ഇവിടെ സൂചിപ്പിച്ചു, വർ...് ചെലവുകൾ അയഥാർത്ഥമായി വച്ചിരിക്കുന്നു എന്ന്. പ്രതിപക്ഷം ഇത്രയും നാൾ പറഞ്ഞതെന്ത് ? വരവ് ആദ്യം കുറച്ച് കാണിച്ചു, പിന്നീട് യഥാർത്ഥ വരവ് കൂടി, എവിടെയായിരുന്നു ഇത് ? ഞാൻ ചെയ്ത അപരാധം എന്താണ് ? ഓക്കറിംഗ് എക്സ്പെൻറിച്ചർ കൂടി എന്നു പറഞ്ഞ പ്രതിപക്ഷം വരവ് ഒരിടത്തും സപ്രസ് ചെയ്തു എന്നും പറഞ്ഞിട്ടില്ല ഇല്ലാത്ത വരവ് ഉണ്ടാക്കി എന്ന് പ്രതിപക്ഷത്തിന് ഇതുവരെ ഒരു കേസില്ലായിരുന്നു. ചെലവുകൾ കുറച്ച് വച്ചിരിക്കുന്നു എന്നും കേസ് സില്ല. ചെലവിനെ സംബന്ധിച്ചിടത്തോളം പറയുമ്പോൾ എഡ്യൂക്കേഷന് ഈ വർഷം ബി. ഇ. 371 കോടി രൂപയാണ്. ആർ. ഇ 411 കോടി രൂപയാണ്. 1986-87-ൽ 462 കോടി രൂപയാണ്. അഗ്രികൾച്ചറിന് ഈ വർഷം ബി. ഇ. 30 കോടി രൂപയാണ്. ആർ. ഇ. 31 കോടി രൂപയാണ്. അടുത്ത വർഷം 33 കോടിയാണ്. കമ്മ്യൂണിറ്റി ഡെവലപ്പ്മെൻറിന് ബി. ഇ. 82 കോടി രൂപയാണ്. ആർ. ഇ. 85 കോടിയാണ്. അടുത്ത വർഷം 84 കോടിയാകും. ചെലവുകൾ എല്ലാം കൂടി കൂട്ടി വച്ച് കൂടുതൽ തുക ചെലവുകൾക്കു വേണ്ടി വകയിരുത്തിയ ശേഷം വരവ് യഥാർത്ഥമായി കാണിച്ചതിനുശേഷവും സത്യസന്ധമായി മിച്ചമുള്ള, 100 കോടിയോളം മിച്ചമുള്ള സംസ്ഥാന ഗവൺമെൻറിനെ സംബന്ധിച്ചിടത്തോളം ഈ നിലയിൽ ഇന്നും സംസാരിക്കുന്നത് വളരെ പ്രയാസകരമായി തോന്നുകയാണ്".

ബഹുമാനപ്പെട്ട ബേബിജോൺ ഒരു കാര്യം പറയുകയുണ്ടായി. അതുപോലെ തന്നെ മാർക്സിസ്റ്റ് മുന്നണിയിൽ നിന്ന് ഞങ്ങൾ പോകുന്നതിന് ശ്രീ. സുരേന്ദ്രനാഥ് വളരെയധികം വിഷമിച്ചു. മാർക്സിസ്റ്റ് മുന്നണിയിൽ നിന്ന് പോന്നത് വഞ്ചനയാണ് എന്നുവരെ അദ്ദേഹം പറയുകയുണ്ടായി. ഞങ്ങൾ മാർക്സിസ്റ്റ് പാർട്ടിയിൽ നിന്ന് പോയെങ്കിലും ഞങ്ങളുടെ ഉത്തരവാദിത്വം ജനങ്ങളോടാണ്. ഞാൻ ശ്രീ. സുരേന്ദ്രനാഥിനോട് ചോദിക്കട്ടെ, രണ്ടു മാസം മുമ്പ് ശ്രീ. എൻ. ഇ. ബലറാം പേര് വച്ച് ജനയുഗത്തിൽ മാർക്സിസ്റ്റ് കമ്മ്യൂണിസ്റ്റ് പാർട്ടിയെപ്പറ്റി എഴുതിയത്, ശ്രീ .ഇ. എം. എസ്സിനെപ്പറ്റി എഴുതിയത്, ശ്രീ. നായനാരെപ്പറ്റി എഴുതിയത അങ്ങ് വായിച്ചോ ?

ശ്രീ. ബേബിജോൺ ഞങ്ങളുടെ അനൈക്യത്തെപ്പറ്റി പറഞ്ഞു.

സർ, പ്രതിപക്ഷങ്ങൾക്ക് അഭിപ്രായ വ്യത്യാസമില്ലേ? മാർക്സിസ്റ്റും കമ്മ്യൂണിസ്റ്റും പാർട്ടിയും സി. പി. ഐ. യും തമ്മിൽ അഭിപ്രായ വ്യത്യാസമില്ലെന്ന് കെ. പി. പ്രഭാകരൻ പറഞ്ഞാൽ ഞാൻ അത് വിത് ഡ്രോ ചെയ്യാം.

ശ്രീ. കെ. പി. പ്രഭാകരൻ : അത് രണ്ടും രണ്ട് പാർട്ടിയല്ലേ?

ശ്രീ. കെ. എം. മാണി : അപ്പോൾ, അഭിപ്രായ വ്യത്യാസം ഉണ്ട് അല്ലേ? ഞങ്ങളും പല പാർട്ടികളാണ്. നിങ്ങളും പല പാർട്ടിയായതു കൊണ്ട് അഭിപ്രായ വ്യത്യാസമുണ്ടാകും, ഇവിടെ ഉണ്ടാകാൻ പാടില്ല അല്ലേ? ഇത് എവിടുത്തെ ഇരട്ടത്താപ്പാണെന്ന് പ്രഭാകരനോട് ഞാൻ ചോദിക്കുകയാണ്. കെ. പി. പ്രഭാകരന്റെ ഈ ഇരട്ടത്താപ്പ് എവിടെ ചെലവാകും? അവിടെ എന്തുമാകാം; ഇവിടെ ആകാൻ പാടില്ല. ബേബിജോൺ ഞങ്ങളെ കുറെ ഉപദേശിച്ചു.

ശ്രീ. കെ. പി. പ്രഭാകരൻ : വ്യത്യാസമുണ്ട്. ഞങ്ങൾ തമ്മിലുള്ളത് ആശയപരമായ വ്യത്യാസമാണ്. നിങ്ങളുടേത് അതല്ല.

ശ്രീ. കെ. എം. മാണി: അതിനൊയർത്ഥം ആശയപരമായ ഐക്യമുള്ള പാർട്ടികൾ ഒരുമിച്ചിരിക്കുന്നു എന്നുള്ളതല്ലേ? ഞങ്ങൾ ആശയപരമായ ഐക്യമുള്ളവരാണ്. മാർക്സിസ്റ്റ് കമ്മ്യൂണിസ്റ്റ് പാർട്ടി, സി. പി. ഐ. എന്നീ രാഷ്ട്രീയ കക്ഷികളുടെ ഇപ്പോഴത്തെ ഈ ഏച്ചുകെട്ടൽ വളരെക്കാലം നിൽക്കുകയില്ല. ആശയപരമായ ഐക്യം ഇല്ലാത്തവർക്ക് ഒരുമിച്ചിരിക്കാൻ സാധിക്കുകയില്ല. ബേബി ജോണിനും കെ. പി. പ്രഭാകരനും നായനാർക്കും ഒരുമിച്ചുപോകാൻ സാധിക്കുകയില്ല. ആശയപരമായ അനൈക്യമുണ്ടെന്നേ കെ. പി. പ്രഭാകരൻ വരെ സമ്മതിച്ചു കഴിഞ്ഞിരിക്കുന്ന പശ്ചാത്തലത്തിലാണ് ഇവിടെയുള്ളത്. ബഹുമാനപ്പെട്ട ബേബി ജോൺ ഞങ്ങളോട് പറഞ്ഞു, ഞങ്ങളോടൊക്കെ യോജിച്ചു പോകണമെന്ന്. ആ ഉപദേശം ഞാൻ സ്വീകരിക്കുന്നു. പക്ഷേ, അത് അവിടത്തെ കാര്യമൊക്കെ ശരിപ്പെടുത്തിയിട്ട് ഞങ്ങളോട് പറയണം. ആദ്യം എന്നേയും മുഖ്യമന്ത്രിയേയും തമ്മിൽ തെറ്റിക്കാൻ നോക്കി. പിന്നെ കേരള കോൺഗ്രസ്സിനേയും കോൺഗ്രസ്സിനെയും തെറ്റിക്കാൻ നോക്കി. പ്രതിപക്ഷം ഈ അഭിപ്രായമൊക്കെ പറഞ്ഞിട്ട് യാതൊരു രക്ഷയുമില്ല, ഞങ്ങൾ തെറ്റിയില്ല. ബേബി ജോൺ ഇന്നു ശ്രമിച്ചത് ചീഫ് സെക്രട്ടറിയുടേയും അഡീഷണൽ ചീഫ് സെക്രട്ടറി നാരായണസ്വാമിയുടേയും പേരു പറഞ്ഞ് ഞങ്ങളേയും ചീഫ്സെക്രട്ടറിയേയും തമ്മിലും ഞങ്ങളേയും അഡീഷണൽ ചീഫ് സെക്രട്ടറിയേയും തമ്മിലും ഞങ്ങളേയും ഉദ്യോഗസ്ഥൻമാരേയും തമ്മിലും തെറ്റിക്കാമോ എന്നാണ്. ബഹുമാനപ്പെട്ട ബേബിജോണിനെപ്പോലെയുള്ള ഒരാൾ അത് പറയരുത്.

ശ്രീ. ബേബി ജോൺ: ചീഫ് സെക്രട്ടറിയേയും, അഡീഷണൽ ചീഫ് സെക്രട്ടറിയേയുമൊന്നും നിങ്ങൾ തളളിപ്പറയരുത്.

ശ്രീ. കെ. എം. മാണി: ഒരു അബദ്ധം പറഞ്ഞിട്ട് ഞാൻ അതിനെ നേരിടാൻ പോകുമ്പോൾ ഇത്ര ധർമ്മരോഷം കാണിക്കണമോ? വാസ്തവത്തിൽ നിങ്ങൾ പറഞ്ഞത് അബദ്ധമല്ലേ? ഈ ഗവൺമെൻറ് ഉദ്യോഗസ്ഥൻമാരെ പ്രൊട്ടക്റ്റ് ചെയ്യും. ഉദ്യോഗസ്ഥൻമാർ ന്യായമായ കാര്യങ്ങൾ ചെയ്യുന്നതിനെ ഞങ്ങൾ പ്രൊട്ടക്റ്റ് ചെയ്യും. പ്യൂണിനെവരെ പ്രൊട്ടക്റ്റ് ചെയ്യുന്ന ഗവൺമെൻറാണിത്, ചീഫ് സെക്രട്ടറി അല്ല, അഡീഷണൽ ചീഫ് സെക്രട്ടറി അല്ല, പ്യൂൺ വരെ ന്യായമായ കാര്യങ്ങൾ ചെയ്താൽ ഞങ്ങൾ പ്രൊട്ടക്റ്റ് ചെയ്യും. ഉത്തരവാദിത്വത്തിൽ നിന്ന് ഞങ്ങൾ ഒഴിഞ്ഞുമാറുകയില്ല. നിങ്ങൾ മുഖ്യമന്ത്രിയുടെ മറുപടി പ്രസംഗം കേട്ടവരല്ലേ? ആരാണ് ഇവിടെ ഉത്തരവാദിത്വത്തിൽ നിന്ന് ഒഴിഞ്ഞുമാറുന്നത്? ആരാണ് ഇവിടെ വസ്തുതകൾ വളച്ചൊടിക്കുന്നത്. ഇവിടെ ആരും വസ്തുതകൾ വളച്ചൊടിക്കുന്നില്ല. വസ്തുതകൾ സത്യസന്ധമായി. തുറന്ന പുസ്തകം പോലെ നിയമസഭയുടെ മുൻപിൽ ഞങ്ങൾ അവതരിപ്പിച്ചു. ഞങ്ങൾ ഉത്തരവാദിത്വത്തിൽത്തന്നെ നിൽക്കുകയാണ്. അതിൽനിന്ന് ആരും ഒഴിഞ്ഞു മാറിയിട്ടില്ല. ബേബി ജോണിന്റെ രാവിലത്തെ പ്രസംഗം ബഡ്ജറ്റിനെപ്പറ്റിയൊന്നും ആയിരുന്നില്ല. സീക്രസി എങ്ങനെ പുറത്തു വന്നു, സർക്കുലർ എങ്ങനെ പത്രത്തിൽ വന്നു, ചാരൻമാർ ഇവിടെ എങ്ങനെ വന്നു ഇതിനെപ്പറ്റിയൊക്കെയാണ് ബേബി ജോൺ ഇവിടെ പ്രസംഗിച്ചത്. ബഹുമാനപ്പെട്ട നായനാർ രണ്ടു ദിവസം മുൻപ് ഇവിടെ പറഞ്ഞതല്ലേ, ഞാൻ മുഖ്യമന്ത്രി ആയിരുന്ന ആളാണ്, സെക്രട്ടേറിയറ്റിലെ ഫയലും സർക്കുലറുമൊക്കെ എന്റെ കൈവശം വരും, എന്ന് ഇങ്ങനെ നിയമസഭയിൽ പറഞ്ഞ പ്രതിപക്ഷനേതാവ് സെക്രട്ടേറിയറ്റിൽ നിന്ന് ഫയൽ ചോർത്തിയെങ്കിൽ, സർക്കുലർ ചോർത്തിയെങ്കിൽ അതല്ലേ തെറ്റ്? അങ്ങനെ ചോർത്തിയതിനുശേഷം ഇവിടെ വന്നു നിന്നുകൊണ്ട് പറഞ്ഞു ....(ബഹളം) .....ഇത് ബേബിജോൺ ചെയ്ത തെറ്റാണ്, നായനാർ ശുദ്ധനാണ്, ബേബി ജോണാണ് തെറ്റ്

LIBRARY ARCHIVES Kerala Legislative Assembly

ചെയ്തത്. ശ്രീ. നായനാർ ഈ ഫയൽ എടുത്തതിനുശേഷം, സർക്കുലർ ചോർത്തിയതിനു ശേഷം, ശ്രീ. ബേബി ജോൺ ഇവിടെ വന്നു നിന്നിട്ട് ഞങ്ങളെ പ്രതിക്കൂട്ടിൽ നിർത്തുകയാണ്. ഈ സർക്കുലർ എങ്ങനെ ചോർന്നു? പ്രതി ആരാണ്? പ്രതി കപ്പലിലാണ്, അപ്പുറത്താണ് ഈ സമയത്ത് 'ഞാൻ ഭർതൃഹരിയുടെ നീതിശതകത്തിലെ' ഒരു പദ്യം ചൊല്ലട്ടെ :

പ്രസഹ്യ മണിമുദ്ധരേത് മകരവക്ത്രദംഷ്ട്രാന്തരാൽ
സമുദ്രമപി സന്തരേത് പ്രചലദൂർമ്മിമാലാകുലം
ഭുജംഗമപി കോപിതം ശിരസി പുഷ്പവദ് ധാരയേത്
നതു പ്രതിനിവിഷ്ട മൂർജനചിത്തമാരാധയേത്.

സർ, ഞാൻ അതിന്റെ അർത്ഥം കൂടി പറയാം. മകരമൽസ്യത്തിന്റെ വായ്ക്കകത്തുള്ള ദംഷ്ട്രകൾക്കിടയിൽക്കിടക്കുന്ന രത്നത്തെ ബലം പ്രയോഗിച്ച് വെളിയിലെടുക്കാം ; ഇളകി മറിയുന്ന തിരമാലകൾ നിറഞ്ഞ മഹാസമുദ്രത്തെ തരണം ചെയ്യാം. കോപിഷ്ടനായ സർപ്പത്തെയെടുത്ത് പുഷ്പം പോലെ ശിരസ്സിലണിയാം ; എന്നാൽ അൽപ്പജ്ഞൻമാരും അഹങ്കാരികളുമായ ദുർജ്ജനങ്ങളുടെ മനസ്സിനെ അനുരഞ്ജിപ്പിക്കുവാൻ ആർക്കും കഴിയുകയില്ല.....(ബഹളം)....നിങ്ങളുടെ മനസ്സിനെ അനുരഞ്ജിപ്പിക്കുവാൻ കഴിയുകയില്ല. നിങ്ങൾ ഐൻഡാണ്. ഇതൊക്കെ നിഷേധാത്മകതയാണ് ഇതാണ് ഈ രാജ്യത്തെ ഏറ്റവും വലിയ വിന. അതുകൊണ്ട് പ്രതിപക്ഷം ഇതൊന്നു ദയവായി ആലോചിക്കണം ബഹുമാനപ്പെട്ട ബേബി ജോണേ, നമുക്ക് ക്രിയാത്മകമായി ഓരോ കാര്യങ്ങളും വിലയിരുത്തുകയും ഓരോ കാര്യത്തോടും നല്ല സമീപനം സ്വീകരിക്കുകയും ചെയ്യണമെന്നു മാത്രം പറഞ്ഞുകൊണ്ട് ഞാൻ ഈ വോട്ട് ഓൺ അക്കൗണ്ട് ഇവിടെ അവതരിപ്പിക്കുകയാണ്. ഇത് പാസ്സാക്കിത്തരണമെന്ന് അഭ്യർത്ഥിക്കുന്നു.

ശ്രീ. ബേബി ജോൺ : പ്രതി അവിടെത്തന്നെയുണ്ടെന്നേ പറയണമായിരുന്നു.

ശ്രീ. കെ. എം. മാണി : ആ കപ്പലിൽ ഉണ്ടെന്നാണ് പറഞ്ഞത്.

വ്യക്തിപരമായ വിശദീകരണം

ശ്രീ. കെ. പി. പ്രഭാകരൻ : സർ, ബഹുമാനപ്പെട്ട സീതിഹാജി അദ്ദേഹത്തിന്റെ പ്രസംഗത്തിനിടയിൽ

* * * *

പറയുകയുണ്ടായി. ഞാൻ അത് ശക്തിയായി നിഷേധിക്കുകയാണ്. എന്റെ മകൻ സോവിയറ്റ് യൂണിയനിൽ ലമുമ്പാ യൂണിവേഴ്സിറ്റിയിൽ 7 വർഷം പഠിച്ചിട്ടുണ്ട്. ഇൻഡ്യാ ഗവൺമെന്റും സോവിയറ്റ് യൂണിയനും തമ്മിലുള്ള വിദ്യാഭ്യാസവിനിമയ കരാറനുസരിച്ച് വർഷംതോറും സോവിയറ്റ് യൂണിയനിലെ ലമുമ്പാ യൂണിവേഴ്സിറ്റിയിലേക്ക് വിദ്യാർത്ഥികളെ തെരഞ്ഞെടുത്ത് അയയ്ക്കുന്നുണ്ട്. ഇൻഡ്യാ ഗവൺമെന്റാണ് എന്റെ മകനെ തെരഞ്ഞെടുത്ത് അയച്ചത്. അവന്റെ പഠിപ്പ് പൂർത്തിയായി നാട്ടിൽ വന്നു. ഇപ്പോഴും നാട്ടിലുണ്ട്. സീതിഹാജി അദ്ദേഹത്തിന്റെ വിവരക്കേടുകൊണ്ട് പറഞ്ഞതാണ് എന്നു മാത്രമേ എനിക്ക് പറയുവാനുള്ളു.

* * * * സഭാദ്ധ്യക്ഷന്റെ നിർദ്ദേശപ്രകാരം സഭാ നടപടികളിൽ നിന്നു നീക്കം ചെയ്തു.

LIBRARY ARCHIVES Kerala Legislative Assembly

മി. സ്പീക്കർ : ഒരു കാര്യം അംഗങ്ങളുടെ ശ്രദ്ധയിൽപ്പെടുത്തുകയാണ്. സഭയ്ക്കകത്ത് പലപ്പോഴും പല പ്രശ്നങ്ങളും ഉയർന്നുവരും. പുറത്തുള്ള സാമൂഹ്യ രാഷ്ട്രീയ സംഘർഷങ്ങളുടെ പ്രതിഫലനം വന്നുവെന്നു വരാം. പക്ഷേ എത്ര ക്ഷോഭകരമായ അന്തരീക്ഷമായാലും അംഗങ്ങൾ പരസ്പരം കുറ്റാരോപണം നടത്തുന്നത് നിർഭാഗ്യകരമാണ്. ദയവായി അത് ഒഴിവാക്കണം.

ശ്രീ. വർക്കല രാധാകൃഷ്ണൻ അവതരിപ്പിച്ച ഭേദഗതികൾ സഭ നിരാകരിച്ചു.

ശ്രീ. വി. എസ്. ചന്ദ്രശേഖരപിള്ള അവതരിപ്പിച്ച ഭേദഗതികൾ സഭ നിരാകരിച്ചു.

ശ്രീ. സി. ടി. കൃഷ്ണൻ അവതരിപ്പിച്ച ഭേദഗതി സഭ നിരാകരിച്ചു

ധനകാര്യവും നിയമവും വകുപ്പുമന്ത്രി (ശ്രീ. കെ. എം. മാണി) അവതരിപ്പിച്ച വോട്ട് ഓൺ അക്കൗണ്ട് ഉപക്ഷേപം സഭ വോട്ടിനിട്ട് അംഗീകരിച്ചു.

ശ്രീ. ബേബി ജോൺ : സർ, ഞാൻ പോകേണ്ട ആവശ്യപ്പെടുന്നു. സഭ രണ്ടായി പിരിഞ്ഞു വോട്ടെടുപ്പു നടത്തി.

അനുകൂലിക്കുന്നവർ—70

1. ശ്രീ. എ. വി. അബ്ദുറഹുമാൻ ഹാജി
2. ,, പി. എം. അബൂബേക്കർ
3. ,, ഇ. അഹമ്മദ്
4. ,, കൊമ്പയിൽ അഹമ്മദ് ഹാജി
5. ,, സി. ടി. അഹമ്മദ് അലി
6. ,, കെ. അവുക്കാദർകുട്ടിനഹ
7. ,, ആർ. ബാലകൃഷ്ണപിള്ള
8. ,, പി. കെ. കെ. ബാവ
9. ,, യു. എ. ബീരാൻ
10. ,, ബെന്നി ബഹനാൻ
11. ,, പി. ടോസ്കരൻ
12. ,, വി. ദിനകരൻ
13. ,, എ. ജോർജ്ജ്
14. ,, പി. സി. ജോർജ്ജ്
15. ,, കെ. എം. ഹംസക്കുഞ്ഞ്
16. ,, എം. എം. ഹസ്സൻ
17. ,, എം. പി. എം. ഇസ്ഹാക്ക് കുരിക്കൾ
18. ,, എ. എൽ. ജേക്കബ്ബ്
19. ,, ടി. എം. ജേക്കബ്ബ്
20. ,, സി. ജി. ജനാർദ്ദനൻ
21. ,, ടി. എസ്. ജോൺ
22. ,, എ. സി. ജോസ്
23. ,, ജോസ് കുറിയാനി
24. ഡോക്ടർ കെ. സി. ജോസഫ്
25. ശ്രീ. കെ. സി. ജോസഫ്
26. ,, പി. ജെ. ജോസഫ്
27. ,, വി. വി. ജോസഫ്
28. ,, കെ. കെ. നായർ
29. ശ്രീമതി എം. കമലം

LIBRARY ARCHIVES Kerala Legislative Assembly

30. ശ്രീ. കെ. ജി. ആർ. കർത്താ
31. ,, ജി. കാർത്തികേയൻ
32. ,, കെ. കരുണാകരൻ
33. ,, പി. കെ. കുഞ്ഞാലിക്കുട്ടി
34. ,, മണിമംഗലത്തു കുട്ട്യാലി
35. ,, ഇ. ജെ. ലൂക്കോസ്
36. ,, കെ. പി. എ. മജീദ്
37. ,, കെ. എം. മാണി
38. ,, എം. വി. മാണി
39. ,, ഇ. ടി. മുഹമ്മദ് ബഷീർ
40. ,, പി. എ. മുഹമ്മദ്കണ്ണ്
41. ,, കെ. എസ്. നാരായണൻ നമ്പൂതിരി
42. ,, കെ. പി. നൂറുദ്ദീൻ
43. ,, ഉമ്മൻ ചാണ്ടി
44. ,, സി. വി. പത്മരാജൻ
45. ,, കെ. രാഘവൻ മാസ്റ്റർ
46. ,, രാഘവൻ പൊഴക്കടവിൽ
47. ,, കെ. കെ. രാമചന്ദ്രൻ മാസ്റ്റർ
48. ,, കെ. പി. രാമചന്ദ്രൻ നായർ
49. ,, എസ്. രാമചന്ദ്രൻ പിള്ള.
50. ,, തേറമ്പിൽ രാമകൃഷ്ണൻ
51. ,, കെ. പി രാമൻ
52. ,, രമേശ് ചെന്നിത്തല
53. ,, തോപ്പിൽ രവി
54. ,, വയലാർ രവി
55. ,, എൻ. ശക്തൻ നാടാർ
56. ,, സിദ്ധാർത്ഥൻ കാട്ടുങ്ങൽ
57. ,, കടവൂർ ശിവദാസൻ
58. ,, നാലകത്ത് സൂപ്പി
59. ,, കെ. കെ. ശ്രീനിവാസൻ
60. ,, എൻ. ശ്രീനിവാസൻ
61. ,, കോട്ടക്കുഴി സുകുമാരൻ
62. ,, സി. എം. സുന്ദരം
63. ,, എൻ. സുന്ദരൻ നാടാർ
64. ,, വി. സുരേന്ദ്രൻ പിള്ള
65. ,, സി. എഫ്. തോമസ്
66. ,, കെ. കെ. തോമസ്
67. ,, പി. സി. തോമസ് (തിരുവല്ല)
68. ,, തോമസ് കല്ലംപള്ളി
69. ,, പി കെ. വേലായുധൻ
70. ,, സ്റ്റീഫൻ പാദുവ

പ്രതികൂലിക്കുന്നവർ—56

1. ശ്രീ. ടി. കെ. അബ്ദു
2. ,, കെ. പി. അരവിന്ദാക്ഷൻ
3. ,, ടി. കെ. അറുമുഖൻ
4. ,, ബേബി ജോൺ
5. ,, കോടിയേരി ബാലകൃഷ്ണൻ

LIBRARY ARCHIVES Kerala Legislative Assembly

6. ശ്രീമതി ഭാർഗ്ഗവി തങ്കപ്പൻ
7. ശ്രീ. സി. കെ. ചക്രപാണി
8. ,, കെ. ആർ. ചന്ദ്രമോഹനൻ
9. ,, കെ. ചന്ദ്രശേഖരൻ
10. ,, എൻ. ചന്ദ്രശേഖരക്കുറുപ്പ്
11. ,, വി. എസ്. ചന്ദ്രശേഖരൻപിള്ള
12. ,, സിറിയക്ക് ജോൺ
13. ശ്രീമതി പി. ദേവൂട്ടി
14. ശ്രീ. കെ. ജെ. ജോർജ്ജ്
15. ശ്രീമതി കെ. ആർ. ഗൗരി
16. ശ്രീ. എസ്. ഗോവിന്ദക്കുറുപ്പ്
17. ,, ടി. കെ. ഹംസ
18. ,, കെ. ഇ. ഇസ്മയിൽ
19. ,, എം. ജിനദേവൻ
20. ,, ഇ. കെ. നായനാർ
21. ,, വി. സി. കബീർ
22. ,, കെ. ടി. കണാരൻ
23. ,, എം. കെ. കേശവൻ
24. ,, വി. കേശവൻ
25. ,, സി. ടി. കൃഷ്ണൻ
26. ,, കെ. കൃഷ്ണൻകുട്ടി
27. ,, കോലിയക്കോട് എൻ. കൃഷ്ണൻനായർ
28. ,, കെ. ടി. കുമാരൻ
29. ,, പി. കുമാരൻ
30. ,, പി. വി. കുഞ്ഞിക്കണ്ണൻ
31. ,, ലോനപ്പൻ നമ്പാടൻ
32. ,, കെ. മൂസ്സക്കുട്ടി
33. ,, എ. കെ. പത്മനാഭൻ
34. ,, ഇ. പത്മനാഭൻ
35. ,, കെ പങ്കജാക്ഷൻ
36. ,, ടി. പി. പീതാംബരൻ മാസ്റ്റർ
37. ,, കെ. പി. പ്രഭാകരൻ
38. ,, കെ. പുരുഷോത്തമൻ
39. ശ്രീമതി റേയ്ച്ചൽ സണ്ണി പനവേലി
40. ശ്രീ. വർക്കല രാധാകൃഷ്ണൻ
41. ,, വി. കെ. രാജൻ
42. ,, കാനം രാജേന്ദ്രൻ
43. ,, കെ. ശങ്കരനാരായണ പിള്ള
44. ,, എ. കെ. ശശീന്ദ്രൻ
45. ,, എ. സി. ഷൺമുഖദാസ്
46. ഡോക്ടർ എ. സുബ്ബറാവു
47. ശ്രീ. കെ. വി. സുരേന്ദ്രനാഥ്
48. ,, എ. വി. താമരാക്ഷൻ
49. ,, സി. കെ. തങ്കപ്പൻ
50. ,, വി. ജെ. തങ്കപ്പൻ
51. ,, എസ്. ആർ. തങ്കരാജ്
52. ,, പി. സി. തോമസ് (കടുത്തുരുത്തി)
53. ,, ആർ. എസ്. ഉണ്ണി

LIBRARY ARCHIVES Kerala Legislative Assembly

54. ശ്രീ. ജി. വരദൻ
55. ,, സി. വാസുദേവമേനോൻ
56. ,, പി. വിജയദാസ്

നിഷ്പക്ഷർ—ഇല്ല
അനുകൂലിച്ചവർ — 70
പ്രതികൂലിച്ചവർ — 56
നിഷ്പക്ഷത പാലിച്ചവർ — ആരുമില്ല.

ഉപക്ഷേപം പാസ്സാക്കുകയും വോട്ട് ഓൺ അക്കൗണ്ട് അനുവദിക്കുകയും ചെയ്തു.

ശ്രീ. പി. സി. ജോർജ് രാവിലെ ഉന്നയിച്ച സബ്മിഷനുള്ള മറുപടി

ആഭ്യന്തര വകുപ്പുമന്ത്രി (ശ്രീ. വയലാർ രവി) : സർ, ബഹുമാനപ്പെട്ട പി. സി. ജോർജ്, ഇൻഡ്യയിൽ പ്രവേശനം വിലക്കപ്പെട്ട അമേരിക്കൻ പൗരത്വമുള്ള ജോർജ് വാഷ്ടർ ഹോബ്യൂ, ശ്രീ. നായനാരുടെ മന്ത്രിസഭയുടെ കാലത്ത് തിരുവനന്തപുരം വിമാനത്താവളം വഴി കേരളത്തിൽ വന്ന പ്രശ്നം ഉന്നയിക്കുകയുണ്ടായി.

ജോർജ് വാഷ്ടർ ഹോബ്യൂ ഇൻഡ്യയിൽ കടക്കുന്നതു നിരോധിച്ചുകൊണ്ട് കേന്ദ്ര ആഭ്യന്തരമന്ത്രി കാര്യാലയം 16-6-1980-ൽ 12/80 ആയി ഒരു വാണിംഗ് സർക്കുലർ കേരളത്തിനു് അയച്ചിരുന്നു. അത് കേരള ഗവൺമെൻറ് കൈപ്പറ്റുകയും കേരള ഗവൺമെൻറിനു് സർക്കുലർ ലഭിച്ചതായി രേഖപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. ജോർജ് വാഷ്ടർ ഹോബ്യൂ റഷ്യയിലെ ഉക്രയിനിൽ 1939-ൽ ജനിച്ച് അമേരിക്കൻ പൗരത്വം നേടിയിട്ടുള്ളയാളും ഓക്യൂപേഷണൽ കോളത്തിൽ സ്റ്റുഡൻറെന്നു് രേഖപ്പെടുത്തി പാസ്പോർട്ട് സമ്പാദിച്ചയാളുമാണ്. ഇയാളുടെ പാസ്പോർട്ട് നമ്പർ ഇസഡ് 2829867 ഡേറ്റഡ് 22-8-1977 എന്നാണ്. ഇയാൾക്ക് വിസ നൽകുകയോ ഇൻഡ്യയിൽ കടക്കുകയോ ടൂറിസ്റ്റായി വരുകയോ ചെയ്യുന്നതിനുള്ള അനുവാദംപോലും കൊടുക്കുകയോ ചെയ്യരുതെന്നാണ് സർക്കുലറിൽ നിർദ്ദേശിച്ചിട്ടുള്ളത്. എന്നാൽ കേന്ദ്രം വിലക്കിയിരുന്ന ജോർജ് വാഷ്ടർ ഹോബ്യൂ 12-10-1980-ൽ തിരുവനന്തപുരം വിമാനത്താവളം വഴി കേരളത്തിൽ കടക്കുകയുണ്ടായി. അതുസംബന്ധിച്ച് കേന്ദ്ര ഗവൺമെൻറ് 1981 മേയിൽ കേരള ഗവൺമെൻറിനോട് വിശദീകരണം ആവശ്യപ്പെടുകയും വിലക്കപ്പെട്ടയാൾ കേരളത്തിൽ കടക്കുന്നതിന് ഉത്തരവാദികളായവരുടെ പേരിൽ നടപടികളെടുക്കണമെന്ന് ആവശ്യപ്പെടുകയുമുണ്ടായി. കേന്ദ്ര ഗവൺമെൻറിൻെറ ഈ അന്വേഷണം ഉണ്ടായതിനെത്തുടർന്ന് സംസ്ഥാന ഗവൺമെൻറ് അന്ന് വിമാനത്താവളത്തിലെ വിസാ ഡസ്കിൽ ഡ്യൂട്ടിയിലുണ്ടായിരുന്ന സബ്ഇൻസ്പെക്ടറെ വീഴ്ച വരുത്തിയതിന് സെൻഷർ ശിക്ഷമാത്രം നൽകുകയാണുണ്ടായത്.....(ബഹളം).....

ശ്രീ എം. എം. ഹസ്സൻ : സർ, ഒരു പോയിൻറ് ഓഫ് ഓർഡർ. റൂൾ 288 അനുസരിച്ചാണ് അങ്ങ് ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവിന് പേഴ്സണൽ എക്സ്പ്ലനേഷന് അനുവാദം നൽകുന്നത്. റൂൾ 288-ൽ ഒരു കാര്യം വളരെ വ്യക്തമായി പറഞ്ഞിട്ടുണ്ട്. ".....but in this case no debatable matter may be brought forward, and no debate shall arise". യതൊരു വാദപ്രതിവാദവും പേഴ്സണൽ എക്സ്പ്ലനേഷൻെറ അടിസ്ഥാനത്തിൽ നടത്താൻ പാടില്ലെന്നുള്ളത് അങ്ങയുടെ ശ്രദ്ധയിൽ കൊണ്ടുവരാനാഗ്രഹിക്കുകയാണ്.

LIBRARY ARCHIVES Kerala Legislative Assembly

മി. സ്പീക്കർ : ഈ കാര്യം ചെയർ രാവിലെ പറഞ്ഞതാണ്. ഒന്നുകൂടി അടിവരയിട്ട് ആവർത്തിക്കുകയാണ്. ഈ സഭയിലെ ഏതൊരംഗത്തിനും ചെയറിന്റെ മുൻകൂട്ടിയുള്ള അനുവാദത്തോടുകൂടി അവരെ ബാധിക്കുന്ന, പരാമർശിക്കപ്പെട്ട വിഷയത്തെ സംബന്ധിച്ച് പേഴ്സണൽ എക്സ്പ്ലനേഷൻ, നൽകാൻ അനുവദിക്കുന്നതാണ്.....(ബഹളം).....അത് ഈ സഭയിലെ ഒരംഗത്തിന്റെ മൗലികമായ അവകാശമാണ്. അത് ഡിബേറ്റബിളോ പോയിന്റായിട്ടല്ല ; പക്ഷേ പരാമർശിക്കപ്പെട്ട വിഷയം സംബന്ധിച്ച് ആവശ്യമായ വിശദീകരണം നൽകാൻ തീർച്ചയായും അനുവാദമുണ്ട്. അതുകൊണ്ടു തന്നെയാണ് കഴിഞ്ഞ ദിവസം ബഹുമാനപ്പെട്ട എൻ. സുപ്പിക്കും പി. കെ. കുഞ്ഞാലിക്കുട്ടിക്കും വ്യക്തിപരമായ വിശദീകരണത്തിന് ചെയർ അനുവാദം കൊടുത്തത്.....(ബഹളം).....

ശ്രീ. എം. എം. ഹസ്സൻ : സർ, ശ്രീ. നായനാരെ വ്യക്തിപരമായി പരാമർശിക്കുന്ന ഒരു കാര്യവും ബഹുമാനപ്പെട്ട ആഭ്യന്തരമന്ത്രി പറഞ്ഞിട്ടില്ല. അതുകൊണ്ട് റൂളിനകത്ത് നിന്നുകൊണ്ടേ പേഴ്സണൽ എക്സ്പ്ലനേഷൻ അനുവദിക്കാവൂ.

മി. സ്പീക്കർ : അദ്ദേഹത്തെ വ്യക്തിപരമായി ബാധിച്ചില്ലെങ്കിലും അദ്ദേഹത്തിന്റെ ഭരണകാലത്തുണ്ടായ പ്രസക്തമായ കാര്യങ്ങളെ സംബന്ധിച്ച് ആവശ്യമായ വിശദീകരണം നൽകാൻ ചെയർ അദ്ദേഹത്തെ അനുവദിച്ചിട്ടുണ്ട്. അദ്ദേഹം അത് ചെയ്യുകയും ചെയ്യും. ഒരിക്കൽ ഒരു പേഴ്സണൽ എക്സ്പ്ലനേഷനു ആരെയെങ്കിലും സമ്മതിച്ചില്ലെന്നതിന്റെ അടിസ്ഥാനത്തിൽ അത് ആവർത്തിക്കണമോ ? .....(ബഹളം)..... അത് ശരിയല്ല.....(ബഹളം).....

ശ്രീ. ഇ. കെ. നയനാർ : സർ, ബഹുമാനപ്പെട്ട പി. സി. ജോർജ്ജ് ഇന്ന് രാവിലെ എന്റെ പേരിൽ ഒരു ആരോപണം ഉന്നയിച്ചു. ജോർജ് വാഷ്ടർ ഹോബ്യൂ എന്ന കെ. ജി. ബി. ഏജന്റ് ഞാൻ മുഖ്യമന്ത്രിയായിരുന്ന കാലത്ത് അമേരിക്കയിൽനിന്ന് ഇവിടെവന്നു എന്ന് എനിക്ക് അതിനെപ്പറ്റി പറയാനുള്ളത് മനുഷ്യൻ സ്ത്രീയും പുരുഷനുമായാൽ പേർതിരിച്ചറിയാനുള്ള ബുദ്ധിയെങ്കിലും കാണിക്കണമെന്നാണ്. അദ്ദേഹം സി. ഐ. എ. ഏജന്റാണ്. കെ. ജി. ബിയുമായി അദ്ദേഹത്തിന് യാതൊരു ബന്ധവുമില്ല. കാരണം അമേരിക്കയിൽ നിന്നാണ് വരുന്നത്. അതിനെ അടിസ്ഥാനപ്പെടുത്തി ശ്രീ. പി. സി. ജോർജ് ഇന്ന് രാവിലെ എന്തൊക്കെ പറഞ്ഞിട്ടുണ്ടെങ്കിലും അതിനൊന്നുംതന്നെ ഞാൻ ഉത്തരവാദിയല്ല. ഞാൻ അതിന് ഉത്തരവാദി അല്ലെന്ന് ആവർത്തിച്ചു പറയുന്നു.

.....ബഹളം.....

സർ, ഇവിടെ പി. സി. ജോർജ് പറഞ്ഞത് എ. കെ. ജി. മന്ദിരത്തിൽ മൂന്നാഴ്ച താമസിച്ചു എന്നും മൂന്നാഴ്ച പര്യടനം നടത്തിയെന്നുമാണ്. അങ്ങനെയാണെങ്കിൽ ആ രീതിയിൽ സി. ഐ. എ. ഏജന്റ് എ. കെ. ജി. മന്ദിരത്തിൽ താമസിക്കുക എന്ന് പറയുന്നതിൽ നിന്നും അയാളുടെ ബുദ്ധി ശക്തി എത്ര കണ്ട് അധഃപതിച്ചതാണെന്നും രാജ്യത്തിലെ രാഷ്ട്രീയത്തെപ്പറ്റി ഹരിശ്രീ. അറിയില്ലായെന്നും ഈ രാജ്യത്തിലെ ജനങ്ങൾക്കറിയാം. സി. ഐ. എ. ആരാണ് ? എ. കെ. ജി. മന്ദിരം എന്താണ് ?

ബഹുമാനപ്പെട്ട മന്ത്രി ശ്രീ. വയലാർ രവി ഈ സി. ഐ. എ. ചാരൻ വന്ന സമയത്ത് ഞങ്ങളുടെ കൂടെയായിരുന്നു. ഇന്നത്തെ ലാ മിനിസ്റ്റർ

LIBRARY ARCHIVES Kerala Legislative Assembly

75144

ശ്രീ. കെ. എം. മാണി ഞങ്ങളുടെ കൂടെയായിരുന്നു. ശ്രീമാൻ ഉമ്മൻചാണ്ടിയും നമ്മുടെ കൂടെയായിരുന്നു. ഈ ചാരൻമാരെല്ലാം എന്റെ കൂടെയായിരുന്നു.

.....ബഹളം.....

മി. സ്പീക്കർ : അങ്ങ് ഈ പേഴ്സണൽ എക്സ്പ്ലനേഷനുമായി ബന്ധപ്പെട്ട പ്രസക്തമായ പോയിന്റു മാത്രം പറയൂ.

.....ബഹളം.....

ശ്രീ. ഇ. കെ. നായനാർ : സർ, ഇന്നത്തെ സഭാദ്ധ്യക്ഷന്റെ നിർദ്ദേശ പ്രകാരം സഭാനടപടികളിൽ നിന്ന് നീക്കം ചെയ്തു. അന്ന് ഞങ്ങൾ ആരോപണം ഉന്നയിച്ചിരുന്നതാണ്.

.....ബഹളം.....

മി. സ്പീക്കർ : ബഹുമാനപ്പെട്ട ആഭ്യന്തരവകുപ്പുമന്ത്രിയെപ്പറ്റി പറഞ്ഞ പ്രയോഗം രേഖയിൽ ഉണ്ടാവുകയില്ല.

ശ്രീ. ഇ. കെ. നായനാർ : സർ, ആഭ്യന്തരവകുപ്പുമന്ത്രി എന്നെ സംബന്ധിച്ച് വ്യക്തിപരമായി പറഞ്ഞകാര്യം രേഖയിൽ ഉണ്ടാകുമോ ? ഞാൻ ആഭ്യന്തരവകുപ്പുമന്ത്രിയെപ്പറ്റി പറഞ്ഞത് രേഖയിൽ ഉണ്ടാവുകയില്ലെങ്കിൽ എന്നെപ്പറ്റി പറഞ്ഞതും ഉണ്ടാകാൻ പാടില്ല.

മി. സ്പീക്കർ : അങ്ങയെപ്പറ്റി ഒന്നും പറഞ്ഞിട്ടില്ല, അങ്ങു പറയൂ.

ശ്രീ. ഇ. കെ. നായനാർ : സർ, അപ്പോഴേ അദ്ദേഹം വന്നു എന്നുപറഞ്ഞു അദ്ദേഹം നമ്മുടെ ദേശീയ പതാക വച്ചു സഞ്ചരിച്ചിട്ടില്ല.

.....ബഹളം.....

മി. സ്പീക്കർ : ഇത്തരം പ്രശ്നങ്ങൾ ചർച്ചചെയ്യുമ്പോൾ.....

.....ബഹളം.....

ദയവായി സഭാദ്ധ്യക്ഷൻ എഴുന്നേറ്റു നിൽക്കുമ്പോൾ ഇരിക്കാനുള്ള ഒരു മര്യാദയെങ്കിലും അംഗങ്ങൾ കാണിക്കണം.

.....ബഹളം.....

ഒരു കാര്യം, വളരെ ഗൗരവമായി ചെയർ സഭാംഗങ്ങളെ അറിയിക്കുകയാണ്. ശബ്ദശക്തികൊണ്ടും മസിൽപവർകൊണ്ടും സഭാനടപടികൾ മുന്നോട്ട് കൊണ്ടുപോകാമെന്ന് ആരെങ്കിലും ആഗ്രഹിക്കുന്നുണ്ടെങ്കിൽ അത് അനുവദിച്ചുതരുന്ന പ്രശ്നമില്ല. ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവ് നടപടി ചട്ടത്തിനകത്തുനിന്നുകൊണ്ട് ചെയറിന്റെ അനുവാദത്തോടുകൂടി പേഴ്സണൽ എക്സ്പ്ലനേഷൻ തരുകയാണ്. അദ്ദേഹത്തെ സംസാരിക്കാൻഅനുവദിക്കാതിരിക്കാനാണ് ഭാവമെങ്കിൽ ഇത് മുന്നോട്ട് കൊണ്ടുപോകാൻ ഉദ്ദേശിക്കുന്നില്ല. ദയവായി ആ സ്ഥിതിവിശേഷത്തിലേക്ക് ചെയറിനെ കൊണ്ടുപോകരുത്.

മുഖ്യമന്ത്രി ശ്രീ. കെ. കരുണാകരൻ : സർ, പ്രതിപക്ഷനേതാവിനോട് പ്രത്യേക പരിഗണനയും ആദരവും ഉണ്ടാകേണ്ടത് ആവശ്യമാണ്. അത് അംഗീകരിക്കുകയും ചെയ്യണം. അങ്ങ് ഒരു പേഴ്സണൽ എക്സ്പ്ലനേഷന് അനുവദിച്ചാൽ ആ പേഴ്സണൽ എക്സ്പ്ലനേഷൻ അംഗീകരിക്കണം. ഈ

LIBRARY ARCHIVES Kerala Legislative Assembly

പ്രശ്നത്തിൽ ഒരു ഡിബേറ്റ് അനുവദിച്ചാൽ അതിലും തെറ്റില്ല. സ്പീക്കർ അനുവദിക്കുന്നതനുസരിച്ച് മുന്നോട്ട് പോകേണ്ടതാണ്.

.....ബഹളം.....

എനിക്ക് ഒരു സബ്മിഷൻ മാത്രമേയുള്ളു. പേഴ്സണൽ എക്സ്പ്ലനേഷൻ, പേഴ്സണൽ എക്സ്പ്ലനേഷനിൽ ഒതുങ്ങുകയും ചർച്ച ചർച്ചയിൽ ഒതുങ്ങുകയും വേണം.

ശ്രീ. കെ. ചന്ദ്രശേഖരൻ : സർ, അങ്ങ് നിരന്തരമായി ഇവിടെ റൂം ചെയ്ത പ്രകാരം, റൂൾ 314 പ്രകാരം അങ്ങേയ്ക്കുള്ള മുഴുവൻ അധികാരവും ഉപയോഗിച്ചുകൊണ്ട് പേഴ്സണൽ എക്സ്പ്ലനേഷൻ അനുവദിച്ചു. അതൊരു റെസീഡ്വറി പവേഴ്സാണ്, അതുപ്രകാരം ഒരു സ്റ്റേറ്റ്മെന്റ് പ്രതിപക്ഷ നേതാവ് ഈ സഭയുടെ മുമ്പിൽ വയ്ക്കുമ്പോഴും അതിനെ എതിർത്തുകൊണ്ട്, അത് നിവൃത്തിയില്ലാത്ത രീതിയിൽ ആക്കുകയാണെങ്കിൽ എനിക്ക് നിർദ്ദേശിക്കാനുള്ളത് ബഹുമാനപ്പെട്ട ആഭ്യന്തരമന്ത്രിയുടെ സ്റ്റേറ്റ്മെന്റും സഭാനടപടികളിൽനിന്ന് നീക്കം ചെയ്യണമെന്നാണ്.

മി. സ്പീക്കർ : ചട്ടത്തിനകത്തുനിന്നുകൊണ്ടുതന്നെ ചട്ടപ്രകാരമുള്ള കാര്യങ്ങളും പറയാൻ ചെയർ പ്രതിപക്ഷ നേതാവിനെ അനുവദിച്ചിരിക്കുകയാണ്. അദ്ദേഹം അത് പറയും. ദയവായി അങ്ങ് ലിമിറ്റ് വിട്ടുപോകരുത്.

ശ്രീ. ഇ. കെ. നായനാർ : സർ, അദ്ദേഹം ബോംബെയിൽ ഇറങ്ങി കേരളത്തിൽ വന്നുവെന്നാണ് എനിക്ക് കിട്ടിയ വിവരം. അദ്ദേഹം ബോംബെയിൽ ഇറങ്ങി. ബോംബെ, ഇൻഡ്യയിലെ ഒരു പ്രോവിൻസാണ്. നിരോധിക്കപ്പെട്ട ആളാണെങ്കിൽ ആദ്യമായിട്ട് പിടിക്കേണ്ടത് അവിടെയാണ്. അങ്ങനെ ഒരു സ്വാതന്ത്ര്യം അവർ കൊടുത്തിട്ടുണ്ടെന്ന് വിചാരിച്ചാണ് പിന്നീട് അന്വേഷണം നടത്തിയത്. അന്വേഷണം നടത്തിയപ്പോഴാണ് നടപടി എടുത്തത്. ഇവിടെ പറഞ്ഞതിനകത്ത് ചിലത് പൂഴ്ത്തിവച്ചിട്ടുണ്ട് മുഴുവനും പറഞ്ഞിട്ടില്ല. അതിനെപ്പറ്റി ഞാൻ പറയാൻ പോകുകയാണ്.

ഈ കാര്യത്തിൽ ഞങ്ങൾ മന്ത്രിമാർ പോയില്ല. ഞങ്ങളുടെ എം.എൽ.എ. മാർ പോയില്ല. ഞങ്ങളുടെ ഉദ്യോഗസ്ഥൻമാരാരും അദ്ദേഹത്തെ സ്വീകരിക്കാനായിട്ട് പോയിട്ടില്ല. അവർക്ക് സ്വീകരണം കൊടുത്തില്ല. ഈ സി.ഐ.എ. ഏജന്റിനെ എ. കെ. ജി. സെന്ററിൽ താമസിപ്പിച്ചുവെന്നുള്ളത് ശുദ്ധ അസംബന്ധമാണ്. എ. കെ. ജി. സെന്ററും സി. ഐ. എ. ഏജന്റും തമ്മിൽ രാഷ്ട്രീയമായിട്ട് എന്തെങ്കിലും ബന്ധമുണ്ടോ ? രാഷ്ട്രീയത്തിന്റെ ഹരിശ്രീ. അറിയുന്ന ആരെങ്കിലും ഇങ്ങനെ പറയുമോ ? സർ, ഇവിടെ പറഞ്ഞത് മുഴുവൻ അസംബന്ധമാണ്. അതുകൊണ്ട് ഞാൻ പറയുന്നു, ഈ റിക്കാർഡ് മുഴുവൻ ഞങ്ങൾക്കടക്കം പരിശോധിക്കാൻവേണ്ടി മേശപ്പുറത്ത് വയ്ക്കണം. അദ്ദേഹത്തെ ഞങ്ങൾ പേയിങ്ങ് ഗസ്റ്റാക്കി നിർത്തിയിട്ടില്ല. ഒരു സ്വീകരണവും ഞങ്ങൾ കൊടുത്തിട്ടില്ല. അദ്ദേഹത്തിനുവേണ്ടി ഞങ്ങൾ യാതൊന്നും ചെയ്തിട്ടില്ല. അതുകൊണ്ട് ഇത് സംബന്ധിച്ച ഫയൽ മുഴുവൻ മേശപ്പുറത്ത് വയ്ക്കണം. ഞങ്ങൾക്ക് പരിശോധിക്കണം. ആ കാലത്തുള്ള മുഴുവൻ കാര്യങ്ങളും ഞങ്ങൾക്ക് പരിശോധിക്കണം.

ആഭ്യന്തരവകുപ്പുമന്ത്രി (ശ്രീ. വയലാർ രവി) : സർ, പ്രതിപക്ഷ നേതാവ് മുഖ്യമന്ത്രിയായിരുന്ന ആളെന്നുള്ള നിലയിൽ അൽപ്പംകൂടി ഈ കാര്യങ്ങളെക്കുറിച്ച് അറിവോടെ സംസാരിക്കുമെന്ന് ഞാൻ കരുതിയിരുന്നു. ബോംബെയിൽ നിന്നും....

....ബഹളം....

LIBRARY ARCHIVES Kerala Legislative Assembly

മി. സ്പീക്കർ : ഇനി കൂടുതൽ ചർച്ചയാവശ്യമില്ല, ഈ ഫയൽ മേശപ്പുറത്ത് വയ്ക്കുന്നുണ്ടോയെന്നാണ് ....

....(ബഹളം)....

ശ്രീ. വയലാർ രവി : സർ, ഞാൻ പറഞ്ഞതിനെ പ്രതിപക്ഷനേതാവ് നിഷേധിക്കാൻ ശ്രമിച്ചതിനെക്കുറിച്ച് വിശദീകരിക്കേണ്ടതായിട്ടുണ്ട്.

മി. സ്പീക്കർ : ഇതിനെക്കുറിച്ച് ഇനി കൂടുതൽ ചർച്ചയോ വിശദീകരണമോ ആവശ്യമില്ല. അത് ചെയർ അനുവദിക്കുന്നുമില്ല.

ശ്രീ. വയലാർ രവി : സർ, ഈ സഭയിൽ ഞാൻ പറഞ്ഞ കാര്യങ്ങൾ സത്യസന്ധമാണെന്നു പറയാൻ എനിക്കൊരു സബ്മിഷൻ ആവശ്യമുണ്ട്. ബോംബെ വഴി വരുന്ന ഒരാളുടെയും വിസ പരിശോധിക്കുകയോ ശിക്ഷിക്കുകയോ ചെയ്യാറില്ല. ഇയാൾ കൊളംബിൽ നിന്നുമാണ് ഇവിടെ വന്നത് ....

....ബഹളം....

ശ്രീ. ഇ. കെ. നായനാർ : അനാഛണം നടത്താൻ ഞങ്ങൾ തയ്യാറാണ്.

ശ്രീ. ആർ. എസ്. ഉണ്ണി : സർ, ഒരു പോയിന്റ് ഓഫ് ഓർഡർ. റൂൾ 288 അനുസരിച്ച് അങ്ങൊരു പേഴ്സണൽ എക്സ്പ്ലനേഷൻ അനുവദിച്ചു കഴിഞ്ഞാൽ no debate shall arise. അതിൻമേൽ ഒരു ഡിബേറ്റുമില്ല, ഡിബേറ്റ് അനുവദിക്കാനും പാടില്ല....(ബഹളം)....ആ ഫയൽ മേശപ്പുറത്ത് വയ്ക്കാൻ തയ്യാറുണ്ടോ ഇല്ലയോയെന്നുള്ളതാണ് പ്രശ്നം.

മി. സ്പീക്കർ : ഇതിനെ സംബന്ധിച്ച് ഇനി യാതൊരു വിധത്തിലുള്ള ഡിബേറ്റും ചെയർ അനുവദിക്കുന്നതല്ല. ആ ഫയൽ മേശപ്പുറത്ത് വയ്ക്കുന്നുണ്ടോ ?

....(ബഹളം)....

ശ്രീ. കെ. കരുണാകരൻ : സർ, ബഹുമാനപ്പെട്ട ആഭ്യന്തരമന്ത്രി പറഞ്ഞത് പ്രതിപക്ഷ നേതാവ് നിഷേധിക്കുന്നുണ്ടോ ? ഉണ്ടെങ്കിൽ ഫയലിന്റെ കാര്യത്തെക്കുറിച്ചാലോചിക്കാം.

മി. സ്പീക്കർ : ഇനി ഇതിനെക്കുറിച്ച് കൂടുതൽ ഡിബേറ്റ് ആവശ്യമില്ല.

ശ്രീ. വയലാർ രവി : സർ, ഫയൽ മേശപ്പുറത്ത് വയ്ക്കുന്നില്ല. ഇതിനെ സംബന്ധിച്ചുള്ള കേന്ദ്ര ഗവൺമെന്റിന്റെ വാണിംഗ് സർക്കുലറും എത്തും. ഞാൻ അങ്ങയെ കാണിക്കുന്നതാണ്. അതൊക്കെ രഹസ്യരേഖകളാണെങ്കിലും അങ്ങയെ കാണിക്കുന്നതാണ്.

....(ബഹളം)....

ശ്രീ. ഇ. കെ. നായനാർ : അതു പറ്റില്ല ഫയൽ മേശപ്പുറത്ത് വയ്ക്കണം, ഞങ്ങൾക്കും അതു പരിശോധിക്കണം. ഇങ്ങനെ സത്യവിരുദ്ധമായി പറയുന്നത് ഞങ്ങൾക്ക് വിശ്വസിക്കാൻ കഴിയില്ല.

ശ്രീ. ബേബി ജോൺ : സർ, ഈ ഫയൽ മേശപ്പുറത്ത് വയ്ക്കുന്നതിനെക്കുറിച്ച് ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവ് ഒരു അഭിപ്രായം പറഞ്ഞു.

LIBRARY ARCHIVES Kerala Legislative Assembly

അതിനെക്കുറിച്ച് സഭാനേതാവ് എന്തു പറയുന്നു ? ഈ ഫയൽ മേശപ്പുറത്ത് വച്ചാൽ അതൊരു രേഖയാകും, ഞങ്ങൾക്കൊക്കെ അത് മനസിലാക്കാനും സാധിക്കും. അതുകൊണ്ട്....(ബഹളം)....

ശ്രീ. ആർ. എസ്. ഉണ്ണി : സർ, ഒരു പോയിൻറ് ഓഫ് ഓർഡർ. റൂൾ 295 അനുസരിച്ച് If a Minister quotes in the Assembly a despatch or other State paper which has not been presented to the Assembly, he shall lay the relevant paper on the Table.

സർ, ബഹുമാനപ്പെട്ട ആഭ്യന്തരമന്ത്രി ഇവിടെ എഴുതി തയ്യാറാക്കിയ ഒരു പ്രസ്താവനയാണിത്. ചില പ്രധാനപ്പെട്ട സ്റേറാറ് പേപ്പറുകൾ കോട്ട് ചെയ്തുകൊണ്ട്, ഇൻഡ്യ ഗവൺമെൻറിൻെറ ഓർഡറും അതുൾക്കൊള്ളുന്ന മറ്റു രേഖകളുമൊക്കെ വിശദമാക്കിയിട്ടുള്ള ഒരു സ്റേറാറ്മെൻറ് ഇവിടെ എഴുതി വായിക്കുകയാണ് ചെയ്തത്. അതുമായി ബന്ധപ്പെട്ട ഫയലുകൾ നിർബന്ധമായും മേശപ്പുറത്ത് വയ്ക്കേണ്ടതാണ്.

ശ്രീ. എ. സി. ജോസ് : സർ, ബഹുമാനപ്പെട്ട ആർ. എസ്. ഉണ്ണി പറഞ്ഞത്.

If a Minister quotes in the Assembly a despatch of other State paper which has not been presented to the Assembly....

ബഹുമാനപ്പെട്ട മന്ത്രി ഇവിടെ ഒന്നും കോട്ട് ചെയ്തിട്ടില്ല.

....(ബഹളം)....

റൂൾ 295 അനുസരിച്ച് അദ്ദേഹമിവിടെ ഒന്നും കോട്ട് ചെയ്തിട്ടില്ല. അദ്ദേഹത്തിൻെറ ഒരു സ്റേറാറ്മെൻറ് ഇവിടെ വായിക്കുകയാണ് ചെയ്തത്. എന്തെങ്കിലും കോട്ട് ചെയ്താൽ മാത്രമേ അത് മേശപ്പുറത്ത് വയ്ക്കേണ്ടതുള്ളൂ.

ശ്രീ. കെ. പങ്കജാക്ഷൻ : സർ, ബഹുമാനപ്പെട്ട ആഭ്യന്തരവകുപ്പുമന്ത്രി അദ്ദേഹത്തിൻെറ പ്രസ്താവനയിൽ ഗവൺമെൻറ് ഓഫ് ഇൻഡ്യ ഹോം മിനിസ്ട്രിയിലെ സർക്കുലർ നമ്പർ, ഡെസ്പാച്ച് ഇതെല്ലാം പറഞ്ഞു.

....(ബഹളം)....

ശ്രീ. കെ. എം. മാണി : സർ, കോട്ട് ചെയ്ത റൂളിൽ തന്നെ,

Provided further that where a Minister gives in his own words a summary or gist of such despatch or State paper it shall not be necessary to lay the relevant papers on the Table.

അദ്ദേഹം അദ്ദേഹത്തിൻെറ പ്രസ്താവനയാണ് വായിച്ചത്.

ശ്രീമതി കെ. ആർ. ഗൗരി : ഈ പ്രൊവൈസോയ്ക്ക് മുമ്പ് വേറൊരു പ്രൊവൈസോയുണ്ട്.

Provided that this rule shall not apply to any documents which are stated by the Minister to be of such a nature that their production would be inconsistent with public interest. ഇത് പബ്ലിക് ഇൻറെറസ്റിന് കൺവീനിയൻറല്ല. ഒരുവിധത്തിലുള്ള രേഖയാണ്. പത്രക്കാർക്ക് ഇവർ കാണിച്ചുകൊടുത്തതാണ്. മന്ത്രി പത്രക്കാരെ വിളിച്ചിരുത്തി പേപ്പർ കാണിച്ച്, ഇല്ലാത്തതുകൂടി കൊടുത്തതാണ്. അത് കൊണ്ട് ഇത് ഇൻകൺസിസ്റൻറല്ല. അതുകൊണ്ട് ഇത് ഫുൾ ആയിട്ട് മേശപ്പുറത്ത് വയ്ക്കണം.

LIBRARY ARCHIVES Kerala Legislative Assembly

വച്ചുകഴിഞ്ഞാൽ ഞങ്ങളുടെ ഇൻവോൾവ്മെൻറിന്റെപ്പററി എന്തുണ്ടെങ്കിലും ഞങ്ങൾ അന്വേഷണത്തെ നേരിടാൻ തയ്യാറാണ്.

ശ്രീ. വയലാർ രവി : മന്ത്രിമാരെല്ലാം തന്നെ ഗവൺമെൻറ് കടലാസുകളിൽ നിന്നാണ് കാര്യങ്ങൾ പറയുന്നത്. ഏതായാലും ഞാൻ റൂളനുസരിച്ച് ഇവിടെ വായിച്ച സ്റ്റേറ്റ്മെൻറ് സഭയുടെ മേശപ്പുറത്ത് വയ്ക്കാം.

....(ബഹളം)....

ശ്രീ. ആർ. എസ്. ഉണ്ണി : മിനിസ്റ്റർ എഴുതി തയ്യാറാക്കിയ അദ്ദേഹത്തിന്റെ പ്രസ്താവന—അല്ലാതെ എക്സ്ടെമ്പറായിട്ട് പറഞ്ഞതല്ല, കേന്ദ്ര ഗവൺമെൻറിന്റെ ഒരു ഡെസ്പാച്ച് നമ്പർ വരെ കോട്ട് ചെയ്തതാണ്. അതുമായി ബന്ധപ്പെട്ട ഫയലുകൾ അക്കാരണത്താൽത്തന്നെ മേശപ്പുറത്ത് വയ്ക്കേണ്ടതാണ്. ഈ റൂൾസിലെ പ്രൊവൈസോ ഇക്കാര്യത്തിൽ ബാധകമല്ല. ലെറ്റർ നമ്പർ കോട്ട് ചെയ്തു പറഞ്ഞതാണ്. ആ ഡെസ്പാച്ച് പേപ്പർ മൂവ് ചെയ്യുന്നതിനെ സംബന്ധിച്ചുള്ള വിശദാംശങ്ങൾ പറഞ്ഞു. അങ്ങനെ സഭയിൽ അവതരിപ്പിച്ചിട്ടുള്ള ഡെസ്പാച്ച് ഒരു മന്ത്രി കോട്ട് ചെയ്താൽ...

ശ്രീ. എ.സി. ജോസ് : ബഹുമാനപ്പെട്ട ഉണ്ണി പറഞ്ഞ ഒരു പ്രൊവൈസോയുടെയും ആപ്ലിക്കേഷൻ ഇതിൽ വേണ്ട. അദ്ദേഹം പറഞ്ഞതിനോട് ഞാൻ യോജിക്കുന്നു. കോട്ട് ചെയ്തു എന്നുമാത്രമാണ് പറഞ്ഞത്. ബഹുമാനപ്പെട്ട മന്ത്രി ഇവിടെ സ്റ്റേറ്റുമെൻറാണ് പറഞ്ഞത്. ഇത് സഭയ്ക്ക് ചീത്ത കീഴ്വഴക്കമാണ്. ഇവിടെ കോട്ട് ചെയ്യുന്ന എല്ലാ കടലാസുകളുടെയും സ്റ്റേറ്റുമെൻറിന്റെയും ഫയലുകൾ മേശപ്പുറത്തുവയ്ക്കേണ്ട ചീത്ത കീഴ്വഴക്കം ഇവിടെ ഉണ്ടാകരുത്. അതുകൊണ്ട് എനിക്ക് പറയുവാനുള്ളത് റൂൾ 295 ഇവിടെ ആപ്ലിക്കബിളാണ്, ഇത് കോട്ട് ചെയ്തിട്ടുള്ളതല്ല. അദ്ദേഹത്തിന്റെ സ്വന്തമായ സ്റ്റേറ്റുമെൻറാണ്. ഇവിടെ ബഹുമാനപ്പെട്ട മന്ത്രി പറയുന്നതെല്ലാം ഫയലിൽ നിന്നുമുള്ളതാണ്. ആ ഫയൽ മുഴുവനും മേശപ്പുറത്ത് വയ്ക്കാൻ പറയുന്നത് ശരിയല്ല.

ശ്രീ. കെ.എം. മാണി : റൂൾ 295 പ്രൊവൈസോ അനുസരിച്ച് അങ്ങ് റൂളിംഗ് നൽകിയാൽ മതി. ആ റൂൾ അനുസരിച്ച് ഡെസ്പാച്ച് മേശപ്പുറത്ത് വയ്ക്കേണ്ട.

ശ്രീ. ടി എം. ജേക്കബ് : സർ, റൂളിംഗിനു മുമ്പ് ഒരു കാര്യം അങ്ങയുടെ ശ്രദ്ധയിൽപ്പെടുത്തുവാനുണ്ട്. ഇവിടെ ബഹുമാനപ്പെട്ട ആഭ്യന്തര വകുപ്പു മന്ത്രി ഒരു സ്റ്റേറ്റുമെൻറ് വായിച്ചപ്പോൾ റഫറൻസിനെക്കുറിച്ചാണ് പറഞ്ഞത്. ഇവിടെ ഈ സഭയിലെ മന്ത്രിമാർ ആൻസർ പറയുമ്പോഴും അതുപോലെതന്നെ ചർച്ചയ്ക്ക് മറുപടി പറയുമ്പോഴും പല റഫറൻസ് നമ്പരും കോട്ട് ചെയ്യാറുണ്ട്. ഈ സഭയിലും അങ്ങനെ കോട്ട് ചെയ്തിട്ടുണ്ട്. ഇപ്പോൾ ശ്രീ. ആർ.എസ്. ഉണ്ണി പറയുന്നത് അനുകൂലിക്കുകയാണെങ്കിൽ എന്തു കാര്യങ്ങളെ സംബന്ധിച്ചു പറഞ്ഞാലും ആ ഫയലുകൾ മുഴുവനും മേശപ്പുറത്ത് വയ്ക്കേണ്ട കീഴ്വഴക്കം ഇവിടെയുണ്ടാകും. അങ്ങനെ ഒരു കീഴ്വഴക്കം നമ്മുടെ സഭയിലില്ല. അതുകൊണ്ട് ബഹുമാനപ്പെട്ട ചെയർ ഈ കാര്യം പരിഗണനയിലെടുക്കണമെന്നാണ് എനിക്ക് അഭ്യർത്ഥിക്കുവാനുള്ളത്.

ശ്രീ. എ.സി. ഷൺമുഖദാസ് : അങ്ങയുടെ റൂളിംഗിനുമുമ്പ്, വിവാദപരമായ ഒരു കാര്യത്തെ സംബന്ധിച്ചിടത്തോളം ഇൻഡ്യാ ഗവൺമെൻറിന്റെ വാണിംഗ് സർക്കുലർ നമ്പർ, സർക്കുലർ ഇവ കോട്ട് ചെയ്തുകൊണ്ടാണ്

LIBRARY ARCHIVES Kerala Legislative Assembly

സ്റ്റേറ്റുമെൻറ് തയ്യാറാക്കിയത്. അദ്ദേഹത്തിന്റെ സ്റ്റേറ്റുമെന്റെല്ലാം മുഖവിലയ്ക്കെടുക്കാൻ ഞങ്ങൾ തയ്യാറല്ല. അദ്ദേഹം വാണിംഗ് സർക്കുലർ നമ്പരും ഡേറ്റുമെല്ലാം കോട്ട് ചെയ്തിരിക്കുന്നത്, അദ്ദേഹം തയ്യാറാക്കിയ ഒരു പ്രസ്താവനയ്ക്ക് ആധികാരികമായ രൂപവും ഭാവവും നൽകാനാണ്. ആധികാരികമായ ഒരു രേഖ കോട്ട് ചെയ്തുവെങ്കിൽ ആ കോട്ട് ചെയ്തത് മേശപ്പുറത്ത് വച്ചേ മതിയാകൂ. ഇവിടെ ബഹുമാനപ്പെട്ട ജേക്കബ് പറഞ്ഞതു പോലെ കോട്ട് ചെയ്യപ്പെടുന്നതെല്ലാം ഞങ്ങൾ ആവശ്യപ്പെടുന്നില്ല. ഇവിടത്തെ സഭാംഗങ്ങൾക്ക് കോട്ട് ചെയ്ത രേഖയെ സംബന്ധിച്ചിടത്തോളം സംശയമുണ്ടെങ്കിൽ അതുപ്രകാരം മേശപ്പുറത്ത് വയ്ക്കണം. ഏതൊക്കെ രേഖയെ സംബന്ധിച്ച് ആവശ്യപ്പെടുന്നുവോ അത് മേശപ്പുറത്ത് വച്ചാൽ മതി. ഒരു പക്ഷെ ബഹുമാനപ്പെട്ട മന്ത്രി ഭയപ്പെടുന്നത്, ഇതൊരു വാണിംഗ് ലറ്ററാണ്. ഇത് രാജ്യരക്ഷയുമായി ബന്ധപ്പെട്ടതാണ്. ഇത് സ്വകാര്യമാണ്. പക്ഷെ ഇതൊക്കെ പത്രങ്ങളിൽ പോയിരിക്കുന്നു. അതിന്റെ ഉത്തരവാദിത്വം ഗവൺമെൻറ് ഏറ്റെടുക്കേണ്ടതാണ്. രഹസ്യമായി സൂക്ഷിക്കേണ്ട ഒരു രേഖയെ അങ്ങാടിയിൽ കാശു കൊടുത്തു വാങ്ങാനും വിൽക്കാനും തയ്യാറാണെങ്കിൽ ആ രേഖ മേശപ്പുറത്ത് വച്ചുകൂടെന്ന് വാദിക്കുന്നതിൽ അർത്ഥമില്ല. അങ്ങാടിയിൽ വിൽക്കുന്ന, അങ്ങാടിയിൽ വാങ്ങാൻ കിട്ടുന്ന ഈ രേഖ മേശപ്പുറത്ത് വയ്ക്കണം.

മുഖ്യമന്ത്രി (ശ്രീ. കെ. കരുണാകരൻ) : സർ, ഇതിൽ രണ്ട് പ്രൊവൈസോ ഉണ്ട്. ആദ്യത്തെ പ്രൊവൈസോ പബ്ലിക് ഇൻറെറസ്റ്റിനു എതിരാണെങ്കിൽ മേശപ്പുറത്ത് വയ്ക്കേണ്ടതില്ല. രണ്ടാമത്തെ പ്രൊവൈസോ കോട്ട് ചെയ്തതു തന്നെ ഏതെങ്കിലും സ്റ്റേറ്റുമെൻറിൽ നിന്നും ഭാഗികമായിട്ടാണെങ്കിൽ അതും വയ്ക്കണ്ട. വാണിംഗ് സർക്കുലർ എന്നുപറഞ്ഞാൽ ഏറ്റവും വലിയ രഹസ്യ രേഖയാണ്. വിദേശ സഞ്ചാരികളെ കൈകാര്യം ചെയ്യുമ്പോൾ, ആര് എങ്ങനെ കൈകാര്യം ചെയ്യണമെന്ന് രഹസ്യമായി അറിയിക്കുന്ന രേഖയാണ് വാണിംഗ് സർക്കുലർ. വാണിംഗ് സർക്കുലർ, ആര്, ആരെ എങ്ങനെ ഇവിടെ വരാൻ പാടില്ലെന്നത് പരസ്യപ്പെടുത്താവുന്ന ഒരു രേഖയല്ല. അതുകൊണ്ട് പ്രൊവൈസോ 2 അനുസരിച്ചാണെങ്കിലും 3 അനുസരിച്ചാണെങ്കിലും മേശപ്പുറത്ത് വയ്ക്കാൻ ബാദ്ധ്യസ്ഥമല്ല. വയ്ക്കുന്നത് പൊതുതാൽപ്പര്യത്തിന് സഹായകമല്ല. എന്നാൽ ഇവിടെ ഈ കാര്യത്തിൽ പ്രതിപക്ഷ നേതാവ് ബഹുമാനപ്പെട്ട ആഭ്യന്തരമന്ത്രി പറഞ്ഞ കാര്യം നിഷേധിച്ചില്ല. അത് ഒന്നാമത്തെ കാര്യം. രണ്ടാമത്, ബഹുമാനപ്പെട്ട ആഭ്യന്തര വകുപ്പുമന്ത്രി അങ്ങയെ കാണിക്കാമെന്നു പറഞ്ഞു. അങ്ങ് രഹസ്യം കാത്തുസൂക്ഷിക്കുന്ന കാര്യത്തിൽ, സഭയുടെ നായകൻ എന്ന കാര്യത്തിൽ ഇത് ചെയ്യുമെന്നുള്ളതുകൊണ്ട് അങ്ങയെ കാണിക്കാമെന്ന് പറഞ്ഞു. ഒരുകാലത്ത് ഇത് കൈകാര്യം ചെയ്തിട്ടുള്ള ആളായതുകൊണ്ട്, ഒരു പരിധി വരെ അങ്ങയുടെ ഉറപ്പിൻമേൽ പ്രതിപക്ഷ നേതാവിനെ കാണിക്കുവാൻ ഞങ്ങൾക്ക് വിരോധമില്ല. പക്ഷെ ഇതൊരു പരസ്യ രേഖയായി വരാൻ പാടില്ല. ഗവൺമെൻറിന്റെ ചുമതല വഹിക്കേണ്ട, ആ ചുമതലയിൽ നിന്ന് മാറിപ്പോകാതിരിക്കുവാൻ വേണ്ടി മാത്രം ഇത് ചെയ്യുന്നു.

.....(ബഹളം).....

Shri Varkala Radhakrishnan : I am reading from Shakdher and Kaul III Edition, P.831.

PAPERS QUOTED TO BE LAID ON THE TABLE

"If a Minister quotes in the House a despatch or other state paper which has not been presented to the House, he is required on demand to

LIBRARY ARCHIVES Kerala Legislative Assembly

lay the relevant paper on the Table : even when a document is partly quoted by him, the entire document has to be laid on the Table The rule does not apply to a document which is stated by the Minister to be of such a nature that its disclosure would be inconsistent with public interest. As to what constitutes public interest is a matter entirely for the Government to decide. If it constitutes public interest it is for the Government to take a decision. The privilege of refusal to lay on the Table a document on the ground of public interest should be claimed specifically by the Minister himself who quotes the document." Here there is no claim that this is in public interest that they are not to be placed on the table.

ഇവിടെ മന്ത്രിയോ ആരും ഇത് ഒരു പൊതുതാൽപ്പര്യത്തെ മുൻനിർത്തി ഹാജരാക്കാൻ നിവൃത്തിയില്ലെന്ന അവകാശവാദം ഉന്നയിച്ചിട്ടില്ല. ആ സാഹചര്യത്തിൽ ഇവിടെ ബഹുമാനപ്പെട്ട ആഭ്യന്തര വകുപ്പുമന്ത്രി സെൻട്രൽ ഗവൺമെൻറിന്റെ ഹോം മിനിസ്ട്രി അയച്ച ഒരു സർക്കുലറിനെ കോട്ട് ചെയ്താണ് സ്റ്റേറ്റ്മെൻറ് നടത്തിയത്. അദ്ദേഹം ഇവിടെ ഈ സ്റ്റേറ്റ്മെൻറ് നടത്തുന്ന അവസരത്തിൽ ഇത് ആവശ്യപ്പെട്ടപ്പോഴും പൊതുതാൽപ്പര്യത്തെ മുൻനിർത്തി ഇത് ഹാജരാക്കാൻ കഴിയുകയില്ലെന്ന് പറഞ്ഞില്ല. ഈ ചർച്ചകളെല്ലാം അവസാനിച്ചശേഷം അവസാന നിമിഷത്തിൽ ഈ arguments എല്ലാം കേട്ടശേഷമാണ് മുഖ്യമന്ത്രി ഇത് പറയുന്നത്. അതുകൊണ്ട് Shakdher and Kaul-ൽ കൊടുത്തിട്ടുള്ള റൂളിംഗ് അനുസരിച്ച് ഈ പേപ്പേഴ്സ് പ്രതിപക്ഷ നേതാവിനെ കാണിക്കാമെന്നു പറയുന്നത് അവസാന നിമിഷത്തിലെ ഒരു വയ്ക്കോൽത്തുരുമ്പാണ്. മറിച്ച് ഇത് public document ആയിട്ട് എല്ലാ അംഗങ്ങൾക്കും കാണത്തക്കവിധത്തിൽ മേശപ്പുറത്ത് വയ്ക്കണം ; അല്ലെങ്കിൽ ആഭ്യന്തര വകുപ്പു മന്ത്രിയുടെ ഈ പ്രസ്താവന സഭാനടപടികളിൽ നിന്ന് നീക്കം ചെയ്യണം.

ശ്രീ. ബേബി ജോൺ : സർ, ബഹുമാനപ്പെട്ട സഭാനേതാവ് ഇതിനെ സംബന്ധിച്ച് മേശപ്പുറത്തു വയ്ക്കാൻ പറ്റുകയില്ലെന്നു പറയുമ്പോൾ അതിന് ആശ്രയിച്ചത് പ്രൊവൈസോ 2 ആണ്. ഈ പ്രൊവൈസോയിൽ വ്യക്തമായി പറയുന്നു. will be inconsistent with public interest. പക്ഷെ നമ്മൾ ആ ഓർഡർ കോട്ട് ചെയ്യുമ്പോൾ ഇത് public interest അനുസരിച്ച് consistent ആണോ inconsistent ആണോയെന്ന് അപ്പോഴാണ് ആലോചിക്കേണ്ടത്. ആ വസ്തുതകളെല്ലാം പറഞ്ഞ് ആ നമ്പരും പറഞ്ഞ് പത്രങ്ങളിലെല്ലാം കൊടുത്തു. അതിനുശേഷം ഇപ്പോൾ ഫയൽ മേശപ്പുറത്ത് വയ്ക്കണമെന്ന് പറയുമ്പോൾ അത് public interest അനുസരിച്ച് മേശപ്പുറത്ത് വയ്ക്കാൻ പറ്റുകയില്ല എന്ന് പറഞ്ഞത് ശരിയല്ല. കാരണം the Minister concerned has already quoted it.

ശ്രീ. ഒ. ചന്ദ്രശേഖരൻ : സർ, ഇതിന്റെ proviso പ്രകാരം എന്തെങ്കിലും കോട്ട് ചെയ്തിട്ടുണ്ടോയെന്നുള്ളത് അങ്ങ് പരിശോധിക്കണം. പരിശോധിച്ചശേഷം എന്താണ് കോട്ട് ചെയ്തിട്ടുള്ളത് എന്നുള്ള കാര്യം അങ്ങ് പരിശോധിച്ചുനോക്കണം. ആദ്യത്തെ proviso പ്രകാരം ഇതിൽ സീക്രസി വേണമോ വേണ്ടയോ എന്ന കാര്യം ബഹുമാനപ്പെട്ട മുഖ്യമന്ത്രി മാത്രമല്ല തീരുമാനിക്കേണ്ടത് എന്നാണ് എന്റെ വിനീതമായിട്ടുള്ള അഭിപ്രായം. അങ്ങേക്ക് ആ ഫയലോ ഓർഡറോ നോക്കാനായിട്ടുള്ള അധികാരംകൂടി ഇതിൽ അടങ്ങിയിട്ടുണ്ട്. inherent power ആണ് എന്ന് ഞാൻ നിർദ്ദേശിക്കുകയാണ്. അതുകൊണ്ട് അങ്ങുതന്നെ നോക്കിയിട്ട് ഇതിൽ എത്രത്തോളം സീക്രസി ഉണ്ടെന്ന് തീരുമാനിക്കണം. രണ്ടാമത്തെ proviso പ്രകാരം ഇത് എക്സ്ട്രാക്ട് ആണോ അല്ലയോ എന്നുള്ളതും അങ്ങുതന്നെ തീരുമാനിക്കണം. ഒരു വാക്കുകൂടി.

LIBRARY ARCHIVES Kerala Legislative Assembly

ഇതുപ്രകാരം വേണമോ വേണ്ടയോ എന്നുള്ളതല്ലാതെ മൂന്നാമത് ഒരു സംഗതി കൂടി ഉണ്ടെന്നേ എനിക്ക് തോന്നുന്നില്ല. ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ നിർദ്ദേശം സ്വീകരിക്കാവുന്നതല്ല. അങ്ങനെ ഒരു സംഗതി ഈ റൂളിൽ പറയുന്നില്ല. അദ്ദേഹത്തിന്റെ ഔദാര്യം കൊണ്ട് ഇത് മറ്റൊരാളെ കാണിച്ചുകൊടുക്കാമെന്നാണ് പറയുന്നത്. ആ ഔദാര്യത്തിൽ എന്തായാലും അങ്ങ് പങ്കാളിയാകരുത് എന്നാണ് എനിക്ക് അങ്ങയോട് അഭിപ്രായപ്പെടാനുള്ളത്. ഈ റൂളിന്റെ പുറത്തുപോയിട്ടുള്ള ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ നിർദ്ദേശം ഏതായാലും അങ്ങ് സ്വീകരിക്കരുത്.

ധനകാര്യവും നിയമവും വകുപ്പുമന്ത്രി (ശ്രീ. കെ. എം. മാണി) : സർ, ബഹുമാനപ്പെട്ട ബേബി ജോൺ ഇവിടെ ഒരുകാര്യം പറഞ്ഞു. Public interest-ന് നിരക്കുന്നതല്ലെന്ന് തോന്നുന്ന കാര്യങ്ങൾ കാട്ടാൻ പാടില്ലെന്ന്. സർ, അങ്ങനെയല്ല റൂൾ. റൂൾ പറയുന്നത് എന്തും കാട്ടാൻ പാടില്ലെന്നാണ്. രണ്ടാമത്തേത് public interest-ന് നിരക്കുന്നതല്ല. കാട്ടാൻ പാടില്ലെങ്കിൽ മേശപ്പുറത്ത് വയ്ക്കേണ്ട കാര്യമില്ല. അതിന്റെ അർത്ഥം public interest-ന് നിരക്കുന്നതല്ലെന്ന് ഗവൺമെന്റിന് തോന്നുന്ന കാര്യങ്ങൾ കാട്ടാൻ പാടില്ലെന്നല്ല. അതാണ് റൂൾ.

Provided that this rule shall not apply to any documents which are stated by the Minister to be of such a nature that their production would be inconsistent with public interest.

അപ്പോൾ അതിന്റെ അർത്ഥം എന്താണ്. കാട്ടുചെയ്ത ഡോക്യുമെന്റ് public interest-ന് നിരക്കുന്നതല്ലെന്ന് തോന്നിയാൽ മേശപ്പുറത്ത് വയ്ക്കണ്ട. That is left to the discretion of the Government, to the satisfaction of the Government.

രണ്ടാമത്തെ proviso ആണ് ഏറ്റവും പ്രധാനം. ഒരു ഗിസ്റ്റ് ഒരു പ്രസ്താവനയിലൂടെ കാട്ടാൻ ചെയ്താൽ ആ ഫയൽ മേശപ്പുറത്ത് വയ്ക്കേണ്ടതില്ലെന്ന് രണ്ടാമത്തെ proviso. ഈ രണ്ട് proviso-യിലും പറയുന്നത് മേശപ്പുറത്ത് വയ്ക്കേണ്ട കാര്യമില്ലെന്നാണ്. ഗവൺമെന്റിനാണ് അതിന്റെ discretion.

Discretion മറ്റാർക്കുമല്ല.

Discretion is left to the Government.

ഗവൺമെന്റിന്റെ discretion ആണ്. അത് മറ്റാർക്കും ഇൻവർഫിയർ ചെയ്യാൻ പാടില്ല.

മി. സ്പീക്കർ : ഇതിനകത്ത് ഈ റൂൾ വളരെ ക്ലിയറാണ്.

I am reading for the information of all the Members.

Rule 295 : If a Minister quotes in the Assembly a despatch or other State paper which has not been presented to the Assembly he shall lay the relevant paper on the Table :

Provided that this rule shall not apply to any documents which are stated by the Minister to be of such a nature that their production would be inconsistent with public interest :

Provided further that where a Minister gives in his own words a summary of gist of such despatch or State paper it shall not be necessary to lay the relevant papers on the Table.

LIBRARY ARCHIVES Kerala Legislative Assembly

ഇവിടെ ബഹുമാനപ്പെട്ട വർക്കല രാധാകൃഷ്ണൻ Shakdher & Kaul വായിച്ചു അതിൽ വളരെ ക്ലിയറായിട്ട് പറഞ്ഞിട്ടുണ്ട്.
Shakdher & Kaul P.831.

If a Minister quotes in the House a despatch or other State paper which has not been presented to the House, he is required on demand to lay the relevant paper on the Table : even when a document is partly quoted by him the entire document has to be laid on the Table. The rule does not apply to a document which is stated by the Minister to be of such a nature that its disclosure would be inconsistent with public interest. As to what constitutes public interest is a matter entirely for the Government to decide. The privilege of refusal to lay on the Table a document on the ground of public interest should be claimed specifically by the Minister himself who quotes the document.

Refusal by a Minister to place a confidential document on the Table is not a breach of privilege. The Speaker cannot compel a Minister to lay a document if its disclosure is claimed to be against public interest.

Where a Minister gives in his own words a summary or gist of such despatch or State paper and does not actually quote from it, it is not necessary for him to lay the relevant paper on the Table. Similarly if a document is referred to casually, it need not be so laid.

ഇതിനകത്ത് ഒരു പ്രശ്നം വന്നിട്ടുള്ളത്, ബഹുമാനപ്പെട്ട ആഭ്യന്തര വകുപ്പുമന്ത്രി തന്റെ പ്രസ്താവന, പൊതുവായിട്ടുള്ള കാര്യങ്ങളെ സംബന്ധിച്ച് ഒരു ഗിസ്റ്റായി പറഞ്ഞിരിക്കുന്നുവെന്നല്ലാതെ കൃത്യമായിട്ട് ഏതെങ്കിലുമൊരു പേപ്പർ കാട്ടി ചെയ്തതായിട്ട് പറഞ്ഞിട്ടില്ല. ഇതിനകത്ത് ചെയറിന് ഗവൺമെന്റിനേയോ ഒരു മന്ത്രിയേയോ കംപെൽ ചെയ്യാൻ കഴിയില്ല. അതുകൊണ്ട് ഇത് ലേ ചെയ്യണമെന്നുള്ള ഡിമാൻഡ് പ്രസക്തമാകുന്നില്ല. ലേ ചെയ്യേണ്ട ആവശ്യമില്ല. അത് ഈ റൂളിനകത്ത് വരുന്നില്ല എന്നുള്ളതാണ് ചെയറിന് അതിനെക്കുറിച്ച് പറയാനുള്ളത്.

ശ്രീ. ബേബി ജോൺ : സർ, ചെയറിന് നിർബന്ധിക്കാനൊക്കുകയില്ലെന്നുള്ളത് സമ്മതിച്ചു. പക്ഷേ, ഇത് മര്യാദയുടെ പ്രശ്നമാണ്. ഇത് ഞങ്ങൾക്ക് അവകാശപ്പെട്ടതാണ്. ഞങ്ങൾക്ക് ഇത് അറിയണം, അല്ലാതെ ഒക്കുകയില്ല. ഞങ്ങൾക്ക് നിർബന്ധിക്കാനൊക്കുകയില്ല. പക്ഷേ ഈ സംസ്ഥാനത്തെ ഒരു പ്രശ്നം, ഇത്ര ഗൗരവതരമായ ഒരു പ്രശ്നം ഇവിടെ അവതരിപ്പിച്ച അവസരത്തിൽ.....

Mr. Speaker : No debate on it Shri Baby John.

ശ്രീ. കെ. പി. പ്രഭാകരൻ : സർ, ഡിബേറല്ല, ഇത് മേശപ്പുറത്തു വയ്ക്കാത്തതിൽ പ്രതിഷേധിക്കുന്നതാണ്.

ശ്രീ. ഇ. കെ. നായനാർ : സർ, ഒരു ആരോപണപ്രശ്നം ബഹുമാനപ്പെട്ട ആഭ്യന്തരവകുപ്പുമന്ത്രി എഴുതി വായിച്ചത് യാഥാർത്ഥ്യമായിട്ടുള്ള വസ്തുതകളെവച്ചുകൊണ്ടല്ല എന്ന ഞങ്ങളുടെ വാദം നിഷേധിക്കാനുള്ള മുഖകൃം മേശപ്പുറത്തുവയ്ക്കാത്തതുകൊണ്ട് തീർച്ചയായിട്ടും അത് സ്വീകാര്യമല്ല. ഞങ്ങൾ പ്രൊട്ടസ്റ്റ് പ്രകടിപ്പിക്കും. ഞങ്ങൾക്ക് ഇതിനെപ്പറ്റി അന്വേഷിക്കണം

LIBRARY ARCHIVES Kerala Legislative Assembly

അതിനുപോലും ആഭ്യന്തരവകുപ്പുമന്ത്രി തയ്യാറല്ല. ഇതിൽ പ്രതിഷേധിച്ചു കൊണ്ട് ഞങ്ങൾ സഭ വിട്ടിറങ്ങിപ്പോവുകയാണ്. (പ്രതിപക്ഷാംഗങ്ങൾ ഒന്നടങ്കം സഭ വിട്ടിറങ്ങിപ്പോയി) .....
.....(ബഹളം).....

മി. സ്പീക്കർ : ഒരു പാർലമെൻററി ഡെമോക്രസിയിൽ പ്രൊട്ടസ്റ്റ് രേഖപ്പെടുത്താനും വാക്കൗട്ട് ചെയ്യാനുമുള്ള അവകാശം പ്രതിപക്ഷത്തിനുണ്ട്. ദയവായി ടോളറേറ്റ് ചെയ്യണം.

ശ്രീ. എ. സി. ജോസ് : സർ, ഞാൻ ഒരു സബ്മിഷൻ അവതരിപ്പിക്കുകയാണ്. ഇവിടെ പ്രതിപക്ഷം വാക്കൗട്ട് നടത്തിയത് ഗവൺമെൻറോ ബഹുമാനപ്പെട്ട മന്ത്രിയോ കടലാസ് മേശപ്പുറത്ത് വയ്ക്കാത്തതുകൊണ്ടല്ല, ബഹുമാനപ്പെട്ട സ്പീക്കറുടെ റൂളിംഗിന് എതിരായാണ്. ആ കാര്യം മനസ്സിലാക്കണം.

മി. സ്പീക്കർ : ശ്രീ. ജോസ് ഇല്ലാത്തത് പറയേണ്ട. ഒരു പാർലമെൻററി സിസ്റ്റത്തിൽ വാക്കൗട്ട് നടത്തുകയെന്നത് പ്രതിപക്ഷത്തിൻറെ ഒരു അവകാശമാണ്. അവർ നടത്തിക്കോട്ടെ, അതിന് നിങ്ങൾക്ക് എന്താ?

റവന്യൂവകുപ്പുമന്ത്രി (ശ്രീ. പി. ജെ. ജോസഫ്) : സർ, ഇവിടെ പ്രതിപക്ഷനേതാവ് പറഞ്ഞിട്ടുപോയത് ആഭ്യന്തരവകുപ്പുമന്ത്രി പറഞ്ഞ കാര്യം സത്യമല്ല, സത്യമാണെന്ന് ബോദ്ധ്യപ്പെടുത്താൻ നിവൃത്തിയില്ല എന്നാണ്. എന്നാൽ മര്യാദയുടെ പ്രശ്നം പറഞ്ഞ് അങ്ങോട്ട് പരിശോധിക്കാൻ അവകാശമുണ്ടെന്നും വേണമെങ്കിൽ പ്രതിപക്ഷനേതാവിനെ കാണിക്കാമെന്നും പറഞ്ഞ പശ്ചാത്തലത്തിൽ.....

Mr. Speaker : No Revenue Minister, the point is closed. Why you are trying to reopen it?

VIII നിയമനിർമ്മാണകാര്യം

ധനവിനിയോഗ ബില്ലുകളുടെ അവതരണവും അനന്തര ഘട്ടങ്ങളും

(1) 1986-ലെ കേരള ധനവിനിയോഗബിൽ

Minister for Finance and Law (**Shri K. M. Mani**) : Sir, I introduce the Kerala Appropriation Bill, 1986.

Mr. Speaker : The Bill stands introduced.

Minister for Finance and Law-(**Shri K. M. Mani**) : Sir, I move that the Kerala Appropriation Bill, 19 6, be taken into consideration.

Minister for Revenue (**Shri P. J. Joseph**) : Sir, I second it.

(2) 1986-ലെ കേരള ധനവിനിയോഗ (നമ്പർ-2) ബിൽ

Minister for Finance and Law (**Shri K. M. Mani**) : Sir, I introduce the Kerala Appropriation (No. 2) Bill, 1986.

LIBRARY ARCHIVES Kerala Legislative Assembly